# മാർക്സിസവും
# മറ്റു  പാശ്ചാത്യൻ മിഥ്യകളും

അലി ശരീഅത്തി

വിവർത്തകൻ
എം. എ. കാരപ്പഞ്ചേരി

**ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ്**
**അരീക്കോട് - 673639**

# പ്രസാധകക്കുറിപ്പ്

ഇരുപതാംനൂറ്റാണ്ടിന്റെ രണ്ടാം പാതയിൽ ആഗോളതലത്തിൽ ആന്ദോളനങ്ങൾ സൃഷ്ടിച്ച രണ്ട് മഹാസംഭവങ്ങളാണ് ഇറാനിൽ ഇസ്‌ലാമിക വിപ്ലവം വിജയിച്ചതും, കിഴക്കൻ യൂറോപ്പിലും സോവിയറ്റ് യൂനിയനിലും മാർക്സിസം പരാജയപ്പെട്ടതും. ഇറാനിലെ ഇസ്‌ലാമിക വിപ്ലവം എട്ട് കോടി മുസ്‌ലിംകൾ അധിവസിക്കുന്ന അയൽ രാജ്യമായ സോവിയറ്റ്യൂനിയനിലെ മാറ്റത്തിൽ നേർക്ക്നേരേയോ പരോക്ഷമായോ വഹിച്ചിട്ടുള്ള പങ്ക് എത്രത്തോളമുണ്ടെന്ന് ഇനിയും പഠിക്കപ്പെടേണ്ടതായിട്ടാണിരിക്കുന്നത്. എങ്കിലും ഈ രണ്ട് മഹാസംഭവങ്ങളെയും ഒരുമിച്ച് തന്നെ കാണുകയും വിലയിരുത്തുകയും ചെയ്യേണ്ടതുണ്ട് . അല്ലാത്ത പക്ഷം മാർക്സിസത്തിന് ശേഷം ലോകമുതലാളിത്തത്തിനും സാമ്രാജ്യത്വത്തിനും എതിരായ മർദ്ദിത ജനകോടികളുടെ പോരാട്ടത്തിന് മാർഗ്ഗദർസകവും ഉത്തേജകവുമായി വർത്തിക്കാനുതകുന്ന പ്രത്യയ ശാസ്ത്രത്തിന്റെ അടിസ്ഥാനമുള്ല ഒരു രാഷ്രിയവ്യവസ്തയുടെ അഭാവം വിഭ്രാമകമായി അനുഭവപ്പെടും. ഇറാൻ വിപ്ലവം തന്നെ മുതലാളിത്തത്തെയെന്നപോലെ കമ്യൂണിസത്തെയും പൂർണ്ണമായി നിരാകരിച്ച്കോണ്ടും രണ്ടിന്റെയും വിനാശം ആസന്നമാണെന്ന് വിളിച്ചറിയിച്ച് കൊണ്ടുമാണ് നടന്നതെന്ന വസ്തുതയും ഈ രണ്ട് മാഹാസംഭങ്ങളെടും ഒരുമിച്ച് കാണാനും വിലയിരുത്താനും പ്രേരണ നൽകുന്നതാണ്. സാമ്രാജ്യത്വത്തിനും രാജവാഴ്ചക്കുമെതിരിൽ, സ്വാതന്ത്ര്യത്തിനും സാമൂഹ്യ നീതിക്കും വേണ്ടി പോരാട്ടം നടത്തേണ്ടത് തങ്ങളുടെ താവളത്തിൽ നിന്നേ ആകാവൂ എന്ന് ശാഠ്യമുള്ള കമ്യൂണിസ്റ്റുകൾ ഇറാൻ വിപ്ലവത്തെ അവരുടേതാക്കി മാറ്റുവാൻ കഠിനയി ശ്രമിച്ചിരുന്നു. ലോകത്തിലെ പഴക്കം ചെന്ന കമ്യൂണിസ്റ്റ്പാർട്ടികളിലൊന്നായ ‘തുദെ‘ എന്നറിപ്പെടുന്ന ഇറാനിലെ കമ്യൂണിസ്റ്റ്പാർട്ടിക്ക് ആ രാജ്യത്തിലെ തൊഴിലാളികൾക്കും ബുദ്ധിജീവികൾക്കു മിടയിൽ കുറച്ചൊക്കെ സ്വാധിനം കിട്ടുകയും ചെയ്തു. തഖീ ആറാനി, ഇഹ്സാൻതബരി (ഇദ്ദേഹം പിന്നീട്ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യുകയുണ്ടായി) തുടങ്ങിയ കമ്മ്യൂണിസ്റ്റ് ആചാര്യൻ മാരുടെ കൃതികൾക്ക് പ്രചാരവും കിട്ടിക്കൊണ്ടിരുന്നു. എത്രത്തോളമെന്നാൽ, വിപ്ലവം അതിന്റെ മൂർദ്ധന്യതയിലേക്ക് കുതിച്ചുകൊണ്ടിരുന്നപ്പോൾ, ഇറാനിൽ കമ്യൂണിസ്ററുകളും മുസ്‌ലിംകളും ചേർന്നാണ് വിപ്ലവം നടത്തുന്നതെന്നും ഷായെ പുറത്താക്കിക്കഴിഞ്ഞാൽ മുസ്‌ലിംവിപ്ലവകാരികളെ പുറംതള്ളി ഇറാനെ കമ്മ്യൂണിസ്റ്റ് രാജ്യമാക്കാനായിരിക്കും കമ്മ്യൂണിസ്റ്റ് ശ്രമമെന്നുമുള്ള ഒരു പ്രചാരണം തന്നെ ഇറാനു പുറത്ത്, വിശിഷ്യാ പാശ്ചാത്യൻ രാജ്യങ്ങളിലും മുസ്‌ലിം നാടുകളിലും നടക്കുകയുണ്ടായി. എന്നാൽ ഒടുവിൽ ഇറാനിൽ കമ്മ്യൂണിസ്റ്റുകൾ എത്ര ദുർബലരാണെന്ന് ഇസ്‌ലാമികവിപ്ലവം തെളിയിച്ചു. വിപ്ലവത്തിൽ കമ്മ്യൂണിസ്റ്റുകൾക്ക് ഒരു നിയന്ത്രണവുമുണ്ടായിരുന്നില്ലെന്ന് വളരെ വ്യക്തമായി.

ഇസ്‌ലാമിക പാരമ്പര്യമുള്ള ഇറാൻജനതയ്ക്ക് പ്രാപ്തമായ നേതൃത്വത്തിന്റെ മതപരവും രാഷ്ട്രീയവുമായ മേൽനോട്ടവും ശിക്ഷണമാർഗദർശനങ്ങളും കിട്ടിയതാണ് ഇങ്ങനെ സംഭവിച്ചതിന്റെ ഒന്നാമത്തെ കാരണം. കമ്മ്യൂണിസ്റ്റ്കളുടെ തെറ്റായ നയനിലപാടുകളും പ്രശ്നങ്ങളോടുള്ള ക്രൂരവും നിഷേധാത്മകവുമായ സമീപനങ്ങളും മറ്റൊരു കാരണമായിരിക്കാം. എന്നാൽ ബുദ്ധിപരമായ മേഖലകളിൽ നടത്തപ്പെട്ടിരുന്ന ചർച്ചകളും സംവാദങ്ങളും, അപ്രകാരംതന്നെ മാർക്സിസത്തിന്റെ വിമർശനകൃതികളുമാണ് ഈ രംഗത്ത് അഗാധവും മൗലികവു മായ പങ്ക് നിർവ്വഹിച്ചത്. ധാരാളം മാർക്സിറ്റ്വിമർശനങ്ങൾ ഇക്കാലത്ത് വിരചിതമവുകയുണ്ടായി. അല്ലാമാ തബാത്തബായി, ആയത്തുല്ലാ മുതഹ്ഹരി, ആയത്തുല്ലാ താലിഖാനി, ഇറാഖിലെ ആയ തുല്ലാ ബാഖിർ സദർ എന്നിവരുടെ ഗ്രന്ഥങ്ങൾ കൂട്ടത്തിൽ പ്രധാനപ്പെട്ടവയാണ്. ജലാലുദ്ദീൻ പാർസി യുടെ ‘ലെൻസ് ഓൺ മാർക്സിസം’, അബ്ദുൽ കരീം സൊറൂശിന്റെ ‘എ ക്രിട്ടിക്കൽ ഇൻട്രോഡ ക്ഷൻ ടു ദ തിയറി ഓഫ് ഡയലറ്റിക് കോൺട്രഡക്ഷൻ’, അലി ശരീഅത്തിയുടെ ഈ വിവർത്തിത കൃതിയുൾപ്പെടെയുള്ള കൃതികൾ എന്നിവ മാർക്സിസത്തെ പ്രതിരോധിക്കുക മാത്രമല്ല, കടന്നാക്രമി ക്കുകകൂടി ചെയ്തു. അതിന്റെ മുമ്പിൽ പിടിച്ചു നിൽക്കാനാവാതെ മാർക്സിസം തകർന്നടിയുകയാ ണുണ്ടായത്. പ്രപഞ്ചത്തെ വ്യാഖ്യാനിക്കാനോ ഇറാന്റെയോ ലോകത്തിന്റെയോ പ്രശ്നങ്ങങ്ങളെ ശരി യായനിലയിൽ വിശകലനം ചെയ്യാനോ മാർക്സിസം പര്യാപ്തമല്ലെന്ന് ഇറാൻ ജനത തിരിച്ചറിയു കയും ചെയ്തു.

ഇസ്‌ലാമികവിജ്ഞാനീയങ്ങളുടെയും ശിക്ഷണശീലങ്ങളുടെയും ചട്ടക്കൂടിൽ വളർന്ന് വികസിച്ച വ്യക്തിത്വമായിരുന്നു അലി ശരീഅത്തിയുടേത്. പണ്ഡിതനും ബുദ്ധിജീവിയുമായിരുന്ന മുഹമ്മദ് തഖീ ശരീഅത്തി പുത്രന്റെ മതപരവും ആത്മീയവുമായ വളർച്ചയിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

അതോടൊപ്പം, ചിന്താപരമായി ആധുനിക പശ്ചാത്യൻ വിജ്ഞാനവും കലാശാസ്ത്രങ്ങളും എത്തിയ മേഖലകളൊന്നും ശരീഅത്തിക്ക് അഗമ്യമായിരുന്നില്ല. ഇസ്‌ലാമും പാശ്ചാത്യൻ സംസ്കാരധാരകളും പൗരാസ്ത്യൻ ദർശനങ്ങളുമെല്ലാം അദ്ദേഹത്തിന് ഒരുപോലെ അറിയാമായിരുന്നു. ഒപ്പം അസാമാന്യ മായ ചിന്താശക്തിയും സർഗ്ഗശക്തിയുംകൊണ്ടനുഗൃഹീതനുമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പ്രഭാഷണസാമർത്ഥ്യവും തൂലികാവൈഭവവുമാകട്ടെ, അജയ്യനുമായിരുന്നു.

മാർക്സിസത്തോടും ഏകപക്ഷീയമായി നിന്ന് പൊരുതുകയല്ല ശരീഅത്തി ചെയ്തത്. മറിച്ച് അതിന് പ്രവർത്തനമേഖല ഇല്ലാതാക്കി അദ്ദേഹം. മതത്തിന്റെപേരിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളും വികലമായ സങ്കൽപ്പങ്ങളും തെറ്റിദ്ധാരണകളുമാണ് മാർക്സിസത്തിന് പ്രവർത്തകമേഖല സൃഷ്ടി ച്ച്കൊടുത്ത ഘടകങ്ങളിലൊന്ന്. ശരീഅത്തി അവയെ എതിർത്തു-മാർക്സിസ്റ്റുകളേക്കാൾ രൂക്ഷമാ യി. ഇസ്‌ലാമിക സമൂഹത്തിന് അതിന്റെ ആത്മായവും ചിന്താപരവും രാഷ്ട്രീയപരവാമായ വ്യക്തി ത്വവും ചരിത്രപരമായ സവിശേഷതയും കാണിച്ചുകൊടുക്കുകയാണ് ശരീഅത്തി ചെയ്ത മറ്റൊരു കാര്യം. അതോടെ അദ്ധ്വാനിക്കുന്നവരും ഭാരംവഹിക്കുന്നവരും മർദ്ദിതരും ചൂഷിതരുമായ ജനവിഭാഗ ങ്ങൾക്ക് ഇസ്‌ലാമിൽ അവരുടെ മോചനയും രക്ഷയും കാണാൻ കഴിഞ്ഞു. മർദ്ദനത്തിനും അനീതി യ്ക്കുമെതിരിൽ പൊരുതാൻ തങ്ങളുടെ പൈതൃകമായ ഇസ്‌ലാമിൽ നിന്ന് തന്നെ അവർക്ക് ആയുധം കിട്ടി.

മാർക്സിസത്തെ വിദ്വേഷപൂർവ്വം വീക്ഷിക്കുകയോ അസഹിഷ്ണുതാപരമായി അധിക്ഷേപിക്കു കയോ ചെയ്യുന്ന രീതി ശരീഅത്തി സ്വാകരിച്ചില്ല. ഇസ്‌ലാമിനും മാർക്സിസത്തിനുമിടയിലുള്ള വൈരുദ്ധ്യങ്ങളും വ്യത്യാസങ്ങളും എടുത്തുകാട്ടിക്കൊണ്ട് വേദാധിഷ്ഠിതമായി അവയെ എതിർക്കുന്ന സാധാരണമായ ഒരു രീതിയുമല്ല ശരീഅത്തി കൈകൊണ്ടത്. മാർക്സിസത്തിന്റെ താത്വികമായ അടിസ്ഥാനങ്ങളെ സൗമ്യമായും അതേസമയം യുക്തിയുക്തമായും അദ്ദേഹം ഖണ്ഢി ച്ചു. മാർക്സിസത്തിൽ തന്നെ അടങ്ങിയ താർക്കിക വൈരുദ്ധ്യങ്ങളും മാർക്സിസംതന്നെ മാർക്സി സത്തിന്റെ മുഖ്യശത്രുവായി മാറുന്നതും ചൂണ്ടിക്കാട്ടുകയും ചെയ്തു. മാർക്സിസത്തെക്കുറിച്ചും മാർക്സിന് മുമ്പ് യുറോപ്പിലുണ്ടായ ചിന്തകന്മാരുടെ ചിന്തകളെക്കുറിച്ചും ശരീഅത്തിക്കുണ്ടായിരുന്ന അഗാധമായ പരിജ്ഞാനവും മാർക്സിസ്റ്റ്ബുദ്ധിജീവികളുമായി അദ്ദേഹം പുലർത്തിയ ഉറ്റപരിച യവും ഇതിനദ്ദേഹത്തിന് സഹായകമായിട്ടുണ്ട്. പടിഞ്ഞാറിനെ നിരാകരിച്ചുകൊണ്ടുള്ള ഒരു സിദ്ധാ ന്തമായി മൂന്നാം ലോകരാജ്യങ്ങളിൽ മാർക്സിസം പരിചയപ്പെടുത്തിയിട്ടുണ്ടെങ്കിലും, അതൊരു പാശ്ചാത്യൻ തത്വശാസ്ത്രമാണെന്ന് ശരീഅത്തിയും കണ്ടെത്തുന്നു. ഇസ്‌ലാമിനെ ഒരു ലോകവീക്ഷ ണവും ജീവിതവ്യവസ്ഥയും പ്രത്യയശാസ്ത്രവും മോചനമാർഗ്ഗമായവതരിപ്പിച്ച പശ്ചാത്തലത്തിലാണ് ശരീഅത്തി മാർക്സിസത്തെ വിമർശിക്കുന്നതെന്ന കാര്യം ശ്രദ്ധേയമാണ്. വിദ്വേഷം കലരാത്തതും അതേസമയം വിട്ടുവീഴ്ചയില്ലാത്തതുമായ ശരീഅത്തിയുടെ ശൈലീവിശേഷം കൗതുകമുളവാക്കുന്ന താണ്; ചിന്തോദ്ദീപകവും.

1971 കാലഘട്ടത്തിൽ ശരീഅത്തി നടത്തിയ നാല് പ്രഭാഷണങ്ങളുടെ വിവർത്തനമാണ് ഈ പുസ്ത കം. 1977-ൽ ശരീഅത്തി തടങ്കലിൽനിന്ന് പുറത്തുവന്നതിനെത്തുടർന്ന് ഈ പ്രഭാഷണങ്ങൾ ടെഹ്റാ നിലെ കൈഹാൻദിനപത്രം തവണകളായി പ്രസിദ്ധീകരിക്കുകയുണ്ടായി-മനുഷ്യൻ, മാർക്സിസം, ഇസ്‌ലാം (ഇൻസാൻ വ മാർക്സിസം വ ഇസ്‌ലാം) എന്ന ശീർഷത്തിൽ. പക്ഷെ, അത് ശരീഅത്തി യുടെ സമ്മതത്തോടു കൂടിയായിരുന്നില്ല. മറിച്ച്, ശരീഅത്തിയെ തേജോവധം ചെയ്യുക എന്ന ദുരു ദ്ദേമുണ്ടായിരുന്നു ഷാഭരണകൂടത്തിന് അതിന്റെ പിന്നിൽ. ശരീഅത്തി ഗവൺമായി സഹകരിക്കാൻ സന്നദ്ധതപ്രകടിപ്പിച്ചിട്ടുണ്ടെന്നും അതനുസരിച്ചാണ് അദ്ദേഹത്തെ തടങ്കലൽനിന്ന് മോചിപ്പിച്ചതെന്നും പ്രചരിപ്പിക്കുകയും അതിന് തെളിവെന്നോണം പ്രസ്തുതപ്രഭാഷണങ്ങളുടെ പ്രസിദ്ധീകരണം എടുത്ത്കാണിക്കുകയും ചെയ്യുക എന്നതായിരുന്നു അത്. എന്നാൽ ശരീഅത്തി അതിനെതിരിൽ പ്രതിഷേധിച്ചു. കഹ്യാൻ പത്രത്തിന്റെ അധിപസമിതിക്കെതിരിൽ നിയമനടപടിക്ക് മുതിരുകയും ചെയ്തു. പക്ഷെ, അദ്ദേഹത്തിന്റെ ആ ശ്രമങ്ങളൊക്കെ വിഫലമാവുകയാണുണ്ടായത്. പിന്നീട് ഇതിന്റെ മൂലം വിദേശത്ത് നിന്ന് ‘മാൻ, ഇസ്‌ലാം ആന്റ് വെസ്റ്റേൺ സ്കൂൾ ഓഫ് തോട്ട്’ (ഇൻസാൻ വ ഇസ്‌ലാം വ മക്തബ്ഹായെ ഗർബി) എന്ന പേരിൽ പുനർമുദ്രണം നടത്തി. വിപ്ലവകാലത്ത് ഇറാ നിലും വിദേശങ്ങളിലും ഇതിന്റെ കോപ്പികൾ ധാരാളമായി പ്രചരിക്കുകയുണ്ടായി. ഈ പുനർമുദ്രിത രൂപത്തിന്റെ ഇംഗ്ലീഷ് പതിപ്പാണ് ‘മാർക്സിസം ആന്റ് അദർ വെസ്റ്റേൺ ഫാലസീസ്’. ആർ. കാമ്പൽ തർജ്ജമചെയ്തതും അമേരിക്കയിലെ ‘മീസാൻ പ്രസ്’ പ്രസിദ്ധീകരിച്ചതുമായി പ്രസ്തുത ഇംഗ്ലീഷ് പതിപ്പാണ് ഈ മലയാള വിവർത്തനത്തിനാധാരം. നാലാം പ്രഭാഷണം പുസ്തകത്തിന്റെ തലക്കെട്ടു

മായി നേരിട്ട് ബന്ധമില്ലാത്തതാണ്; അതേസമയം ഉള്ളടക്കത്തിന്റെ ചൈതന്യത്തോട് ബന്ധമുള്ളതും. ശരീഅത്തിയുടെ 'സാമൂഹ്യകൃതികളി'ൽ നിന്ന് ഇംഗ്ലിഷ് പതിപ്പിൽ എടുത്തുചേർത്തതാണിത്.

കമ്മ്യൂണിസ്റ്റ് ലോകത്തുണ്ടായിട്ടുള്ള പുതിയ സാഹചര്യത്തെ യഥാർത്ഥമായി പഠിക്കാനും വിലയിരുത്താനും ശരീഅത്തിയുടെ ഈ പുസതകം വളരേയേറെ സഹായകമാവും. കിഴക്കൻ യൂറോപ്പിലും സോവിയറ്റ് യൂണിയനിലും മാർക്സിസത്തിന് നേരിട്ട പരാജയം വെറുമൊരു രാഷ്ട്രീയ തിരിച്ചടിയാണെന്നും ഒരു തത്വശാസ്ത്രമെന്ന നിലയ്ക്കുള്ള മാർക്സിസത്തിന്റെ നിലനിൽപ്പിനേയോ പ്രസക്തിയേയോ അത് ബാധിക്കുന്നില്ലെന്നുണല്ലോ മാർക്സിസ്റ്റ് വിശ്വാസികളായ ബുദ്ധിജീവികളും നേതാക്കളും അണികളെ ബോധ്യപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരികികുന്നത്. എന്നാൽ, മാർക്സിസ്റ്റ് തത്വശാസ്ത്രത്തെയും അതിന്റെ സാമൂഹിക-സാമ്പത്തിക വ്യവസ്ഥകളെയും കണിശമായ അപഗ്രഥനത്തിന് വിധേയമാക്കുന്ന ശരീഅത്തി അവ തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടുകൊണ്ടാണുള്ളതെന്നും അതിനാൽ സാമൂഹികരംഗത്തുണ്ടാകുന്ന പരാജയം ആ തത്വശാസ്ത്രത്തിന്റെ പ്രതിഫലനമാണെന്നും സമർത്ഥിക്കുന്നു.

ഒരു സാമ്പത്തികവ്യവസ്ഥയായ മാർക്സിസത്തിന് ഭൂലോക വിസ്തൃതിയുടെ ആറിലൊന്ന് വരുന്ന ഒരു രാഷ്ട്രത്തിന്റെ കടിഞ്ഞാൺ ഏതാണ്ട് മുക്കാൽനൂറ്റാണ്ട് കാലത്തോളം സ്വന്തമായി കിട്ടിയിട്ടും ആ രാഷ്ട്രത്തിന്റെ സാമ്പത്തികപ്രശ്ങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല, നാട്ടുകാർക്ക് വിശപ്പടക്കാൻ മുതലാളിത്ത രാഷ്ട്രങ്ങളിലേക്കും മൂന്നാം ലോകരാഷ്ട്രങ്ങളിലേക്കും ഭിക്ഷപ്പാത്രം നീട്ടേണ്ട ഗതികേടിലേക്കെത്തിക്കാനേ കഴിഞ്ഞുള്ളൂവെന്നതാണല്ലോ സോവിയറ്റ് യൂണിയനിൽ നിന്നുള്ള പാഠം. എല്ലാ പരാജയങ്ങളുടെയും ഉത്തരവാദിത്വം ഗോർബച്ചോവിന്റെ തലയിൽ വെച്ചുകെട്ടുന്ന മാർക്സിസ്റ്റുകളുടെ നിലപാട് സത്യസന്ധമല്ല. കാരണം, ഗോർബച്ചാവ് മാർക്സിസ്റ്റായിരുന്നു. മാർക്സിസ്റ്റ് കോട്ട തകർക്കുകയായിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. മറിച്ച്, തകരാറായ കോട്ടഭിത്തികൾ പുതുക്കിപ്പണിത് വീണ്ടും അത് സുഭദ്രവും സുരക്ഷിതവുമാക്കി നിർത്തുകയായിരുന്നു പെരിസ്ത്രോയിക്കയും ഗ്ലാസ്നോസ്തും പ്രഖ്യാപിച്ച്കൊണ്ട് ചെയ്യാനാഗ്രഹിച്ചത്. പക്ഷെ, പുനർനിർമ്മാണത്തിനിടയിൽ കോട്ട തകർന്നുവീഴുകയാണുണ്ടായത്. അതിൽ ഗോർബച്ചോവും പെട്ട്പോയി. പുനർനിർമ്മാണത്തിന് കൊള്ളാത്തവിധം തുരുമ്പിച്ച് കഴിഞ്ഞിരുന്നു കോട്ട എന്നാണിത് കാണിക്കുന്നത്. മനുഷ്യപ്രകൃതിയുമായി പൊരുത്തപ്പെടാത്തതും, മനുഷ്യന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും അഭിരുചികളും കണ്ടറിയാത്തതുമായ മാർക്സിസം സത്തയിലും ഗുണത്തിലും നിലപാടുകളിലും തികച്ചും വ്യത്യസ്തനായ ഒരു മനുഷ്യനെ കൃതിമമായി സൃഷ്ടിച്ചെടുക്കാനാണ് മുതിർന്നത്. എന്നാൽ അത്തരമൊരു മനുഷ്യനെ സൃഷ്ടിച്ചെടുക്കാൻ സ്വാഭാവികമായും അതിന് കഴിഞ്ഞില്ല. മനുഷ്യൻ അവന്റെ പ്രകൃതിപരമായ എല്ലാ സവിശേഷതകളോടും കൂടിയ മനുഷ്യനായിത്തന്നെ നിലകൊണ്ടു. പകരം മാർക്സിസത്തിനു മാറേണ്ടിവന്നു. ഇതാണ് സംഭവിച്ചിരിക്കുന്നത്. "ദൈവം മനുഷ്യനെ രൂപപ്പെടുത്തിയ പ്രകൃതിക്ക് മാറ്റം വരുത്താനാവില്ല" എന്ന ഖുർആൻവാക്യത്തിന്റെ പൊരുൾ ഇവിടെ നാം അനുഭവിച്ചറിയുന്നു.

ശരീഅത്തിയുടെ ഈ കൃതിപോലെ മാർക്സിസത്തെ അടിസ്ഥാനപരവും അഗാധവും അതിസൂക്ഷമവുമായി വിശകലനം ചെയ്യുന്ന ഒരു കൃതി മലയാളത്തിലില്ല. ഒരു മുസ്ലിം സാമൂഹികശാസ്ത്രകാരന്റേത് എന്ന സവിശേഷതകൂടി കൂട്ടത്തിൽ ഈ കൃതിക്കുണ്ട്. മാർക്സിസത്തെ വിശേഷിച്ചും, പുറമെ എക്സിസ്റ്റൻഷ്യലിസം, ലിബറലിസം, കാപ്പിറ്റലിസം എന്നീ പാശ്ചാത്യൻ ചിന്താധാരകളെ പൊതുവിലും ഗൗരവമായും സത്യസന്ധമായും വിമർശനപരമായും വിലയിരുത്താനും ഇസ്ലാമിന്റെ മുമ്പിൽ വെച്ചവയെപരിശോധിക്കാനും ആഗ്രഹിക്കുന്നവർക്കായി ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നു.

ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ്
അരീക്കോട്

1992 ജനുവരി 20

# മാനവതാവാദം

ശാസ്ത്രത്തിനും തത്വചിന്തയ്ക്കും മതത്തിനും പസ്പരഭിന്നമായ മാനവ വീക്ഷണങ്ങളുണ്ടായിരിക്കും. അതിനാൽ, മനുഷ്യനെ കൃത്യമായും അവതർക്കിതമായും നിർവചിക്കുക സാധ്യമല്ല. മനുഷ്യനെന്ന സൂക്ഷ്മപ്രപഞ്ചത്തിന്റെ നിഗൂഢത അനാവരണം ചെയ്യാൻ ശാസ്ത്രത്തിനും കഴിഞ്ഞിട്ടില്ല. അലക്സി കാറൽ പറഞ്ഞത് പോലെ, മനുഷ്യൻ എത്രത്തോളം ബാഹ്യലോകത്തിൽ വ്യാപൃനാവുകയും അതിന്റെ പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ടോ അത്രത്തോളം അവൻ തന്നിൽനിന്ന്തന്നെ അകലുകയും സ്വന്തം സത്വത്തെ വിസ്മരിക്കുകയും ചെയ്തിരിക്കുന്നു. അദ്ദേഹം മനുഷ്യനെ “അജ്ഞാതൻ” എന്ന് വിശേഷിപ്പിച്ചത് യാദൃശ്ചികമായിരുന്നില്ല.

ശാസ്ത്രലോകത്തിൽ വിഭ്രമിപ്പിക്കുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടും സ്വന്തം സത്വത്തിന്റെയും ജീവിത ത്തിന്റെയും സാരം ഗ്രഹിക്കൻ ആധുനിക മനുഷ്യന് കഴിയുന്നില്ല. ഇതാണവന്റെ ഏറ്റവും വലിയ ദൗർബല്യം; ഏറ്റവും വലിയ വിപത്തും. ആത്മനിയന്ത്രണത്തിൽ ആധുനികമനുഷ്യൻ പൗരാണിക രേക്കാൾ ദുർബലനും അഭിജ്ഞനുമാണെന്ന് ഡിവെ അഭിപ്രായപ്പെടുന്നു.

ഇവിടെയാണ് മനുഷ്യനെ അറിയാനുള്ള ശ്രമം അനിവാര്യമായിത്തീരുന്നത്. മനുഷ്യന്റെ സത്തയും മൂർത്തയാഥാർത്ഥ്യവും അന്വേഷിച്ചറിയുന്നതിലൂടെ മാത്രമേ നമുക്ക് നമ്മെത്തന്നെ അറിയാൻ ക ഴിയൂ. മനുഷ്യൻ അജ്ഞനായിത്തുടരുന്ന കാലത്തോളം ശാസ്ത്രംതന്നെ അപ്രസക്തമായിരിക്കും. അതിനാൽ, അജ്ഞനായിത്തുടരുന്ന മാനവസത്തയെ സംബന്ധിച്ച അറിവാണ് മാനവവിമോചന ത്തിന്റെ ഏകമാർഗം. മാനവവിമോചനത്തിനായി പ്രവർത്തിച്ച ശാസ്ത്ര-സാമൂഹിക- പ്രത്യയ ശാസ്ത്ര പ്രസ്ഥാനങ്ങൾ പരാജയപ്പെട്ടത് ഈ അറിവിന്റെ അഭാവത്തിലാണെന്ന് കാണാം.

ആധുനിക സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന ഒരു രമ്യഹർമത്തെപ്പറ്റി സംസാ രിക്കുന്ന പ്രഗൽഭനായരു എഞ്ചിനീയർക്കോ ശിൽപ്പവിദഗ്ദനോ അതിൽ വസിക്കേണ്ട കുടുംബ ത്തെസംബന്ധിച്ച് - കുടുംബാംഗങ്ങളുടെ മനോഭാവവും താൽപര്യങ്ങളും അടിസ്ഥാനാവശ്യങ്ങളും എന്തൊക്കെയാണെന്ന്-അറിവുണ്ടായിരിക്കണമെന്നില്ല. ഇത്തന്നെ ആധുനിക മനുഷ്യന്റെ അവ സ്ഥയും: മനോവിജ്ഞാനീയത്തിലെ ഏറ്റവും പുതിയ കണ്ടെത്തലുകളും അതിന്റെ മുമ്പിലുള്ള അനന്തമായസാങ്കേതിക സാധ്യതകളുമടങ്ങുന്ന ആധുനിക വിദ്യാഭ്യാസ സമ്പ്രദായം നിരവധി നേട്ട ങ്ങൾ കൈവരിച്ചിട്ടുണ്ടന്നുള്ളത് ശരിതന്നെ. ശാസ്ത്രസാങ്കേതിക വിദ്യകളും മനുഷ്യന്റെ ബുദ്ധിയും വളർന്നിട്ടുമുണ്ട്. എന്നാൽ, ആനുപാതികമായ ആത്മജ്ഞാനവും ആത്മീയവികാസവും കൈവരി ക്കാൻ മനുഷ്യന് കഴിഞ്ഞിട്ടില്ല. അതായത്, താനാരാണെന്നും താനെന്തിന് ജീവിക്കണമെന്നും ഗ്രഹി ക്കാതെയാണ് മനുഷ്യൻ ശാസ്ത്രസാങ്കേതിക മേഖലകളിൽ മുന്നേറിക്കൊണ്ടിരിക്കുന്നത്. ഇത്തരം അടിസ്ഥാന പ്രശ്നങ്ങൾക്ക് ഉത്തരം നൽകാൻ മുതലാളിത്ത സമൂഹങ്ങൾക്കാവില്ല; കമ്മ്യൂ ണിസ്റ്റ്സമൂഹങ്ങളിൽ ഉത്തരം നൽകാൻ ധൈര്യമുള്ളവരുമില്ല.

പൗരാണിക മതങ്ങളുടെ സ്ഥാനത്ത് സ്വയം അവരോധിക്കാൻ ശ്രമിക്കുന്ന പ്രത്യശാസ്ത്രങ്ങളുണ്ട്. അവ മനുഷ്യന്റെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. തൽഫലം മനുഷ്യവർഗം നിരർത്ഥബോധത്തിലും അടിമത്തത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്നു.എന്തുകൊ ണ്ടാണിത് സംഭവിക്കുന്നത്? മനുഷ്യന്റെ ജീവിതദർശനത്തിന് പാശ്ചാത്യൻ ലിബറലിസത്തിലും പൗരാസ്ത്യൻ കമ്മ്യൂണത്തിന് സ്ഥാനമില്ലെന്ന് കാണാം. മനുഷ്യന്റെ മൂലപ്രകൃതിയുടെ വികാസം രണ്ടിലും ബലികഴിക്കപ്പെടുന്നു. ആ പശ്ചാത്തലത്തിലാണ്, നിരർത്ഥബോധവും അടിമത്തവും മനു ഷ്യസമുദായത്തെ ഗ്രസിച്ചിട്ടുള്ളത്.

ഇത്തരമൊരു നിഗമനത്തിലെത്തുന്നതിന്റെ മുന്നോടിയായി മനുഷ്യന്റെ മൂലപ്രകൃതിയെന്തെന്ന് നിർണ്ണയിക്കേണ്ടതുണ്ട്; അതിന്റെ സ്വതന്ത്രവികാസം , പരിവർത്തനം, അധപതനം എന്നിവ പരിശോ ധിക്കേണ്ടതുണ്ട്. ഏതൊരു ജീവിത പദ്ധതിയെ ഗുണദോഷവിചാരം നടത്താനും അനിവാര്യമായ മാനദണ്ഡമാണ് മനുഷ്യസത്തയുടെ നിർവചനം.

x x x x x x

ശാസ്ത്രവും തത്വചിന്തയും മതവും മാനവസത്തയെ വിശദീകരിക്കുന്നത് ഭിന്നരീതികളിലാണെങ്കി ലും, അവയെല്ലാം അംഗീകരിക്കുന്ന ചില അടിസ്ഥാന തത്വങ്ങളുണ്ട്. ഈ തത്വങ്ങളുടെ സമുച്ചയ

മാണ് മാനവതാവാദം. മാനവവിമോചനം സ്വന്തം അടിസ്ഥാനലക്ഷ്യമായംഗീകരിച്ച ഒരു ചിന്താപ്രസ്ഥാനമാണിത്. അത് മനുഷ്യന്റെ പ്രഥമ്യം ഉയർത്തിപ്പിടിക്കുന്നു. മനുഷ്യനെ മനുഷ്യനാക്കാത്തീർക്കുന്ന അടിസ്ഥാനാവശ്യങ്ങളോടുള്ള പ്രതികരണമാണ് മാനവതാവാദത്തെ പ്രസക്തമാക്കി നിർത്തുന്നത്.

മാനവതാവതത്തെ പ്രതിനിധാനംചെയ്യുന്ന മുഖ്യധൈഷണികധാരകൾ: 1. പാശ്ചാത്യൻ ലിബറിസം. 2. മാർക്ക്സിസം. 3. അസ്തിത്വവാദം. 4. മതം പുരാതന ഗ്രീസിൽ നിന്നാരംഭിച്ച് സമകാലീനയൂറോപ്പിൽ ഏതാണ്ട്പൂർത്തികൈവരിച്ച സാംസ്കാരികവും ചിന്താപരവുമായ അനുസ്യൂതപ്രവാഹമാണ് ലിബറിസം. പുരാതന ഗ്രിസിന്റെ ഐതിഹാസിക പരിപ്രേക്ഷ്യമാണ് പാശ്ചാത്യൻ മാനവതാവതത്തിന്റെ ദാർശനികാടിത്തറ. ഗ്രീക്ക് പുരാവൃത്ത പ്രകാരം ,ദേവലോകം മാനവലോകവും തമ്മിൽ കടുത്ത ശത്രുതയും സംഘട്ടനവും നിലനിൽക്കുന്നു. അറിയാനും സ്വാതന്ത്ര്യം നേടാനും പ്രകൃതിയുടെ മേൽ ആധിപത്യം സ്ഥാപിക്കാനും ശ്രമിക്കുന്ന മനുഷ്യരെ നിരുൽസാഹപ്പെടുത്തുകയും, അവരെ തങ്ങളുടെ സ്വേഛാധിപത്യത്തിൽ തളച്ചിടാൻ ശ്രമിക്കുകയും ചെയ്യുന്ന മാനവവിരുദ്ധശക്തികളാണ് ദേവൻമാർ. സ്വാഭീഷ്ടമനുസരിച്ച് നീങ്ങാനുള്ള മനുഷ്യന്റെ ഏത് ശ്രമവും ദേവലോകത്തിനെതിരായ കലാപമായിരിക്കും; വൻപാപവും. ദേവലോകത്തിന്റെ ബന്ധനത്തിൽ നിന്ന് മുക്തി നേടാനുള്ള നിരന്തര പരിശ്രമങ്ങളിലാണ് മനുഷ്യ വർഗ്ഗം. സ്വന്തം ഭാഗധേയം നിർണ്ണയിക്കാൻ മനുഷ്യന് കഴിയണമെങ്കിൽ, അവന് ഇഛാസ്വാതന്ത്യമുണ്ടായിരിക്കണം. ഇതിന് വേണ്ടി, ദിവ്യമായ ആത്മീയശക്തിയാർജിക്കുകയും സ്വാതന്ത്യം പ്രഖ്യാപിക്കുകയുമാണവൻ.

സമുദ്രങ്ങൾ, നദികൾ, ഭൂമി, മഴ, സൗന്ദര്യം, കായബലം, സമ്പൽസമൃദ്ധി, ഋതുക്കൾ, പ്രളയം, ഭൂകമ്പം , രോഗങ്ങൾ, ക്ഷാമം തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങളുടെ മൂലമാതൃകകളും പ്രതിഫലനങ്ങളുമാണ് ഗ്രീക്ക് പുരാണങ്ങളിലെ ദേവൻമാർ. അതിനാൽ അവരും മനുഷ്യരും തമ്മിലുള്ള സംഘട്ടനം പ്രതീക്ഷിതവും സ്വാഭാവികവുമാണ്; സവിശേഷവീക്ഷണത്തിൽ ശരിയും പുരോഗമനവും.അതായത്, മനുഷ്യന്റെ ജീവിതത്തെയും ഇഛാശക്തിയേയും നിയന്ത്രിക്കുകയും ഭരിക്കുകയും ചെയ്യുന്ന ഭൗതിക ശക്തിൾക്കെതിരിൽ മനുഷ്യൻനടത്തുന്ന നിരന്തര പോരാട്ടമാണ് ദേവലോകവും മാനവലോകവും തമ്മിലുള്ള യുദ്ധം. നിരന്തരം വികസിച്ച്കൊണ്ടിരിക്കുന്നഅറിവും ശക്തിയും ഉപയോഗിച്ചാണ് മനുഷ്യവർഗം പ്രകൃതി ശക്തികളെ കീഴടക്കാൻ ശ്രമിക്കുന്നത്, ഏറ്റവും വലിയ സ് ഥാപിത ശക്തിയാണ് പ്രകൃതി; സ്യൂസ് അതിന്റെ പ്രതീകവും. പ്രൊമിത്യൂസ് സ്യൂസിനെതിരായി നടത്തിവരുന്ന പോരാട്ടം, സ്വാതന്ത്യത്തിനും സ്വാശ്രയത്വത്തിനും പകൃതിയുടെ നിയന്ത്രണത്തിനും വേണ്ടി മനുഷ്യവർഗം നടത്തിവരുന്ന യഥാർത്ഥ പോരാട്ടമാണ്.

ഭൗതികപ്രകൃതിക്കുള്ളിൽ മാത്രം പ്രസക്തിയുള്ള ഗ്രീക്ക് ഇതിഹാസലോകത്തെ മഹത്തായ പൗരാണികമതങ്ങളിലെ വിശുദ്ധമായ ആത്മീയലോകത്തോട് തുലനംചെയ്തതാണ് ദിദറോ, വോൾത്തേർ മുതൽ ഫോയർബാക്, മർക്സ് വരെയുള്ളആധുനിക മാനവതാദികൾ വരുത്തിവെച്ച ഏറ്റവും വലിയ അബദ്ധം. മനുഷ്യവർഗത്തിന് ന്യുസിനോടുള്ള ബന്ധം തന്നെയാണ് അഹുറമസ്ദ, രാമൻ, ടാവോ, മിശിഹാ, അള്ളാഹു എന്നിവരോടുള്ളതെന്ന് അവൾ തെറ്റിദ്ധരിച്ചു, എന്നാൽ ഈ രണ്ട് ബന്ധങ്ങളും പരസ്പരവിരുദ്ധമാണ്. ആദ്ധ്യത്തെ ബന്ധത്തിൽ, മനുഷ്യവർഗത്തിനുവേണ്ടി പ്രൊമിത്യൂസ് ദിവ്യദീപ്തി മോഷ്ടിക്കുന്നു. തത്ഫലമായി അയാൾദേവൻമാരിൽ നിന്ന് കടുത്ത പീഢനങ്ങൾ ഏറ്റുവാങ്ങുന്നു. രണ്ടാമത്തെതിൽ, ഒരുകാലത്ത് ദൈവത്തിന്റെ അത്യുന്നതമാലാഖമാരിൽപെട്ടിരുന്ന ഇബ്‌ലീസ് ആദമിനെ പ്രണമിക്കാൻ വിസമ്മതിക്കയാൽ ദൈവശാപത്തിന്നിരയായിത്തീരുന്നു. കൂടാതെ, ദൈവം തന്നെ സ്വർഗ്ഗത്തിലെ ജ്ഞാനദീപ്തി തന്റെ പ്രവാചകരിലൂടെ മനുഷ്യവർഗത്തിന് നൽകുന്നു. മനുഷ്യരിൽ പ്രതീക്ഷയും ഭക്തിയും ഉണർത്തുകയും അവനെ അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് നയിക്കുകയുമാണ്ഇതിന്റെ ഉദ്ദേശ്യം. ഇവിടെ ന്യുസിൽ നിന്ന് കടവിരുദ്ധമായാണ് ദൈവം പ്രവർത്തിക്കുന്നത് പ്രകൃതിയുടെ അധീശത്വത്തിൽനിന്ന് മനുഷ്യനെ വിമോചിപ്പിക്കുകയാണ് ദൈവത്തിന്റെ പദ്ധതി. പ്രൊമിത്തിയൻ പ്രകാശത്തെ അനുധാവനം ചെയ്യുക തന്നെയാണ് വിമോചനത്തിന്റെ പാതയെന്ന് അവൻ മനുഷ്യ വർഗത്തോട് പറയുന്നു. മഹത്തായ മതങ്ങളുടെ പ്രപഞ്ചവീക്ഷണമനുസരിച്ച്, സ്യൂസിന്റെമേൽ വിജയംവരിക്കാൻ ദൈവം മനുഷ്യവർഗത്തോട് ആഹ്വാനം ചെയ്യുന്നു!

ചുരുക്കത്തിൽ, ഗ്രീക്ക്പുരാവൃത്തത്തിലധിഷ്ഠിതമായ പ്രപഞ്ച വീക്ഷണത്തിൽ വളർന്ന് വന്ന മാനവതാവാദം സ്വാഭാവികമായും ദേവോപാസനയും ദേവൻമാരുടെ ആധിപത്യവും തിരസ്കരിച്ചു. ഇവിടെ ബഹുദൈവവാദത്തെയാണത് നേരിട്ടത്. മാനവകേന്ദ്രീകൃതമായൊരു പ്രപഞ്ചത്തെ വിശദീകരിക്കാ

നാണ് ഗ്രീക്ക്മാനവതാവാദം ശ്രമാച്ചത്. സത്യാസത്യങ്ങളുടെയും സൗന്ദര്യത്തിന്റെയും മാനദണ്ഡം മനുഷ്യനാണെന്ന് അത് സിദ്ധാന്തിച്ചു.

ഉപരിലോകത്തോടുള്ളവിരോധം വർദ്ധിക്കും തോറും മാനവതാവാദം കൂടുതൽ ഭൗതികമായിത്തീരുകയും ഭൗതികവാദത്തിനടിപ്പെടുകയും ചെയ്തു. അങ്ങനെയാണ്, പുരാതനഗ്രീസ് മുതൽ സമകാലീനയൂറോപ്പ് വരെ നീണ്ട് നിൽക്കുന്ന, പാശ്ചാത്യൻ പരിപ്രേക്ഷ്യത്തിലധിഷ്ഠിതമായ, മാനവതാവാദം ഭൗതികവാദവുമായി വ്യവഹരിക്കപ്പെടാൻ ഇടയായത്. ഫ്രഞ്ച് വ്ജ്ഞാനകോശനിർമാതക്കളുടെ ലിബറിസത്തിലും പാശ്ചാത്യൻ ബൂർഷ്വാസംസ്ക്കാരത്തിലും  മാർക്സിസത്തിലും ഇതേവിധിതന്നെയാണത് നേരിട്ടത്.

ഈശ്വരവാദത്തോട് കടുത്ത വിരോധം വെച്ച്പുലർത്താൻ മാനവതാവാദത്തെ പ്രേരിപ്പിച്ച മറ്റൊരു ഘടകമാണ്  ക്രൈസ്തവതയെ മനുഷ്യ വർഗത്തോട് പിണക്കി നിർത്തിയ കാത്തോലിക്കാമതം. പുരാതന ഗ്രീസിലും റോമിലും ലബ്ധപ്രതിഷ്ഠനേടിയിരുന്ന ആകാശഭൂമികളുടെ സംഘട്ടനസിദ്ധാന്തം അത് നിലനിർത്തി.  മാത്രമല്ല, ആദിപാപത്തെയും പറുദീസനഷ്ടത്തെയും സംബന്ധിച്ച ഗ്രിക്ക്വ്യാഖ്യാനവും അത് സ്വികരിച്ചു ദൈവകോപത്തിനിരയായി അധമലോകത്ത് ജീവിക്കാൻ ശിക്ഷിക്കപ്പെട്ട നിരാലംബനും ദുർബലനും നികൃഷ്ടനുമായ പാപിയാണ് മനുഷ്യനെന്ന ചിന്താഗതി അങ്ങനെ വളർന്നു വന്നു. എന്നാൽ പുരോഹിത വർഗത്തെ കത്തോലിക്കാമതം  ഈ ദുരവസ്തയിൽ നിന്ന് ഒഴിച്ച് നിർത്തുകയും അവരെ ആത്മാവിന്റെ വാഹകരായി വിശേഷിപ്പിക്കുകയും ചെയ്തു!
പുരോഹിതരെ അന്ധമായി അനുകരിക്കുകയും സഭയിൽ അംഗത്വംമെടുക്കുകയും ചെയ്യേണ്ടത് മോക്ഷത്തിനനുപേക്ഷണീയമാണെന്ന് പ്രചരിപ്പിക്കപ്പെട്ടു.

ഈ പശ്ചാത്തലത്തിൽ ഈശ്വരവാദം മാനവതാവാദത്തിനെതിരായി തിരിഞ്ഞു. ദൈവിക ഭരണത്തിലേക്കുള്ള മാർഗ്ഗത്തിൽ മാനവതാവാദം ബലികഴിക്കപ്പെട്ടു. മധ്യയുഗത്തിൽ അത് മിക്കവാറും അപ്രത്യക്ഷമായി ശാസ്ത്രം, സംസ്കാരം, സദാചാരം, കല, സൗന്ദര്യശാസ്ത്രം എന്നീ മേഖലകളിലെല്ലാം അതിന് പ്രവേശനം നിഷേധിക്കപ്പെട്ടു. മധ്യയുഗത്തിലെ എല്ലാ കലാ-സൗന്ദര്യ പ്രകടനങ്ങളും ആത്മീയലോകത്തിന്റെയും അതിമാനുഷന്റെയും ചിത്രീകരണങ്ങളായിരുന്നു. പരിശുദ്ധാത്മാവ്, രക്ഷകൻ, മാലാഖമാർ, അല്ഭുതപ്രവർത്തികൾ എന്നിവ ഉദാഹരണങ്ങൾ. മനുഷ്യരൂപം പ്രത്യക്ഷപ്പെട്ടിരുന്നുവെങ്കിൽതന്നെ അത് അപ്പോസ്തലന്മാരുടെയും പുണ്യവാളരുടേതുമായിരിക്കും. അപ്പോഴും അവരുടെ ശരീരം അപാദചൂഡം വസ്ത്രവൃതമായിരിക്കും; മുഖം ദിവ്യപ്രഭാവലയം കൊണ്ടോ മുഖം മൂടി കൊണ്ടോ ആഛാദനം ചെയ്യപ്പെട്ടിരിക്കും. ചുരുക്കത്തിൽ, അക്കാലത്തെ സാഹിത്യം അൽഭുത കഥകളുടെ സംക്രമണമായിരുന്നു; കല അവരുടെ ചിത്രീകരണവും. ഈ ധാരണയ്ക്ക് സാധുത നൽകുകയായിരുന്നു ശാസ്ത്രം. ആദി പാപത്തിന്റെ പ്രായശ്ചിത്തമായി, മനുഷ്യന്റെ എല്ലാപ്രകൃതി താൽപര്യങ്ങളെയും അടിച്ചമർത്തുകയായിരുന്നു സദാചാര ധർമം. ഈ ലോകജീവിതമാകട്ടെ, പരലോകത്തിനു വേണ്ടി പരിത്യജിക്കാനുള്ളതും.

മനുഷ്യന് ദൈവത്തെ പ്രാപിക്കാൻ കഴിയണമെങ്കിൽ തന്റെ പ്രാകൃതമായ മാനുഷികഗുണങ്ങൾ അവൻ തിരസ്കരിക്കേണ്ടതുണ്ടെന്ന കത്തോലിക്കാമതത്തിന്റെ അധ്യാപനം മധ്യത്തുലടനീളം കാണാം. ഈ ക്രൈസ്തവദൈവവും ന്യൂസും തമ്മിൽ എന്തൊരു ചേർച്ച! നവോത്ഥാനാന്തരം ആധുനികയൂറോപ്പിൽ വളർന്ന്വന്ന മാനവികതാ വാദം പൗരാണികഗ്രീസിലെ മാനവതാവാധത്തിന്റെ തുടർച്ചയാണെങ്കിൽ, മധ്യയുഗത്തിലെ ക്രൈസ്തവ “സ്വർഗവാദം” ഗ്രീക്ക്പുരാണങ്ങളുടെ തുടർചയാണെന്ന് പറയാം. എന്തായാലും, പടിഞ്ഞാറിൽ എല്ലാത്തിന്റെയും സ്രോതസ്സ് പുരാതനഗ്രീസാണ്. മതപരവും ശാസ്ത്രീയവുമായ പാശ്ചാത്യൻ സംസ്കാരത്തിന്റെ ചരിത്രം ഒരേ സ്രോതസ്സിൽനിന്ന് നിർഗളിക്കുന്ന ഈ പ്രവാഹദ്വന്ദ്വനത്തിന്റെ നൈരന്തര്യമാണ്.

ഗ്രീക്ക്മാനവതാവാദമാണ് ഈ പൊതുസ്രോതസ്സ്. ബൂർഷ്വാലിബറലിസവും മാർക്സിസവും തത്വത്തിലും പ്രയോഗത്തിലും, ഈ മാനവതാവാദം പങ്കിടുന്നു-വൊൾത്തേറും മാർക്സും ഒരുപോലെ മനുഷ്യസത്തയുടെയും ജീവിതത്തെയും സമൂഹത്തെയും സംബന്ധിച്ച ഒരേ വീക്ഷണത്തിലാണ് അനിയന്ത്രിത ബൂർഷ്വാസമൂഹവും കോന്ദ്രീകൃത കമ്മ്യൂണിസ്റ്റ് സമൂഹവും അന്തിമമായി എത്തിച്ചേരുന്നത്. വികസിത കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിൽ ഇന്ന് പ്രകടമായിക്കൊണ്ടിരിക്കുന്ന ബൂർഷ്വാപ്രവണകൾ വെറും ആകസ്മികതയേ വ്യതിയാനമോ തിരുത്തൽവാദപരമായ പശ്ചാത്ഗമനമോ ആണെന്ന് പറയാൻപറ്റില്ല. മനുഷ്യനെക്കുറിച്ച് സമാനവീക്ഷണങ്ങൾ വച്ച് പുലർത്തുന്ന തത്വ

ശ്സ്ത്രങ്ങൾ, അവയുടെ ആരംഭം എത്രതന്നെ വ്യത്യസ്തമാണെങ്കിലും, ഒരേദിശയിൽ നീങ്ങുന്നതും ഒരേ ലക്ഷ്യം പ്രാപിക്കുന്നതും സ്വാഭാവികം മാത്രം.*

എന്നാലും, സ്വന്തം മാനവതാവാദം സവിശേഷമാണെന്ന് പാശ്ചാത്യൻ ബൂർഷ്വാലിബറലിസവും മാർക്സിസവും ഒരുപോലെ അവകാശപ്പെടുന്നു. ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള വ്യക്തിസ്വാതന്ത്ര്യം നൽകുന്നതിലൂടെ മനുഷ്യന്റെ നൈസർഗികവാസനകൾ വളരാനുള്ള അവസരം സൃഷ്ടിക്കുകയാണത് ചെയ്യുന്നതെന്ന ബൂർഷ്വാലിബറലിസം വാദിക്കുകയും സമൂഹത്തെ ഒരു അവിഭക്ത ഘടനാ സംവിധാനത്തിന്റെ സർവാധിപത്യത്തിൽ കൊണ്ട്വരികയും ചെയ്തുകൊണ്ടാണത് പ്രസ്തുതലക്ഷ്യം നേടുന്നതെന്ന് മാർക്സിസവും വാദിക്കുന്നു. ബൂർഷ്വാലിബറലിസത്തിനും മാർക്സിസത്തിനും ഒരേ ലക്ഷ്യമാണുള്ളത്: സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും മെച്ചപ്പെട്ടജീവിതം പ്രദാനം ചെയ്യുക. "മാർക്സിസമാണ് ഏറ്റവും വലിയ ബൂർഷ്വാസി" എന്ന നർമോക്തി യാദൃച്ഛികമാകാനിടയില്ല.

മാനതാവാദത്തിന്റെയും മാനവവിമോചനത്തിന്റെയും പ്രാണേതാവും പ്രയോക്താവുമായി സ്വയം അവരോധിക്കുകയാണല്ലോ ലിബറലിസവും മാർക്സിസവും. അസ്തിത്വവാദവും ഇതേ അവകാളശവുമായി രംഗത്ത് വരുന്നുണ്ട്. മാനവതാവാദത്തിന്റെ അവകാശവാദമുന്നയിക്കാൻ, ലിബറലിസത്തെയും മാർക്സിസത്തെയും അപേക്ഷിച്ച്, അസ്തിത്വവാദത്തിന് തന്നെയാണ് കൂടുതൽ അർഹതയുള്ളത്.

---

* സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ഇന്ന് നടക്കുന്ന ആശയപരവും രാഷ്ട്രീയപരവുമായ മാറ്റങ്ങൾ കൂടുതൽ ശ്രദ്ധേയമായിത്തീർലന്നിട്ടുണ്ട് -വിവർത്തകൻ

നാലാമതൊരു ധൈഷണികധാര കൂടിയുണ്ട്: മതത്തിന്റെ പ്രപഞ്ചവീക്ഷണം . മുൻപറഞ്ഞ ചിന്താപ്രസ്ഥാനങ്ങളേക്കാൾ പഴക്കവും ആഴത്തിൽ വേരോട്ടവുമുള്ളതാണിത്. മനുഷ്യവർഗത്തെ മോക്ഷത്തിലേക്കു നയിക്കുകയാണ് അതിന്റെ ലക്ഷ്യമെന്ന് ഓരോ മതവും പ്രഖ്യാപിക്കുന്നു. അത് കൊണ്ട്തന്നെ ഓരോ മതത്തിനും ഓരോ മാനവദർശനമുണ്ടായിരിക്കും. അതായത്, മനുഷ്യൻ ആരാണെന്ന് വിശദീകരിക്കുന്നതിനു മുമ്പ് മനുഷ്യമോക്ഷത്തെക്കുറിച്ച് സംസാരിക്കാൻ ഒരു മതത്തിനും കഴിയില്ല. ചുരുക്കത്തിൽ സൃഷ്ടിയെ സംബന്ധിച്ച സ്വന്തംദർശനത്തോട് കൂടയാണ് എല്ലാ മതങ്ങളും ആരംഭിക്കുന്നത്.

മനുഷ്യനെ അടിസ്ഥാന ജീവിയും മാനദണ്ഡവുമായി ഉയർത്തിപ്പിടിക്കുന്ന നാല് വ്യത്യസ്തധൈഷണികധാരകളെ സംബന്ധിച്ചാണ് ഇത്രയും പറഞ്ഞത്. ഇനി, ഇവയുടെ സഹായത്തോടെ, മനുഷ്യനെ നിർവ്വചിക്കാൻ ശ്രമിക്കാം.

X X X X X

പതിനെട്ടാം നൂറ്റാണ്ടിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമായി യൂറോപ്പിൽ വളർന്ന്വന്ന നവീന മാനവതാവാദത്തിന്റെ അനുകൂലികളായ സമൂലരിവർത്തനവാദികൾ 1800-ൽ പ്രകടനപത്രിക ഇപ്രകാരം ആഹ്വാനം ചെയ്തു: "നൈതികമൂല്യങ്ങളുടെ ആധാരത്തിൽനിന്ന് ദൈവത്തെ മാറ്റി തൽസ്ഥാനത്ത് മനസാക്ഷിയെ പ്രതിഷ്ടിക്കുക." മനുഷ്യപ്രകൃതിക്കനുപേക്ഷണീയവും, അവന്റെ മൗലികവും സത്താപരവുമായ സ്വഭാവത്തിൽ നിന്നുൽഭവിക്കുന്നതുമായ ഒരു ധാർമികമനസാക്ഷി ഓരോ മനുഷ്യരിലുമുണ്ടെന്നവർ വാദിച്ചു. മനുഷ്യപ്രകൃതിയെയും ധാർമികമനഃസാക്ഷിയെയും സംബന്ധിച്ച ഈ വിശ്വാസമാണ് നിരീശ്വരവിശ്വാസത്തിലധിഷ്ഠിതമായ ഇന്നത്തെ പാശ്ചാത്യൻ മാനവതാവാദത്തിന്റെ അടിസ്ഥാനം.

ശാസ്ത്രീയ വിശകലനത്തിന്റെ ആവിർഭാവത്തോടെ, പ്രത്യേകിച്ചും മനശാസ്ത്രത്തെ നിർവ്വീര്യമാക്കിത്തീർത്ത സാമൂഹികശാസ്ത്രത്തിന്റെ വികാസത്തോടെ, ഈ മനുഷ്യപ്രകൃതി ആദ്യം സന്ദേഹത്തിനും തുടർന്ന് നിഷേധത്തിനും വിധേയമായി. അതോടെ മനുഷ്യപ്രകൃതിയിൽനിന്നുൽഭവിക്കുമെന്ന് സങ്കൽപ്പിക്കപ്പെട്ടിരുന്ന ധാർമ്മികമനഃസാക്ഷി സാമൂഹികമനഃസാക്ഷിയായിമാറി. സാമൂഹികസാഹചര്യങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് സാമൂഹിക മനസാക്ഷിയും മാറുമെന്നായി. അങ്ങനെ, വിശുദ്ധവും സ്നാതനവുമായ ധാർമ്മികമൂല്യങ്ങൾ പരിവർത്തനവിധേയമാവുകയും ക്രമേണ നിശ്ക്രമിക്കുകയും ചെയ്തു.

എന്നാൽ നവീന മാനവതാവാദം മനുഷ്യവർഗത്തിന്റെ ശാശ്വതമായ നൈതികമൂല്യങ്ങളും മഹത്തായ ആത്മീയ ഗുണങ്ങളും അംഗീകരിക്കുന്നു. ഈ മൂല്യങ്ങളുടെ കേന്ദ്ര ബിന്ദു മനുഷ്യനാണ്. പ്രകൃതിയേയോ പ്രകൃതീത ലോകത്തെയോ അവലംബിതക്കാതെ മനുഷ്യനെ മാത്രമാണ് മാനവതാവാദം ഉയർത്തിക്കാട്ടുന്നത്. ഇത് നൈതികമൂല്യങ്ങലെ ഒന്നടങ്കം മതത്തിൽനിന്ന് അകറ്റി നിർത്തുന്നു. നൈതികമൂല്യങ്ങളുടെ മതപരമായ അടിസ്ഥാനത്തെയും ദൈവത്തെയും നിഷേധിച്ച് കൊണ്ട്തന്നെ ആത്മീയവികാസം പ്രാപിക്കാൻ മനുഷ്യന് കഴിയുമെന്ന് അത് സിദ്ധാന്തിക്കുന്നു..

ഇക്കാര്യത്തിൽ മാർക്സത്തിന് വ്യത്യസ്തമായ രണ്ട് മുഖങ്ങളുണ്ട്. ഒന്ന് മാർക്സത്തിന്റെ കടുത്ത മുടതലാളിത്തവിമർശനമാണ്; മറ്റൊന്ന് ഒരു കമ്മ്യൂണിസ്റ്റ് വ്യവസ്ഥയുടെ അവതരണവും. വിമർശന തലത്തിൽ മുതലാളിത്തത്തിൻകീഴിൽ ചൂഷണത്തിനിരയായ അനേകരെ ആകർഷിച്ചത് ഈ തലമാണ്. മാർകിസ്റ്റ് നൈതികമീല്യങ്ങളോടുണ്ടായിരുന്ന അനിതരസാധാരണമായ സംവേദനക്ഷമത പ്രകടമാകുന്നു. "മനുഷ്യവർഗത്തിന്റെ ഉന്നതമൂല്യങ്ങലെ അധഃകരിക്കുന്ന" മുതലാളിത്തവ്യവസ്ഥിതിയെയാണല്ലോ അദ്ധേഹം വിമർശിച്ചത്. സ്തിരോൽസാഹിയും സ്വാത്മബോധമുള്ളവനും സത്യസന്ധനും അഭിമാനനിയും സ്വതന്ത്രനും വിജ്ഞനും ധാർമകഗുണ സമ്പനുമായ മനുഷ്യൻ, ഹൃദയശ്യൂന്യവും നിർവികാരവും മർദ്ധകവുമായ യാന്ത്രികവ്യവസ്ഥിതിയിലും ചൂഷണത്തിന്റെയും സ്വാർത്ഥത്തിന്റെയും ധർമച്യുതിയുടേയും വിളനിലമായ മുതലാളിത്തവ്യവസ്ഥയിലും അന്യവൽകരിക്കപ്പെട്ടിരിക്കുന്നതായി മാർക്സ് പരിതപിക്കുന്നു. ഇവിടെ അദ്ധേഹം ഒരു നിഗൂഢജ്ഞാനിയുടെ സ്വരം കൈകൊള്ളുന്നു! "അധ്വാനം മനുഷ്യന്റെ സത്തയാണ്. മുതലാളിത്തം അതിനെ വെറുമൊരു ഭൗതികവൃത്തിയായി കാണുകയും പണത്തിന്റെ അടിസ്ഥാനത്തിൽ വിലമതിക്കുകയും ചെയ്യുന്നു. തൽഫലമായി തൊഴിലാളി സ്വന്തം ആമസയത്തിന്റെ അടിമയായി മാറുന്നു"- അദ്ധേഹം പ്രഖ്യപിച്ചു.

എന്നാൽ കമ്യൂണിസ്റ്റ്വ്യവസ്ഥിതിയെ പരിചയപ്പെടുത്തുന്ന മാർക്സ് ഒരു തികഞ്ഞ ഭൗതികവാദിയാണ്. ഇവിടെ അദ്ദേഹത്തിന്റെ ധാർമികപ്രതിബദ്ധത രാഷ്ട്രീയത്തോടും ധനശാസ്ത്രത്തോടുമുള്ള കമ്യുണിസ്റ്റ് വിപ്ലവാവേശത്തിൽ മങ്ങിപ്പോയതായി നാം കാണുന്നു.

മാർക്സിസത്തിന്റെ വിമർശനാത്മകതലത്തിൽ മാനവതയുടെ മഹത്വവൽക്കരണം അതിന്റെ പാരമ്യത്തിലെത്തുന്നു. ഈ പാശ്ചാതലത്തിലാവണം ആരോൺ, ഡുവർജർ, ഹെൻറി ലെഫൈബർ തുടങ്ങിയ പണ്ഡിതർ മാർക്സിന്റെ കൃതികളിലെ "ആധ്യാത്മികമാനവതാവാദ"ത്തെപ്പറ്റി സംസാരിച്ചത്.

അമിതമായി സിദ്ധാന്തവൽക്കരിക്കുന്ന ഒരു തത്വചിന്തയാണ് അസ്തിത്വവാദം. അതിന്റെ ദൃഷ്ടിയിൽ, ഏകാത്മകതയിലേക്കെറിയപ്പെട്ട ഒരു ജീവിയാണ് മനുഷ്യൻ. തന്റെ ഒരു നിർണായകഗുണവും അവൻ ദൈവത്തിൽ നിന്നോ പ്രകൃതിയിൽനിന്നോ കടമെടുത്തതല്ല.
സ്വതന്ത്രമായി തിരഞ്ഞെടുക്കാനും സ്വയം സൃഷ്ടിക്കാനും അവന് കഴിയും. ഇതാണ് അസ്തിത്വവാദം സിദ്ധാന്തിക്കുന്നത്.

മഹത്തായ പൗരസ്ത്യൻമതങ്ങളിൽ കാണുന്ന പ്രപഞ്ചസ്രഷ്ടാവായ ദൈവവും മനുഷ്യ വർഗ്ഗവും തമ്മിലുള്ള ഗാഢബന്ധം അന്യാദൃശമാണ്. സൗരാഷ്ട്രമതത്തിൽ മനുഷ്യൻ നൻമയുടെ മുർത്തിയായഅഹ്രീമനും സൈന്യത്തിനുമെതിരിൽനടന്ന സൃഷ്ടിയുദ്ധത്തിൽ
മനുഷ്യൻ അഹുറമസ്ദയുടെ കൂടെയായിരുന്നു. അദ്വൈതത്തിലത്ഷ്ടിതമായ ഹൈന്ദവ മതം തുടങ്ങിയനിഗൂഢാർത്ഥപ്രധാനമായ മതങ്ങളിലെല്ലാം ജൈവപ്രപഞ്ചത്തെ പുന: സൃഷ്ടിക്കാനുള്ള പദ്ധതിയിൽദൈവവും മനുഷ്യനും സ്നേഹവും ഒരുമിക്കുന്നത് കാണാം. ഈ മതങ്ങളിൽ ദൈവവും മനുഷ്യവർഗ്ഗവും സത്താപരമായി ഐക്യപ്പെടുന്നുണ്ട്. (മഹാൻമാരായ സൂഫികളുടെ കൃതികളിലും ഇത്തരം ഐക്യം ദൃശ്യമാണല്ലോ.)

ഇസ്‌ലാമികപരിപ്രേക്ഷ്യത്തിൽ,മനുഷ്യനിൽ നിന്ന് ദൈവത്തിലേക്കുള്ളഅകലം അനന്തമാണെങ്കിലും, ദൈവത്തിൽ നിന്ന് മനുഷ്യനിലേക്കുള്ള അകലം എന്നെന്നേക്കുമായി ദുരീകരിക്കപ്പെട്ടിരിക്കുന്നു. ദിവ്യാത്മാവുള്ള ഏകജീവി മനുഷ്യനാണെന്ന് ഇസ്‌ലാം പ്രഖ്യാപിക്കുന്നു. ദൈവത്തിന്റെ സന്യാസം സ്വയം ഏറ്റെടുക്കുകയും, ദിവ്യഗുണങ്ങൾ സ്വായത്തമാക്കേണ്ടത് സ്വന്തം ബാദ്ധ്യതയായെടുക്കുകയുംചെയ്ത ജീവിയായാണ് ഇസ്‌ലാം മനുഷ്യനെ പരിചയപ്പെടുത്തുന്നത്.

എല്ലാ മാനവതാവാദികളും അടിസ്ഥാനപരമായി അംഗീകരിക്കുന്ന ചില മാനവസവിശേഷതകളുണ്ട്. അവ താഴെകൊടുക്കുന്നു.

1 മനുഷ്യനാണ് അടിസ്ഥാനജീവി. പ്രകൃതിയിലും ആത്മലോകത്തുമുള്ള ജീവികളിൽ മനുഷ്യന്മാത്രമേ സ്വതന്ത്രസ്വത്വവും മഹിതസത്തയുമുള്ളൂ.

2. മനുഷ്യൻ ഒരു സ്വതന്ത്രമായ ഇഛാശക്തിയാണ്. അവന്റെ ഏറ്റവും സവിശേഷവും അനിർവചനീയവുമായ ഗുണമാണിത്. പ്രകൃതിയുടെയും ചരിത്രത്തിന്റെയും സമൂഹത്തിന്റെയും ചാലകശക്തിയായി കാര്യകാരണ ബന്ധങ്ങളിലെ ഏറ്റവും നിർണ്ണായകമായ കണ്ണിയാണ് മനുഷ്യൻ. അവന്റെ അസ്തിത്വത്തെനിർണ്ണയിക്കുന്ന രണ്ട് ഗുണങ്ങളാണ് സ്വാതന്ത്രവും ഇഛാശക്തിയും. ഇവയാണ് അവന്ന് ദിവ്യഗുണങ്ങൾ പ്രദാനം ചെയ്യുന്നത്.

3. മനുഷ്യന് അറിവും ബോധവുമുണ്ട്-അവന്റെ സർവോൽകൃഷ്ടമായ ഗുണവിശേഷം. വിസ്മയകരമായ മനനപ്രക്രിയയിലൂടെ ഭൗതിക ലോകത്തിന്റെ വാസ്തവികത്വം ഗ്രഹിക്കാനും, അതീന്ദ്രിയരഹസ്യങ്ങ5ൾ കണ്ടെത്താനും, യാഥാർഥ്യങ്ങളെയും സംഭവങ്ങളെയും അപഗ്രഥിക്കാനും മനുഷ്യനു കഴിയും. പ്രത്യക്ഷവസ്തുക്കളുടെയും ഫലങ്ങളുടെയും ഉപരിതലത്തിൽ തങ്ങാതെ, സ്വന്തം ഇന്ദ്രിയങ്ങളെ അതിവർത്തിക്കുകയും സാമായികബന്ധങ്ങളെ ഭൂതഭാവികളിലേക്ക് വ്യാപിപ്പിക്കുകയും ടെയ്യുന്നവനാണ് മനുഷ്യൻ. അങ്ങനെ സ്വന്തം ചുറ്റുപാടിന്റെ ആഴത്തിലും പരപ്പിലുമുള്ള ശരിയായ അറിവ് അവന് കിട്ടുന്നു. പാസ്കലിന്റെ വാക്കുകളിൽ: "മനുഷ്യൻ നിസ്സാരമായൊരു പുൽക്കൊടി മാത്രമാണ്. പക്ഷെ, മുഴുവൻ ലോകവും അവനെ നശിപ്പിക്കാൻ തുനിഞ്ഞാൽപോലും അവൻ തന്നെയാണ് വിജയിക്കുക. കാരണം, അതെന്താണ് ചെയ്യുന്നതെന്ന് ലോകത്തിനറിയില്ല. എന്നാൽ, താൻ നശിപ്പിക്കപ്പെടുന്നു എന്ന ബോധം മനുഷ്യനുണ്ട്." അപ്പോൾ അസ്ഥിത്തത്തേക്കാൾ ശ്രേഷ്ഠം ബോധമാണെന്ന്വരുന്നു.

4. മനുഷ്യൻ സ്വാത്മബോധമുള്ള ജീവിയാണ്. സ്വന്തം സാന്നിദ്ധ്യത്തെപ്പറ്റി ബോധമുള്ള ഏകജീവിയാണവൻ. തന്നെത്തന്നെ അപഗ്രധിക്കാനും വിലയിരുത്താനും തദ്വാരാ സ്വയം രൂപാന്തരപ്പെടാനും അവന്കഴിയും. ആധുനിക ചരിത്രദാർശനികരിൽ പ്രമുഖനായ ടോയിൻബി പറയുന്നു: "ഇന്നത്തെ നാഗരികസമൂഹത്തിന് അത് ശയോന്മുഖമാണെന്ന ഭോധമുണ്ട്. ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ, മനുഷ്യരാശി അതിന്റെ ചരിത്രപരമായ അത്യുന്നതഘട്ടത്തിലാണെന്ന് പറയാം."

5. മനുഷ്യൻ ഒരു സർഗാത്മകജീവിയാണ്. ഈ സവിശേഷഗുണം അവനെ പ്രകൃതിയിൽ നിന്ന് വേർപെടുത്തി ദൈവത്തിനടുത്ത് പ്രതിഷ്ഠിക്കുന്നു. സ്വന്തം അസ്തിത്വത്തിന്റെ അതിർവരമ്പുകൾ അതിവർത്തിക്കാനും പ്രകൃതിയിലില്ലാത്തവയെ പുതുതായി സൃഷ്ടിക്കാനും ഇതവനെ പ്രാപ്തനാക്കുന്നു. പ്രകൃതിയിലില്ലാത്തവ സൃഷ്ടിക്കാനുള്ള അനന്യ ശക്തികൊണ്ടായിരുന്നു മനുഷ്യൻ തന്റെ വികാസത്തിന്റെ പ്രാരംഭഘട്ടത്തിൽ ഉപകരണങ്ങളും പിന്നീട് കലകളും സൃഷ്ടിച്ചത്. ഈ സൃഷ്ടിവൈഭവം അവനെ പ്രകൃതിയുടെ കേന്ദ്രബിന്ദുവാക്കിമാറ്റുന്നു..

6. മനുഷ്യൻ ഒരു ആദർശജീവിയാണ്-നിലവിലുള്ള അവസ്ഥയിൽ തൃപ്തിയടയാതെ പരിവർത്തനത്തിനായി നിരന്തരം പരിശ്രമിക്കുന്നവൻ. പുന:സൃഷ്ടി പ്രക്രിയയിൽ ഏർപ്പെടുകയും താൻ ചുറ്റുപാടുകളുടെ സ്രഷ്ടാവ് തന്നെയാണെന്ന് പ്രകടിപ്പിക്കുകയും ചെയ്യുന്ന മനുഷ്യൻ, യാഥാർത്യത്തെ സ്വന്തം ആദർശത്തോട് പൊരുത്തപ്പെടുത്തുകയാണ്. ഇതരജീവികളിൽ നിന്ന് വ്യത്യസ്തമായി, സ്വന്തം പരിണാമത്തെ മുൻ നിർണയിക്കാൻ അവന്ന് കഴിയും.

7. മനുഷ്യൻ ഒരു ധാർമികജീവിയാണ്. ഒരു വസ്തുവിന്റെ പ്രയോജനവും അതിനേക്കാളുപരിയായ രു താൽപര്യവും പരസ്പരം ഇടയുമ്പോൾ മനുഷ്യൻ എങ്ങനെ പെരുമാറുകയും പ്രതികരിക്കുകയും ചെയ്യുന്നുവെന്നതാണ് സതാചാരത്തിനാധാരം. ഏതാനും മൂല്ല്യങ്ങളോടുള്ള വിശുദ്ധമായ വൈകാരികബന്ധമാണിവിടെ ഉയർന്ന് വരുന്നത്. ഈ ബന്ധത്തിന്വേണ്ടി ദുരിതമനുഭവിക്കാനും വേണ്ടിവന്നാൽ ജീവത്യാഗം ചെയ്യാനും മനുഷ്യൻ തയ്യാറാണ്. പ്രകൃത്യധിഷ്ഠിതമോ യുക്തിപരമോ ആയ ഒരു നീതീകരണവും ഇവിടെ പ്രസക്തമല്ല. മനുഷ്യ വംശത്തിന്റെ ഏറ്റവും ഉതാത്തമായവികാരപ്രകടനമാണ് നൈതികബോധമെന്ന് എല്ലാമതങ്ങളും സംസ്ക്കാരങ്ങളും പ്രഖ്യാപിക്കുന്നു.

കലാസാഹിത്യങ്ങൾക്കോ ശാസ്ത്രത്തിനോ വേണ്ടി സ്വന്തം ഭൗതികജീവിതത്തെ പരിത്യജിച്ചവർ, മതത്തിനുവേണ്ടി രക്തസാക്ഷിത്വംവരിച്ചവർ, സത്യാന്വേഷകർ, രാഷ്ട്രനായകൻമാർ, സ്വാർത്വത്തിനുപകരം പ്രേമം തിരഞ്ഞെടുത്തവർ ...... ഇവരെല്ലാം വിശാലാർത്ഥത്തിൽ നൈതികമൂല്യയങ്ങൾ ഉയർത്തിപ്പിടിച്ചവരാണ്. മൂല്യവും പ്രയോജനവും രണ്ട് വിരുദ്ധ പ്രതിഭാസങ്ങളാണ്. മനുഷ്യന് അഭൗതികമായ അസ്തിത്വവും സ്വതന്ത്രമായ രൂപവും ഇതരജീവികളുടെ മേൽ നിയന്ത്രണവും പ്രദാനം ചെയ്യുന്നത് മൂല്യമാണ്, പ്രയോജനമല്ല.

മൂല്യങ്ങൾക്ക് പ്രകൃത്യധിഷ്ഠിതവും ഭൗതികവുമായ അസ്തിത്വമൽ. അപ്പോൾ, മനുഷ്യ വർഗ്ഗമില്ലെങ്കിൽ മൂല്യങ്ങളുമില്ല. അത്കൊണ്ടാണ് യഥാതഥവാദം നൈതികമൂല്യങ്ങൾ നിഷേധിക്കുന്നത്. മൂല്യങ്ങളുടെ പ്രഭവകേന്ദ്രം മനുഷ്യനായതിനാൽ അവ ആത്മനിഷ്ഠമാണെന്ന്വരുന്നു. മനുഷ്യന്റെ അസ്തിത്വപരമായ സർവോൽകൃഷ്ടവികാരങ്ങൾ നിഷേധിക്കുന്നത് വിപൽക്കരമാണെങ്കിലും, യാഥാതഥവാദികൾക്ക് മറ്റെന്ത് ചെയ്യാൻ കഴിയും?

സാമൂഹികശാസ്ത്രത്തിന്റെയും മന:ശാസ്ത്രത്തിന്റെയും നരവംശശാസ്ത്രത്തിന്റെയും ദാർശനികവും ശാസ്ത്രീയവുമായ ധാരകളെമാത്രം അവലംബിക്കുന്ന പ്രകൃതിവാദികളും ഭൗതികവാദികളുമായ യഥാതർഥവാദികൾ ധാർമികമൂല്ല്യങ്ങൾ ഭൗതിസാഹചര്യങ്ങളുടെ പ്രതിഫലനങ്ങൾ മാത്രമാണ്; “സംസാരിക്കുന്ന ജന്തു”വിന്റെ ശരീരഘടനയുടെ വൈകാരികാവസ്ഥകളാണ്. യഥാതഥവാദികൾ തങ്ങളുടെ നിർവികാരമായ കപടശാസ്ത്രിയവിശകലനമുപയോഗിച്ച് മൂല്ല്യങ്ങളെ, ഒരു ജീവിയെ കീറിമുറിച്ച്നിർജീവ മൂലഘടകങ്ങളാക്കുന്നമട്ടിൽ, വിഘടിപ്പിക്കുകയും അവയുടെ വിശുദ്ധസത്ത ദുഷിപ്പിക്കുകയും ചെയ്യുന്നു. ഉന്നതമായ ആദർശങ്ങൾക്കും മൂല്ല്യങ്ങൾക്കും വേണ്ടിത്യാഗം ചെയ്തവരും രക്തസാക്ഷിത്വം വരിച്ചവരും അനുഭവിച്ച അത്യുതാത്തമായ സംതൃപ്തിയും സന്തോഷവും ഇവരിൽ ഒരു വികാരവും സൃഷ്ടിക്കുന്നില്ല.

ഒരു പ്രത്യയശാസ്ത്രമെന്നനിലയിൽ ഇവിടെയാണ് മാർക്സിസം പരാജയപ്പെടുന്നത്. ഇഛാസ്വാതന്ത്ര്യമുപയോഗിച്ച് സദുദ്ദേശ്യത്തോടെ എന്ത് തിരഞ്ഞെടുത്താലും അതിൽ മൂല്ല്യവും നൻമയുമുണ്ടാവുമെന്ന്സ്ർത്രിനെപ്പോലെ പ്രഖ്യാപിക്കാൻ മാർക്സിന് കഴിഞ്ഞില്ല. അദ്ദേഹം വെറുമോരു തത്വചിന്തകനല്ലെന്നതു തന്നെ കാരണം. തോഴിലാളി വർഗത്തിന്റെ വഴികാട്ടിയും, തൊഴിലാളിവർഗപാർട്ടിയുടെ സവിഷേശമായ കർമപരിപാടികൾ വിളംബരം ചെയ്ത ആദർശജീവിയുമായിരുന്നു അദ്ദേഹം. സാർത്രിൽ നിന്ന് വ്യത്യസ്തമായി , സവിശേഷ ആദർശങ്ങൾ തിര്‍ഞ്ഞെടുക്കാനും അവയുടെ സാക്ഷാൽക്കാരത്തിനായി പൊരുതാനും മാർക്സ് തൊഴിലാളികളോടാഹ്വാനം ചെയ്യുന്നു. ഈ പോരാട്ടത്തിൽ ഭൗതിക താൽപര്യങ്ങളും സ്വാർത്ഥപരമായ പ്രാകൃതികാവശ്യങ്ങളും വേണ്ടിവന്നാൽ ജീവൻ പോലും ബലികഴിക്കേണ്ടിവരുമെന്നും അദ്ദേഹം അവരെ ഉണർത്തുന്നു!

മനുഷ്യന്റെ ഭൗതികാസ്തിത്വത്തെ അതിവർത്തിക്കുന്ന, സ്വാർത്ഥത്തിനെതിരായ ഒരുകൂട്ടം നൈതിക മൂല്ല്യങ്ങളെക്കുറിച്ചാണല്ലോ ഇവിടെ മാർക്സ് സംസാരിക്കുന്നത്. മനുഷ്യൻരെ ഉന്നതമായ ധാർമിക നൂല്ല്യങ്ങളെ പണത്തിന്റെ അടിസ്താനത്തിൽഅളക്കുകയും മനുഷ്യവർഗത്തെ ധർമച്യൂതിയിലേക്ക് നയിക്കുകയും സമൂഹത്തെ ദുഷിപ്പിക്കുകയും ബുർഷ്വാമനശാസ്ത്രത്തെയും അധിക്ഷേപിക്കുന്നത്. ഇവിടെ മാർക്സിയൻ ചിന്തകളുടെ ആധാരം നൈതികമൂല്യങ്ങളല്ലതെ മറ്റൊന്നുമല്ല.

എന്നാൽ, വൈരുധ്യാത്മക ഭൗതികവാദം വിശദീകരിക്കുമ്പോൾ അദ്ദേഹം തന്റെ ചിന്തയുടെ വിശ്വരൂപം പ്രകടിപ്പിക്കുന്നത്കാണാം. താൻ യഥാതഥവാദത്തോട് കൂറുപുലർത്തുന്നുണ്ടെന്നും, പ്രകൃതിശാസ്ത്രത്തിന്റെ ഭൗതികവും ജൈവശാസ്ത്രപരവുമായ യുക്തിക്കിണങ്ങുന്ന കാര്യങ്ങൾ മാത്രമാണ് സ്വീകരിക്കുന്നതെന്നും വരുത്തിത്തീർക്കാൻ അദ്ദേഹം കിണഞ്ഞ് ശ്രമിക്കുന്നുണ്ട്. ഇതിനിടയിൽ, കടുത്ത യഥാതഥവാദികളെപ്പോലെ, അദ്ദേഹം ധാർമിക മൂല്ല്യങ്ങളെ നിരാസ്പദമെന്ന് അധിക്ഷേപിക്കുന്നു.

തന്റെ വൈരുധ്യാത്മക ഭൗതികവാദം മാനവമാഹാത്മ്യം സംരക്ഷിക്കുകയാണെന്നാണ് മാർക്സ് അവകാശപ്പെടുന്നത്: വെറുമൊരു ഭൗതികവാദികളും നറ്റു പ്രകൃതിവാദികളും മനുഷ്യനെ വീക്ഷിക്കുന്നത് -ഒരു ഘടികാരംപൊലെ യാന്ത്രികമായി പ്രവർത്തിക്കുന്ന ഈ പ്രപഞ്ചത്തിൽ ക്രമീകരിക്കപ്പെട്ട ഒരു പദാർത്ഥഘടകം മാത്രമാണ് മനുഷ്യൻ. എന്നാൽ, വൈരുധ്യാത്മക ഭൗതികവാദം മനുഷ്യനെ പരിചയപ്പെടുത്തുന്നത് തീർത്തും വ്യത്യസ്തമായാണ്-ചരിത്രത്തിന്റെ  വൈരുധ്യനിയമമനുസരിച്ച് പുരോഗതിയിലേക്ക്പരിണമിച്ച്ക്കൊണ്ടിരിക്കുന്ന ഒരു ജീവിയാണ് മനുഷ്യൻ.

ഇവിടെ മാർക്സ് മനുഷ്യനെ പ്രകൃതിയിൽനിന്ന് ചരിത്രത്തിലേക്ക് മാറ്റ് പ്രതിഷ്ഠിക്കുകയാണ്. പക്ഷെ, ഈ സ്ഥാനമാറ്റംകൊണ്ട് മനുഷ്യന് ഒരു ശ്രേഷ്ഠതയും ലഭിക്കുന്നില്ല. കാരണം, ചരിത്രം ഭൗതികപ്രകൃതിയുടെ തുടർച്ചയാണെന്ന മാർക്സിയൻ അധ്യാപനം ശരിയാണെങ്കിൽ, മനുഷ്യൻ ചരിത്രത്തിൽനിന്ന് പ്രകൃയിൽതന്നെ തിരിച്ചെത്തുകയും പ്രകൃതിവാദികളുടെ യാന്ത്രിക പ്രപഞ്ചത്തിൽ വീണ്ടും വെറുമൊരു പദാർത്ഥഘടകമായിത്തീരുകയും ചെയ്യും അങ്ങനെ, മാർക്സ് മനുഷ്യന് നൽകുന്ന എല്ലാമൂല്യങ്ങളും അദ്ദേഹം തന്നെ വൈരുധ്യാത്മക ഭൗതികവാദത്തിന്റെ കരങ്ങളുപയോഗിച്ച് തിരിച്ചെടുക്കുന്നു. "തത്വചിന്തകനായ മാർക്സ് മനുഷ്യന്റെ മുഴുവൻ സനാതനമൂല്യങ്ങളെയും വൈരുധ്യാത്മക ഭൗതികവാദമുപയോഗിച്ച് ചവിട്ടിമെതിക്കുന്നു. എന്നാൽ, രാഷ്ട്രീയ നേതാവായ മാർക്സ് അതേമൂല്യങ്ങൾ സാവേശം പ്രകീർത്തിക്കുകയും അധികാരവും ആധിപത്യവും നേടാൻവേണ്ടി ജനങ്ങളെ സങ്കടിപ്പിക്കുകയും ചെയ്യുന്നു."- ചന്ദേലിന്റെ ഈ പ്രസതാവം എന്ത് മാത്രം ശരിയല്ല! മാർക്സിന്റെ ഈ നിലപാട് ഒരു തന്ത്രമായിരുന്നു; സ്പഷ്ടമായ രാഷ്ട്രീയ വഞ്ചനയും.

X X X X X

മേൽ വിവരിച്ച ആധുനിക ചിന്താധാരകൾ മൗലികമായി അംഗീകരിക്കുന്ന മാനവവിഭാവനകൾ ഇപ്രകാരം സംഗ്രഹിക്കാം: പ്രകൃതിയിൽ അടിസ്ഥാന ജീവിയാണ് മനുഷ്യൻ; അനന്യമായ ഒരു സത്തയുടെ ഉടമയും. അതിവിഷ്ശ്ടവും അത്യുദാത്തവുമായ ഒരു സൃഷ്ടിയോ പ്രതിഭാസമോ ആണവൻ. സ്വന്തം ഇഛാശക്തിയുപയോഗിച്ച് അവൻ പ്രകൃതിയിൽ ഇടപെടുകയും, പ്രകൃതി നിശ്ചയത്തിന് വിരുദ്ധമായി സ്വന്തം ഭാഗധേയം പുനഃസൃഷ്ടിക്കുകയും ചെയ്യുന്നു. ഇഛാശക്തിയും വിവേചനാധികാരവുമാണ് മനുഷ്യന് പ്രതിബദ്ധതയും ചുമതലാബോധവും പ്രദാനം ചെയ്യുന്നത്. ഒരു മൂല്യസംഹിതയോട് ബന്ധിപ്പിക്കാത്തപക്ഷം അവ നിരർത്ഥമായിരിക്കും.

പ്രകൃതിയിലോ സമൂഹത്തിലോ തന്നിൽതന്നെയോ നിലനില്ക്കുന്ന യാഥാർത്ഥ്യത്തെ സത്യമാക്കിമാറ്റുവാൻ പ്രയത്നിക്കുന്ന ആദർശവാദിയാണ് മനുഷ്യൻ.ഈ പരിവർത്തനം അവന്റെതന്നെ ആത്മീയവികാസത്തിന് വഴിയൊരുക്കുന്നു. തന്റെ പ്രവൃത്തികളിൽ പ്രകൃതിവിരുദ്ധമായൊരു ശക്തി മനുഷ്യൻ പ്രകടിപ്പിക്കുന്നുണ്ട്. പ്രകൃതിയേയും തന്നെയും പുനഃസൃഷ്ടിക്കുകയാണ് മനുഷ്യൻ തന്റെ പ്രവർത്തികളിലൂടെ ചെയ്യുന്നത്. സർഗാത്മക ശക്തിയുപയോഗിച്ച് പ്രകതിയൊടേയും തന്റെയും അസ്തിത്വത്തെ വികസിപ്പിക്കുന്നതിനിടയിൽ അവൻ നൽകുന്ന സംഭാനകളാണ് കലാസാഹിത്യങ്ങൾ

അപ്രകാരംതന്നെ. മനുഷ്യന് ചിന്താശക്തിയുണ്ട്. സർവാതിശായിയായ ഈ ശക്തിയുടെ തണലിലാണവർ വളരുന്നത്.പ്രകൃതിയെയും തന്നെയും സമൂഹത്തിലും ചരിത്രത്തിലും തനിക്കും ഉള്ള സ്ഥനത്തെയും സംബന്ധിച്ച അവബോധം അവന് പ്രദാനംചെയ്യുന്നത് ഈ ശക്തിയാണ്. ചിന്തയിലൂടെ മനുഷ്യൻ തന്റെ അസ്തത്വത്തെ ഭൗതികമേഖലക്കപ്പുറത്തേക്ക് വികസിപ്പിക്കുന്നു. അതോടെ, അവന്റെ അവന്റെ ഭൗതികമണ്ഡലം ബൗദ്ധികപ്രതിഭാസങ്ങളുടെ ഉപരിതലം പിളർന്ന് ആഴങ്ങളിലേക്കിറങ്ങിച്ചെല്ലുകയും, അതിഭൗതികമായ ഔന്നത്യങ്ങളിലേക്ക് ആരോഹണം നടത്തുകയും ചെയ്യുന്നു.

ചുരുക്കത്തിൽ മാനവസത്ത പവിത്രമാണ്. അതിൽ നിന്നാണ് പുണ്യവികാരങ്ഹൾ നിർഗളിക്കുന്നത്. അവയോടുള്ള ആരാധനാമനോഭാവം അലൗകികവും യുക്ത്യതീതവുമായ വൈകാരികപ്രകടനങ്ങളിൽ വെച്ച് ഏറ്റവും ഉൽകൃഷ്ടമാണ്. ഈ പുണ്യവികാരങ്ഹളാണ് ആരാധന, സ്നേഹം, ത്യാഗം മുതലായവ. മനുഷ്യന്റെ മഹത്വത്തിനും ആത്മീയവികാസത്തിനും കാരണം ഈ മൂല്യങ്ങളാണെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. മാനുഷികമൂല്യങ്ങൾ വിശുദ്ധശയങ്ങളാണ്. അവയുടെ

പ്രയോഗികത വ്യത്യസ്തമായണെങ്കിലും, അവ സനാതനവും സ്വയം സമ്പൂർണ്ണവുമാണ്. മനുഷ്യ വർഗം മാറുകയോ തിരോഭവിക്കുകയെ ചെയ്യുമ്പോൾ മാത്രമേ അവയ്ക്ക് മാറ്റം സംഭവിക്കൂ.

മഹാനായ തത്വജ്ഞനി  നീഷേ ഒരു വണ്ടിക്കുതിരയെ രക്ഷിക്കാനായിരുന്നുവത്രെ ജീവൻ ത്യജിച്ച ത്. ഇത്തരമൊരു പ്രവൃത്തി ബുദ്ധിശൂന്യവും വിപൽക്കരവുമാണെന്നായിരിക്കും ഭോത്കവാതി യുടെ മനസ്സ് പറ്യുക. എന്ത്കൊണ്ടന്നാൽ, ഒരു മൃഗത്തിന് പകരം ഇവിടെ നഷ്ടപ്പെട്ടത് ഒരു പ്രതി ഭാശാലിയാണ്. എന്നാൽ, കൗതകാവഹമായ ഈമനുഷ്യപ്രകൃതിയിൽ അനിതര സാധാരണമാ യൊരു മൗലിക ഘടനകമുണ്ട്. അത് ഈ സംഭത്തെ മഹത്വപ്പെടുത്തുന്നു. സ്വയം ബലികഴിക്കുന്നതി ലൂടെ നീഷേ ഒരു മൂല്യം സൃഷ്ടിച്ചിരിക്കുകയാണ്-ഒരു പ്രതിഭാശാലിയുടെ ഭൗതികശരീരത്തെ ക്കാൾ ഉന്നതമായൊരു ധാർമികമൂല്യം!

മനുഷ്യന്റെ സർവ്വാതിശായിയായ മാനമാണ് മനുഷ്യനിൽ ഇത്തരം മൂല്യബോധവും പ്രേരണയും സൃഷ്ടിക്കുന്നത്. ഈ മാനത്തെ നിഷേധിക്കുന്നതിലൂടെ ഭൗതികവാദം മനുഷ്യനെത്തന്നെ ന്ഷേധി ച്ചിരിക്കുന്നു: അതിനെ അംഗീകരിക്കുന്നതിലൂടെ അത് സ്വയം നിഷേധിച്ചിരിക്കുന്നു !

## ആധുനിക വിപത്തുകൾ

മാനവതയെ വൈരൂപ്യത്തിലേക്കും അധഃപ്പതനത്തിലേക്കും നയിക്കുന്ന ആധുനികവിപത്തുകളെ രണ്ടു ശീർശഷകങ്ങളിൽ സംഗ്രഹിക്കാം: 1. സാമൂഹികവ്യവസ്ഥകളും 2. ചിന്താപ്രസ്ഥനങ്ങളും.

ആധുനിക മനുഷ്യനെ സ്വാധീനിച്ച മുഖ്യ സാമൂഹികവ്യവസ്ഥകളാണ് മുതലാളിത്തവും കമ്യൂണിസവും. രണ്ടും പ്രത്യക്ഷത്തിൽ പരസ്പരവിരുദ്ധമാണെങ്കലും ഒരേ മാനവവിഭാവനമാണ് ഉയർത്തിപ്പിടിക്കുന്നത്. മനുഷ്യനെന്ന മൗലികവും ഭൗതികാധീതവുമായ സത്തയെ രണ്ട് വ്യവസ്ഥ കളും അവഗണിച്ചിരിക്കുന്നു. അവയുടെ ദൃഷ്ടിയിൽ മനുഷ്യൻ ഒരു സാമ്പത്തിക ജീവിയാണ്. അതിന്റെ സാമ്പത്തികാവശ്യങ്ങൾ ഫലപ്രദമായി നിറവേറ്റാൻകഴിയുന്ന വ്യവസ്ഥയേത് എന്ന എന്ന പ്രശ്നത്തിലാണ് മുതലാളിത്തവും കമ്യൂണിസവും വേർപിരിയുന്നത്.

പാശ്ചാത്യൻ വ്യവസായികമുതലാളിത്തസമൂഹത്തിൽ ജീവദർഷനത്തിന്റെ അടിസ്ഥാനതത്വം സാമ്പ ത്തികവാദമാണ്. ഫ്രാൻസിസ് ബേക്കൺ പറഞ്ഞ് പോലെ, ഈ സമൂഹത്തിൽ ശാസ്ത്രം സത്യാനേ ഷണം ഉപേക്ഷികയും അധികാരന്വേഷണത്തിലേക്ക് തിരിയുകയും ചെയ്യുന്നു.

പടുകൂറ്റൻ യന്ത്രങ്ങളുടെ ഭ്രാന്തമായ മൽസരത്തിൽ ഉപഭോഗവസ്തുക്കളുടെ ഉൽപാദനം അള വിലും ഗുണത്തിലും വർദ്ധിക്കുന്നു. അതോടെ ജനങ്ങളുടെ ഭൗതികാവശ്യങ്ങളും അധികരിക്കുന്നു. അവർ ക്രമേണ ഉപഭോഗത്തിന്റെ അടിമകളായിമാറുന്നു. കൃതിമമായ സാമ്പത്തികാവശ്യങ്ങൾ ഉൽപാദനവൈദഗ്ധ്യത്തിന്റെ വമ്പിച്ച വേഗത്തെയും മറികടക്കുന്നതിനാൽ മനുഷ്യനെ കായികാ ദ്ധ്വാനത്തിന്റെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കുകയും അവന് കൂടുൽ ഒഴിവുവേള നൽകുകയും ചെയ്യേണ്ട സാങ്കേതികവിദ്യ വിപരീതഫലങ്ങളാണ് സൃഷ്ടിക്കുന്നത്.

മാനവത അനുദിനം അന്യധീനപ്പെടുകയും സ്വയം അടിച്ചേൽപ്പിച്ച വേഗത്തിന്റെ നീർചുഴിയിൽ മുങ്ങിച്ചാവുകയും ചെയ്യുന്നു. ഉപഭോഗത്തിന് വേണ്ടി അദ്ധ്വാനിക്കാനും അദ്ധ്വാനിക്കാൻ വേണ്ടി ഉപയോഗിക്കാനും മാത്രമോ അതിന് സമയമുള്ളൂ. ഇതിനിടയിൽ ധാർമ്മികവും ആതമീയവുമായ വികാസത്തിന് വിനഷ്ടമവുന്നത്. ആഢംബരങ്ങൽക്കു ം വിനോദങ്ങൾക്കും വേണ്ടിയുള്ള നെട്ടോട്ട ത്തിൽ പരമ്പരാഗതമായ ധാർമ്മികമൂല്യങ്ങൾ തകരുകയും ക്രമേണ നിഷ്ക്രമിക്കുകയും ചെയ്തിരി ക്കുന്നു.

ഈ തകർച്ച കമ്മ്യൂണിസ്റ്റ് സമൂഹത്തിലും പ്രകടമാണ്. കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ താരതമ്യേന മെച്ച പ്പെട്ട സാമ്പത്തക നിലകൈവരിച്ചിട്ടുണ്ടാവാം: എന്നാൽ ഇവിടങ്ങളിൽ നിലനിൽക്കുന്നത് വൈയ ക്തികസാമൂഹിക മനഃശാസ്ത്രവും പ്രകൃതിയെയും ജീവിതത്തെയും സംബന്ധിച്ച സങ്കൽപ്പങ്ങളും കണക്കിലെടുത്താൽ കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ പാശ്ചാത്യബൂർഷ്വാ സമൂഹങ്ങോടുള്ള സാദൃശ്യം മനസ്സിലാകും. രൂപവാദം, ബൂർഷ്വാ വൽക്കരണം, ലിബറലിസം എന്നിവയുടെ പേരിൽ കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിൽ ഇന്ന് നടക്കുന്ന സംവാദങ്ങൾ ആ രാഷ്ട്രങ്ങളിലെ ജനങ്ങൾക്ക് സമകാലീന

പാശ്ചാത്യൻ സമൂഹത്തോടുള്ള ആഭിമുഖ്യമാണ് കാണിക്കുന്നത്. വ്യക്തികളുടെ ജീവിതത്തിലും രാഷ്ട്രത്തിന്റെ ഉൽപാദന രീതിയിലും കാണുന്ന ആഢംബര ഭ്രമവും മറ്റൊന്നല്ല തെളിയിക്കുന്നത്. ചുരുക്കത്തിൽ, ഒരേ തരം മനുഷ്യനെയാണ് മുതലാളിത്തവും കമ്മ്യൂണിസവും ചരിത്രത്തിന് നൽകുന്നത്.

ഈ സ്ഥിതിവിശേഷം സൃഷ്ടിക്കുന്നതിൽ ജനാധിപത്യവും പാശ്ചാത്യൻലിബറലിസവും വഹിച്ച പങ്ക് അടിസ്ഥാനപരമാണ്. രണ്ടും, സാരാംൽ അവയ്ക്ക് കല്പിക്കാവുന്ന പവിത്രതയെന്താണെങ്കിലും, മനുഷ്യനെ ഒരു സാമ്പത്തികജീവിയാക്കിമാറ്റാൻ തുനിയുന്ന ലാഭേഛുക്കൾക്ക് കൂടുതൽ സൗകര്യം ചെയ്തുകൊടുക്കുന്നതാണ് പ്രയോഗതലത്തിൽ കാണുന്നത്.

---

ചുരുക്കത്തിൽ ഇന്നത്തെ കമ്മ്യൂണിസ്റ്റ് സമൂഹത്തിന്റെ സ്ഥിതി: സോഷ്യലിസത്തിന്റെ പേരിൽ ഭരണകൂട മുതലാളിത്തവും, തൊഴലാളിവർഗസർവ്വാധിപത്യത്തിന്റെ പേരിൽ

*ഈ ധാരണ ശരിയല്ലെന്ന് സംഭവങ്ങളും പരിവർത്തനങ്ങളുമാണ് ഇന്ന് സോഷ്യലിസ്റ്റ് നാടുകളിൽ നടക്കുന്നത്. സോവിയറ്റ് യൂണിയനെ സംബന്ധിച്ച് മാർക്സിസ്റ്റുകൾക്കുണ്ടായിരുന്ന അവകാശവാദങ്ങളെയും മാർക്സിസ്റ്റിതരർക്കുണ്ടായിരുന്ന തെറ്റിദ്ധാരണകളെയും ഒരു പോലെ തിരിത്തിക്കുറിച്ച സാമ്പത്തിക തകിടം മറിച്ചിലുകളും ആശയപരമായ തിരിച്ചടികളുമാണ്, ഗൊർബച്ചേവിന്റെ പെരസ്ത്രോയ്ക്ക് ശേഷം പ്രത്യേകിച്ചും, ആ രാജ്യത്ത് നടന്നിട്ടുള്ളത് വിവർത്തകൻ.

ഭരണകൂടത്തിന്റെ സർവ്വാധിപത്യവും ഏകകക്ഷി സമ്പ്രദായത്തിന്റെ പേരിൽ ധൈഷണികപീഢനം, വൈരുധ്യാത്മകഭൗതികവാദത്തിന്റെ പേരിൽ വിശ്വാസതീവ്രതയും, സമ്പൽ സമൃദ്ധിയുടെ പേരിൽ സാമ്പത്തികവാദവും  യാന്ത്രികതയുമാണ് ഇന്ന് നിലനിൽക്കുന്നത്. പാവനവും സർഗാതമകവുമായ ഇഛാശക്തിയുടെപേരിൽ  മാനവികതയുടെമേൽ പതിച്ച വിപത്തുകളാണിവ. ബൂർഷാസമൂഹത്തെക്കുറിച്ച് മാർക്സ് പറഞ്ഞ ബൗദ്ധികവും രാഷ്ട്രീയവുമായ അന്യവൽക്കരണത്തിൽ കമ്മ്യൂണസ്റ്റ് സമൂഹവും അകപ്പെട്ടിരിക്കുന്നു!

ഇനി ആധുനിക വിപത്തുകളിൽ രണ്ടാമത്തെ വിഭാഗമായ ചിന്താപ്രസ്ഥാനങ്ങളെ പരിശോധിക്കുക. വിവിധ സമകാലീന പ്രത്യയശാസ്ത്രങ്ങൾ ആധുനിക ശാസ്ത്രത്തിന്റെ അടിസ്ഥാനം അവകാശപ്പെടുകയും മനുഷ്യന്റെ പ്രാഥമ്യം നിരാകരിക്കുകയും ചെയ്യുന്നു. സ്വന്തം മാനവതാവാദത്തെ സ്വാഭിമാനം ഉയർത്തിക്കാട്ടുന്ന പ്രത്യശാസ്ത്രങ്ങളും  ഇതിന്നപവാദമല്ല.

ചരിത്രം ഏകാത്മകവും നിർണായകവുമായ ഒരു ഭൗതികപ്രവാഹമാണെന്ന് ചരിത്രവാദം സിദ്ധിക്കുന്നു. ചരിത്രപ്രക്രിയയുടെ അലങ്കനീയനിയമങ്ങളനുസരിച്ചും ഭൗതികമൂലഘടകങ്ങളുപയോഗിച്ചും ചരിത്രം അതിന്റെ പ്രവാഹഗതിയിൽ ഒരു സൃഷ്ടിയാണ് മനുഷ്യൻ. ഈ സിദ്ധാന്തം ചെന്നെത്തുന്നത് മനുഷ്യനെ ഒരു നിഷ്ക്രിയഘടകമായി കാണുന്ന ഭൗതിക നിയതത്വവാദത്തിലാണ്.

ജീവശാസ്ത്രവാദം പ്രകൃതിനിയമങ്ങൾക്ക് പ്രാമുഖ്യം നൽകുന്നു. പരിണാമ ശൃംഖലയിലെ അവസാനത്തെ കണ്ണിയായ ഒരു ജന്തുമാത്രമാണ് മനുഷ്യനെന്ന് ഇത് സിദ്ധിക്കുന്നു. മനുഷ്യന്റെ ആത്മാവിഷ്കാരങ്ങളും ഉൽകൃഷ്ടഗുണങ്ങളുമൊക്കെ, പ്രകൃതിജന്യമായ സഹജനവാസനകൾപോലെ, ഭൗതികശരീരഘടനയുടെ പ്രവർത്തനഫലങ്ങളാണത്രെ.

സാമൂഹിക ശാസ്ത്രവാദപ്രകാരം, മനുഷ്യൻ സ്വന്തം സാമൂഹികചുറ്റുപാടിന്റെ സൃഷ്ടിയാണ്. ചുറ്റുപാട് മാറുമ്പോൾ മനുഷ്യനും മാറും. ഈ പ്രക്രിയ നടക്കുന്നത് മനുഷ്യന്റെ ഇടപെടലുകൾക്കതീതമായ ശാസ്തിയനിയമങ്ങൾ അനുസരിച്ചാണെന്ന് ഇത് സിദ്ധാന്തിക്കുന്നു.

മനുഷ്യനെ ഒരു ഭൗതികോപകരണമായി കാണുന്ന ഭൗതികവാദത്തെയും ഒരു ജന്തുമാത്രമായി കാണുന്ന പ്രകൃതിവാദത്തെയും പ്രസ്തുത ചിന്താപ്രസ്ഥാനങ്ങളോട് ചേർത്ത് വായിക്കുമ്പോൾ, ഇന്നത്തെ പ്രത്യയശ്ത്രപരമായ വിപത്തുകളുടെ ചിത്രം കിട്ടുന്നു.

ഈ ചിന്താപ്രസ്ഥാനങ്ങളുടെ പശ്ചാതലത്തിൽ മാർക്സിസത്തെ വിലയിരുത്തുമ്പോൾ അതിന്റെ ആശയകാലുഷ്യം പുറത്ത്വരും. ഒരു വശത്ത് മാർക്സ് ഒരു തികഞ്ഞ ഭൗതികവാദിയാണ്. മനുഷ്യന് ഭൗതികലോകത്തിൽമാത്രമേ അസ്തിത്വമുള്ളുവെന്ന് അദ്ദേഹം വാദിച്ചു. ഡാർവിൻകൃതികൾ വായിച്ചശേഷം മാർക്സ്

ഏംഗൽസിനെഴുതി: "ഈ വീക്ഷണം ഞാൻ എന്റെ ചരിത്രദർശനത്തിന്റെ ജീവശാസ്ത്രപരമായ അടിസ്ഥാനമാക്കാനാഗ്രഹിക്കുന്നു".

മറുവശത്ത്, സാമൂഹികശാത്രത്തിന്റെ കടുത്ത പക്ഷപാതിയായ മാർക്സിനെയാണ് നാം കാണുന്നത്. സമൂഹത്തിന് സ്വാതന്ത്ര്യം അനുവദിക്കുന്നതിലൂടെ പ്രകൃതിവാദത്തിൽനിന്നും വ്യത്യസ്തമായൊരുനിലപാടാണ് മാർക്സിസം വെച്ച്പുലർത്തുന്നത്. സാമൂഹികഘടകങ്ങളെ അത് അന്തർഘടനയെന്നും ഉപരിഘടനയെന്നും തരംതിരിക്കുന്നു. സമൂഹത്തിന്റെ ഉല്പാദനരീതിയാണ് അതിന്റെ അന്തർഘടന. സംസ്കാരം, ധാർമികമൂല്ല്യങ്ങൾ, തത്വശാത്രം, സാഹിത്യം, കല, പ്രത്യയശാസ്ത്രം എന്നിവചേർന്നാണ ഉപരിഘടന രൂപീകരിക്കുന്നത്. ഈ അടിസ്ഥാനത്തിൽ , മനുഷ്യൻ സമൂഹത്തിന്റെ ഉപരിഘടനയാണ്, അഥവാ ഉല്പാദനരീതിയുടെ ഉല്പന്നമാണ്. ഉൽപാദനോപകരണങ്ങളും ഉൾപ്പെടുന്നതാണ് ഉല്പാദനരീതിയെന്ന് മാർക്സ് പ്രത്യേകം പറയുന്നുണ്ട്. അങ്ങനെ മാനവമഹത്വത്തിന്റെ അടിസ്ഥാനം ഉപകരണങ്ങളുടെ മഹത്വമാണെന്ന് വന്ന്ചേരുന്നു. മാനവതാവാദത്തിന് പകരം മാർക്സിസം മുന്നോട്ട് വെക്കുന്നത് ഒരു തരം ഉപകരണവാദമാണെന്ന് പറയുന്നതിൽ തെറ്റില്ല. ഇസ്ലാമിന്റെ ദൃഷ്ടിയിൽ മനുഷ്യവർഗം ആദമിന്റെ സന്തതികളാണ്, മാർക്സിസത്തിൽ ഉപകരണങ്ങളുടെയും!

ഭൗതികവാദത്തോട് വൈരുദ്ധ്യവാദത്തെ കൂട്ടിച്ചേർക്കുകവഴി മാർക്സ് മാനവതയ്ക്ക് മഹത്വം നിഷേധിക്കുകമാത്രമല്ല, ഭൗതികനിയതത്വവാദത്തിൽ തളയ്ക്കപ്പെട്ട മനുഷ്യന്റെമേൽ ചരിത്രപരമായ നിയതത്വവാദത്തിന്റെ ഭാരംകൂടി ചുമത്തുകയും ചെയ്യുന്നു. മാനവമഹത്വത്തിന്നാധാരമായ ഇച്ഛാശക്തിയെ വൈരുധ്യാത്മകഭൗതികവാദം പ്രതിബന്ധിക്കുന്നു. അന്ധവിശ്വാസപരമായ മതാദ്ധ്യാപനങ്ങൾ (രാഷ്ട്രത്തെ ഉപജീവിച്ച് കഴിഞ്ഞ്കൂടുന്ന ദൈവശ്ത്രകാരൻമാരും ദാർശനികരും എന്ന് പറയുന്നതാവും കൂടുതൽ ശരി) ഒരുക്കിവെച്ച അതേ വിധിവിഹിതവാദത്തിലേക്കാണിത് മനുഷ്യവർഗത്തെ നയിക്കുന്നത്. ചങ്ങല ഒന്ന് തന്നെ-അതിന്റെ അറ്റം സ്ഥിതിചെയ്യുന്നത് സ്വർഗത്തിന് പകരം ഭൂമിയിലാണെന്ന് മാത്രം.

x x x x x

മാനവരാശി ഇന്ന് നാശത്തിന്റെ വക്കിലാണ്; രൂപാന്തരപ്പെടുകയാണ്. അത് നേരിടുന്ന വിപത്തുകൾ മുഖ്യമായും മനുഷ്യനിർമ്മിതം തന്നെ. സ്വന്തം സാമർത്ഥ്യവും പ്രയത്നവും അതിനെ അപകടത്തിലാക്കിയിരിക്കുന്നു.

മാനവമോചനമെന്ന സങ്കൽപ്പത്തിന്റെ പേരിൽ ബലികഴിക്കപ്പെട്ടത് മനുഷ്യൻ തന്നെ. ചരിത്രത്തിലെ ഏറ്റവും വലിയ വിധിവൈപിരീത്യം. മനുഷ്യന് വിടുതി വാഗ്ദാനം ചെയ്തവർ അവനെ ബന്ധനസ്ഥനാക്കി. വിമോചന പ്രതീക്ഷ അടിമച്ചങ്ങലയായി.

മതം സ്നേഹത്തിന്റെ സന്ദേശവും, ആത്മസിദ്ധിയുടെയും മോക്ഷത്തിന്റെയും മാർഗവുമാണ്. അതിന്റെ സ്രോതസ്സുകൾ സംശുദ്ധവും സ്വഛവുമാണ്. എന്നാൽ, കാലാന്തരത്തിൽ അതിന്റെ നിറവും ഗുണവും നശിച്ചിരിക്കുന്നു. ചരിത്രത്തിലെ ഭരണവർഗത്തിന്റെ നിയന്ത്രണത്തിലാണ് പിന്നീടത് നിലനിന്നത്. ഓരോ മതത്തിനും സ്വന്തം രൂപാന്തരത്തിന്റെ കഥപറയാനുണ്ടാകും.

ആദ്യമായി, പുരാതന ചൈനയിലെ ടാവോ മതമെടുക്കുക. ലാവോത്സേ ആവിഷ്കരിച്ച ഈ ചിന്താപദ്ധതിയുടെ ലക്ഷ്യം തന്റെ യഥാർത്ഥമൗലികപ്രകൃതിയെ വികലീകരിക്കുകയും തന്നെ ബന്ധനസ്ഥനാക്കുകയും ചെയ്ത വിഛിന്നധിഷണയുടെയും കൃതിമ ജീവിതത്തിന്റ്യും പരുക്കൻ സംസ്കാരത്തിന്റെയും അടിമത്തത്തിൽ നിന്നും മനുഷ്യനെ വിമോചിപ്പിക്കുകയായിരുന്നു. ഈ ചിന്താപദ്ധതി കാലാന്തരത്തിൽ അധഃപ്പതിച്ചു. മനുഷ്യനെ സാമ്പത്തികമായും ധൈഷണികമായും ചൂഷണം ചെയ്യുകയും അവനെ അനന്തമായ ഭീതിയിലേക്ക് ശേഷക്രിയകളിലേക്കും തള്ളിവിടുകയും ചെയ്ത അസംഖ്യം ദൈവങ്ങളുടെ ആരാധനയായി രൂപാന്തരപ്പെട്ടു.

മനുഷ്യനെ ഈ സാങ്കൽപിക ദൈവങ്ങളിൽനിന്ന് മോചിപ്പിക്കുകയും അന്ധവിശ്വസങ്ങളെ തകർക്കുകയുമായിരുന്നു കൺഫ്യുഷ്യസിന്റെ ദൗത്യം. അദ്ദേഹം മനുഷ്യവർഗത്തെ നിരർത്ഥകസങ്കൽപ്പങ്ങളിൽ നിന്നും സങ്കീർണ്ണമായ ആരാധനാനുഷ്ടാനങ്ങളിൽ നിന്നും ഇന്ദ്രിയനിഗ്രഹത്തിൽനിന്നും മോചിപ്പിക്കുകയും, ചരിത്രത്തിലേക്കും സമൂഹത്തിലേക്കും ജീവിതത്തിലേക്കും യുക്തിവിചാരത്തി

ലേക്കും നയിക്കുകയും ചെയ്തു. സാമൂഹികജീവിതത്തെ ധാർമികതയുടെ അടിസ്ഥാനത്തിൽ സംവിധാനിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം മുന്നോട്ടു വെച്ചു. കാലംകൊണ്ട് കൺഫ്യൂഷ്യൻ ചിന്താപ്രസ്ഥാനവും അലംഘ്യമായ ആചാരങ്ങളുടെ രൂപം പൂണ്ടു. അത് സാമൂഹികമാറ്റത്തെ തട ഞ്ഞ്നിർത്തി. മഞ്ഞുമലകളിൽ മരവിച്ച് കിടക്കുന്ന മൃഗങ്ങളെപ്പോലെ മനുഷ്യൻ നിഷ്ക്രിയനായി ത്തീർന്നു. അവൻ മൗനത്തിനും തീവ്രമായ യാഥാസ്ഥികത്വത്തിനും കീഴടങ്ങി. ഒരു സാമൂഹിക ശാസ്ത്രകാരന്റെ വാക്കുകളിൽ: "രണ്ടായിരത്തഞ്ഞൂറ് വർഷത്തെ ചരിത്രത്തിൽ ചൈനീസ് സമൂഹം പൂർണ്ണമായി നശിച്ചതായോ കലാപങ്ങൾ അനുഭവിച്ചതയോ കാണുന്നില്ല. കൺഫ്യൂഷ്യൻ മനോഭാവ ത്തിന്റെ സാമ്പ്രദായികവാഴ്ചയാണതിന് കാരണം".

ഭൗതികപ്രപഞ്ചത്തിൽ ആത്മചൈതന്യത്തെ നിവേശിപ്പിക്കുകയും ആത്മാവിനെ ഉദാത്തീകരിക്കു കയും ചെയ്ത ഹൈന്ദവമതം കാലാന്തരത്തിൽ അന്ധവിശ്വസങ്ങളെയും അനുഷ്ഠാനങ്ങളുടെയും കൂമ്പാരമായി. അസംഖ്യം ദൈവങ്ങൾ മനുഷ്യരെ വേട്ടയാടി. ഈ ദൈവങ്ങൾ തങ്ങളുടെ നിസ്സഹായ രായ ഭക്തജനങ്ങളുടെ അവസാനത്തെ ഉഛിഷ്ടവും തട്ടിയെടുത്തു. മോക്ഷത്തിന്റെയും പൗരസ്ത്യൻ ആത്മജ്ഞാനത്തിന്റെയും മാതൃകകൾ അനുഷ്ഠാനങ്ങളുടെയും ദാസൻമാരായി.

ഹൈന്ദവരെ ഈ ദുരവസ്തയിൽനിന്ന് രക്ഷിക്കുകയായിരുന്നു ബുദ്ധന്റെ ദൗത്യം. വാനലോകത്തെ ദേവതകളെ വെടിഞ്ഞ് സ്വതന്ത്രരാവാൻ അദ്ദേഹം അവരോടാവശ്യപ്പെട്ടു. എന്നാൽ കാലക്രമേണ ബുദ്ധൻ തന്നെ അരാധനാമൂർത്തിയായി ("ബുദ്ധ"നിൽനിന്ന്നിഷ്പതിച്ച " ബുത്" പാർസിയിൽ വിഗ്ര ഹത്തെക്കുറിക്കുന്നു).

മനുഷ്യ വർഗത്തെ ഭൗതികവാദത്തിൽ നിന്നും പൗരോഹിത്യത്തിന്റെ അനുഷ്ഠാന സങ്കീർണ്ണങ്ങളിൽ നിന്നും മോചിപ്പിക്കാനും, മതത്തെ കച്ചവടക്കാരിൽ നിന്നും ഇസ്രായീൽ വംശീയ വാദികളിൽനിന്നും സംരക്ഷിക്കാനും ക്ഷേമവും സ്നേഹവും സമാധാനവും സ്ഥാപിക്കാനുമായിരുന്നു വാഗ്ദത്തെ മിശിഹാ വന്നത്. പുരോഹിതരും പരീഷൻമാരും പ്രചരിപ്പിച്ച അന്ധവിശ്വസങ്ങലിലും റോമാസാമ്രാജ്യ ത്തിന്റെ ഭീകരവാഴ്ചയിലും ഞെരിഞ്ഞമർന്നിരുന്ന ജനങ്ങളെ മോചിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. എന്നാൽ, കാലം മുന്നോട്ട് നീങ്ങിയപ്പോൾ മിശിഹായുടെ അനുയായികൾ റോമാസാമ്രാജ്യത്തിന്റെ സിംഹാസനത്തിൽ ഇരുന്നതും റോമൻസഭ സാമ്രാജ്യത്വത്തെ സംരക്ഷിച്ച് പോന്നതും നാം കണ്ടതാ ണ്. മധ്യകാലത്തെ ക്രൈസ്തവ പണ്ഡിതരുടെ വിജ്ഞന തത്വസംഹിതയാണ് പിന്നീട് ഫ്യൂഡലിസ ത്തിന്റെ ധൈഷണിക അടിത്തറയായത്; മനുഷ്യരാശിയുടെ സ്വതന്ത്രചിന്തയും സ്വതന്ത്രവികാസവും തടഞ്ഞ് നിർത്തിയതും. ചരിത്രത്തിൽ ഏറ്റവും രക്തച്ചൊരിച്ചിലിന് നേതൃത്വം കൊടുത്തതും "സമാധാ നത്തിന്റെ" ക്രൈസ്തവമതമാണ്. സർവോപരി, മനുഷ്യൻ ധാർമികവും ആത്മീയവുമായ വികാസ ത്തിലൂടെ ദിവ്യഗുണങ്ങൾ ആർജിക്കേണ്ടതിനുപകരം, ദൈവംതന്നെ മനുഷ്യനായതും നാം കണ്ടു.

അവസാനമായി, ചരിത്രത്തിനൊപ്പം വളർന്നു വന്ന മതശൃംഖലയിലെ ഒടുവിലത്തെ കണ്ണിയായ ഇസ്ലാമിനെ പരിശോധിക്കുക. ഏകദൈവത്വത്തിന്റെയും മോക്ഷത്തിന്റെയും സന്ദേശവുമായാണത് കടന്നുവന്നത്. "ദൈവത്തിന്റെ മാത്രം അടിമകളായ മനുഷ്യരെ സൃഷ്ടികളോടുള്ള അടിമത്ത ത്തിൽനിന്ന് സ്രഷ്ടാവിനോടുള്ള അടിമത്തത്തിലേക്കും, ഈ ലോകത്തിന്റെ അൽപത്വത്തിൽനിന്ന് ഇഹപരലോകങ്ങലുടെ വിശാലതയിലേക്കും, മതങ്ങളുടെ അനീതിയിൽനിന്ന് ഇസ്ലാമിന്റെ നീത്യതയിലേക്കും വിമോചിപ്പിക്കുകയായിരുന്നു" അതിന്റെ ദൗത്യം.

കാലാന്തരത്തിൽ അറബ് രാജാക്കൻമാരുടെ കീഴിൽ ഇസ്ലാം രൂപാന്തരപ്പെട്ടു. അത് അക്രമികളെ ന്യായീകരിച്ചു: കർമശാസ്ത്രത്തിന്റെയും സൂഫിസത്തിന്റെയും പേരിൽ സൽജൂക്കളുടേയും മുഗിലരു ടെയും ഫ്യൂഡൽ ഭരണത്തിന് മതത്തിന്റെ പരിവേഷം നൽകി: ജനങ്ങളെ വിധിവിഹിതവാദത്തിൽ തളച്ചിട്ടു. മോക്ഷത്തിന്റെ മാർഗം ഏകദൈവത്വമോ ജ്ഞാനമോ ധർമനിഷ്ഠമായ പുണ്യകർമങ്ങളോ അല്ലെന്ന്വന്നു. അന്ധമായ അനുവൃർത്തിയും അനുനയങ്ങളും പ്രാർഥനകളും വഴിപാടുകളും രംഗത്ത് വന്നു. ജീവിതത്തിൽനിന്നും സമൂഹത്തിൽനിന്നുമുള്ള പാലായനം മോക്ഷത്തിന്റെ മാർഗമാ യി. മനുഷ്യന്റെ ചരിത്രത്തെയും പുരോഗതിയേയും ലൗകികവിമോചനത്തെയും സംബന്ധിച്ച ദോഷൈകദർശനവും, നൈസർഗിക വാസനകളുടേയും ആവശ്യങ്ങളലുടേയും നിഗ്രവും ഈ പാലാ യനത്തിന്റെ സവിശേഷതകളാണ്.

X X X X X

മദ്ധ്യയുഗത്തിൽ മതം മനുഷ്യന്റെ ധൈഷണികവും ഐഹികവും ആത്മീയവുമായ വികാസം തടഞ്ഞു നിർത്തി: അസംഖ്യം അനുഷ്ടാനങ്ങൾക്കും വിധി വിലക്കുകൾക്കും അന്ധവിശ്വാസ ങ്ങൾക്കും ജൻമം നൽകി: കത്തോലിക്കസഭയുടേയും പോപ്പിന്റെയും നേതൃത്വത്തിലുള്ള ഔദ്യോഗി ക മതസംരക്ഷകരിലൂടെ ആ സമയങ്ങളിലൂടയും രാഷ്ട്രങ്ങളുടെയും ഭാഗദേയം നിർണയിച്ചു. ചുരു ക്കത്തിൽ, മതം ശാസ്ത്രത്തിനും പുരോഗതിക്കും എതിരുനിന്നു. ഈ പശ്ചാതത്തലത്തിലാണ് നവോ ത്ഥാനപ്രസ്ഥാനം രംഗത്ത്‌വന്നത്. ബൗദ്ധികോത്ഥാനമെന്നതിലുപരി, സാമൂഹിക ചാലകചൈതന്യ ത്തിന്റെ തിരച്ചുകയറ്റമായിരുന്നു അത്. മതസംരക്ഷകരുടെ കീഴിൽ നിലനിന്ന ജീർമണതയും യവന-റോമൻ സുവർണകാലഘട്ടവും തമ്മിലുള്ള അന്തരം ചൂണ്ടികാണിച്ച് നവോദ്ധാന പ്രസ്ഥാനം ജന ങ്ങളെ സ്വാതന്ത്രത്തിലേക്ക് ക്ഷണിച്ചു. പോപ്പിന്റെ ലത്തീൻ സാമ്രാജ്യത്തിനെതിരിൽ ദേശീയത്വത്തി ലൂടെയും, കത്തോലിക്കാമതത്തിന്റെ കർക്കശവും അബദ്ധവുമായ വിജ്ഞാന തത്വസംഹിതക്കെതി രിൽ ശാസ്ത്രത്തിലുടെയും പൊരുതാനും തദ്വാരാ, സ്വാതന്ത്രരാവാനും അത് മനുഷ്യരെ പ്രേരിപ്പിച്ചു.

നവോത്ഥാനത്തിന്റെ മുദ്രാവാക്യങ്ങൾ: സർവപരിവേഷ്ടമായ ദൈവേഛയുടെ ബന്ധനത്തിൽനിന്ന് മനുഷ്യനെ മോചിപ്പിക്കുക, മതാധിപത്യത്തിൽ നിന്ന് ബുദ്ധിയെ മോചിപ്പിക്കുക: വിജ്ഞാനതത്വസം ഹിതയുടെ വിദണ്ഢവാദത്തിൽ നിന്ന് ശാസ്ത്രത്തെ മോചിപ്പിക്കുക; മതം പരലോകത്തിൽ നൽകു മെന്ന് പറയുന്ന സ്വർഗം ഭൂമിയിൽ തന്നെ പണിയുക. ധൈഷമികസ്വാതന്ത്ര്യം, ശാസ്ത്രം മനുഷ്യന്റെ വഴികാട്ടി, സ്വർഗം ഇവിടെത്തന്നെ.......

എന്നാൽ ഭൂമിയിലെ സ്വർഗം പണിയേണ്ടവർ ആരായിരുന്ന? അധിനിവിഷ്ടരും ചൂഷിതരുമായ ജന വിഭാഗങ്ങൾ, സാസ്ത്രവും സാങ്കേതികവിദ്യയുമുപയോഗിച്ച്.

മതത്തിൽനിന്ന് മോചനം നേടിയ ശാസ്ത്രം ശൈസ്ത്രാന്ധവാദമായിമാറി. അത് അധികാരവർഗത്തെ സേവിക്കുകയും മിശിഹായെ കൊല്ലുകയും ചെയ്തു. ഉപകരണങ്ങൾ മുഷ്യനെ പ്രകൃതിയുടെ നിയ ന്ത്രണവും അധ്വാനത്തിന്റെ ബന്ധനത്തിൽനിന്നുള്ള മൊചനവും നേടാൻ സഹായിക്കേണ്ടതിന് പകരം, കീഴ്പ്പെടുത്താനുള്ള സംവിധാനമായി ത്തീർന്നു.

ഇനി ഭൂമിയിലെ സ്വർഗത്തിന്റെ കാവൽക്കാരനായ മുതലാളിത്തത്തിന്റെ സ്ഥിതിയോ? ശാസ്ത്രവും സാങ്കേതികവിദ്യയും മുതലാളിത്തതിന്റെ രണ്ട് ആയുധങ്ങളാണണ്. ഭീകരവും ഭീമാകാരവുമായ യന്ത്രങ്ങളും ഉദ്യോഗസ്ഥദുഷ്പ്രഭുത്വമുപയോഗിച്ച് മാനവതയെ വശീകരിക്കുകയം പുതിയ തടവറക ളിൽ തളച്ചിടുകയും ചെയ്ത മാന്ത്രികനാണ് മുതലാളിത്തം. വെറുമൊരു സാമ്പത്തിക ജീവിയായ മനുഷ്യനെ ധർമം ഭൂമിയിലെ സ്വർഗത്തിൽ യഥേഷ്ടം വിലസിക്കുകയാണ്. " ഉപഭോഗിക്കുക, വീണ്ടും ഉപഗോഗിക്കുക" ഇതാണ് മനുഷ്യനെ നയിക്കേണ്ട തത്വശാസ്ത്രം.

ഭൂമിയിലെ സ്വർഗത്തിൽ മുഴങ്ങിക്കേൾക്കുന്ന മുദ്രാവാക്യങ്ങൾ: ലിബറലിസം = വികാരശൂന്യത; ജനാധിപത്യം = നിങ്ങളുടെ ഭാഗധേയം നിർണ്ണയിച്ചവരെനിങ്ങളും തിഞ്ഞെടുക്കുക; ജീവിതം = ഭൗതികജീവിതം; സദാചാരം = അവസരവാദവും സ്വാർത്ഥതയും; ജീവിതലക്ഷ്യം = വിശ്രമവേളയും ആസ്വാദനവും; ജീവിതദർശനം = ഉപഭോഗം; വിശ്വാസവും സ്നേഹവും ആദർശങ്ങളും = തൽക്കാലം വിസ്മരിക്കുക; അസ്തിത്തത്തിന്റെയും മനുഷ്യസത്തയുടെയും പൊരുൾ = തൽക്കാലം വിസ്മരിക്കുക. എന്നാൽ, ഭൂമിയിലെ സ്വർഗത്തിലും ആദം കലാപമുണ്ടാക്കി യിരിക്കുന്നു.

X X X X X

മുതലാളിത്തത്തിന്റെ നിഷേധമാണ് മാർക്സിസം. അത് വർഗപരമായ ചൂഷണത്തെയും ഭരണകൂട ത്തെയും നിരാകരിക്കുന്നു; ധനസമ്പാദനത്തെയും വിഷേശവത്ക്കരണത്തെയും സ്വാർത്ഥത്തിന്റെ സദാചാരത്തെയും തിരസ്കരിക്കുന്നു; സാമൂഹികവും ഉൽപാദനപരവുമായ മനുഷ്യന്റെ മൗലിക പ്രകൃതി നോരിടുന്ന വികലീകരണത്തെ, മാനവബന്ധനത്തെ തിരസ്കരിക്കുന്നു. എത്ര മഹത്തരം! സാമൂഹികഘടനയുടെ അടിസ്ഥാനം "ഓരോരിത്തവർക്കും അവനവന്റെ അദ്ധ്വാനമനുസരിച്ച്" എന്ന സൂത്രവാക്യത്തിൽനിന്ന് "ഓരോരുത്തർക്കും അവനവന്റെ ആവശ്യമനുസരിച്ച് എന്ന അവസ്ഥയി ലേക്ക് ഉയരേണ്ടതുണ്ട് - ഇതാണ് മാർക്സിസത്തിന്റെ ലക്ഷ്യം.

മുഴുവൻ മനുഷ്യരുടെയും സമ്പൂർണ്ണസമത്വമാണിവിടെ വിവക്ഷിക്കപ്പെടുന്നത്. അതായത്, ഓരോരുത്തർക്കും അവകാശപ്പെട്ടതിലും കൂടുതൽ നൽകാമെന്ന വാഗ്ദാനം! ഇത് മനോരാജ്യമോ സങ്കൽപ്പമോ? ഒരിക്കലുമല്ല. കാരണം ഇവിടെ സ്വർഗത്തെപ്പറ്റി സംസാരിക്കുന്നത് മതമോ "ധർമനഗര"ത്തിന്റെ രൂപകൽപ്പന നടത്തിയോ ആശയവാദികളോ, സാങ്കൽപികസോഷ്യലിസ്റ്റുകളോ അല്ല; സാക്ഷാൽ ശാസ്ത്രിയ തത്വ ചിന്ത തന്നെയാണ്.

ഈ മാതൃകാ സമൂഹത്തിന്റെ സൃഷ്ടാക്കൾ ആരായിരിക്കും? ചോദ്യം അപ്രസക്തം. കാരണം., ചരിത്രത്തിന്റെ ചാലകനിയമങ്ങൾ കണ്ടെത്തപ്പെട്ടതോടെ അത്തരമോരു സമൂഹത്തിന്റെ സക്ഷാത്കാരം അനിവാര്യമാണെന്ന "സുവാർത്ത"വന്ന്കഴിഞ്ഞു ! മുതലാളിത്തത്തിന്റെ കീഴിൽ ദാരിദ്ര്യവും ചൂഷണവും അനുഭവിച്ച തൊഴിലാളികളും ബുർഷ്വസിയുടെ സ്വർഗ്ഗത്തിനെതിരിൽ കലാപമുയർത്തിയ ബുദ്ധിജീവികളും മാനവമോചനം സ്വപ്നം കണ്ട ചിന്തകരും ആഗ്രഹിച്ചതും മറ്റൊന്നായിരുന്നിൽ.

എന്നാൽ പിന്നെന്തുണ്ടായി? ഭരണകൂടം തിരോഭവിച്ചില്ല; പകരം തൊഴിലാളിവർഗസർഗാധിപത്യം ശക്തിപ്രാപിച്ചു. സ്വാതന്ത്രസമൂഹവും തൊഴിൽ സ്വതന്ത്രിവും നിലവിൽവന്നല്ല. പകരം ഓരോവ്യക്തിയുടെയും പ്രവർത്തനങ്ങളെ മുൻകൂട്ടി നിശ്ചയിക്കുന്ന, സാംഗോപാംഗം ക്രമീകരിക്കപ്പെട്ട ഒരു സമൂഹം നിലവിൽ വന്നു. യാന്ത്രികത ഇല്ലാതായില്ല; പകരം മുതലാളിത്തത്തിന്റെ യാന്ത്രികദർശനത്തിലധിഷ്ടിതമായ ഉൽപാദനവർദനയുടെ പ്രസക്തിയേറിവന്നു. മനുഷ്യൻ ബർഷ്വാ ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിൽ നിന്ന് മോചനംനേടിയില്ല ; പകരം ബൃഹത്തും ഏകരൂപവുമായ ഭരണകൂടത്തിന്റെ അടിമയായി. മുതലാളിത്തപരമായ വികസനവാദത്തിന്റെ സൃഷ്ടിയായ വിശേഷവൽക്കരണം നിഷ്ക്രമിച്ചില്ല; പകരം ഭരണകൂടത്തിന്റെ വികസനവാദത്തിൽ വിശേഷവൽക്കരണം വ്യാപകമായി. മനുഷ്യൻ മുതലാളിത്തത്തിന്റെ സാമ്പത്തിക-ഭരണസംവിധാനങ്ങളിൽനിന്ന് മോചിതനായില്ല; പകരം അതിവ്യവസ്താപിതമായൊരു സാമൂഹികഘടനയുടെ അടിമയായി. മനുഷ്യന്റെ സ്വാതന്ത്ര്യം വർദ്ധിച്ചില്ല; സമൂഹവും സംസ്കാരവും സദാചാരവുമെല്ലാം ഒരേ മൂശയിൽ വളർന്ന്വന്നു. സഭയോടുള്ള അന്ധമായ വിധേയത്വവും അനുകരണഭ്രമവും നശിച്ചില്ല; പകരം പ്രത്യയശാസ്ത്രത്തോടും പാർട്ടിയോടുമുള്ള വിധേയത്വം പ്രബലപ്പെട്ടു. ചരിത്രത്തിൽ വ്യക്തിത്വങ്ങൾക്കുള്ള പദവി നിഷേധിക്കപ്പെട്ടില്ല; പകരം വ്യക്തിപൂജശക്തിപ്പെട്ടു.

പ്രത്യയ ശാസ്ത്രപരമായി മാനവതാവാദം നിഷ്കൃഷ്ടമായ സാമ്പത്തികവാദത്തിന് കീഴടങ്ങിയതോടെ മനുഷ്യവർഗത്തിന് സ്വന്തം അസ്തിത്വത്തെ കീഴടക്കാനുള്ള അത്യുൽകൃഷ്ടഗുണങ്ങളായ ആത്മബോധവും സൂക്ഷ്മവേദിയായ ഇഛാശക്തിയും നഷ്ടപ്പെട്ടിരിക്കുന്നു. മനുഷ്യൻ ചരിത്രത്തിന്റെ അന്ധമായ മൽസരത്തിലെ കരുവായിതിർന്നിരിക്കുന്നു; ചരിത്രത്തെ നിർണയിക്കുന്ന ഭൗതികവൈരുദ്ധ്യങ്ങളുടെ നിശ്ചേതന സൃഷ്ടിയും.

മുതലാളിത്തത്തിലെ വിമോചന മനുഷ്യനെയും മാർക്സിസത്തിന്റെ ബന്ധനസ്ഥനായ മനുഷ്യനെയും താരതമ്യം ചെയ്ത് നോക്കുക. മുതലാളിത്തത്തിന്റെ കപടമനുഷ്യനോ മാർക്സിസത്തിന്റെ കൃത്രിമമനുഷ്യനോ, ഏതാണ് വലിയ ദുരന്തം?

തീർത്തും അപ്രതീക്ഷിതമായൊരു രാജ്യത്താണ് മാർക്സിസം ആദ്യമായി പ്രയോഗിക്കപ്പെട്ടത്. ഈ പരീക്ഷണം മാർക്സ് ഒരിക്കലും അംഗീകരിക്കുമായിരുന്നില്ലെന്ന് റഷ്യയെ സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന വിയോജിപ്പ് വ്യക്തമാക്കുന്നു. അതെന്തുമാകട്ടെ, ഇവിടെ നാം പുതിയൊരു വിഗ്രഹം കാണുന്നു: ഉൽപാദനോപകരണങ്ങൾ.

സമൂഹത്തിന്റെ ഉൽപ്പന്നമാണ് മനുഷ്യൻ അവന്റെ മനസ്സും മനഃസാക്ഷിയും സംസ്കാരവും ആദർശങ്ങളും സമീഹം തന്നെയും രൂപം കൊള്ളുന്നത് ഉൽപാദനോപകരണങ്ങളിൽ നിന്നാണ്. ഇന്നത്തെ അർത്ഥത്തിൽ , യന്ത്രങ്ങളിൽനിന്ന്.

കാമുകിയുടെ മോഹന നയങ്ങളിൽനിന്ന് ഓടിയകന്ന ഒരു കവിയുടെ കഥയാണിവിടെ ഓർമവരുന്നത് . അവളെ വിസ്മരിക്കാൻ അയാൾ ഉദ്യാനപാലനത്തിലേക്ക് തിരിഞ്ഞു. തന്റെ പുതിയതൊഴിൽ

അവളുടെ വിലാസലോലുപ നയങ്ങളെ വിസ്മതിയിളാഴ്ത്തുമെന്ന് അയാൾ പ്രത്യാശിച്ചു. പക്ഷേ എന്ത് ചെയ്യും? ഉദ്യാനത്തിൽ വിരിഞ്ഞ പൂക്കളിലെല്ലാം പഴയകാമുകിയുടെ നയനങ്ങൾ തന്നെ!.

യാന്ത്രകതയെ പേടിച്ച് മാർക്സിത്തിൽ അഭയം തേടിയ മനുഷ്യന്റെ അവസ്ഥയും ഇത് തന്നെ. ഒരു കാലത്ത് മാർക്സിസം യാന്ത്രികതയെ രൂക്ഷമായി വിമർശിച്ചിരുന്നു. എന്നാൽ, മാർകിസ്റ്റ് പ്രത്യ യശ്സ്ത്രം രാഷ്ട്രിയമായി വിജയിക്കുകയും കമ്യൂണിസ്റ്റ്ഭരണകൂടങ്ങൾ അധികാരത്തിൽവരികയും ചെയ്തതോടെ യാന്ത്രകത പ്രബലപ്പെടുകയാണ്ണ്ടായത് . തങ്ങൾ പ്രതീക്ഷിക്കുന്ന ആദർശസമൂഹ ത്തിന്റെ സാക്ഷാത്കാരത്തിന് സമ്പൽസമൃദ്ധി അനുപേക്ഷ്യമാണെന്നും അതിന് വേണ്ടി സമൂഹത്തെ വൻതോതിൽ വ്യവസായ വൽക്കരിക്കേണ്ടത്, ലെനിന്റെ വാക്കുകളിൽ, “മുതലാളിത്തത്തിൽനിന്നും പഠിക്കേണ്ട” തത്വങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം സാങ്കേതിക വിദ്യയുടെയും ഉദ്യോഗസ്ഥമേ ധാവിത്വത്തിന്റെയും അടിസ്ഥാനത്തിലുള്ള സ്ഥാപനവൽക്കരണം, വ്യക്തിയുടെ സ്വാർത്ഥത്തിലധിഷ്ഠി തമായ മൽസരം-ഇവയാണോ തങ്ങൾ. സർവോപരി, സമൂഹത്തിലെ മുഴുവൻ അംഗങ്ങളെയും ഉൾക്കൊള്ളുന്ന ഏകരൂപമായ ഒരു സംഘടനയുണ്ടാവണം. ഉന്നത ഉദ്യോഗസ്ഥരടങ്ങുന്ന പുതിയ ഭര ണാധികാരിവർഗമായിരിക്കണം അതിന്റെ നേതൃത്വത്തിൽ, യഥാർത്വത്തിൽ , പാശ്ചാത്യൻ മുതലാളി ത്തത്തിന്റെ മറുപുറം തന്നെയല്ലേ മാർക്സിസം?

മാനവവിമോചനത്തിനുള്ള അഗമ്യമായ ആഗ്രഹം തലമുറകളിലൂടെ തുടർന്നു. വിശേഷിച്ചും, രണ്ടാം ലോകയുദ്ധാനന്തരം ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിലെ ജനങ്ങൾ പുരോഗമനകപരമായ അധിനിവേ ശവിരുദ്ധസമരങ്ങളുമായി രംഗത്ത്വന്നു. അവരുടെ മൗലികമായ സാംസ്കാരികമൂല്ല്യങ്ങളിലേക്കും ചരിത്രത്തിന്റെ വേരുകളിലേക്കുമുള്ളതിരിച്ച്പോക്കുമായി ബന്ധപ്പെട്ടാണ് ഈ സമരങ്ങൾ വളർന്ന് വന്നത്.

അതിനിടയിൽ, മതത്തിൽ നിന്ന് വേർപ്പെട്ടവരും മുതലാളിത്തയാന്ത്രികതയിൽ മനംമടുത്തവരും പിന്നീട് കമ്യൂണിസ്റ്റ്വാ വാഗ്ദാത്തഭൂമി കാണാതെ നിരാശപ്പെട്ടവരുമായ ഒരു തലമുറ അവസാനം അസ്തിത്വവാദത്തിൽ അഭയം തേടി. പ്രസ്തുത വിപത്തുകൾ വിതച്ച പീഠനത്തെ ബോധപൂർവ്വവും ശക്തിപൂർവ്വവും ആവിഷ്കരിച്ച സാർത്ര ആയിരുന്നു ഇവരുടെ തലപ്പത്ത്.

X X X X X

മുതലാളിത്തത്തിൽ മനുഷ്യൻ ഒരു സാമ്പത്തിക ജീവിയാണ്: മാർകിസത്തിൽ ഒരു ജൈവ പദാർത്ഥവും; കത്തോലികാ മതത്തിൽ ഉദ്ധതമായൊരു അദൃശ്യശക്തിയുടെ (ദൈവേഛയുടെ) ബോധശൂന്യമായ വിനോദവസ്തുവും, എന്നാൽ, അസ്തിത്വവാദം മനുഷ്യനെ ദൈവമാക്കിയിരി ക്കുന്നു! ഈപ്രപഞ്ചത്തിലെ സർവ ജീവികളും സ്വന്തം അസ്തിത്വം സാക്ഷാൽക്കരിക്കുന്നത് അവ യുടെ സത്ത നിർണയിച്ച ശേഷമാണ്. എന്നാൽ, അസ്തിത്വത്തിന് സത്ത സൃഷ്ടിക്കുന്നവനാണ് മനു ഷ്യൻ- ഇപ്രകാരമാണ് അസ്തിത്വവാദം മനുഷ്യനെ അത്യദരിച്ചത്.

ഒരു വൃക്ഷമോ പക്ഷിയോ എന്തായിത്തിരുമെന്ന് അവയുണ്ടാകുന്നതിന്റെ മുമ്പ്തന്നെ വ്യക്തമാണ്. എന്നാൽ മനുഷ്യന്റെ കര്യത്തിൽ ഇത് വ്യക്തമല്ല. അവനായിരിക്കും, എന്തായിരിക്കും, എന്ത് തിര ഞ്ഞെടുക്കും എന്നൊന്നും അവന് അസ്തിത്വമുണ്ടാകുന്നതിന്റെ മുമ്പ് വ്യകതമല്ല. അത് കൊണ്ട് മനു ഷ്യൻ ദൈവത്തിന്റെയോ പ്രകതിയുടെയോ ഉൽപാദന ഉപകരണങ്ങളുടെയോ സൃഷ്ടിയല്ല: സ്വയം സൃഷ്ടിക്കുന്ന ദൈവം തന്നെയാണ്! കത്തോലിക്കാമതവും മുതലാളിത്തവും കമ്യൂണ്സവും മനുഷ്യ നോട് കാണിച്ച അനാദരത്തെ പരിഗണിക്കുമ്പോൾ, ഈ പ്രഖ്യാപനം ഏറെ പ്രചോജനതരമാണ്: പ്രതായകിച്ചും അത്ഭുതസിദ്ധികളിൽ വിശ്വസിക്കുന്നവർക്ക്.

ആധുനിക തത്വചിന്തകരുടെ കൂട്ടത്തിൽ ഏറ്റവും തീവ്രമായ വ്യക്തിത്വവും ഉജ്വലശൈലിയുടെ ഉടമ യുമാണ് സാർത്ര്. എങ്കിലും, മുതലാളിത്തത്തെ തകർത്ത് തൽസ്ഥാനത്ത് ഒരു സോഷ്യലിസ്റ്റ് ക്രമം പണിയാൻ തൊഴിലാളികലുടെയും ബുദ്ധിജീവികളേയും പ്രേരിപ്പിച്ച മാർക്സിന് അഭിമുഖീകരി ക്കേണ്ടാ വന്ന അതേ വൈരുദ്ധ്യങ്ങൾ സ്ർത്രും അനുഭവിക്കുന്നു. അതായത്, മനുഷ്യൻരെ ചിന്തയും ആശയങ്ങളും ഇഛാശക്തിയും വിവേചാനാധികാരവുമൊക്കെ യഥേഷ്ടം പ്രകീർത്തിക്കപ്പെടു മ്പോഴും പ്രസ്തുത ഗുണവിശേഷണങ്ങളുള്ള മനുഷ്യൻ അദ്ധേഹത്തിന്റെ വ്യവസ്ഥയിൽ ഒരു സ്ഥാനവുമില്ല!.

വൈരുധ്യാത്മകഭൗതികവാദപ്രകാരം, പരിണാമത്തിലും ഗുണത്തിലും സംഭവിക്കുന്ന മാറ്റങ്ങളെ നിർണയിക്കുന്നത് പൂർവനിർണിത നിയമങ്ങളനുസരിച്ച് പ്രകൃതിയിലും സമൂഹത്തിലും പ്രവർത്തിക്കുന്ന ഭൗതിക വൈരുധ്യങ്ങളാണ്. അവയുടെ പ്രവർത്തനഫലമാണ് മുതലാളിത്തത്തിന്റെ നാശവും കമ്യൂണിസത്തിന്റെ സാക്ഷാൽക്കാരവും, ഈ പ്രക്രിയയിൽ മനുഷ്യന്റെ ഇഛാശക്തിക്കോ ഉത്തരവാദിത്വബോധത്തിനോ ഒരു പ്രസകതിയുമില്ല.

സാർത്ര് മനുഷ്യനെയും പ്രകൃതിയേയും പരസ്പരം വേർപ്പേടുത്തുന്നു. ഇത് ഒരു തരം ദൈത്വവാദമാണ്. സൊരാഷ്ട്രയുടെ ചരിത്രപരമായ ദൈത്വവാദവും മാനിയുടെ സത്താപരമായ ദൈത്വവാദവും ഇസ്ലാമിന്റെ മാനവിക ദൈത്വവാദവുമെല്ലാം വിശദീകരിക്കാനാവും, എന്നാൽ, സാർത്ര്ന്റെ അസ്തിത്വവാദത്തിലെ ദ്വൈതഭാവം ദർഗ്രവും അവ്യക്തവുമാണ്. നീഷേ, ഹെഗെൽ, മാർക്സ് എന്നിവരെ അനുഗമിച്ച സാർത്ര്ന് താനൊരു മാഹാത്മാവാണെന്ന് അവകാപ്പെടാനാവില്ല. അങ്ങനെ അവകാശപ്പെട്ടിട്ടുമില്ല. ഭൗതിക വാദത്തോട് തന്നെയാണ് അദ്ദേഹം കൂറ് പുലർത്തുന്നത്. മാർകിസ്റ്റ്പാരമ്പര്യത്തിലെ ഒരു ചിന്താസരണിയായാണ് അദ്ധേഹം തന്റെ സിദ്ധാന്തത്തെ പരിചയപ്പടുത്താനാഗ്രഹിക്കുന്നത്. അതിനു വേണ്ടി അദ്ധേഹം തന്റെ അസ്തിത്വവാദത്തെ ഹൈഡഗറുടെ മൂലത്തിൽനിന്ന് പിഴുതെടുത്ത് മാർക്സിറ്റ്കാണ്ഠത്തിൽ ചേർത്തുകെട്ടി. അങ്ങനെ, സാർത്ര്ന്റെ അസ്തിത്വവാദത്തിലെ "ദൈവമനുഷ്യൻ" ഉത്തുംഗതയിൽ നിന്ന് വ്യർത്ഥമായ ഉൽകണ്ഠയുടെ മരുഭൂമിയിൽ വീണുപോയി.

വൈരുദ്ധ്യാതമകഭൗതികവാദം ഒരു തരം ഭൗതിക അദ്വൈതവാതമാണ്. പിന്നെങ്ങനെ, മനുഷ്യനെയും പ്രകൃതിയെയും പരസ്പരം വേർപെടുത്തുന്ന ദ്വൈതഭാവം അസ്തിത്വവാദത്തിൽ കടന്ന്കൂടി? ജൻ സാർത്ര്ന്റെ മനാപക്ഷപാതരോഗിയായ ഒരാൾ ഓട്ടമൽസരത്തിൽ ജയിക്കുന്നില്ലെങ്കിൽ അതിന്റെ ഉത്തരവാദിത്വം അയാൾക്കുതന്നെയാണ് - ഇതാണ് സാർത്ര്ന്റെ പക്ഷം. മനുഷ്യന്റെ ഉൽകൃഷ്ടഗുണങ്ങളുടെയും ആദർശങ്ങളുടെയും ഉറവിടം ഉൽപാദനരീതിയാണെന്ന് സിദ്ധാന്തിക്കുന്ന മാർകിസത്തിൽനിന്നും തീർത്തും വ്യത്യസ്തമാണത്.

സാർത്ര്ന്റെ ഈ വീക്ഷണത്തെ ഒരു മാർകിസ്റ്റ് എങ്ങനെ വിശദീകരിക്കും? സാമൂഹികചുറ്റുപാടുകളേയും മനുഷ്യന്റെ പ്രാകൃതിക ശരീരഘടനയെത്തന്നെയും ജയിക്കടക്കാൻ കഴിയുന്ന പ്രകൃത്യതീതവും ഭൗതികാതിതവുമായ ഇഛാശക്തിയെ എങ്ങനെ വിശദീകരിക്കും? പദാർഥം തന്നെ ഭൗതികാതീതമായൊരു സത്തക്ക് ജൻമം നൽകിയെന്നാണ് മറുപടിയെങ്കിൽ, അൽഭുതകൃത്യങ്ങളുടെ സംഭാവ്യതയും അദൃശ്യമായ ദൈവത്തിന്റെ സൃഷ്ടിപ്രപഞ്ചവും അംഗീകരിക്കാൻ ഭൗതികവാദി ബാധ്യസ്തനായിരിക്കും.

ഏതായാലും സാർത്ര്ന്റെ അസ്തിത്വവാദത്തിലന്തർഭവിച്ച പ്രശ്നങ്ങൾ ദാർശനിക തലത്തിൽ അവസാനിക്കുന്നില്ല. ഈ ചിന്താ പ്രസാഥാനത്തിൻരെ മുഴുവൻ ശ്രദ്ധയും മനുഷ്യന്റെ പ്രവർത്തനങ്ങളിലാണ്. അങ്ങനെ കുറെകൂടി ഗൗരവമുള്ള പ്രശ്നങ്ങൾ അത് ഉന്നയിക്കുന്നു: ഇവിടെയാണത് കാലിടറി വീഴുന്നതും.

സ്വന്തം പ്രവർത്തികളിലൂടെ മനുഷ്യൻ സ്വയം നിർമ്മിക്കുന്നുവെന്നാണല്ലോ അസ്തിത്വവാദം സിന്താന്തിക്കുന്നത്. സ്വന്തം പ്രവർത്തിയെന്നാൽ ഇഛാശസക്തി തന്നെ. ദൈവികമോ ഭോതികമോ ആയ ഒരു ഹേതുവിന്റെയും സൃഷ്ടിയല്ലാത്ത സ്വതന്ത്രമായ മനുഷ്യേഛ. ഇതെങ്ങനെ ഭൗതിക പ്രപഞ്ചത്തിൽ കടന്നു വന്നു? കാര്യകാരണബന്ധങ്ങളിൽ സ്ഥാനം പിടിച്ചു? വിശദീകരിക്കാൻ സാർത്ര്ന് കഴിയുന്നില്ല. കുടാതെ, ഇതിനേക്കാൽ ഭീമമായൊരു അടിസ്ഥാന വൈരുദ്ധ്യവും ഇവിടെ കടന്നു വരുന്നു: മനുഷ്യന്റെ ഇഛാശക്തി എത്രമേൽ സ്വതന്ത്രവും സ്വാശ്രിതവുമാണെങ്കിലും അതിനരു മാനദണ്ഢം വേണം. അതിന്റെ അവലംബം അനിവാര്യമായും ധാർമിക മൂല്യങ്ങളായിരിക്കും. അങ്ങനെ, സദാചാരത്തിന്റെ പ്രശ്നം വീണ്ടും ഉന്നയിക്കപ്പെടുന്നു.

ഈ അവസ്ഥാവിശേഷത്തെക്കുറിച്ച് സാർത്ര് ബോധവാനാണ്. നൻമ തിൻമകളെന്താണെന്ന് അദ്ദേഹവും ചോദിക്കുന്നുണ്ട്. വൈരുധ്യാത്മക ഭോതികവാദത്തിലും, ദൈവശാസ്ത്രപരമോ ഭൗതികവാദപരമോ ആയ വിധി വിഹിതത്തിലും ഈ ചോദ്യത്തിന് പ്രസക്തിയില്ല. എന്ത് തിരഞ്ഞെടുക്കണം? എന്ത് കൊണ്ട്?- ഇത്തരം ചോദ്യങ്ങളുടെ അടിസാഥാന മനുഷ്യേഛയെ വിശദികരിക്കുമ്പോൾ മാത്രമെ ഉത്തരവാദിത്വത്തിന്റെ പ്രശ്നം ഉൽഭവിക്കുകയുള്ളു. സാർത്ര്ന്റെ അത്കൊണ്ട് തന്നെ, മനുഷ്യന്റെ ഇഛാശക്തിയെ അതിഭൗതികയുടെ പരമകോടിയിലേക്കുയർത്തിവെച്ച സാർത്ര് അതിന്റെ മുല്യാധിഷ്ഠ്ത മാനദണ്ഡം നിർണയിക്കാൻ ബാധ്യസ്ഥനാണ്.

സാർത്ര്ന്റെ ധൈഷണികമാതൃകയായ ഹൈഡഗറുയടെ ഭാഷയിൽ ഈ വിജനഭൂമിയിലേക്ക് വലുച്ചെറിയപ്പെട്ട ഏകാന്തജീവിയാണ് മനുഷ്യൻ. ഈ ഭയം സാർത്രും പങ്ക്വെക്കുന്നു. ഇതിന്റെ അടിസ്ഥാനം സ്വന്തം അധികാരം പ്രയോഗിക്കുവാനും ഉത്തരവാദിത്വം നിരവേറ്റാനും മനുഷ്യൻ നിർബന്ധനാണെന്ന ചിന്തയാണ്. ഇസ്‌ലാമിക തത്വശാസ്ത്രത്തിലെ ദൈവത്തിന്റെ അധികാര സങ്കൽപവുമായി ഇതിന് സാദൃശ്യമുണ്ട്.*

സാർത്രിന്റെ മനുഷ്യൻ ദൈവത്തിൽ നിന്നും ചരിത്രപരവും സാമൂഹികപരവുമായ പൂർണനിർണിത നിയമങ്ങളിൽനിന്നും മുക്തിനേടുകമാത്രമല്ല, അർദ്ധദിവ്യമായ ഒരു ഇഛാശക്തി സ്വായത്തമാക്കുകയും ചെയ്തിരിക്കുന്നു. ഈ മനുഷ്യൻ തന്റെ ഇഛാശക്തി പ്രയോഗിക്കുമ്പോഴും തന്റെ ഉത്തരവാദിത്വം നിറവേറ്റാൻ ബാധ്യസ്ഥനാണ്. ആരോടുള്ള ഉത്തരവാദിത്വം.

ഇത്തരം ചോദ്യങ്ങൾക്കുത്തരം നൽകാൻ സാർത്ര് ശ്രമിക്കുന്നുണ്ടെന്നത് ശരിതന്നെ. എന്നാൽ, തന്റെ സ്വതഃസിദ്ധമായ ചിന്താഭദ്രതയോ ബുദ്ധിവൈഭവമോ ഉജ്ജ്വലമായ രചനാസാമർത്ഥ്യമോ ഇവിടെ കാണുന്നില്ല. നന്മതിന്മകളുടെ മാനദണ്ഢം വിവേകമാണെന്ന് അദ്ദേഹം പറയുന്നു. സ്വീകാര്യമായത് നന്മയും തിരസ്കാര്യമായത് തിന്മയും: താൻ തിരഞ്ഞെടുക്കുന്നകാര്യത്തിന് പൊതുവേ പ്രായോഗികതയുണ്ടണ്ടവണമെന്നും മറ്റുള്ളവർ തന്നെ അനുകരിക്കണമെന്നും ഒരാൾ ആഗ്രഹിക്കുമ്പോൾ, ഈ തിരഞ്ഞെടുപ്പിൽ നന്മയുണ്ട്. തന്റെ പ്രവർത്തി മറ്റാരും പിന്തുടരരുതെന്നാണ് അയാളുടെ ആഗ്രഹമെങ്കിൽ അതിൽ തിന്മയാണുള്ളത്. ഉദാഹരണം: അളവിലും തൂക്കത്തിലും കൃതിമം കാണിക്കുന്ന ഒരു കച്ചവടക്കാരൻ തന്നെയാരും അനുകരിക്കെരുതെന്നായിരിക്കും ആഗ്രഹിക്കുക. താൻ ചെയ്യുന്നത് തിന്മയാണെന്ന് അയാളറിയുന്നു. എന്നാൽ, കമ്പോളവിലനിലവാരത്തേക്കാൾ കുറഞ്ഞവിലയ്ക്ക് സാധനങ്ങൾ വിൽക്കുന്നയാൾ തന്നെ എല്ലാവരും അനുകരിക്കണമെന്നാണാഗ്രഹിക്കുക. താൻ ചെയ്യുന്നത് നന്മയാണെന്നയാളറിയുന്നു.

ചുരുക്കത്തിൽ നന്മതിന്മകളുടെ മാനദണ്ഢം ആദ്യമായി വ്യക്തിയുടെ അഭീഷ്ടവും, രണ്ടാമതായി തീർത്തും ആദർശാത്മകമായ ഒരു കാര്യവും! മാർക്സിസത്തിൽ നിലയുറപ്പിച്ചതായി അവകാശപ്പെടുന്ന ഒരു ഭൗതിവാദി മനുഷ്യന്റെ പ്രവർത്തനരീതിയെ ഇത്രമേൽ വൈയക്തികമായും ആത്മനിഷ്ഠമായും വിശദീകരിക്കുന്നത് വിചിത്രമാണ്. തന്റെ അസ്തിത്വപരമായ ധർമാധർമ വിചാരം വളരെ ദുർബലമാണെന്നും അതിന്റെ അനന്തരഫലങ്ങൾ ദയനീയമാണെന്നും സാർത്രിന് തന്നെ നല്ലവണ്ണം അറിയാം. പക്ഷെ, ഇങ്ങനെ വിശദീകരിക്കുകയല്ലാതെ ഗത്യന്തരമില്ല. ഇതാണദ്ദേഹത്തിന്റെ ന്യായവാദം.

---

* ദൈവം തന്റെ ചില അധികാരങ്ങൾ മനുഷ്യവർഗത്തിന് നൽകീട്ടുണ്ടെന്ന ചിന്തയാണിത്. ഇസ്‌ലാമിക തത്വശാസ്ത്രത്തിൽ "തഫ്‌വീള്" എന്നാണിത് അറിയപ്പെടുന്നത് - വിവർത്തകൻ

ഈ പ്രപഞ്ചം ഭൗതികമാണെന്ന സങ്കൽപ്പിച്ചാൽ, സ്ർത്രിന്റെ വാക്ഷണത്തിൽ ഒരു പുതുമയും കാണുകയില്ല. മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും മഹത്വത്തെയും പ്രകീർത്തിക്കാനും, അവനെ പ്രകൃതിവാദത്തിൽനിന്നും മോടിപ്പിച്ച് അവന്റെ തന്നെ ഇഛാശക്തിയുടെ കാലുകളിൽ നിറുത്താനും ആഗ്രഹിക്കുന്ന മറ്റാരെയും പോലം സാർത്രും ആഗ്രഹിക്കുന്നു. ഫലത്തിൽ അവനെ വിവേകശൂന്യവും ബോധരഹിതവുമായ ഭൗതികനിയതത്വവാദത്തിന്റെ ഇരുട്ടറയിൽ തള്ളുകയും നിരർത്ഥകവും നിഷ്ഫലവുമായൊരു ജീവിതം നിയിക്കുവാൻ ശിക്ഷിക്കുകയും ചെയ്യുന്നു.

അസ്തിത്വവാദം ഇപ്രകാരം പ്രസ്താവിക്കുന്നു: സ്വർഗം മൗഢ്യമാണ്; അസ്ഥിത്വം ശൂന്യതയും; പ്രകൃതി ഉദ്ദേശ്യരഹിതവും പൂർവ നിർണയവുമായ ചലനവും. പ്രപഞ്ചത്തിന് വിവേകമോ ബുദ്ധിയോ ഇഛാശക്തിയോ ഇല്ല. ജീവിത്തിന് പ്രത്യേകിച്ചൊരു അർത്ഥവുമില്ല. ഈ ഭയാനക ശൂന്യതയിൽ സ്വയം തീരുമാനമെടുക്കാനും പ്രവർത്തിക്കാനും വിധിക്കപ്പെട്ട ഏകാന്തനായ മനുഷ്യൻ പൂർണ സ്വാതന്ത്ര്യമുള്ള ഒരു ഇഛാശക്തിയാണ്. തന്റെ മൂല്യവു ലക്ഷ്യവും അർത്ഥവും സത്യവും സൃഷ്ടിക്കാൻ മനുഷ്യന് തന്നെയാണ് ഉത്തരവാദിത്വമുള്ളത്.

അസ്തിത്വ വാദം മനുഷ്യന് സമ്മാനിച്ച ഇഛാശ്തിയും സ്വാതന്ത്ര്യവും അവന് ഒരു പ്രയോചനവും നൽകുന്നില്ല. കാരണം അവന് പോകാനിടമില്ല. അവന്റെ ജീവിതത്തിന് ലക്ഷ്യവുമില്ല. മനുഷ്യനെ ഒരു സ്വതന്ത്ര ഇഛാശക്തിയായി അവതരിപ്പിക്കുകയും ദൈവത്തോടൊപ്പം പ്രകീർത്തിക്കുകയും

ചെയ്യുന്നവർ അവർ എങ്ങനെ പ്രവർത്തിക്കണമെന്ന് വിശദീകരിക്കുന്നില്ല. യഥേഷ്ടം പ്രവർത്തിക്കാൻ അവന് സ്വാതന്ത്ര്യമുണ്ടത്രെ. വിപൽക്കരമായൊരു വിഷമവൃത്തമാണിത്.

വിചിത്രമെങ്കിലും, ഇത്തരമൊരു നിലപാടെടുക്കാൻ സാർത്ര് നിർബന്ധനാണ്. ഒരു വശത്ത്, അദ്ധേഹം തന്റെ പ്രപഞ്ചവാക്ഷണമായി വൈരുധ്യാത്മക ഭൗതികവാദം തിരഞ്ഞെടുക്കുന്നു. മറുവശത്ത് അദ്ദേഹം മനുഷ്യന്റെ സ്വതന്ത്രേച്ഛയെ ഉയർത്തിപ്പിടിക്കുന്നു. ഈ പശ്ചാത്തല്തിൽ സദാചാരത്തിന്റെ മാനദണ്ഢം വിവേകമാണെന്ന് പ്രസാതാവിക്കുകയാല്ലാതെ ഗത്യന്തരമില്ല.

എന്ത് ചെയ്യാനും മനുഷ്യന് മനുഷ്യന് കഴിവുണ്ട്. ഏത് പ്രവർത്തിയും അതിന്റെ അടിസ്ഥാനം സ്വാതന്ത്ര്യമാണെങ്കിൽ, അനുവദനീയമാണ്. കാരണം നന്മതിന്മകളുടെ മാനദണ്ഢം സ്വതന്ത്രമായ വിവേചനാധികാരമാണ് ഇതാണ് സാർത്രിന്റെ സാമൂഹികവും ധാർമികവുമായ അസ്തിത്വവാദത്തിന്റെ കാതൽ. അപ്പോൾ, മനുഷ്യൻ സ്വതന്ത്രനും പ്രാപ്തനുമാണ്. ഏത് പ്രവർത്തിയും അനുവദനീയവും അഭിലഷണീയവുമാണ്. “പ്രപഞ്ചത്തിൽനിന്ന് ദൈവത്തെനിഷ്കാസനം ചെയ്താൽ, ആർക്കും ഏത് പ്രവൃത്തിയും അനുവദനീയമായിരിക്കും” ദയതോവ്സ്കിയുടെ ഈ വ്യഖ്യാതവാക്യം സ്ർത്ര് ഇടയ്ക്കിടെ പ്രശംസാപൂർവം ആപവർത്തിക്കുന്നു.

ധർമ്മശാസ്ത്രത്തിന്റെ എല്ലാ വസ്തു നിഷ്ഠമാനദണ്ഡങ്ങളും മനുഷ്യന്റെ ആത്മീയ മൂല്യങ്ങളും ഇവിടെ അടർന്ന് വീഴുന്നു. പ്രകതിയിലും സമൂഹത്തിലും പ്രവർത്തിക്കുന്ന സ്വതന്ത്രവും സ്വാശ്രിതവുമായ ഒരു ഇഛാശക്തിയാണ് മനുഷ്യൻ എന്നപ്രഖ്യാപനത്തിലൂടെ സാർത്ര ജന്മം നൽകിയത് ദൈവത്തിനോ ചെകുത്താനോ?

## മതവും മാർക്സിസവും

മതം പുരോഗമനോന്മഖവും വിമോചകവുമായ ഒരു ശക്തിയാണെന്ന് സമ്മതിക്കാൻ ആധുനികമനസ്സ് കൂട്ടാക്കുകയില്ല. എന്താണീ ആധുനികമനസ്സ്? അതെങ്ങനെ ഈ മനോഭാവം ആർജിച്ചു?

ആധുനികനാഗരികജീവിതത്തിന്റെ മറ്റെല്ലാ ഉൽപന്നങ്ങളും പ്രതിഭാസങ്ങളും ഉൽഭവിച്ച അതേ പാശ്ചാത്യൻ കേന്ദ്രത്തിൽ നിന്നാണ് ആധുനികമനസ്സും രൂപംകൊണ്ടത്. പൗരാസ്ത്യൻ ധൈഷണികഭൂമിയിൽ പടിഞ്ഞാറിന്റെ അർത്ഥം മുതലാളിത്തം, വ്യവസായവത്ക്കരണം, ക്രൈസ്തവത, അധിനിവേശപ്രണവത്വം, ബൂർഷ്വാലിബറലിസം എന്നിവയായിരിക്കും.

പടിഞ്ഞാറിനെ നിരാകരിക്കുകയോ പ്രതിരോധിക്കുകയോ ചെയ്യേണ്ടിവരുമ്പോൾ, അതിനുള്ള ഏറ്റവും നല്ല ആയുധം മാർക്സിസാണെന്ന് പലരും ധരിക്കുന്നു. എന്നാൽ സത്യമെന്താണ്? മാർക്സിസം തന്നെ പടിഞ്ഞാറിന്റെ സഷ്ട്യടിയാണ്. പാശ്ചാത്യൻ സമൂഹത്തിന്റെ ചരിത്രപരവും സാംസ്കാരികവുമായ ഉൽപലന്നമായാണ് മാർക്സിസം രംഗത്ത് വന്നത്. അതിന്റെ ഉപജ്ഞാതാക്കളും നായകരുമെല്ലാം പാശ്ചാത്യരായത് കൊണ്ട്മാത്രമല്ല ഇങ്ങനെ പറയുന്നത്. മറിച്ച്, മാർക്സിസ് അപഗ്രഥനരീതിയനുസരിച്ച് തന്നെ ഈ പ്രസ്താവം ശരിയാണ് - ആധുനിക പാശ്ചാത്യൻ സമൂഹത്തിന്റെ അന്തർഘടനയാണെല്ലോ ബൂർഷ്വാവ്യവസായിക ഉൽപാദന സമ്പ്രദായം. അതിന്റെ ഉപരിഘടനയാണ് മാർക്സിസമെന്ന ആശയസംഹിതരൂപം കൊണ്ടത്(മാർക്സിസം സമൂഹത്തെ അന്തർഘടനയെന്നും ഉപരിഘടനയെന്നും വിഭാഗിക്കുകയും, മതവും പ്രത്യയശാസ്ത്രവുമുൾപ്പെട്ട ആശയലോകം അന്തർഘടനയായ സാമ്പത്തികവ്യവസ്ഥയുടെ പ്രതിഫലനം മാത്രമാണെന്ന് സിദ്ധാന്തിക്കുകയുമാണെന്ന് ഓർക്കുക).

യഥാർഥത്തിൽ, മുതലാളിത്തത്തിലും മാർകിസത്തിലും വ്യത്യസ്ത ഉൽപാദനോപകരണങ്ങളാണോ നിലനിന്നിട്ടുള്ളത്? പ്രൊട്ടസ്റ്റന്റ് മതത്തിലും ഫാഷിസത്തിലും? ആണെന്ന് ആരും വാദിക്കുകയില്ല. പിന്നെങ്ങനെ ഉൽപാദനോപകരണങ്ങളുടെ സ്വഭാവത്തിനനുസരിച്ച് നിർണയിക്കപ്പെടുന്നുവെന്ന് സിദ്ധാന്തിക്കപ്പെട്ട ഉൽപാദനരീതികൾ വ്യത്യസ്തമാകും? പ്രൊട്ടസ്റ്റന്റ് മതം, മുതലാളിത്തം, മാർകിസം, ഫാഷിസം-വ്യത്യസ്ത വൃത്തികളാണ് പിന്തുടരുന്നടെങ്കിലും, ഒരേ പാശ്ചാത്യൻ ഭൗതികവാദത്തിന്റെ ഉല്പന്നങ്ങളാണ്.

സ്നേഹത്തിൽനിന്ന് അധികാരത്തിലേക്ക് തിരിഞ്ഞ ഒരു മതമാണ് പ്രൊട്ടസ്റ്റന്റ് മതം. ബൂർഷ്വാ ജിവിതവുമായി പൊരുത്തപ്പെടുന്ന ഒരു ക്രിസ്തീയ ആശയസംഹിതക്കും ധർമസാസ്തരത്തിനും അത് രുപം നൽകി. ഫ്രഞ്ച് ഹേതുവാദികളുടെ ഭൗതികവാദത്തിലധിഷ്ഠിതവും, തത്വചിന്തയിലും ശാസ്ത്രത്തിലും നിലനിൽക്കുന്ന സ്വാതന്ത്ര്യത്തിന്റെയും മാനവ മഹത്വത്തിന്റെയും സങ്കൽപങ്ങളിൽ നിന്ന് വളർന്ന് വന്നതുമായ ലിബറലിസവും ദനാധിപത്യവുമാണ് അതിന്റെ പ്രത്യാശാസ്ത്രമെന്ന് മുതലാളിത്തം പ്രഖ്യാപിച്ചു. പുതിയ ബൂർഷ്വാ വർഗത്തിന് ചേർന്ന ഒരു പ്രത്യേയശാസ്ത്രമായിരുന്നു അത്. ജീവിതത്തിന്റെയും ചരിത്രത്തിന്റെയും മുഴുവൻ ആവിഷ്കാരങ്ങൾക്കും സാമ്പത്തിക കാരണങ്ങൽ കണ്ടെത്തിയ മാർകിസം, സോഷ്യലിസത്തെ വെറുമൊരു സാമ്പത്തികക്രമമാക്കിമാറ്റി. ദൈവത്തിന്റെ സാക്ഷാൽക്കാരമാണ് ചരിത്രമെന്ന് സിദ്ധാന്തിച്ച ഹെഗേലിയൻ വൈരുദ്യവാദത്തിന്റെ സഹായത്തോടെ തൊഴിലാളിവർഗത്തിന് കൂടുതൽ മെച്ചപ്പെട്ട ജീവിതം പ്രദാനം ചെയ്യാനുള്ള മാർഗം ആവിശ്കരിക്കുകയായിരുന്നു, മാർകിസ്- മ്ർക്സം ഉടലെടുത്ത സാമൂഹ്യ പശ്ചാതലത്തിൽ തന്നെയാണ് പാഷിസവും ഉടലെടുത്തത്. അധികാരത്തിന്റെ രണ്ടാ കേന്ദ്ര ബിന്ദുക്കളായ മൂലധനത്തിനും അധികാരത്തിനും മദ്ധ്യേ അകപ്പെട്ട് പോയ സാങ്കേതികവിദക്തരുടേയും ഉദ്യോഗസ്ഥപ്രഭുക്കളുടെയും ഒരു പ്രസ്ഥാനമായാണ് അതാരംഭിച്ചത്. അധികാരവും ഭരണവും ഉന്നവെച്ചതിൻ്ൽ, മദ്ധ്യവർഗത്തിൽപ്പെട്ട അനേകരെ നേടാൻ അതിന് കഴിഞ്ഞു.

ഈ പ്രസ്ഥാനങ്ങളെല്ലാം പൊതുവായി അംഗീകരിച്ച തത്വങ്ങൾ : 1. മനുഷ്യന്റെ ഭൗതികാതീതസത്തയുടെ അഥവാ ആത്മീയമാനത്തിന്റെ നിഷേധം, മനുഷ്യൻജൻമനാ ആദർശവാദിയാണെന്ന യാഥാർത്ഥ്യത്തിന്റെ നിരാകരണം. 2. ആവശ്യങ്ങളുടെയും ഈദർശങ്ങളുടെയും അടിസ്ഥാനം ഉപഭോഗവും അധികാരവുമാണ്. 3. തത്വചിന്തയും സദാചാരവും യഥാക്രമം ഭൗതികവാദത്തിനും മനശാസ്ത്രത്തിനും കീഴ്പ്പെട്ടിരിക്കുന്നു. 4. ഉപഭോഗവും അധികാരവും ഉരപ്പ് വരുത്താൻ യന്ത്രവൽക്കരണവും ഉൽപാദനവർദ്ധയും അനിവാര്യമാണ്. 5. പുരോഗതിയുടെ പാദയിലുള്ള ഏറ്റവും വലിയ വിഘ്നമെന്ന നിലയിൽ മതം അഥവാ മതത്തിന്റെ ആത്മിയമാനം തിരസ്കരിക്കപ്പെടണം.

ഈ പ്രസ്താനങ്ങളിൽ മാർകിസം മാത്രമാണ് നേർക്കുനേരെ മതത്തെ എതിർക്കുന്നത്, മറ്റുള്ളവയുടെ സ്ഥിതിയോ? പുതിയ ബൂർഷ്വാവർഗത്തിന്നനുകൂലമായി ക്രൈസ്തവചട്ടക്കൂട്ടിനകത്ത് തുടങ്ങിയ ഒരു മതനവീകരണ പ്രസ്ഥാനമായിരുന്നു പ്രൊട്ടസ്റ്റന്റ്മതം. വർഗതാൽപര്യങ്ങളെ അതിവർത്തിക്കാലോ ആഗോളധൈഷണികപ്രസ്ഥാനമായി വളരാനോ അതിന് കഴിഞ്ഞില്ല. ജനിച്ച ഉടനെ മരിച്ചു പോയ ഒരു പ്രസ്ഥാനമാണ് പാഷിസം.* പത്തൊമ്പൊതാം നൂറ്റാണ്ടിന് ശേഷം മുതലാളിത്തം ഏറെ മാറിപ്പോയിട്ടുണ്ട്, കൂടാതെ അതൊ രു വ്യവസ്ഥാപിത പ്രത്യായശാസ്ത്രമല്ല: ഒരു സാമ്പത്തിക സാമൂഹികക്രമം മാത്രമാണ്. അത്കോണ്ട് തന്നെ മുതലാളിത്തം നേർക്കുനേരെ മതത്തെ എതിർക്കുന്നില്ല. അതായത് പാശ്ചാത്യ ലോകത്തിലെ മത വിരുദ്ധചിന്തകർ, വളർന്നത് മുതാളിത്തസാമൂഹികഘടനയിലാണെന്നതും അവരുടെ അവലംബം ബൂർഷ്വാ ശാസ്ത്രമാണെന്നതും ശരിയാണെങ്കിലും, മതത്തെ വിമർശിക്കുന്നതും തിരസ്കരിക്കുന്നതും മുതലാളിത്തത്തിന്റെയോ ബൂർഷ്വാസംസ്കാരത്തിൻന്റെയോ പേരിലല്ല.

എന്നൽ മതപരവും സാംസ്കാരികവും ദേശീയവുമായ അതിർവരമ്പുകൾക്കതീതമായ ഒരാഗോള ദൗത്യം മാർകിസത്തിനുണ്ട്.* 2. സുസ്ഥിരവും സുദൃഢവുമെന്ന് അവകാശപ്പെടുന്ന ഏതാനും സിദ്ധാന്തങ്ങളെ പ്രതിബദ്ധമായും തീവ്രമായും ന്യായീകരിക്കുന്ന സമഗ്രവും സുനിർവചിതവുമായൊരു ആശയസംഹിതയാണത്. മാനവജീവിതത്തിന്റെ സ്വകാര്യവും സാമൂഹികവുമായ എല്ലാ മേഖലകലിലേക്കും- കടന്ന് ചെല്ലുന്ന ഒരു സവിശേഷ സാമ്പത്തിക-രാഷ്ട്രീയവ്യവസ്തയാണത്. മനുഷ്യൻ സമൂഹം കാലം എന്നിവയെ സംബന്ധിച്ച പ്രശ്നങ്ങളെ അപഗ്രഥിക്കാനും പരിഹരിക്കാനും അവലംബിക്കാവുന്ന ഒരു ത്വാതിക പ്രമാണം അതിനുണ്ട്. വൈരുധ്യത്മകഭൗതികവാദമാണത്.

---

* 1 ഫാഷിസം മുഖ്യമായും ഒരു മനോഭാവമാണ്. രണ്ടാം ലോകമബായുദ്ദവസാനത്തോടെ മുസോളിനിയുടെ ഫാഷിസവും ഹിറ്റലറുടെ നാസിസവും രാഷ്ട്രിയമായി കോട്ടടങ്ങിയെങ്കിലും, സാംസ്കാരികമായി ഇന്നും പലയിടങ്ങലിലും നിലനിൽക്കുന്നുണ്ട്. ഇരു ജർമനികളും ഒന്നയതോടെ "നിയോനാസികൾ" ശക്തിപ്പെട്ടിരിക്കുന്നു. ജൂതൻമാരുടെയും ഹൈന്ദവരുടെയും വംശൂയവും സാംസ്കാരികവുമായ തീവ്രവാദം എല്ലാ അർത്ഥത്തിലും ഫാഷിസം തന്നെയാണ്- വിവർത്തകൻ.

* 2 മാർകിസ്റ്റ് തത്വശാത്ര്തത്തിന്റെ സവിശേഷതയാണിത്. എന്നാൽ മാർകിസും ഏംഗൽസും മന്നോട്ട്വെച്ച " ആഗോളതൊഴിലാളി വർഗത്തിന്റെ രാഷ്ട്രീയപ്രത്യയശാസ്ത്പം" കാലക്രമേണെ സാംസ്കാരികവും ദേശീയവുമായ വൈവിധ്യങ്ങൾക്ക് വഴിമാറി ക്കൊടുത്തിട്ടുണ്ട്. ഓരോ രാജ്യത്തെയും സവിശേഷസാഹചര്യങ്ങൾക്കനുസരിച്ചയിരിക്കും അവിടുത്തെ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനമെന്ന പൊതുധാരണ ഈ അവസ്ഥാന്തരത്തെ ന്യയീകരിക്കാനുള്ളതാണ്. ഒരേ മാർകിസത്തിൽ

ആദ്യം മാർകിസവും- ലിബറലിസവും, തുടർന്ന് സ്റ്റാലിനിസവും മാവോയിസവും ടിറ്റോയിസവും വളർന്ന് വന്നത് ഈസാഹചര്യത്തിലാണ്- വിവർത്തകൻ.

---

വൈരുധ്യത്മകഭൗതികവാതത്തിന് മതഭ്രാന്തിനോടുള്ള സാദൃശ്യം അനിഷേധ്യമണ്. മനുഷ്യനെയും പ്രപഞ്ചത്തെയും സംബന്ധിച്ച് പുരാതനഗ്രീസിലെയും പതിനെട്ടാം നുറ്റാണ്ടിലെയും മതേതരഭൗതികവാതികളും പ്രകൃതിവാതികളും മൂർത്തവൽക്കരണം നടത്തിയിരുന്നു. ഇവരുടെ അമൂർത്ത തത്വസംഹിതപോലെ തത്വശാസ്ത്രമല്ല വൈരുധ്യത്മകഭൗതികവാദമെന്ന് മാർകിസ്റ്റുകൾ അവകാശപ്പെടുന്നു. യാഥാർഥ്യത്തിന്റെ സമ്പൂർണവിശദീകരണം വൈരുധ്യത്മകഭൗതികവാതം മാത്രമാണെന്നും അത് മാത്രമാണ് സത്യമെന്നും, മറ്റെല്ലാം ശുദ്ധമിഥ്യയാണെന്നും ഇവർ അവകാശപ്പെടുന്നു. മറ്റൊരു കാഴ്ചപാടിനെയുംവെച്ച് പൊറുപ്പിക്കാത്ത സ്വപ്രത്യയപ്രേമത്തിന്റെ ഉത്തമനിദർശനമാണ് ഈ സിദ്ധാന്തം.

ഈ പശ്ചാതലത്തിലാണ് മാർകിസത്തിന്റെ മാർകിസത്തിന്റെ മതവിമര്ശനം പരിശോധിക്കേണ്ടത്. എല്ലാമതങ്ങളുടേയും ആസൂത്രിതനാശം സത്വര കടമയായി മാർകിസം സ്വയം ഏറ്റെടുത്തിരിക്കുന്നു, ഒരു പ്രവാചകദൗത്യത്തിന്റെ ഉൽസാഹത്തോടെ, മതം നിരർഥകവും ബൗദ്ധികമാടി വിധ്വംസകവുമാണെന്ന് അത് പ്രഖ്യപിക്കുന്നു. മതം മനുഷ്യവർഗത്തിന്റെ ശത്രുവും പുരോഗതിയുടെ പ്രതിബന്ധവുമാണത്രെ. "മതത്തെ നിഷ്കരുണം കൈകാര്യം ചെയ്യുക" ലെനിന്റെ നിഷ്കപടമായ ആഹ്വാനം മാർകിസ്റ്റുകൾ ഒരിക്കലും മറച്ചുവെച്ചിട്ടില്ല.*

X X X X X

മാർക്സിസ്റ്റ് മതവിമർശനത്തിന്റെ ദാർശനികാടിത്തറ മനസ്സിലാക്കാൻ, മാർക്സിസ്റ്റുകൾ പുതിയ ബുർഷ്വസികളെന്ന് വിശേഷിപ്പിച്ച ഏതാനും മനീഷികളുടെ കൃതികൾ പരതേണ്ടിവരുന്നു! ഫ്രഞ്ച് ഹേതുവാദികളുടെയും ഫോയർബാക്കിന്റെയും കൃതികൾ പുനഃപ്രസിദ്ധീകരിക്കാൻ മാർക്സും പിന്നീട് ലെനിനും കമ്യൂണിസ്റ്റുകളെ ഉപദേശിച്ചിരുന്നു. ഹെഗലിന്റെ ആശയവാദത്തെയും മാർക്സിന്റെ വൈരുധ്യാത്മകഭൗതികവാദത്തെയും സമന്വയിച്ച കണ്ണിയാണ് ഫോയർ ബാക്ക്. "ഹൈഗേലിയൻ പിരമിഡി"നെ കീഴ്മേൽമറിച്ചിട്ടത് തങ്ങളാണെന്ന് മാർക്സും എംഗൽസും അവകാശപ്പെടുന്നുണ്ടെങ്കിലും, യഥാർത്ഥത്തിൽ അതിന്റെ ഉത്തരവാദി ഫോയർബാക്കാണ്. അദ്ദേഹത്തിന്റെ അനേകവിചാരങ്ങൾ, അവയുടെ സ്രോതസ്സ് വെളിപ്പെടുത്താതെ, ഇരുവരുടെയും കൃതികളിൽ കാണാവുന്നതാണ്. ഫോയർ ബാക്കിന്റെ മതവ്യാഖ്യാനത്തെ പുനർവ്യാഖ്യാനിക്കുകയോ അതേപടി എടുത്തു ഉപയോഗിക്കുകയോയാണ് മാർക്സും അനുയായികളും ചെയ്തത്.

---

* ഓരോ രാജ്യത്തെയും സവിഷേശ സാഹചര്യങ്ങൾക്കൊത്ത് മതത്തോടുള്ള സമീപനത്തിന് രൂപംനൽകാൻ എല്ലാകമ്മ്യൂണിസ്റ്റരാഷ്ട്രങ്ങളും ശ്രമിച്ചതായിക്കാണാം. മതത്തെ ആശയതലത്തിൽ പരാജയരപ്പെടുത്താനോ മതവിശ്വാസികളെ ഉന്മൂലനം ചെയ്യാനോ അൽബേനൃക്ക്പോലും കഴിഞ്ഞിട്ടില്ലെന്നത് അനുഭവം. മാത്രമല്ല, സോവ്യറ്റ് റഷ്യയും മറ്റുയൂറോപ്യൻ സോഷ്യലിസ്റ്റ് മതവും മതസ്ഥാപനങ്ങളും നായകസ്ഥാനങ്ങളിലേക്ക് വന്ന്കൊണ്ടിരിക്കുകയാണ്!-വിവർത്തകൻ

മതത്തിനെതിരായ ഏറ്റവും വലിയമാർക്സിസ്റ്റ് വിമർശനം "മതത്തിന്റെ അന്യവൽക്കരണസ്വഭാവ"ത്തിനെതിരായ വിമർശനമാണെല്ലോ ഈ വിമർശനം മഹത്തായോരു മാർക്സിസ്റ്റ് കണ്ടെത്തലായി കൊട്ടിഘോഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും ,യഥാർത്ഥത്തിൽ ഇതിന്റെ ഉപജ്ഞാതാവ് ഫോയർബാക്കാണ്. "ദ,,എസെൻസ് ഓഫ് ക്രിസ്റ്റ്യാനിറ്റി"യെന്നതന്റെ വിഖ്യാതഗ്രന്ഥത്തിൽ അദ്ദേഹം ദൈവവും(പിതാവും)ക്രിസ്തുവും(പുത്രൻ) തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച ഹെഗലിന്റെ ചിന്താരീതിക്കൊരു വിപര്യായം അവതരിപ്പിച്ചു:"ഇവിടെ പിതാവ് പുത്രനിൽ നിന്നും ജനിക്കുകയാണ്. ദൈവം ക്രിസ്തുവിനെ വെളിപ്പെടുത്തുകയല്ല, ക്രിസ്തി ദൈവത്തെ വെളിപ്പെടുത്തുകയാണ്. ദൈവമായി മാറുന്ന ക്രിസ്തുവാകട്ടെ, മോചനം നേടാൻ വെമ്പുന്ന മനുഷ്യാത്മാവിന്റെ ഭൗതികസാക്ഷാത്കാരം മാത്രമാണ്. സ്വന്തം ദൈവത്വത്തെ തിരിച്ചറിയാനാവാതെ അതിനെ ഒരു അതീന്ദ്രിയസത്വത്തിൽ മൂർത്തവൽക്കരിക്കുകയും ഭാവനാസ്വർഗത്തിൽ കുടിയിരുത്തുകയും ചെയ്യുന്ന മനുഷ്യന്റെ ആത്മാവ് തന്നെയാണ് പരിശുദ്ധാത്മാവ്". മതത്തിന്റെ അന്യവൽക്കരണ സ്വഭാവംകൊണ്ട് ഫോയർബാക്ക് വിവക്ഷിക്കുന്നത്, ഈ അന്യവൽക്കരണം ഒഴിവാക്കിയാൽ താൻ സ്വയം ദൈവമാണെന്ന ആത്മബോധത്തിലേക്കുയരാൻ മനുഷ്യന് കഴിയുമെന്നാണ്.

ജർമ്മനിയിലെ ജൂതന്മാരുടെ നിത്യജീവിതത്തിന്റെ നിയമാനുശാസനകളിൽനിന്ന് വിടുതിതേടി പ്രൊട്ടസ്റ്റന്റ് മതത്തിലേക്ക് പരിവർത്തനം ചെയ്ത ഒരു ജൂതന്റെ മകനായിരുന്നു മാർക്സ്. യുവഹെ ഗേലിയനായിരുന്ന കാലത്ത് തന്റെ ഒരു ഗവേഷണനിബന്ധത്തിന്റെ ആമുഖത്തിൽ അദ്ദേഹം എഴുതി: "പ്രൊമിത്യൂസിന്റെ വിശ്വാസത്തോടാണ് തത്വചിന്തബന്ധപ്പെട്ടിരിക്കുന്നത്. പൊതുവിൽ, എനിക്ക് ദേവൻമാരോട്വെറുപ്പ് തോന്നുന്നു..... ദൈവാസ്തികൃത്തിന്റെ തെളിവുകളെല്ലാം യഥാർത്ഥ ത്തിൽ ദൈവത്തെ നിഷേധിക്കുകയാണ്..... പ്രകൃതിക്ക് ശരിയായ ദൈവമില്ലാത്തതിനാൽ ദൈവ മുണ്ട്; പ്രപഞ്ചം ദുർജ്ഞേയമായതിനാൽ ദൈവമുണ്ട്...... അതായത്, യുക്തിരാഹിത്യമാണ് ദൈവാ സ്തികൃത്തിന്റെ അടിസ്ഥാനം."

ആരാണീ പ്രൊമിത്യൂസ്? മനുഷ്യവർഗത്തിനുവേണ്ടി സഹദേവന്മാരെ കബളിപ്പിച്ച ഗ്രീക്ക്പുരാണ ത്തിലെ ഒരു ദേവൻ. ഒരു രാത്രി, മറ്റുദേവൻമാർ ഉറങ്ങിക്കിടക്കുന്നതിനിടയിൽ, പ്രൊമിത്യൂസ് "ദിവ്യാഗ്നി" മോഷ്ടിക്കുകയും മാനവതയ്ക്ക് കൈമാറുകയും ചെയ്തു. ഇതറിഞ്ഞ ഇതരദേവന്മാർ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. മനുഷ്യൻ എന്നും അന്ധകാരത്തിലും ബലഹീനതയിലും കഴി ഞ്ഞുകൂടണമെന്നായിരുന്നു അവരുടെ ആഗ്രഹം.

മാനവതാവാദികളായ സാമൂഹികശാസ്ത്രകാരന്മാരായിരുന്നു സൈന്റ് സൈമണും പ്രൂധോനും. ഇവരുടെ വിശ്വാസസംഹിതയും സാമൂഹികസങ്കൽപ്പവും പ്രൊമിത്യിയൻ പുരാവൃത്തത്തിലധിഷ്ഠി തമായിരുന്നു. ഇവരുടെ സ്വാധീനത്തിലകപ്പെട്ട മാർക്സ് ഗ്രീക്ക്പുരാണത്തിലധിഷ്ഠിതമായൊരു മത സങ്കൽപ്പം ഉയർത്തിപ്പിടിച്ചതിൽ അൽഭുതമില്ല. ദൈവവും മനുഷ്യനും തമ്മിലുള്ളബന്ധത്തെ സംബ ന്ധിച്ച ഗ്രീക്ക്വിഭാവനതന്നെയാണ് ഇതരപൗരസ്ത്യൻ മതങ്ങളിടെ സങ്കൽപ്പം തീർത്തും വ്യത്യസ്ത മാണെന്ന സത്യം അദ്ദേഹത്തിനജ്ഞാതമായിരുന്നു.

മനുഷ്യരാശിയെ സ്നേഹിക്കുകയും വഴിനടത്തുകയും ചെയ്യുന്ന ദൈവത്തെയാണ്, മനുഷ്യനോട് പകയും ശത്രുതയും വെച്ചുപുലർത്തുന്ന ദൈവത്തെയല്ല, പൗരസ്ത്യൻ മതങ്ങൾ പരിചയപ്പെടുത്തു ന്നത്. മനുഷ്യനെ ഭൂമിയിൽനിന്ന് സ്വർഗത്തിലേക്ക്, ജഢികമായ മൃഗീയാവസ്ഥയിൽനിന്ന് ആത്മീ യോൽക്കർഷത്തിലേക്ക്, ഉയർത്തുകയാണ് കിഴക്കിന്റെ മതദൗത്യം.

സൗരാഷ്ട്രമതത്തിൽ മനുഷ്യർതങ്ങളുടെ സംരക്ഷകരായ ആത്മജീവികളോടൊപ്പം ചേർന്ന് അഹുറമ സ്ദക്ക് വേണ്ടി പോരാടുന്നു. മനീഷിയൻ ദ്വൈതവാദത്തിൽ മനുഷ്യനിലൂടെയാണ് ദിവ്യാഗ്നിസാക്ഷാ ത്കരിക്കപ്പെടുന്നത്. ചൈനക്കാരുടെയും ഹൈന്ദവരുടെയും അധ്യാമ്തദർശനങ്ങളിൽ മനുഷ്യനും ദൈവത്തിനുമിടയിൽ ഒരു തരത്തിലുള്ള അകമൃതയുമില്ല. തന്നെയുമല്ല, അസ്തിത്വത്തിന്റെ ചൈത ന്യവും സത്യത്തിന്റെ സാരവുമായ ദൈവം മനുഷ്യനിലും പ്രകൃതിയിലും വ്യാവരിക്കുന്നതായി ആദർശനങ്ങൾ വെളിപ്പെടുത്തുന്നു. ജൂത-ക്രൈസ്തവ-ഇസ്ലാം മതങ്ങളിൽ വിലക്കപ്പെട്ട വൃക്ഷ ത്തിന്റെ രൂപത്തിലാണ് ദിവ്യാഗ്നി കടന്നുവരുന്നത്. ഈ മതങ്ങളിൽ പ്രോമിത്യൂസ് പിശാചായി മാറുന്നു; ദൈവം മനുഷ്യന്റെ യഥാർത്ഥ പ്രോമിത്ത്യൂസായും!

എനിക്ക് ദേവൻമാരോട് വെറുപ്പ്തോന്നുന്നുവെന്ന മാർക്സിയൻ പ്രസ്താവത്തിലെ പദങ്ങൾ പ്രത്യേ കശ്രദ്ധ പിടിച്ച്പറ്റുന്നുണ്ട. ഒരു ദർശനനിബന്ധത്തിൽ, ദൈവത്തെപറ്റി വിചാരം നടത്തുന്നതിനിട യിൽ,"വെറുപ" മുതലായ പദങ്ങൾകടന്ന്കൂടുന്നത് ഒട്ടും സ്വാഭാവികമല്ല. ദാർശനികമോ ശാസ്ത്രി യമോ ആയ ഒരു ആശയമല്ല, ഒരു വികാരമാണത് പ്രകടിപ്പിക്കുന്നത് . അത്തരം വികാര പ്രകടന ത്തിന്റെ വേരുകൾ തേടേണ്ടത് മാർക്സിന്റെ സ്വകാര്യജീവിതത്തിലാണ്; അല്ലെങ്കില, പുരോഹിതർ അദ്ദേഹത്തിന് സമ്മാനിച്ച പ്രേമനൈരാശ്യത്തിൽ!

യുക്തിരാഹിത്യമാണ് ദൈവാസ്തികൃത്തിന്റെ തെളിവെന്ന ന്യായവാദം തികഞ്ഞ ആശയകാലുഷ്യ മാണ് കാണിക്കുന്നത്. ജനകീയമതവിഭാവനയെ മതവിചിന്തനത്തിന്റെ മാനദണ്ഡമായംഗീകരിച്ചതാ ണിതിന് കാരണം. പ്രകൃതിക്കും യുക്തിധിഷ്ഠിതനിയമങ്ങൾക്കുമതീതമായദുരൂഹ സംഭവങ്ങ ളിലാണെല്ലോ അനഭിഞ്ജരായ ജനസാമാന്യം ദൈവത്തെ തേടുന്നത്. അവരുടെ ദൃഷ്ടിയിൽ അസാ ധാരണ സംഭവങ്ങളിലും, അശാസ്ത്രിയവും പ്രകതി വിരുദ്ധവുമായസ്രോതസ്സുകളും ദൈവാസ്തികൃ ത്തിന്റെ തെളിവുകളാണ്. എന്നാൽ വേദങ്ങളുടെ, പ്രത്യേകിച്ചും വിശുദ്ധഖുർആന്റെ നിലപാട് തീർത്തും വ്ത്യസ്തവും വിരുദ്ധവുമാണ്. പ്രകൃതിയുടെയും ജീവിതത്തിന്റെയും ശാശ്വതനനിയമങ്ങ ളെയും, വ്യവസ്താപിതവും സുഗ്രഹവുമായ ് പ്രാപഞ്ചികസംഭവങ്ങളെയും ഏകദൈവത്വത്തിന്റെ

അനിഷേധ്യ തെളിവുകളായാണ് അവ കാണുന്നത്-പ്രപഞ്ചത്തെ അടക്കിഭരിക്കുന്ന ഒരു ബുദ്ധി ശക്തിക്കുള്ള വസ്തു നിഷ്ടമായ തെളിവുകൾ. പ്രാപഞ്ചക വാദികളെ അറിയികേകുന്നു. (38:27). പ്രപഞ്ചം വ്യവസ്താപിതവും ദൈവത്തിന്റെ നടപടിക്രമത്തിന്റെ ഭാഗവുമാണെന്ന്(35:43). പ്രകതിയി ലുള്ള എല്ലാത്തിനും, മനുഷ്യനും ചരിത്രത്തിനുമൊക്കെ, നിശ്ചിത പരിണാമവും അവധിയുമുണ്ട് . ഖുർആന്റെ ദൃഷ്ടിയിൽ, പ്രകൃതിയുടെ ക്രമവും യുക്തിഭദ്രതയുമാണ് ദൈവാസ്തികൃത്തിന്റെ ഏറ റവും വലിയ തെളിവ്.

മതത്തിന്റെ ഉത്ഭവത്തെക്കുറിച്ച് മാർക്സ് അവതരിപ്പിച്ച ഒരേയൊരു തുറന്ന വിശകലനം : "മതം മനു ഷ്യനെ സൃഷ്ടിക്കുകയല്ല, മനുഷ്യൻ മതത്തെസൃഷ്ടിക്കുകയാണ്" . ഇവിടെപ്പോലും ഫോയർബാ ക്കിന്റെ വാക്കുകൾ ഏറ്റുപറയുകമാത്രമാണദ്ദേഹം. ഫോയർബാക്ക് "ദൈവം"എന്ന് പ്രയോഗിച്ചിടങ്ങ ളിൽ മാർക്സ് "മതം" എന്നാക്കിമാറ്റി ; അത്രതന്നെ. അതോടെ ഫോയർബാക്കിന്റെ പ്രസ്താവം അസംബന്ധമായിമാറി . മതം മനുഷ്യനെ സൃഷ്ടിച്ചതായി മുമ്പാരെങ്കിലും പറഞ്ഞിരുന്നോ?.

മാർക്സ് വീണ്ടും എഴുതുന്നു: 'ആത്മനിയന്ത്രണം നേടിട്ടില്ലാത്തവരുടെ, വീണ്ടും സ്വയം നഷ്ടപ്പെട്ടവ രുടെ, ആത്മബോധമാണ്. മതം . മനുഷ്യസത്തയുടെ മിഥ്യയായ സാക്ഷാത്കാരമാണത്. കാരണം മനുഷ്യസത്ത മിഥ്യയാണ്. അതിനാൽ മതത്തിനെതിരായ സമരം, മതത്തെ ആത്മീയസൗരഭ്യമായംഗീ കരിച്ചലോകത്തോടുള്ള സമരമാണ്.

മതപരമായ വേദന ഒരേസമയം യഥാർത്ഥവേദനയുടെ പ്രകാശനവും, യഥാർത്ഥവേദനക്കെതിരായ പ്രതിഷേധവുമാണ്. മതം മർദ്ദിതരുടെ നെടുവീർപ്പാണ്; ഹൃദയശൂന്യമായ ലോകത്തിന്റെ ഹൃദയ മാണ്; ആത്മാവില്ലാത്ത് അവസ്ഥയിലെ ആത്മാവാണ്. അത് ജനങ്ങളെ മയക്കുന്ന കറപ്പാണ്.

........ അതിനാൽ മതത്തിനെതിരായ വിമർശനം അനിവാര്യമായതും ദുഖഃസാഗരത്തിനെതിരായ വിമർശനത്തിലെത്തുന്നു. ഈ ദുഖഃസാഗരത്തിന്റെ പരിവേഷമത്രെ മതം".

രചനാ വൈഭവത്തിനപ്പുറം എന്ത് ദാർശനികഗഹനതയാണിവിടെയുള്ളത്? ഫോയർബാക്കിന്റെ വിചാ രങ്ങൽ മാറ്റിനിർത്തിയാൽ ശൈലിയിലുള്ളതല്ലാതെ മറ്റൊന്നും മാർക്സിന്റെതായി ഇവിടെ കാണുന്നി ല്ല. തന്റെ വിചാരം, ഗൗരവതരവും യുക്തിനിഷ്ഠവുമായൊരു സ്വരംകൈവരിക്കുമ്പോഴും, ഫോയർബാക്കിന്റെ അന്യവൽക്കരണസിദ്ധാന്തം അവ്യവസ്ഥയോടെ ആവർത്തിക്കുക മാത്രമാണ ദ്ധേഹം: "മതത്തിനെതിരായ വിമർശനം മനുഷ്യനെ, മിഥ്യയിൽനിന്ന് മുക്തനും പ്രജ്ഞയിലേക്ക് വന്ന വനുമായ ഒരാളെപ്പോലെ, ചിന്തിക്കാനും പ്രവർത്തിക്കാനും സ്വന്തം യാഥാർത്ഥ്യം രൂപപ്പെടുത്താനും ശക്തനാക്കുന്നു. അങ്ങനെ, അവൻ തനിക്ക് ചുറ്റും, തന്റെസത്യസൂര്യന് ചുറ്റും, പ്രദക്ഷിണം വെക്കും." ഫോയർബാക്കിന്റെ നാസ്തികമാനവതാവാദം തന്നെയല്ലെ ഇത്.

"മനുഷ്യസത്തയുടെ മിത്യയായ സാക്ഷാൽകാരമാണ് മതം. കാരണം മനുഷ്യസത്ത മിഥ്യയാണ്" എന്താണിത്ന്റെ വിവക്ഷിതം? മാനവികസാമ്പത്തികവുമായ നൂറു നൂറു പ്രശ്നങ്ങളും ന്യൂനതകളും നിറഞ്ഞ് നിൽക്കുന്ന ഈലോകത്തിന് പകരമായി വരുംലോകത്തെ സ്വപ്നം കാണുന്ന മതചിന്തക രുടെ ഹൂനമായ മിഥ്യാസങ്കൽപങ്ങലെയാണ് മാർക്സ് ഇവിടെ വിമർശിക്കുന്നത്. യതാർത്ഥത്തിൽ, ഈ ലോകജീവിതത്തിന്റെ യുക്തിസഹവും ബുദ്ധ്യാധീനവുമായ തുടർച്ചയാണ് പരലോകം. ആധി കാരിക വേദങ്ങളും വിജ്ഞരായ മതവിഖ്യാതാക്കളും ഇതാണ് പഠിപ്പിച്ചത്. യുക്തിക്കോ ശാക്തര ത്തിനോ നിരക്കാത്തതായി ഒന്നും തന്നെ ഇവിടെയില്ല. സ്വർഗനരകങ്ങൾ പരലോകത്തിലെ നിമ്നോന്നതപദവികളാണ്-ഓരോരുത്തരും തന്റെ സമൂഹത്തിന് ചെയ്യുന്ന സേവനങ്ങളുടേയും ദ്രോഹങ്ങളുടെയും പ്രതിഫലനങ്ങൾ മാനവപുരോഗതിയുടെ പാത തിരഞ്ഞെടുക്കുകയും ധാർമികമൂ ല്യങ്ങളിൽ സ്വയം വളരുന്നതിനോടൊപ്പം അവ സഹജീവികൾക്ക് പകർന്ന് കൊടുക്കുകയും ചെയ്യു ന്നവരും, സ്വന്തം പ്രകൃതിയെ ദുഷിപ്പിക്കുകയും ചുറ്റുപാടെ അധർമം പ്രചരിപ്പിക്കുകയും ചെയ്യുന്നവ രുമായ വ്യക്തികളും സമൂഹങ്ങലും ഈലോകത്തുണ്ടല്ലോ അവയുടെയെല്ലാം സ്വാഭാവികപരിണതി യാണ് പരലോകത്തിലെ സ്വർഗനരകങ്ങൾ.

മേൽപറഞ്ഞ നൈരന്തര്യവും പ്രതിഫലനവും കാണ്ത്തത്കൊണ്ടാണ് പ്രാപഞ്ചികപ്രതിഭാസങ്ങൾ "ദുർഗ്രഹവും അശാസ്ത്രീയവു"മായിത്തിരുന്നത്. അത്കോണ്ട് തന്നെയാണ് മാർക്സിന്റെ "ഹൃദശ്യൂ

ന്യമായ ലോകത്തിലും ആത്മാവില്ലാത്ത അവസ്ഥയിലും"മാനവത ചിന്താശൈഥില്യത്തിനടിപ്പെടുന്നത്. ചിന്താശ്യൂന്യമായ പദാർത്ഥത്തിനന്റെ ലോകത്തിൽ മനുഷ്യൻ അന്ധവും അനന്തവുമായ വൈരുധ്യ.ങ്ങളുടെ കളിപ്പാട്ടമായിമാറുന്നു: നൈരാശ്യജനകമായ നിരീശ്വരവാദത്തിന്റെ കുറഞ്ഞപരിവേഷമാണിത് "ദുഖ:സാഗര"ത്തിൽ മുങ്ങിച്ചാവുന്നു.

രണ്ടാംലോകയുദ്ധത്തെത്തുടർന്ന് അശുഭാപ്തിബോധത്തിന്റെ യുഗം ആരംഭിക്കുന്നതിന് ഒരു നൂറ്റാണ്ട് മുമ്പാണ് മാർക്സ് " മനുഷ്യസത്തയുടെ സാക്ഷാൽക്കാരത്തെക്കുറിച്ചെഴുതുന്നത്. അതിനാൽ തന്റെ വാക്കുകൾ എന്തെല്ലാം വൻവിപത്തുകളാണ് വരുത്തിവച്ചതെന്ന് കാണ്ൻ സ്വാഭാവികമായും അദ്ധേഹത്തിന് കഴിഞ്ഞില്ല. മനുഷ്യസത്ത മിഥ്യയാണെന്ന നാർക്സിയൻ പ്രസ്താവം ഭൗതികവാതവും മതവും തമ്മിലുള്ള മൗലികവൈരുധ്യത്തിലേക്ക് വിരൽചൂണ്ടന്നു.

X X X X X X

മാനവത ഇന്ന് വ്യർത്ഥതയിലേക്ക് കുതിക്കുകയാണ്. യുവത ലക്ഷ്യമില്ലാത്ത കലാപങ്ങൾ നടത്തുന്നു. തത്വചിന്തയും കലാസാഹിത്യങ്ങലും മനുഷ്യനുൾപ്പെടെ എല്ലാത്തിന്റെയും അർത്ഥരാഹിത്യത്തെപ്പറ്റി സംസാരിക്കുന്നു. ദൈവവിശ്വാസത്തിലധിഷ്ഠിതമായ ഒരു പ്രപഞ്ച വൂക്ഷണത്തെ തിരസ്കരിക്കുന്തിന്റെ സ്വാഭാവികവും അനിവാര്യവുമായ അനന്തരഫലങ്ങളാണിവ, അതായത് ദൈവത്തെ, പ്രപഞ്ചത്തിലും മനുഷ്യനിലുമുള്ളദിവ്യസാനിധ്യത്തെ,നിരാകരിക്കുമ്പോൾ ജീവിതം നിരർത്ഥകവും മനുഷ്യൻ ഉദ്ദേശ്യരഹിതനുമായിമാറുന്നു. പിന്നെ, സ്ർത്രിന്റെ അസ്തിത്വവാദത്തിനോ മാർക്കസിന്റെ വൈരുധ്യവാദത്തിനോ അവക്ക് അർത്ഥവും ലക്ഷ്യവും നൽകാൻ കഴിയുന്നില്ല.

ബുർഷ്വാസിയുടെ പതനത്തിന് ശേഷം , കമ്മ്യൂണിസത്തിന്റെ വിജയത്തിന് ശേഷം, വൈരുധ്യാത്മകവാദത്തിന്റെ പ്രവർത്തനം നിലച്ചതായും പക്ഷവും പ്രതിപക്ഷവും തമ്മിലുള്ള സംഘട്ടനം സമാധാനപരമായ സഹവർതിത്ത്വമായി പരിണമിച്ചതായും കാണുന്നതിൽ അത്ഭുതമില്ല. കമ്മ്യൂണിസത്തിന് ശേഷം മനുഷ്യവർഗം എങ്ങോട്ടുവളരുമെന്ന വിശദീകരിക്കാൻ മാർക്സിന് കഴിഞ്ഞിട്ടില്ല-പരലോകത്തിന്റെ കാര്യം പിന്നെ പറയേണ്ടതുമില്ല. ഈ പ്രശ്നത്തിനുത്തരം നൽകാൻ പൗരാണിക ഭൗതികവാദത്തിനും കഴിഞ്ഞിട്ടില്ല. റെനിഗുവേനൺ പറഞ്ഞത്പോലെ, പ്രപഞ്ചം നിരർത്തകവും മനുഷ്യജൂവിതവും നിരർത്തകവും ഉദ്ദേശ്യരഹിതവുമായിരിക്കും. ഈ അവസ്ഥയിൽമാനവതക്ക് "യഥാർത്ഥ് "ഭാവിയുണ്ടവില്ലെന്ന്മാർക്സും സമ്മതിക്കുന്നുണ്ട്.

എന്നാൽ, ഇസ്ലാമിന്റെ വീക്ഷണം തീർത്തും വ്യത്യസ്തമാണ്."ആദം സന്തതികളെ നാംആദരിച്ചിരിക്കുന്നു" എന്ന് വിശുദ്ധഖുർആൻ പറയുന്നു (17:70).സ്വയം നഷ്ടപ്പെട്ട്, സ്വന്തം മൂല്ല്യങ്ങളും ശക്തിയും ദൈവാസ്തിത്വത്തിലന്വേഷിക്കുകയും അവക്ക് വേണ്ടി" നെടുവീർപ്പിട്ടും കരഞ്ഞും"ദൈവത്തോടപേക്ഷിക്കുകയും ചെയ്യുന്ന ഒരു ദുർബലജീവിയാണ്ദൈവം മനുഷ്യനെ സൃഷ്ടിച്ചതെന്ന ധാരണയെ നിരാകരിക്കുക മാത്രമല്ല, ദൈവത്തിന്റെ സൂക്ഷിപ്പുകാരൻ എന്ന സ്ഥാനവും ഇസ്ലാം മനുഷ്യന് നൽകുന്നുണ്ട്(ഖർആൻ 33:72).മനുഷ്യൻ ദൈവത്തിന്റെ പ്രതിനിധിയായാണ് സൃഷ്ടിക്കപ്പെട്ടതെന്നും ഖുർആൻ(2:30)പ്രസ്താവിക്കുന്നു. ദൈവത്തിന്റെ മുന്നിൽ സ്വയം അന്യവൽക്കരിക്കപ്പെട്ട മനുഷ്യനെസംബന്ധിച്ച മാർക്സിന്റെയും ഫോയർബാക്കിന്റെയും ന്യായവാദത്തെ ഖണ്ഡിക്കാൻഅസ്രത്ത് അലിയുടെ ഒരു വചനം എമ്പാടും മതി. മനുഷ്യന്റെ മഹത്വവും ആത്മസിദ്ധിയും മോചനവും നേടാൻ അവൻ സ്വയം ബാദ്ധ്യസ്ഥനാണെന്ന വസ്തുതയും നിർണായകമായി സ്ഥാപിക്കുന്ന ആ വചനമിതാ: "നിങ്ങളുടെ രോഗം നിങ്ങളിൽതന്നെയാണ്, നിങ്ങളത് അറിയുന്നില്ലെങ്കിലും ; നിങ്ങളുടെ മുക്തിയും നിങ്ങളിൽതന്നെയാണ്, നിങ്ങളത് കാണുന്നില്ലെങ്കിലും".

മാർക്സിന്റെ മത സംബന്ധമായ അറിവ് ജൂതനായി ജനിച്ച് പ്രോട്ടസ്റ്റന്റ്മതത്തിലേക്ക് പരിവർത്തനം ചെയ്ത തന്റെ പിതാവിന്റെ അറിവിന്റെ പാശ്ചാത്തലത്തിലുള്ളതായിരുന്നു. യഹൂതമതവും പ്രോട്ടസ്റ്റന്റ്മതവും ഇസ്ലാമും ഒരു പോലെ അംഗീകരിക്കുന്ന ഒരു അടിസ്താനതത്വമുണ്ട്: ഈ ലോകജീവിതത്തിൽ പൊരുതാനും സ്വന്തം മോചനം നേടാനുമുള്ളഇച്ഛാശക്തി ദൈവം മനുഷ്യന് നൽകിയിരിക്കുന്നു. ഇത് പോലും മാർക്സിനജ്ഞാതമായിരുന്നു! ഒരു ചിന്താപദ്ധതിയെ വിമർശിക്കുമ്പോൾ അതിന്റെ വിശ്വാസപ്രമാണങ്ങളെയും ആധികാരിക ഗ്രന്ധങ്ങളെയും അവലംബിക്കുന്നതിന് പകരം, അനഭിജ്ഞരായ അനുയായികളെ ഗ്രസിച്ചിരിക്കുന്നവ്യതിയാനങ്ങളിലും അന്ധവിശ്വാസങ്ങളിലും

കടിച്ച് തൂങ്ങുന്നത് മനീഷികൾക്ക്  ഭൂഷണമല്ലല്ലോ. എന്നാൽ, മാർക്സിന്റെ വിമർശനം ഈ വഴിക്കാണ്. മതത്തിനെ പരിഹസിക്കാനും അവമതിക്കാനും ഇതാണെളുപ്പവഴി. കൂടുതൽ ഗവേഷണപഠനങ്ങൾ നടത്തേണ്ട ഉത്തരവാദിത്വത്തിൽ നിന്ന് രക്ഷപ്പെടാമെന്നും അദ്ദേഹം കരുതിയിരിക്കണം.

മതത്തെ വിമർശിക്കുമ്പോൾ മാർക്സ് തേടുന്നത് എളുപ്പവഴിയാണ്. അദ്ദേഹത്തിന്റെ സ്വരം വിജ്ഞനായോരു ദാർശനികന്റേതിൽ നിന്ന് ഒരു സുവിശോഷപ്രസംഗകന്റെയോ കുതർക്കിയായ രാഷ്ട്രിയക്കാരന്റെയോ സ്വരമായി മാറുന്നു മതത്തിനെതിരായ വിമർശനം തൻരെ സിദ്ധാന്തത്തിന്റെവിജയത്തിന് വഴിതെളിയിക്കുമെങ്കിൽ അദ്ധേഹത്തിത് പ്രശ്നമല്ല. മാർക്സിസത്തെ സംബന്ധിച്ചിടത്തോളം, ലക്ഷ്യം മാർഗത്തെന്യായീകരിക്കുന്നുണ്ടല്ലോ (ലെനിൻ ഉപദേശിച്ച "മതത്തോടുള്ള ക്രൂരത" ഒരു മാർഗംമാത്രം). അത്കൊണ്ട് " വൈരുധ്യവാദത്തിന്റെ ശാസ്ത്രീയദാർശനികനായ" മാർക്സ് മതത്തെ ശാസ്ത്രീയമായി വിമർശിക്കുമ്പോൾ മതസംബന്ധമായ ധൈഷണികവും ശാസ്ത്രീയവുമായ വസ്തുതകളിൽ ഊന്നാതെ, മതവിശ്വാസികളുടെ സാമൂഹികവും ചരിത്രപരവുമായ പങ്കിനെപ്പറ്റി വിസ്മരിക്കുന്നതിൽ അൽഭുതമില്ല. ഇത്തരം വിമർശനങ്ങളിലൂടെ മതത്തെ ഉന്മൂലനം ചെയ്യാൻ തുനിയുകയായിരുന്നു അദ്ധേഹം.

സാമൂഹികനീതികളെ സാധൂകരിക്കാനുള്ള ഒരു മാർഗമാണ് മതമെന്ന് അദ്ദേഹം വാദിക്കുന്നു. ഈ നിർണായകഘട്ടത്തിൽ പോലും (പതിനേഴാം നൂറ്റാണ്ടിലെ ഭൗതികവാദികളുംപൗരാണികരായ പ്രകൃതിവാദികൾപോലും ചെയ്തത്പോലെ) അദ്ദേഹം ദാർശനികവിചാരത്തിനോ ശാസ്ത്രീയന്വേഷണത്തിനോ സന്നദ്ധനല്ല. സാക്ഷാൽ മതത്തെ സംബന്ധിച്ചോ ആധികാരിക മതപ്രസ്ഥാനങ്ങളെ സംബന്ധിച്ചോ സംസാരിക്കാൻ പോലും അദ്ദേഹം തയ്യാറായിരുന്നില്ല. മാർക്സ് പറയുന്നു "ക്രിസ്തുമതത്തിന്റെ സാമൂഹികനിയമങ്ങൾ പൗരാണിക അടിമസമ്പ്രദായത്തെ സാധൂകരിക്കുകയും മധ്യയുഗത്തിലെഅടിമവേലയ്ക്കംഗീകാരം നൽകുകയും ചെയ്തു. ആവശ്യംവരുമ്പോൾ, തൊഴിലാളിവർഗമർദ്ദനത്തെ എങ്ങനെ പിന്തുണയിക്കണമെന്നും അവർക്കറിയാം.

ക്രിസ്തുമതത്തിന്റെ സാമൂഹിക നിയമങ്ങൾ ഭരണവർഗവും ഭരണീയവർഗവും ഉണ്ടാവേണ്ടതിന്റെ ആവശ്യകതയെ പ്രസംഗിക്കുന്നു...... ക്രിസ്തുമതത്തിന്റെ സാമൂഹികനിയമങ്ങൾ ഈ ലോകത്തിലെ അതിക്രമങ്ങളെ ആദിപാപത്തിന്റെ ശിക്ഷയായോ ദൈവം തന്റെ ദാസന്മാരുടെ മേൽ പരീക്ഷണങ്ങളായോ വിശദീകരിക്കുന്നതോടൊപ്പം, ഈ അതിക്രമങ്ങൾക്കെല്ലാം പരലോകത്തിൽ നഷ്ടപരിഹാരം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ക്രിസ്തുമതത്തിന്റെ സാമൂഹികനിയമങ്ങൾ അപമാനം, നിന്ദ, പതിത്വം, അടിമത്തം, വിദേയത്വം തുടങ്ങിയ സർവ്വനീചഗുണങ്ങളെയും പ്രസംഗിക്കുന്നു. ഈ പതിത്വം അംഗീകരിക്കാൻ കൂട്ടാക്കാത്ത തൊഴിലാളിവർഗത്തിന് ധൈര്യവും ആത്മാഭിമാനവും അഹംഭാവവും സ്വതന്ത്രവാഞ്ഛയുമാണ് അപ്പത്തിനേക്കാൾ അടിയന്തരമായി ആവശ്യമുള്ളത്.

ക്രിസ്തുമതത്തിന്റെ സാമൂഹികനിയമങ്ങൾ ആത്മവഞ്ചനാപരമാണ്; തൊഴിലാളി വർഗമാവട്ടെ, വിപ്ലവകരവും"

ധാർമികമൂല്യങ്ങൾ ഉല്പാതനരിതിയുടെ ഉല്പന്നമാണെന്നും, പ്രത്യയശാസ്ത്രവും സംഘടനയും അഭിന്നമാണെന്നും വാദിച്ച മാർക്സ് തന്നെയാണോ ഈ സംസാരിക്കുന്നത്? നിർഭാഗ്യവശാൽ, പോപ്പിനെ മിശിഹായോട് സാത്മീകരിച്ച മാർക്സ് തന്നെയാണിത്. മധ്യയുഗത്തിൽ ക്രൈസ്തവപുരോഹിതർ വഹിച്ച സാമൂഹിക പങ്കിനെ രണ്ടായിരം വർശം മുമ്പ് ഫലസ്തീനിൽ ജീവിച്ചിരുന്ന യേശുമിശിഹായുടെ പ്രവർത്തനത്തോട് സാത്മീകരിച്ച മാർക്സ് . മതവിശ്വാസികളുടെ ദൗർബല്ല്യവും ധർമച്യൂതിയും എടുത്ത് കാട്ടി മതാധ്യാപനങ്ങൾ ഒന്നടങ്കം നിഷ്ഫലമാണെന്ന് വാദിക്കുന്നത് എന്ത് മാത്രം നീചമല്ല! ഇത്തരം വാദമുഖങ്ങൾ തത്വദീക്ഷിയില്ലാത്ത പ്രചാരവേലക്കാർ രാഷ്ട്രിയവും അർദ്ധമതപരവുമായ സങ്കുചിത ലക്ഷ്യങ്ങൾ ക്ക് വേണ്ടി ഉപയോഗപ്പെടുത്താറുണ്ടെങ്കിലും, ബുദ്ധിജീവികൾക്ക് ചേർന്നതല്ല. അത്കോണ്ടാണ്, മാർക്സിന്റെ വാദമുഖം എത്ര ദുർബലമാണെങ്കിലും എല്ലാമാർക്സ്റ്റിതര ബുദ്ധിജീവികളും സ്വതന്ത്രരായ ക്രൈസ്തവചിന്തകർപോലും അദ്ദേഹത്തിനെതിരിൽ അണിനിരന്നിട്ടുള്ളത്.

റോമാസാമ്രാജ്യത്തിന്റെ വികസനമോഹത്തിനെതിരിൽ പൊരുതി രക്തസാക്ഷ്യംവരിച്ച ഫലസ്തീനിലെയും എത്യോപ്യയിലെയുംവടക്ക് പടിഞ്ഞാറൻ യൂറോപ്പിലെയും ലക്ഷോപലക്ഷം മനുഷ്യരെ കശാപ്പുചെയ്ത ഭീകരയന്ത്രവും ഒന്നുതന്നെയോ? സഭയ്ക്കും പൗരോഹിത്ത്യിനുമെതിരിൽ (മാർക്സ്

പറഞ്ഞ "ക്രൈസ്തവതയുടെ സാമൂഹ്യനിയമങ്ങൾ"ക്കെതിരിൽ) പൊരുതി രക്തസാക്ഷിത്വം വരിച്ചവരിൽബഹു ഭൂരിഭാഗവും, ഭൗതികവാദികളോ മാർക്സിസ്റ്റുകളോ ആയിരുന്നില്ല, സ്വതന്ത്രരായ ക്രൈസ്തവപണ്ഡിതർ തന്നെയായിരുന്നു. ബാർസിലോണയിൽ മാത്രം മൂന്ന് ലക്ഷം ക്രിസ്ത്യാനികളെയാണ് സഭ കൂട്ടക്കൊല ചെയ്തത്! "നൂറ്റാണ്ട് യുദ്ധത്തിൽ" ക്രിസ്ത്യാനികൾ കൊന്നൊടുക്കിയത് ക്രിസ്ത്യാനികളെ തന്നെയായിരുന്നു.

ഖലീഫമാരുടെ കൊള്ളരുതായിമകൾ എടുത്തുകാട്ടി, ക്രൈസ്തവപുരോഹിതർ ചെയ്യാറിള്ളത് പോലെ, മാർക്സ് ഇസ്ലാമിനെതിരെയും വിമർശിക്കുന്നുണ്ട് ഖലീഫമാരുടെ കൈകളാൽ ആദ്യമായി രക്തസാക്ഷിത്വം വരിച്ചവർ ഇസ്ലാമിലേക്ക് കടന്നുവന്ന പ്രമുഖർതന്നെയായിരുന്നു!

ശത്രുമതത്തെ നേരിടുന്ന ഒരു ഭ്രാന്തന്റെ സ്വരമാണ് മാർക്സ് സ്വീകരിക്കുന്നത്; മതത്തിന്റെ ശൈലിയും. മാർക്സിന്റെ വാക്കുകൾ ശ്രദ്ധിക്കുക: "... നിന്ദ, പതിത്വം, അടിമത്തം, വിദേയത്വം തുടങ്ങിയ സർവനീച ഗുണങ്ങളെയും പ്രസംഗിക്കുന്നു. ഈ പതിത്വംഅംഗീകരിക്കാൻ കൂട്ടാക്കാത്ത തൊഴിലാളിവർഗത്േതിന്......... അപ്പത്തിനേക്കാൾ അടിയന്തരമായി ആവശ്യമുള്ളത്". സമൂഹത്തിന്റെ അന്തർഘടനയായഉൽപാദനസമ്പ്രദായത്തിന്റെ പ്രതിഫലം മാത്രമായ ധാർമികമൂല്യങ്ങളിൽ ശാശ്വതവും പാവനവുമായിട്ടൊന്നുമില്ലെന്ന് ശഠിച്ച അതേ മാർക്സ് തന്നെ മതങ്ങൾ ഏക്കാലവും സംരക്ഷിച്ച് പോന്ന നൈതികമൂല്യങ്ങളും ആത്മീയഗുണങ്ങളും ഉയർത്തിപ്പിടിതക്കുന്നു! അപ്പത്തിനേക്കാൾ ഉന്നതമായ ആത്മീയഗുണങ്ങളോ? ആശയവാദത്തിലധിഷ്ഠിതമായ ധർമശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഉപരിവർഗത്തിനും ബൂർഷ്വാസിക്കും ഇവിടെ മാർക്സ് സംസാരിക്കുന്നത്. മറിച്ച്, സാക്ഷാൽ തൊഴിലാളി വർഗത്തിന് വേണ്ടിത്തന്നെയാണ് അദ്ദേഹം അപ്പത്തേക്കാൾ ഉപരിയായ ആത്മീയഗുണങ്ങളെ ഉയർത്തിപ്പിടിക്കുന്നത്!

മധ്യയുഗത്തിൽ ക്രൈസ്തവപുരോഹിതരുടെ ഭാഗത്ത് നിന്നുണ്ടായ അതിക്രമങ്ങളെ നാം നിഷേധിക്കേണ്ടതില്ല. എന്നാൽ, നൈതികമൂല്യങ്ങൾക്ക് മതത്തോടുള്ള ജൈവബന്ധത്തെയും മതത്തിന് നൈതികമൂല്യങ്ങളിലുള്ള ആശ്രയത്വത്തെയും സംബന്ധിച്ച് അറിയുന്നവരും, കമ്മ്യൂണിസത്തിന് സദാചാരത്തോടുള്ള ബന്ധത്തെപ്പറ്റി പ്‌ളാഖാനോവിന്റെയും മറ്റും നിബന്ധങ്ങൾ വായിച്ചവരും മാർക്സിന്റെ സമീപനത്തിൽ ആശ്ചര്യപ്പെടാതിരിക്കില്ല.

X X X X X X

മറ്റേതൊരു ഭൗതികപ്രസ്ഥാനത്തേക്കാളും ശക്തിയായി മാർക്സിസം മതത്തെ വിമർശിക്കുന്നുണ്ട്. എന്നാൽ, അതിന്റെ ആയുധങ്ങളും ന്യായവാദങ്ങളും ഏറ്റവും ദുർബലവും ദുരൂഹവുമാണ്. കാര്യാകാരണബന്ധങ്ങളുടെ ശാസ്ത്രീയ നിയമങ്ങളെ സംബന്ധിച്ച അജ്ഞതയിൽനിന്നാണ് മതം ഉത്ഭവിച്ചതെന്ന്, സമീപനൂറ്റാണ്ടുകളിലെ (വിശേഷിച്ചും പതിനേഴാം നൂറ്റാണ്ടിലെ) ശാസ്ത്രജ്ഞരെയും ഭൗതിക ആശയവാദികളെയും പോലെ, മാർക്സും സിദ്ധാന്തിക്കുന്നു. ആത്മബോധവും ആത്മനിയന്ത്രവും നഷ്ടപ്പെട്ട മനുഷ്യമനസ്സിന്റെ ദൗർബല്യത്തിൽനിന്നാണ് മതം ജനിച്ചതെന്നും, ഭൗതികവാദികളായ മനഃശാസ്ത്രജ്ഞരെപ്പോലെ, അദ്ധേഹം കരുതുന്നു. സാങ്കേതിക വിദ്യയും വ്യവസായങ്ങളും വളർന്ന്വരുന്നതിന്റെ മുമ്പുണ്ടായിരുന്ന ഉൽപാദനസമ്പ്രദായങ്ങളുടെ അവശിഷ്ടവും, ജനങ്ങളെ മർദ്ദിച്ചൊതുക്കുവാൻ ഭരണകൂടം ആവിഷ്കരിച്ച തന്ത്രവുമാണ് മതമെന്ന് ഭൗതികവാദികളായ സാമൂഹികശാസ്ത്രകാരന്മാർ വാദിക്കുന്നു: മാർക്സ് ഇതും ഏറ്റുപറയുന്നു. ചുരുക്കത്തിൽ തനിക്കുമുമ്പുണ്ടായിരുന്ന എല്ലാ മതവിരുദ്ധസിദ്ധാന്തങ്ങളും അദ്ധേഹം അംഗീകരിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മൗലികമായ ഒന്നുംതന്നെ അദ്ദോഹം കൂട്ടിച്ചേർക്കുന്നില്ല.

മാർക്സിസത്തിന്റെ അടിസ്ഥാനം വൈരുധ്യാത്മകഭൗതികവാദമാണ്. മതത്തിന്റെ അടിസ്ഥാനം അദൃശ്യനായ ദൈവത്തിന്റെ ആരാധനയും ദൈവീക പ്രപഞ്ചവീക്ഷണവും. അതിനാൽ മാർക്സിസവും മതവും അടിസ്ഥാനപരമായും അനിവാര്യമായും പരസ്പര വിരുദ്ധമാണെന്ന് പറയാം. ഈ വൈരുധ്യം ദാർശനികവും ശാസ്ത്രീയവുമായ വ്യത്യാസങ്ങളിൽ ഒതുങ്ങുന്നില്ല. അതായത്, ഹെഗലിന്റെ നിരീശ്വരവാദപരമായ ആശയവാദവും സാർത്രിന്റെ ഭൗതികവാദപരമായ അസ്തിത്വദർശനവും ദിദറോയുടെയും ഏണസ്റ്റ് റെനാന്റെയും നിരീശ്വരവാദപരമായ മാനവതാവാദവും മതത്തിന്റെ നേർക്ക് വച്ച്പുലർത്തുന്ന വിയോചക സമീപനമല്ല മാർക്സിസത്തിനുള്ളത്. രണോതുസുകമായൊരു ശത്രുതയാണ് അതിന് മതത്തോടുള്ളത്. 1961–ൽ പുറത്തിറക്കിയ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി

യുടെ ഔദ്യോഗികപരിപാടിയിൽ സോവിയറ്റ് ജനങ്ങൾക്കിടയിൽ കമ്യൂണിസം സ്ഥാപിക്കാൻ “ മത ത്തിനെതിരായ കടുത്തപോരാട്ടം ദീർഘകാലം തുടരേണ്ടതിന്റെ” ആവശ്യകത ഊന്നിപ്പറഞ്ഞിട്ടുണ്ട്. മാർക്സ് ജനിച്ച ഒരു നൂറ്റാണ്ട് പിന്നിട്ടിട്ടും ഇതാണവസ്ഥ.

മാർക്സിസവും മതവും തമ്മിലുള്ള ഈ കടുത്ത വൈരുദ്ധ്യത്തിന്റെ ഉറവിടം ഭൗതികവാദവും മതവും ഉയർത്തിപ്പിടിക്കുന്ന പരസ്പരവിരുദ്ധമായ തത്വചിന്തകൾ മാത്രമല്ല. സദാചാരത്തെയും ജീവിതത്തെയും ധനശാസ്ത്രത്തെയും സംസ്കാരത്തെയും വിദ്യാഭ്യാസത്തെയും -എന്ന് വേണ്ട മനുഷ്യന്റെ ചരിത്രപരവും പാരത്രികവുമായ സത്തയെയും സമൂഹത്തെയും പ്രപഞ്ചത്തെത്തന്നെയും - സംബന്ധിച്ച ഭിന്നവിരുദ്ധമായ വീക്ഷണങ്ങൾക്ക് വഴിവെക്കുന്നപരസ്പരവിരുദ്ധമായ മാനവവിഭാവനകളുമാണ്.

ഒരു കാര്യം ഇവിടെ പ്രത്യേകം ഓർക്കേണ്ടതുണ്ട്, ദൈവവിശ്വാസത്തെ പ്രതി, ഇതരമതങ്ങളെപ്പോലെ, ഇസ്‌ലാമും മാർക്സിസത്തെ എതിർക്കുന്നുണ്ടെങ്കിലും മനുഷ്യനെയും സമൂഹത്തെയും സംബന്ധിച്ച പ്രശ്നങ്ങളോടുള്ള സമീപനത്തിൽ അതിന് മാർക്സിസത്തോട് സാദൃശ്യമുണ്ടന്ന് ചിലർ വാദിക്കുന്നു. മൈക്കൽ അഫ്‌ലഖ്, ഉമർഉസ്ഖാൻ, ബഷീർമുഹമ്മദ്, ബഷീരഅലി, മാക്സിം റോഡിൻസൺ, എന്നിവർ ഇങ്ങനെ ചിന്തിക്കുന്നവരിൽപ്പെടും. എന്നാൽ മറുവശത്ത്, ചിലകോളനി രാഷ്ട്രീയക്കാർ(ആഫ്രിക്കയിലെ അധിനിവിശിഷ്ടമുസ്ലിം നാടുകളിൽ മുസ്‌ലിം കൂട്ടക്കൊലക്ക് നേതൃത്വം വഹിച്ച ജനറൽ സലാനും ജനറൽ ഷാബോണോയും ഉദാഹരണം) ഇസ്‌ലാമിനെതിരായി ഉന്നയിച്ച ആരോപണവും ഇതുതന്നെ!.

ആദ്യമായി പരസ്പര വിരുദ്ധമായ ഏത് ചിന്താ പ്രസ്ഥാനങ്ങളിലും ഏതാനും മാനതത്വങ്ങൾ കണ്ടേക്കാം : ജർമൻ ഫാഷിസവും ജൂതൻമാരുടെ സയോണിസവും തമ്മിലും, പ്രത്യേകിച്ചും കമ്മ്യൂണിസവും മുതലാളിത്ത്വവും തമ്മിലും സാധർമ്യമുണ്ട്.

രണ്ടാമതായി, ലക്ഷ്യങ്ങളിലുള്ള സാദൃശ്യങ്ങൾ പ്രത്യയശ്സ്ത്രപരമായ സമാനതകളായി തെറ്റിദ്ധരിക്കപ്പെടുന്നു. പരസ്പര വിരുദ്ധമായ പ്രത്യയശ്സ്ത്രഹ്ങൾഒരേ ആദർശങ്ങൾ പങ്കെചക്കാറുണ്ട്. നാഗരികതയും ശാസ്ത്ര പുരോഗതിയും സമ്പൽ സമൃദ്ധിയും നേടാൻ അധിനിവിഷ്ടസമൂഹങ്ങൾ പൊരുതാറുണ്ട്. അധിനിവേഷം നടത്തുന്നവരുടെ ലക്ഷ്യങ്ങൾ മറ്റൊന്നല്ല. വികസിതസമൂഹം അവികസിതസമൂഹത്തെ അധീനിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ,അവികസിതസമൂഹത്തിന് നാഗരികതയും ശാസ്ത്ര-സാങ്കേതിക പുരോഗതിയും സമ്പൽസമൃദ്ധിയും കൈവരിക്കാനാവുമെന്നാണ് അവരുടെ വിശ്വാസം , ചുരുക്കത്തിൽ, അധിനിവേശ പ്രവണതയും വിമോചനപ്രസ്ഥാനങ്ങളും പരസ്പരവിരുദ്ധങ്ങളാണ് . എന്നാൽ രണ്ടിന്റെയും ആദർശലക്ഷ്യങ്ങൾ ഒന്ന്തന്നെ!

മൂന്നാമതായി മനുഷ്യന്റെ ആദർശസങ്കൽപങ്ങൾ പ്രത്യയശ്സ്ത്രത്തെയും സാമൂഹികവും ചരിത്രപരവുമായ അതിരുകളെയും അതിവർത്തിക്കുന്നു. അവയുടെ പ്രഭവസ്ഥാനം മാനവസത്തയാണ്. അവയാണ് മനുഷ്യനിൽ കുടിക്കൊള്ളുന്ന സനാതനമൂല്ല്യങ്ങൾ. നിർബന്ധത്തിൽ നിന്നുള്ള മോചനം, പൂർണവികാസം, നീതി , സത്യം മനുഷ്യന്റെ ആത്മബോധം, വ്യക്തിക്കുപരിയായി മനുഷ്യസമൂഹത്തിന്കല്പിക്കപ്പെടുന്ന മുൻഗണന, നേട്ടവും മൂല്യവും അളക്കാനള്ള പൊതുമാനദണ്ഡം, ബലപ്രയോഗത്തിന്റെയും യുദ്ധത്തിന്റെയും ചൂഷണത്തിന്റെയും അടിമത്വത്തിന്റെയും അജ്ഞതയുടെയും ദൗർബല്ല്യത്തിന്റെയും ഉൻമൂലനം, വർഗസമരത്തിന്റെയും വംശീയവും ഗോത്രപരവുമായ വിവേചനത്തിന്റെയും സാമൂഹികവും സാമ്പത്തികവും മതപരവുമായ ഉച്ചനീചത്വങ്ങളുടെയും നിഷ്ക്കാസനം -ഇവയെല്ലാം മനുഷ്യന്റെ ആദർശങ്ങളാണ്. സ്വതചിന്തകളുടെയും മനുഷ്യസ്നേഹികളുടെയും എക്കാലത്തെയും മിദ്രാവാക്യങ്ങൾ.

വിശാലമായ അർത്ഥത്തിൽ, പ്രസ്തുത ആദർശങ്ങളെല്ലാം മാനവതാവാദത്തിന്റെ മൗലികതത്വങ്ങളാണ്. ഇവിടെവെച്ചാണ് വിവിധ ചിന്താപ്രസ്ഥാനങ്ങളിൽ ഭിന്നതകൾ ഉടലെടുക്കുന്നത്. ഈ ആദർശങ്ങളെ വ്യഖ്യാനിക്കാനും അവ സാക്ഷാൽക്കരിക്കാനുള്ള മാർഗങ്ങൾ അവതരിക്കാനുമുള്ള ശ്രമത്തിൽ ഒരോ പ്രസ്ഥാനവും ഓരോ പാത സ്വികരിക്കുന്നു: മതങ്ങൾ മനുഷ്യവർഗത്തെ പ്രപഞ്ചോൽപത്തിയുമായി ബന്ധപ്പെടുത്തുന്നു. തത്വചിന്ത ജീവിതത്തെ ഭരിക്കുന്ന പ്രാജ്ഞാനിയമങ്ങളെ വെളിപ്പെടുത്തുന്നു. പാശ്ചാത്യൻ ബുർഷാ തിബറിസം , അധികാരവും പുരോഗതിയും ശാസ്ത്രവികാസവും കൈവരിക്കാൻ, ഉല്പാദനരംഗത്ത് വ്യക്തിസ്വാതന്ത്ര്യവും മൽസരവും ഉയർത്തിപ്പിടിക്കുന്നു. മാർക്സിസം, ഇതേലക്ഷ്യഹ്ങൾ കൈവരിക്കാൻ, പൊതുതുവുടമാസന്വ്രതായവും ഭരണവും

മുന്നോട്ട് വെക്കുന്നു സൂഫിസം, ആത്മീയവികാസവും ബൗദ്ധികമായ സ്വയം പര്യാപ്തതയും കൈവരിക്കാനും ബൗദ്ധികാവശ്യങ്ങളുടെ ബന്ധനത്തിൽ നിന്ന് ആത്മാവിനെ മോചിപ്പിക്കാനും, ആത്മാവിലേക്ക് തിരിയുന്നു. പ്രകൃതി വാദം, ഇതേലക്ഷ്യങ്ങൾ കൈവരിക്കാൻ, ഭൗതികഗുനങ്ങൾക്കൊത്ത് നീങ്ങുന്നു.

ഈ സനാതനാദർശങ്ങൾ സാക്ഷാത്ക്കരിക്കാൻ ഇസ്ലാമും മാർക്സിസവും മുന്നോട്ട് വെക്കുന്ന ഭിന്നവും വിരുദ്ധവുമായ മാർഗങ്ങൾ പരിശോധിക്കുന്നതിന്റെ മുമ്പ്, ഇസ് ലാമും മാർക്സിസവും തമ്മിലുണ്ടെന്ന് പറയപ്പെടുന്ന സാദൃശ്യങ്ങളുടെ നിജസ്തിഥിയെന്തെന്ന് പ്രതിപാദിക്കേണ്ടതുണ്ട് . മറ്റു പ്രത്യയശാസ്ത്രങ്ങളെ മാറ്റിനിർത്തി മാർക്സിസത്തെ മാത്രം തിരഞ്ഞെടുത്തതെന്തെന്ന് മനസ്സിലാക്കാനും ഇതാവശ്യമാണ്: ഇസ്ലാമും മാർക്സിസവും പരസ്പരവിരുദ്ധമായ രണ്ട് സമഗ്ര പ്രത്യയശാസ്ത്രങ്ങളാണ്. സാധർമ്യങ്ങളെന്ന് കരുതപ്പെടുന്ന അതേ കാര്യങ്ങളുടെ അടിസ്ഥാനത്തിൽതന്നെ ഇത് തെളിയിക്കാനാവും. രണ്ടും സമഗ്രമാണെന്നത് മാത്രമാണ് അവക്കിടയിലെ സമാനത.

ഇതരപ്രത്യയശാസ്ത്രങ്ങൾ ഏറിയകൂറും ഭാഗികമാണ്. അതായത്, അവയുടെ അടിസ്ഥാനം മനുഷ്യജീവിതത്തിന്റെ ഏതെങ്കിലും ഒരു രംഗം മാത്രമായിരിക്കും. ഭൗതികവാദവും പ്രതിവാദവും വിഹരിക്കുന്നത് മുഖ്യമായും തത്വചിന്തയിലാണ്. ഇവയുടെ അനുയായികൾക്ക് ഇതരമേഖതകളിൽ-രാഷ്ട്രിയം, ധനശാസ്ത്രം, സദാചാരം, സാമൂഹികശാസ്ത്രം നരവംശശാസ്ത്രം, ചരിത്രവിജ്ഞാനം എന്നീ മേഖലകളിൽ-യഥേഷ്ടം വിഹരിക്കാം. അവർക്ക് ഇടത്പക്ഷത്തോ വലത്പക്ഷത്തോ നിലയുറപ്പിക്കാം; ചരിത്രം വ്യവസ്ഥാപിതവും ശാസ്ത്രിയവുമാണെന്നോ അവ്യവസ്ഥാപിതവും അശാസ്ത്രിയവുമാണന്നോ വാദിക്കാം; മനുഷ്യൻ സവ്ശേഷമായ ആത്മീയസത്തയുടെ ഉടമയാണെന്നോ പ്രകൃതിയുടെയോ സംസ്ക്കാരത്തിന്റെയോ ഉൽപാദനോപകരണങ്ങളുടെയോ ഉൽപ്പന്നമാണെന്നോ സിദ്ധാന്തിക്കാം. ഇന്നത്തെ അസ്തിത്വവാദികളുടെയും അവസ്ഥ. ഒരു അസ്തിത്വവാദി വിശ്വാസിയോ അവിശ്വാസിയോ ആകാം.; ഫാഷിസ്റ്റോ ജനാധിപത്യവാദിയോ ആകാം; ഭക്തനോ ദൈവനിഷേധിയോ ആകാം മതങ്ങൾക്കും ഇത് ബാധകമാണ് . മനുഷ്യനും അദൃശ്യനായ ദൈവവും തമ്മിതുള്ളബന്ധമാണവയുടെ അടിസ്ഥാനം . മതങ്ങളുടെ വിധി വിലക്കുകൽ ഉടലെടുക്കുന്നത് ഈ ബന്ധത്തെ ക്രമീകരിക്കാനള്ള ആഗ്രഹത്തിൽ നിന്നോ, മതാനുയായികളുടെ സവിശേഷമായ ജീവിതവും സ്വഭാവവും കാത്ത് സൂക്ഷിക്കുന്നധാർമികവും പ്രബോധന പരവുമായ മൂല്ല്യങ്ങളിൽ നിന്നോ ആണ്.

എന്നാൽ ഇസ്ലാമും മാർക്സിസവും മനുഷ്യന്റെ ജീവിതത്തിന്റെയും ചിന്തയുടെയും സർവ്വമാനങ്ങളും സ്പർശിക്കുന്ന രണ്ട് പ്രത്യയശാസ്ത്രങ്ങളാണ്. അതായത്, ഓരോന്നിനും തനതായ പ്രപഞ്ചശാസ്ത്രവും സദാചാരവും സാമൂഹികഘടനയും ചരിത്രദർശനവും ഭാവിസങ്കൽപവും മാനവസങ്കൽപവുമുണ്ട്. അവയുടെ പ്രചാരണത്തിനും പ്രത്യേകരീതികളുണ്ട്.

ഇസ്ലാമിന്റെയും മാർക്സിസത്തിന്റെയും സത്താവിജ്ഞാനീയഹ്ങളും പ്രപഞ്ചശാസ്ത്രങ്ങളും പരസ്പരവിരുദ്ധങ്ങളാണ്. മാർക്സിസം ഭൗതികവാദത്തിലധിഷ്ഠിതമാണ് ഭൗതികവാദത്തിൽനിന്ന് ജന്മമെടുക്കുന്നവയാണ് അതിന്റെ സാമൂഹികശാസ്ത്രവും നരവംശശാസ്ത്രവും സദാചാരവും ജീവിതദർശനവുമോക്കെ, മാർക്സിസ്റ്റ് പ്രപഞ്ചം അഥവാ ഭൗതിക വാദത്തിലധിഷ്ഠിതമായ പ്രപഞ്ചം , മാർക്സ് പറഞ്ഞത്പോലെ, "ഹൃദയശൂന്യവും ആത്മാവില്ലാത്തതുമായ" ഒരുലോകമാണ്. അവിടെ മനുഷ്യന് "യഥാർഥ"സത്തയില്ല.

എന്നാൽ,'ഇസ്ലാമിക പ്രപഞ്ചശ്സ്ത്രത്തിന്റെ അടിസ്ഥാനം അദൃശ്യത്തിലുള്ള വിശ്വാസമാണ്. ഇന്ദ്രിയങ്ങൾക്കും ബൗദ്ധികവും അനുഭവസിദ്ധവുമായഅറിവുകൾക്കും ഗ്രഹിക്കാൻ കഴിയുന്ന പ്രകൃതിയിലെ ഭൗതികപ്രതിഭാസങ്ങൾക്കപ്പുറത്തെ അജ്ഞാതയാഥാർത്യമാണ് 'അദൃശേയലോകം" യാഥാർത്യത്തിന്റെ സർവ്വോന്നത ശേണിയാണത്; ഈ ലോകത്തിലെ സർവ ചലനങ്ങളുടെയും നിയമങ്ങളുടെയും പ്രതിഭാസങ്ങളുടെയും കേന്ദ്രബിന്ദുവും.

അദൃശ്യതോകത്തിലുള്ളവിശ്വാസം സൻമാർഗത്തിന്റെയും ഭക്തിയുടെയും ഉറവിടമാണെന്ന് വിശുദ്ദ ഖുർആൻ(2:1-2) പ്രഖ്യാപിക്കുന്നു. അസ്തിത്വത്തിന്റെ പരമാത്മാവും പരമേഛയുമാണ് ഈ അദൃശ്യലോകം ആശയത്തിൽ നിന്നാമ് ഭൗതികലോകം ഉടലെടുക്കുന്നതെന്ന് ആശയവാദം സിദ്ധാന്തിക്കുന്നു;ആശയം ബൗതികലോകത്തിന്റെ ഉൽപ്പന്നമാണെന്ന് ഭൗതികവാദവും. ഈ രണ്ട് സിദ്ധാന്തങ്ങളിൽ നിന്ന് തീർത്തും വ്യത്യസ്തമായോരു വീക്ഷണമാണ് ഇസ്ലാം പഠിപ്പിക്കുന്നത്. പദാർത്ഥവും

ആശയവും അദൃശ്യനായ പരമാത്മാവിന്റെ ഭിന്നപ്രതിഭാസങ്ങളാണെന്ന് ഇസ്‌ലാം പ്രദിപാദിക്കുന്നു. അങ്ങനെ, അത് ആശയവാദത്തെയും ഭൗതികവാദട്ടെയും ഒരുപോലെ തിരസ്കരിക്കുന്നു. അപ്രകാരം തന്നെ ആശയലോകത്തിൽനിന്നും വേറിട്ട ഒരസ്ഥിത്വം ഭൗതിക പ്രപഞ്ചത്തിനുണ്ടെന്നും, പ്രകൃതിയിൽനിന്നും സമൂഹത്തിൽനിന്നും ഉൽപാദനത്തിൽനിന്നും സ്വതന്ത്രമായ അസ്തത്വവും മഹത്വവുമാള്ളഒരു ജീവിയാണ് മനുഷ്യനെന്നും അത് പഠിപ്പിക്കുന്നു.

ഫോയർബാക്കിനെയും മറ്റു മാനവതാവാദികളെയും പോലെ മാർക്സും മാനവവിമോചനത്തെപ്പറ്റിയാണ് സംസാരിച്ചത്. ജീവവിതമെന്ന സാമ്പത്തികാസ്തിത്വത്തിൽനിന്നും, ധൈഷണികവും രാഷ്ട്രീയവുമായ അന്യവൽക്കരണത്തിൽനിന്നും മനുഷ്യനെ മോചിപ്പിക്കാനദ്ദേഹം ശ്രമിച്ചു. വിഭാഗീയ വിശേഷവൽക്കരണങ്ങളെ ഉന്മൂലനം ചെയ്ത് ഐക്യം പുനസ്ഥാപിക്കാനും മാനവതയെ അതിന്റെ മൂല്യങ്ങളിലേക്കും ആത്മചൈതന്യത്തിലേക്കും തിരിച്ചുകൊണ്ടുവരാനും, അതിന് ആത്മബോധവും ആത്മനിയന്ത്രണവും സ്വാശ്രയത്തവും നേടിയടെക്കുവാനും അദ്ദേഹം ശ്രമിച്ചു. എന്നാൽ, അദ്ദേഹത്തിന്റെ പ്രപഞ്ചശാസ്ത്രത്തിൽ അചേതനവും ബോധരഹിതവുമായ പദാർത്ഥത്തിന്റെ സംഘട്ടനങ്ങളല്ലാതെ മറ്റൊന്നും കാണുന്നില്ല. അങ്ങനെ, സ്വന്തം പ്രത്യശാസ്ത്രത്തിലൂടെ പ്രകീർത്തിച്ച് അതേ മനുഷ്യനെത്തന്നെ അദ്ദേഹം പദാർത്ഥത്തിന്റെ ഗർത്തത്തിലേക്ക് തള്ളിവിടുന്നു !

യഥാർത്ഥത്തിൽ, മാനവദാവാദത്തെ സംരക്ഷിക്കാൻ ശ്രമിക്കുന്ന ഭൗതികവാദികളായ എല്ലാ ചിന്തകരും അനുഭവിച്ച വൈരുധ്യങ്ങൾ തന്നെയാണ് മാർക്സും നേരിട്ടത്. അസ്തിത്വത്തിന്റെ അടിസ്ഥാനം പദാർത്ഥം മാത്രമാണെന്ന് വാദിക്കുക. അതോടൊപ്പം, മാനവദാവാദികളെന്ന നിലയിൽ, മനുഷ്യന്റെ സർഗഗുണങ്ങളെ ഉയർത്തിപ്പിടിക്കുകയും ചെയ്യുക. ഇതാണ് ഭൗതികവാദികളായ മാനവതാവാദികളുടെ നില. അവിടെ സ്വാഭാവികമായും അവർ ആശയാകാലുഷ്യത്തിലാണ്. അറിഞ്ഞോ അറിയാതെയോ ഒരു തരം ദ്വൈതവാദമാണ് അവർ വെച്ച് പുലർത്തുന്നത്.

ആശയവാദികളായ മാനവതാവാദികളും വിഷമത്തിലാണ്. ബാഹ്യലോകത്തിന്റെ വാസ്തവികത്വത്തെ നിഷേധിക്കുകയും മനുഷ്യബുദ്ധിയുടെ അടിസ്ഥാനത്തിലുള്ള ആശയത്തിന് പ്രാധമ്യം കൽപിക്കുകയും ചെയ്യുന്നവർ മാനവതാവാദത്തെ ഉയർത്തിപ്പിടിക്കുന്നതിൽ അൽഭുമില്ല. എന്നാൽ, ഭൗതികപ്രപഞ്ചത്തിന്റെ വാസ്തവികത്വത്തെയും വസിതുവുനെയും ആശയത്തെയും സമന്വയിക്കുന്ന ശാസ്ത്രത്തെയും നിഷേധിക്കുന്നതിലൂടെ അവർ ചെയ്യുന്നതെന്താണ്? സത്യാസത്യങ്ങളെയും ജ്ഞാനാജ്ഞാനങ്ങളെയും നന്മ തിന്മകളെയും വിവേചിച്ചറിയാൻ ഒരു മാനദണ്ഡവുമില്ലാത്ത ഏതോ വിഷാദലോകത്ത് പ്രതിഷ്ഠിക്കപ്പെട്ട മനസ്സിന് വേണ്ടി അവർ അടിസ്ഥാന ജീവിയായ മനുഷ്യനെ കൈവിടുന്നു! പുരാതനഗ്രീസിലെ വിദണ്ഢവാദികളെപ്പോലെ ഇവരും അവസാനം ചെന്നെത്തുന്നത് അഹം കേന്ദ്രീകൃതത്വത്തിലാണ്.

ചുരുക്കത്തിൽ മാർക്സിസ്റ്റ് മാനവതാവാദത്തിൽ മനുഷ്യൻ ഒരു ഒരു ഭൗതികവസ്തുവായി മാറുന്നു: ആശയവാദപരമായ മാനവതാവാദത്തിൽ ഒരു ആത്മജീവിയായും. എന്നാൽ, ഇസ്‌ലാം ഏക ദൈവത്വത്തിലൂടെ, പ്രകൃതിയും മനുഷ്യനും ദൈവവും തമ്മിലുള്ള വൈരുധ്യങ്ങൾ പരിഹരിക്കുന്നു. മനുഷ്യന്റെ ആത്മീയ നിഷ്ഠതയും ഭൗതികപ്രപഞ്ചവും ഒരേ ഒരു പരമോന്നതസത്തയുടെ വ്യത്യസ്ത പ്രതിഭാസങ്ങൾ മാത്രമാണെന്നും അത് ഉണർത്തുന്നു. അങ്ങനെ ആശയവും പദാർത്ഥവും തമ്മിലും മനുഷ്യനും പ്രപഞ്ചവും തമ്മിലുമുള്ള വൈരുധ്യങ്ങൾ അതിവർത്തിക്കപ്പെടുന്നു. മാനവസത്തയുടെ യഥാർത്ഥ്യവും ഭൗതികപ്രപഞ്ചത്തിന്റെ വാസ്തവികവും രണ്ട് വ്യത്യസ്ത അടിസ്ഥാനങ്ങളാണെന്ന അംഗീകരിക്കുന്നതോടൊപ്പം തന്നെ, അവയ്ക്കിടയിൽ ഭൗതികവും സത്താപരവുമായ ഒരു ബന്ധം സ്ഥാപിക്കുന്നതിലൂടെ, അവയുടെ സ്രോതസ്സ് ഏകമാണെന്ന് പഠിപ്പിക്കുകയാണ് ഇസ്‌ലാം.

മതത്തിന്റെ അന്യവൽക്കരണ പ്രഭാവത്തെ സിദ്ധാന്തം ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം തീർത്തും അപ്രസക്തമാണ്. മാത്രമല്ല, നേരെമറിച്ചാണ് സത്യം. ദൈവത്തിന്റെ മുന്നിൽ സ്വയം അന്യവൽക്കരിക്കപ്പെട്ട മനുഷ്യന് പകരം, ഇസ് ലാമിനെ മനുഷ്യൻ ദൈവവുമായുള്ള ബന്ധത്തിൽ ആത്മബോധം കൈവരിക്കുന്നു! ഫോയർബാക്കിന്റയും മാർക്സിന്റെയും ന്യായവാദപ്രകാരം, മനുഷ്യന്റെ വ്യാജനിർമിതിയും അവന്റെ തന്നെ പ്രകൃതിയുടെ പ്രകടനവുമാണല്ലോ ദൈവം. മനുഷ്യൻ തന്റെ അടിസ്ഥാനമൂല്യങ്ങളെയും ശക്തികളെയും സ്വർഗത്തിൽ കുടിയിരുത്തുകയും പിന്നീടവയെ സർവാതിശായിയായ ഒരു ദൈവമാക്കുകയുമാണ് ചെയ്തതെന്ന് മാർക്സ് സിദ്ധിക്കുന്നു. യഥാർത്ഥത്തിൽ മനുഷ്യൻ തന്റെ ആരാധ്യദൈവത്തിൽ അധ്യാരോപിക്കുന്ന വിശിഷ്ടഗുണങ്ങളൊക്കെ അവന്റേത് മാത്രവും അവനിൽ തന്നെയുള്ളതുമാണെന്നും അദ്ദേഹം വാദിക്കുന്നു.

മാർക്സിന്റെ "അന്യവത്ക്കരണവാദം" അംഗീകരിക്കുന്നവർ ഫലത്തിൽ അതിനെ നിരാകരിക്കുക യാണ്. കാരണം മനുഷ്യൻതന്നെ ദൈവം എന്ന് വന്നാൽ, ദൈവാരാധന നരപൂജയായിരിക്കും: മനു ഷ്യൻ, ദൈവത്തിലൂടെ അന്യവൽക്കരിക്കപ്പെടുന്നതിന് പകരം, തന്നിലൂടെ തന്നെ അന്യവൽക്കരി ക്കപ്പെടും.

മാത്രമല്ല, മനുഷ്യന്റെ ആത്മബോധം തന്നെയല്ലേ ഒരർത്ഥത്തിൽ "മാനവതാവാദം"? എങ്കിൽ, ഭൗതി കവാദവും മൃഗീയവിസനകളും ധർമച്യുതിയും നിരന്തരം ഭീഷണികളുയർത്തുന്ന ഒരു ഭൗതികലോ കത്തിൽ മനുഷ്യൻ സ്വന്തം സർവാധീതമായ ആത്മീയമൂല്യങ്ങളെയായിരിക്കും ആരാധിക്കുക! അങ്ങന, മാർക്സിന്റെ ഏറ്റവും കടുത്തമതവിമർശനം തന്റെതന്നെ നിഗമനങ്ങളെ തകിടം മറിക്കു ന്നു.

ദൈവാരാധനയുടെ വികസിതവും ബോധവത്തുമായരൂപം, മനുഷ്യന്റെ പ്രാമുഖ്യം നിഷേധിക്കു കയോ അവനെ അന്യവത്ക്കരിക്കുകയോ ചെയ്യുന്നതിനു പകരം, മനുഷ്യനെ അടിസ്ഥാന ജീവി യായി പരിഗണിക്കുകയും മാനുഷികമൂല്യങ്ങളെ ഉദാത്തീകരിക്കുകയും വിശിഷ്ടവും സാർത്ഥക വുമായ മാനവതാവാദത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. ഇതാണ് ഇസ്‌ലാമിന്റെ വീക്ഷണം.

കാത്തോലിക്കാമതത്തിൽ മനുഷ്യൻ ദൈവത്തിന്റെ പൂർവനിശ്ചയത്തിന് വിധേയനാണ്. നശ്വരനായ മനുഷ്യൻ അനശ്വരനായദൈവത്തിൽ "വിലയം" പ്രാപിക്കുന്നുവെന്നാണ് സൂഫികളുടെ പക്ഷം. രണ്ടായാലും ദൈവത്തിനും മനുഷ്യനുമിടയിലുള്ള വൈരുധ്യമാണ് പ്രകടമാകുന്നത്. എന്നാൽ ഇസ്‌ലാമിന്റെ നിലപാട് മറ്റൊന്നാണ്. ദൈവം മനുഷ്യന് സ്വാതന്ത്ര്യവും വിവേചനാധികാരവും സ്വന്തമായ ഭാഗധേയവും നൽകിയിട്ടുണ്ട്. അതിനാൽ ഭൗതികവാദമോ അന്ധമായ വിധിവിശ്വാ സമോ അവനെ ബന്ധിക്കുന്നില്ല.

ദൈവത്തിന്റെ സ്വർഗത്തിൽവെച്ച് തന്നെയായിരുന്നുവല്ലോ ആദം ദൈവികകൽപന ധിക്കരിച്ചത്. മനുഷ്യന്റെ സ്വാതന്ത്ര്യവും വിവേചനാധികാരവും അവനെ പ്രകൃതിയിൽ ദൈവത്തിന്റെ പ്രതിനിധി യാക്കുന്നു. മനുഷ്യൻ ദൈവപ്രോക്തമായ ഈ പദവിയിലേക്ക് ആദ്യമായി ഉയർന്നപ്പോൾ അവന്റെ മുമ്പിൽ പ്രണമിക്കാൻ എല്ലാ മാലാഖമാരോടും ദൈവം കൽപിക്കുകയും, പ്രകൃതിയിലെ സർവശ ക്തികളെയും അവന് കീഴ്പ്പെടുത്തുകയും ചെയ്തു. എന്നാൽ ഭൗതികവാദികളുടെ പ്രപഞ്ചവീക്ഷ ണത്തിന്, അവർമനുഷ്യനെ ദൈവമാക്കാൻ ശ്രമിച്ചിട്ടും, ഇസ്‌ലാമിന്റെ ഈ വീക്ഷണം ഉൾക്കൊള്ളാൻ മാത്രം വിശാലതയില്ലെന്ന് പറയട്ടെ.

ഇസ്‌ലാമിന്റെ പ്രപഞ്ചവീക്ഷണത്തിൽ മനുഷ്യൻ രണ്ട് ധർമങ്ങളാണ് നിർവഹിക്കുന്നത്. പ്രകൃതിയു മായുള്ള ബന്ധത്തിൽ അവൻ പ്രകൃതിയെ നിർണയിക്കുന്ന ഇഛയാണ് ദൈവവുമായുള്ള ബന്ധ ത്തിൽ ദൈവത്തിന്റെ ഭൂമിയിലെ പ്രതിനിധിയും. മാർക്സ് പറഞ്ഞ "മതപരമായ വേദന" ഖുർആനി കാധ്യപനങ്ങൾക്ക് എത്രത്തോളം അന്യമാണെന്ന് ഇത് വ്യക്തമാക്കുന്നു.

ആരാധനയുടെയും അനുസരണത്തിന്റെയും തത്വത്തിലന്തർഭവിച്ച ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധമാണ് ദൈവത്തെ വെറുക്കാൻ മാർക്സിനെ പ്രേരിപ്പിച്ച മുഖ്യഘടകം. അജ്ഞരും അന്ധവിശ്വാസികളുമായ ജനങ്ങൾക്കിടയിൽ നിലനിന്നിരുന്ന വികലമായ ആരാധനാനുഷ്ഠാനങ്ങളുടെ അടിസഥാനത്തിൽ, ദൈവാരാധന മനുഷ്യന്റെ ദുരിതത്തിന്റെയും വേദനയുടെയും അന്യത്വത്തിന്റെയും പ്രകടനം മാത്രമാണെന്ന നിഗമനത്തിലെത്തുകയായിരുന്നു അദ്ദേഹം. എന്നാൽ തീർത്തും ഭിന്നവും വിരുദ്ധവുമായ നിലപാടാണ് ഇസ്‌ലാമിനുള്ളത്. മനുഷ്യവർഗത്തിൽ അന്തർലീനമായ ദിവ്യപ്രകൃതിയുടെ വികാസത്തിനും പൂർണതക്കും ആരാധന അനുപേക്ഷ്യമാണെന്ന് അത് വിശദീകരിക്കുന്നു. "എന്റെ ദാസാ, എന്നെ ആരാധിക്കൂ, ഞാൻ നിന്നെ എന്നെപ്പോലെയാക്കാം. ഇതാണ് ദൈവം മനുഷ്യനെ ഉണർത്തുന്നത്.

ഇസ്‌ലാമിന്റെ തത്വശാസ്ത്രത്തിൽ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം പരസ്പരമാണ്. ഈ ബന്ധത്തിൽ ആത്മജ്ഞാനവും ദൈവത്തെ സംബന്ധിച്ച ജ്ഞാനവും ഒന്ന്തന്നെ - അഥവാ ആത്മജ്ഞാനം ദൈവജ്ഞാനത്തിന്റെ മുന്നോടിയാണ്. ഇറാനിയൻ ദാർശനിക കവി ബായസീദ് ബിസ്താമിയുടെ വാക്കുകൾ ശ്രദ്ധികുക: "വർഷങ്ങളോളം ഞാൻ ദൈവത്തെ അന്വേഷിക്കുകയും എന്നെത്തന്നെ കണ്ടെത്തുകയും ചെയ്തു. ഇന്ന് ഞാൻ സ്വയം അന്വേഷിക്കുകയും ദൈവത്തെ കാണുകയും പെയ്യുന്നു'.

ഫോയർബാക്കിന്റെയും മാർക്സിന്റെയും സിദ്ധാന്തപ്രകാരം മനുഷ്യനാണ് ദൈവത്തെ സൃഷ്ടിച്ചത്. അവൻ സ്വന്തം മൂല്യങ്ങളെ ദൈവത്തിൽ അധ്യാരോപിക്കുകയും അവനെ ആരാധിക്കാൻ തുടങ്ങുകയും ചെയ്തു. എന്നാൽ ഇതിന്ന് കടകവിരുദ്ധമായൊരു വീക്ഷണമാണ് ഇസ്ലാമിനുള്ളത്. ദൈവം മനുഷ്യവർഗത്തെ സൃഷ്ടിക്കുകയ,ും അതിൽ സ്വന്തം മൂല്യങ്ങൾ നിക്ഷേപിക്കുകയും തുടർന്ന് അതിനെ പ്രകീർത്തിക്കുകയും ചെയ്തിരിക്കുന്നു. ചുരുക്കത്തിൽ, ദൈവത്തിലൂടെ അന്യവല്ക്കരിക്കപ്പെടുന്ന മനുഷ്യനെക്കുറിപ്പ് സംസാരിക്കുന്നതിന് പകരം മനുഷ്യനിലൂടെ അന്യവല്ക്കരികപ്പെടുന്ന ദൈവത്തെക്കുറിച്ച് സംസാരിക്കാൻ മാർക്സ് മുതിർന്നിരുന്നുവെകിൽ, ഒരുതരം ദാർശനികഹാസ്യമെന്നനിലക്കെങ്കിലും അത് അനുവാചകരിൽ കൗതുകമുണർത്തുമായിരുന്നു!

മതപരമോ മതവിരുദ്ധമോ ആയ ഏത് പ്രത്യയശാസ്ത്രവും മനുഷ്യനെന്ന പ്രശ്നത്തിന് ചുറ്റുമാണ് പ്രദക്ഷിണം വെക്കുന്നത്. ഈ ബിന്ദുവിൽ വെച്ചാണ് മാർക്സിസം ഇസ്ലാമിൽനിന്ന് എറ്റവും അകന്ന് പോകുന്നത്. ഈ അകൽച്ച പിന്നീട് നിരന്തരം വളർന്ന്കൊണ്ടിരിക്കും. രണ്ട് ഭിന്നപ്രത്യയ ശാസ്ത്രങ്ങൾക്ക് ജന്മംനല്കുകയും പ്രതിഭാസങ്ങളെ വ്യത്യസ്ഥമായി വിശദീകരിക്കുകയും ചെയ്യുന്ന പരസ്പരവിരുദ്ധമായ രണ്ട് പ്രപഞ്ചവീക്ഷണങ്ങളുടെ സ്വാഭാവികഫലമാണിത്- അങ്ങനെ, രാഷ്ട്രീത്തിലും ധനശാസ്ത്രത്തിലും സദാചാരത്തിലും സാമുഹിക ശാസ്ത്രത്തിലുമെല്ലാം ഇസ്ലാമും
മാർക്സിസവും പരസ്പരവിരുദ്ധമായ വിഭാവനകളും നിലപാടുകളും വെച്ച് പുലർത്തുന്നു. ഇസ്ലാം മനുഷ്യനെ വിശദീകരിക്കുന്നതും വിലയിരുത്തുന്നതും ഏക ദൈവത്വത്തിന്റെ അടിസ്ഥാനത്തിലാണ്,. മാർക്സിസം ഉൽപാദനത്തിന്റെ അടിസ്ഥാനത്തിലും.

മനുഷ്യവർഗത്തിന്റെ സർവസനാതനമുല്യങ്ങളെയും മാർക്സ് ഉൽപാദനോ പകരണങ്ങൾക്ക് കീഴ്പ്പെടുത്തുന്നു. അതോടെ മനുഷ്യന്റെ പ്രാമുഖ്യം ഉപകരണങ്ങളുടെ പ്രാമുഖ്യമായി മാറുന്നു. തന്റെ ചില കൃതികളിൽ താൻ മനുഷ്യന് കൽപിച്ചിരുന്ന ധാർമികമൂല്യങ്ങളുടെയും മാനവികഗുണങ്ങളുടെയും നഗ്നമായ നിഷേധമാണിതെന്ന് അദ്ദേഹത്തിന്നറിയും, തീർച്ച. ഭൗതികവാദികളുടെ ദരിദ്രമായ പ്രപഞ്ചവീക്ഷണത്തിൽ ഉൽപാദനത്തേക്കാൾ ആദരണയമായി ഒന്നും തന്നെയില്ല. അങ്ങനെ മാർക്സിന്റെ കമ്യുണിസം, അത്യുദാത്തമായ ധാർമികമുല്യങ്ങളുടെയും മാനുഷികാദർശങ്ങളുടെയും അടിസ്ഥാനത്തിൽ സ്വന്തം നിലനിൽപ്പിനുള്ള സാധൂകരണം കണ്ടെത്തുകയും മാനവതാവാദത്തിന്റെ സാക്ഷാത്കാരമായി സ്വയം പരിചയപ്പെടുത്തുകയും ചെയ്യുന്നതിനിടയിൽ’ തത്വത്തിലും പ്രയോഗത്തിലും സാമ്പത്തികവാദമായി അധഃപതിക്കുന്നു.

സമ്പദ്വ്യവസ്ഥയിലുള്ള അമിതമായ ഊന്നലും ഉൽപാദനവർദ്ധനക്ക് വേണ്ടിയുള്ള വിട്ടുവീഴ്ചയില്ലാത്ത അധ്വാനവുംകാരണമായി സ്റ്റാലിനിസം ശരിയായ മാർക്സിസ്റ്റ് പാതയിൽനിന്ന് വ്യതിചലിച്ചതായി പറയപ്പെടുന്നു. എന്നാൽ ലെനിന്റെ പേരിൽ ഇത്തരം ആരോപണങ്ങളൊന്നും ഉന്നയിക്കപ്പെട്ടിട്ടില്ല. അദ്ദേഹം മാർകിസ്റ്റ്പാത സത്യസന്ധമായി പിന്തുടരുകയും ലക്ഷ്യം സാക്ഷാത്കരിക്കുകയുമാണ് ചെയതതെന്ന് എല്ലാ ആധികാരിക എല്ലാ ആധികാരിക കേന്ദ്രങ്ങളും ഐക്യകണ്ഠേനെ സമ്മതിച്ചിരിക്കുന്നു. മാർക്സ് വിഭാവനം ചെയ്ത മാതൃകാസമൂഹത്തിന്റെ - ഇതാണല്ലോ കമ്യുണിസത്തിന്റെ ആത്യന്തിക ലക്ഷ്യം - സാക്ഷാത്കാരത്തിന്റെ അടിസ്ഥാന ഉപാധി സമ്പൽസ മൃദ്ധിയാണെന്ന് പ്രഖ്യാപിച്ച്കൊണ്ട് വൻകിട വ്യവസായത്തെ സോവിയറ്റ് വിപ്ലവത്തിന്റെ മൂലശിലയാക്കുകയായിരുന്നു ലെനിൻ - ഇത് ഒട്ടും യാദൃശ്ചികമായിരുന്നില്ല- കമ്യൂണിസ്റ്റ് മാതൃകാസമുഹത്തിന്റെ സംസ്ഥാപനത്തിന്വേണ്ടി അദ്ദേഹം മുന്ന് തത്വങ്ങൾ മുന്നോട്ട്വെച്ചു.

1. വൻകിടവ്യവസായങ്ങൾക്ക് പ്രാധാന്യം നല്കിക്കൊണ്ടുള്ള വ്യവസായ വൽകരണം എത്രയും വേഗം നടപ്പാക്കുക 2. സാകേതിക വിദഗ്ധർക്കും ഉദ്യോഗസ്ഥർക്കും നേതൃത്വവും മേധാവിത്വവുമുള്ള ഒരു സാമൂഹിക ഘടനയിൽ സമൂഹത്തിലെ എല്ലാ അംഗങ്ങളെയും അതിസൂക്ഷ്മ മായി ഏകോപിച്ചിക്കുന്ന സമഗ്രമായ ആസൂത്രണം. 3. ഉൽപാദനവർദ്ധനക്ക് വേണ്ടി മൽസരത്തെ പ്രോൽസാഹിപ്പിക്കുക. അസമമായ വേതനങ്ങളും പ്രതിഫലങ്ങളും ഏർപെടുത്തിയും, സാകേതിക നൈപുണ്യമുള്ളവർക്കും ഭരണപാടവമുള്ളവർക്കും സാമ്പത്തികവും തൊഴിൽപരവുമായ പ്രചോദനങ്ങൾ നല്കിയും വ്യക്തികളിലും വിഭാഗങ്ങളിലും സ്വാർത്ഥതാൽപര്യം സൃഷ്ടിക്കേണ്ടത് ഇതിനാവശ്യമാണ്.

കമ്യൂണിസ്റ്റുകളടക്കമുള്ള എഴുത്തുകാരുടെ രൂക്ഷമായ വിമർശനത്തിന്നിരയായ "സ്റ്റാലിനിസ്റ്റ് സമ്പദ്ക്രമ" ത്തിന്റെ അടിസ്ഥാനം ലെനിന്റെ നയങ്ങളല്ലാത്ത മറ്റൊന്നുമല്ല. ലെനിനോ, കമ്യൂണിസ്റ്റ് മാതൃകാ സമൂഹത്തിന്റെ സാക്ഷാത്കാരത്തിന് മാർക്സും എംംഗൽസും അവതരിപ്പിച്ച പദ്ധതി സത്യസന്ധമായി നടപ്പാക്കുക മാത്രമായിരുന്നു!

മാർക്സിസത്തിൽ സാമൂഹികബന്ധങ്ങളുടെ അടിസ്ഥാനമായി വർത്തിക്കുന്ന നീതിയും സമത്വവും പാശ്ചാത്യൻ മുതലാളിത്ത വ്യവസ്ഥയുടെ സംസ്കാരത്തെയും മൂല്യങ്ങളെയും യാന്ത്രികത, സാകേതികവിദഗ്ധരുടെയും ഉദ്യോഗസ്ഥരുടെയും ദുഷ്പ്രഭുത്വം, സമ്പാദന മനോഭാവം, സാമ്പത്തികമൽസരം, വ്യക്തികളുടെ ലാഭേച്ഛ മുതലായവ - അവലംബിക്കുന്നതെന്ത്കൊണ്ട്? പരമാവധി സമ്പൽസമൃദ്ധി മാർക്സിസത്തിന്റെ ആത്യന്തിക ലക്ഷ്യമാകുന്നതെന്ത് കൊണ്ട്? ഈ പശ്ചാത്തലത്തിൽ, മാർക്സിസത്തിന്റെയും ബുർഷ്വാവ്യവസ്ഥിതിയുടെയും ജീവിതദർശനങ്ങൾ തമ്മിലുള്ള വ്യത്യാസമെന്തെന്ന് ചിന്തിക്കുക സ്വാഭാവികം. "മൂലധനത്തിന്റെ ഉടമ ഒരു വർഗമോ രാഷ്ട്രമോ" എന്ന തർക്കം മാത്രമാണ് അവക്കിടയിൽ ഭിന്നത സൃഷ്ടിക്കുന്നത്. അല്ലാതെ, രണ്ടു ജീവിത ദർശനങ്ങൾ തമ്മിലുള്ള, രണ്ട് പ്രപക്ഷ വീക്ഷണങ്ങൾ തമ്മിലുള്ള, വൈരുധ്യം അവക്കിടയിൽ നിലനില്ക്കുന്നില്ല തന്നെ.

മാർക്സിസം പ്രത്യക്ഷപ്പെട്ടത് പാശ്ചാത്യൻ ബൂർഷ്വാസാംസ്കാരിക പശ്ചാത്തലത്തിലാണല്ലോ. അത് കൊണ്ട് തന്നെ അത് ബുർഷ്വാസിയുടെ പ്രപഞ്ച വീക്ഷണവും മാനവദർശനവും സദാചാരവും പങ്ക്വെക്കുന്നു. സമുഹത്തിന്റെ അന്തർഘടനയെയും ഉപരിഘടനയെയും സംബന്ധിച്ച മാർക്സിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മറിച്ച് സംഭവിച്ച്കൂട. മാർക്സ്തന്നെ സമ്മതിക്കുന്നത് പോലെ, പാശ്ചാത്യൻ ബൂർഷ്വാ വ്യവസ്ഥിതിയിൽ ഒരു സമ്പദ്വ്യവസ്ഥ മാത്രമല്ല ഉള്ളത്,. പ്രത്യേക അർത്ഥവും കാഴ്ചപ്പാടും മാനവദർശനവും ജീവിത വീക്ഷണവും സദാചാരവുമുണ്ട്. ഇവയിലൂടെയാണത് മാനവികതയുടെ മുഴുവൻ വിശിഷ്ട ഗുണങ്ങളെയും ഭൗതിക ജീവിതത്തിന് കീഴ്പ്പെടുത്തുന്നത്. അതിന്റെ വീക്ഷണത്തിൽ, തിന്നാൻവേണ്ടി പണിയെടുക്കുകയും വഞ്ചിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്ന ഒരു ജീവിയാണ് മനുഷ്യൻ. അത്കൊണ്ട് പ്രൊഫ. ഗ്രിംബെർട്ട് ചോദിച്ചത്പോലെ, സമ്പൂർണമായൊരു ബൂർഷ്വാസമൂഹത്തെ പടുത്തുയർത്താൻവേണ്ടിയല്ലേ മാർക്സിസം അത്യദ്ധ്വാനം ചെയ്യുന്നത്? അതായത്, മാർക്സിസവും പാശ്ചാത്യൻബൂർഷ്വാ വ്യവസ്ഥിതിയും തമ്മിലുള്ള വ്യത്യാസം. ആദ്യത്തേത് ഒരു ബൂർഷ്വാവർഗത്തെ വളർത്തിയെടുക്കുന്നു; രണ്ടാമത്തേത് ഒരു ബൂർഷ്വാസമൂഹത്തെയും.

"വ്യവസായമത''ത്തിന്റെ സ്ഥാപകനായ സെയ്ൻറ് സൈമൺ സമൂഹത്തെ രണ്ട് വർഗങ്ങളായി വിഭജിക്കുന്നു. വ്യവസായികളുടെ വർഗവും പരാന്ന ഭോജികളുടെ വർഗവും. തൊഴിലാളികളും മുതലാളിമാരും എഞ്ചിനിയർമാരുമടങ്ങുന്നതാണ് ഒന്നാമത്തെ വർഗം. ഉത്പാദനത്തിൽ പങ്ക് വഹിക്കുന്ന ഏകവർഗം. വെറും ഉപഭോഗികളായ ബുദ്ധിജീവികൾ, എഴുത്തുകാർ, കലാകാരൻമാർ, തത്വചിന്തകർ, പുരോഹിതർ, വീരനായകൻമാർ, രാഷ്ട്രതന്ത്രജ്ഞർ, കായികാഭ്യാസികൾ, പട്ടാളക്കാർ തുടങ്ങിയവർ രണ്ടാമത്തെ വർഗത്തിൽപെടുന്നു. ഉൽപാദനത്തെ ആദർശവൽകരിക്കുകയും തൊഴിലാളികളെയും മുതലാളിമാരെയും ഒരേ വർഗത്തിൻപെടുത്തുകയും ചെയ്യുന്ന ഈ കാഴ്ചപ്പാട്, സാമൂഹിക ശാസ്ത്രപരമായി പ്രത്യക്ഷത്തിൽ മാർക്സിസത്തിനെതിരാണെങ്കിലും, മാർക്സിസ്റ്റ് മാനവദർശനത്തോട് സാജാത്യം പുലർത്തുന്നുണ്ട്.

കമ്യൂണിസ്റ്റ് ചൈനയിലുണ്ടായിരുന്ന ചെറിയ ഉരുക്കുചൂളകൾ വിപ്ലവത്തിന്റെ പ്രതീകങ്ങളായി വാഴ്ത്തപ്പെട്ടതോടെ "ജനങ്ങളുടെ വിശുദ്ധ ചൂളകളാ''യി മാറിയത് നാം കണ്ടതാണ്. സോവിയറ്റ് റഷ്യയിൽ ഒരു പ്രധാനപ്പെട്ട എഴുത്ത് കാരൻ പ്രസിദ്ധീകരിച്ച "ദ കൾട് ഓഫ് സിമെന്റ്" എന്ന പുസ്തകം ജനശ്രദ്ധ പിടിച്ച് പറ്റുകയുണ്ടായി. മനുഷ്യന്റെ സംസ്കാരവും പുരോഗതിയും സിമെന്റിനോട് മാത്രമാണ് കടപ്പെട്ടിരിക്കുന്നതെന്നും, ഇവിടെ ദൈവത്തിനോ സദാചാരത്തിനോ തത്വചിന്തക്കോ ശാസ്ത്രത്തിനോ ഒരു പ്രസക്തിയുമില്ലെന്നും ഈ പുസ്കതം അവകൃാശപ്പെടുന്നു!

എംഗൽസിന്റെയും ലെനിന്റെയും സമകാലികനായിരുന്ന പ്രശസ്ത മാർക്സിസ്റ്റ് ചിന്തകൻ

ഹഡ്വേഡ് ബെർതിന്റെ അഭിപ്രായം എറെ രസകരമാണ. ‘‘സാഷ്യലിസത്തിന്റെറ പുതിയ മുഖങ്ങൾ’’ എന്ന തന്റെ കൃതിയിൽ അദ്ദേഹം എഴുതി. ‘‘മാർക്സിസം പ്രഥമവും പ്രധാനവുമായി ഉല്പാദകരുടെ തത്വശാസ്ത്രമാണ്’’ ഇത് ശരിയാണെങ്കിൽ, അമേരിക്കൻ മുതലാളിത്തമാണ് മാർക്സിസത്തേക്കാൾ മെച്ചമെന്ന് സമ്മതിക്കാൻ നാം മടിക്കേണ്ടതില്ല. അനുഭവം അതാണ് പഠിച്ചിക്കുന്ന്.

X X X X X

കാതലായ പ്രശ്നം ഇപ്പോഴും അപരിഹാര്യമായി തുടരുന്നു. ബൂർഷ്വാസിക്കെതിരിൽ മാർക്സ് തന്റെ മാനവതാവാദവും മാനവമാഹാത്മ്യവും ഉയർത്തിപ്പിടിക്കുന്നുണ്ടല്ലോ. ഉല്പാദനപ്രാമുഖ്യത്തിൽനിന്ന് എങ്ങനെ മാനവപ്രാമുഖ്യം ഉടലെടുക്കും?

മനുഷ്യന്റെ മാനവതാവാദത്തെയും വിശദീകരിക്കാൻ മാർക്സിസവും ഇസ്ലാമും സ്വാഭാവിക മായും വ്യത്യസ്ത മാനദണ്ഡങ്ങളാണുപയോഗിക്കുന്നത്. രണ്ടു പരസ്പരം വേർപെട്ടും അകന്നും നീങ്ങുന്ന ഭിന്നവിരുദ്ധ പ്രസ്ഥാനങ്ങളാണ്. അതായത് നാം എത്രകണ്ട് മാർസ്സിസത്തോടടുക്കു ന്നുവോ അത്രകണ്ട് ഇസ്ലാമിൽ നിന്നകലുന്നു.

ലളിതമായിപ്പറഞ്ഞാൽ ഇസ്ലാം മാനവവിമോചനത്തിന്റെ തത്വശാസ്ത്രമാണ്. ‘‘അല്ലാഹുവല്ലാതെ ഒരു ദൈവവുമില്ലെന്ന് പ്രഖ്യാപിക്കുകയും തദ്വാരാ വിജയം വരിക്കുകയും ചെയ്യുക’’ - ഇസ്ലാമിന്റെ ഒന്നാമത്തെ ആഹ്വാനം. ഏകദൈവത്വം മാത്രമാണ് മാനവവിമോചനത്തിന്റെ പാത യെന്ന് ഇസ്ലാം പഠിപ്പിക്കുന്നു. ഏകദൈവത്തിലധിഷ്ഠിതമായ ഇസ്ലാമികമാനവതാവാദം അറിവി ലേക്കുയരുമ്പോൾ മാർക്സിസ്റ്റ് മാനവദാവാദം ഉൽപാദനത്തിലേക്ക് നീങ്ങുന്നു. പക്ഷെ, ഭൗതിക ലോകത്തിനന്യമായ ഒരു തരം യോകാത്മക ആശയവാദമല്ല ഇസ്ലാം. നീതിയുടെ പ്രാധാന്യത്തെ അത് നിരാകരിക്കുന്നുമില്ല.സാമ്പത്തിക പുരോഗതിയും സാമൂഹികനീതിയും ഇസ്ലാമിക സാമൂഹ്യ വ്യവസ്ഥയുടെ അടിസ്ഥാനങ്ങൾ തന്നെയാണ്. ഈ അടിസ്ഥാനങ്ങൾ മാനവവിമോചനത്തിന്റെ മൂന്നുപാധികളാണ് - അവമനുഷ്യനെ ദാരിദ്രത്തിൽനിന്നും അന്യായമായ വിമോചനത്തിൽനിന്നും മോചിപ്പിക്കുകയും, ധാർമികവും ആത്മീയവുമായ വികാസത്തിലൂടെ, സ്വന്തം ദിവ്യപ്രകൃതിയെ വെളിപ്പെടുത്താൻ സഹായിക്കുകയും ചെയ്യുന്നു. ഇത് ഇസ്ലാമിക ജീവദർശനത്തിന്റെ പരമപ്രധാന മായ വശമാണ്.

മാർക്സിസത്തിന്റെ സ്വയം ഖണ്ഡനങ്ങളുടെ കൂട്ടത്തിൽ ഏറ്റവും പ്രകടമായ, എന്നാൽ വളരെ വിരളമായി മാത്രം ശ്രദ്ധിക്കപ്പെടുന്ന, ഒരു വൈരുധ്യത്തെ ഇവിടെ പരിശോധിക്കാം. ഒരേ സമയം മനുഷ്യമനസ്സുകളെ ആകർഷിക്കാനും, സ്വയം പ്രഖ്യാപിത ലക്ഷ്യങ്ങളെ സാക്ഷാത്കരിക്കുന്നതിൽ പരാജയപ്പെടാനും മാർക്സിസത്തെ പ്രേരിപ്പിച്ച മുഖ്യഘടകമാണ് ഈ വൈരുധ്യം.

ഇത്തരമൊരു വൈരുധ്യത്തെ അംഗീകരിക്കാത്ത ബുദ്ധിജീവികളുണ്ട്. അവരുടെ ദുർബലമായ ന്യായവാദം ഇതാണ്: മാർക്സിസവും മാർക്സിസ്റ്റ് ഭരണകൂടവും തമ്മിൽ, അഥവാ ആത്മനിഷ്ഠ മാർക്സിസവും വസ്തുനിഷ്ഠമാർക്സിസവും തമ്മിൽ അനിവാര്യമായ വ്യത്യാസമുണ്ട്. മാർക്സി സിന്റെ അടിസ്ഥാനത്തിൽനിന്ന് വ്യതിചലിച്ചതുകൊണ്ടാണ് ഈ ഭരണകൂടങ്ങൾക്ക് മാർക്സിസ്റ്റ് ആചാര്യന്മാർ വിഭാവന ചെയ്തലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ കഴിയാതിരുന്നത്. തിരു ത്തൽവാദം, വ്യക്തിപൂജ, ദേശീയവാദം, ബൂർഷ്വാവത്ക്കരണം, സഹകാരിത്വം, ചിറ്റോയിസം, സ്റ്റാലി നിസം, മാവോയിസം - വ്യതിയാനങ്ങളുടെ പട്ടിക നീണ്ടതാണ്.

യഥാർത്ഥത്തിൽ പ്രത്യശാസ്ത്രത്തിന്റെ സ്രോതസ്സിൽ തന്നെയാണ് വൈരുധ്യമുള്ളത്. ഇത് ലക്ഷ്യവും മാർഗവും തമ്മിലുള്ള വഗുധ്യമാണ്. മാർക്സിസ്റ്റ് തത്വശാസ്ത്രത്തിലെ മനുഷ്യനും മാർക്സിസ്റ്റ് സാമൂഹ്യ ശാസ്ത്രത്തിലെ മനുഷ്യനും തമ്മിലുള്ള വൈരുധ്യം.

മുതാലാളിത്തത്തെയും ബൂർഷ്വാസംസ്കാരത്തെയും രൂക്ഷമായി വുമർശിക്കുകയും മാനവസ്വാത ന്ത്ര്യത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്യയുമ്പോൾ മാർക്സ് ശുദ്ധ ആദർശവാദിയും ധർമോപദേശി യുമായി മാറുന്നു. സ്വകാര്യസ്വത്ത്, കൂലിസമ്പ്രദായം, പണമൂല്യം, കിടമൽസരം എന്നിവയുടെ അടി സ്ഥാനത്തിൽ നിലനിൽക്കുന്ന മുതലാളിത്തവ്യവസ്ഥിതി ഉദാത്തമായ മാനവസത്തയെ ദുഷിപ്പിക്കു കയും ഉൽകൃഷ്ടമായ മാനമൂല്യങ്ങളുടെ സ്ഥാനത്ത് അപകൃഷ്ഠമൂല്യങ്ങളെ പ്രതിഷ്ഠിക്കുകയും

ചെയ്യുന്നതായി അദ്ധേഹം ആരോപിക്കുന്നു.തന്റെ ഭൗതികവാദത്തെ മാനവതയുമായി ബന്ധപ്പെടുത്തിവിശദീകരിക്കുമ്പോഴും അദ്ദേഹം സരോപദേശിയായി മാറുന്നുണ്ട്. കമ്യൂണിസത്തിന്റെ അടിസ്ഥാനം ഭൗതികമാണെന്നിരിക്കട്ടെ അനിവാര്യത സ്ഥാപിക്കുമ്പോൾ അദ്ദേഹം ഭൗതികവാദത്തിന് നൽകുന്ന ഗുണവിശേഷങ്ങൾ മതപരമാണ്, ചുരുങ്ങിയത് നീതിശാസ്ത്രമാണെന്ന് പറയുന്നതിൽ തെറ്റില്ല. തന്റെ സാമൂഹികശാസ്ത്രത്തെ മാർക്സ് ഇപ്രകാരം ആദർശവൽക്കരിക്കുന്നു: "മനുഷ്യൻ ജന്മനാ നല്ലവനാണ്. ബുദ്ധിയും സംവേദനത്തവും ഗ്രഹണശക്തിയും എല്ലാ മനുഷ്യരുടെയും പൊതുവായ ഗുണവിശേഷങ്ങളാണ്. ആസ്വദിക്കാനുള്ള അവകാശവും എല്ലാവർക്കുമുണ്ട്. ഇതാണ് ഭൗതികവാദത്തിന്റെ വീക്ഷണം. അതിനാൽ, ഭൗതികവാദത്തിന് കമ്യൂണിസത്തോടും സോഷ്യലിസത്തോടുമുള്ള സത്താപരമായ ബന്ധം മനസ്സിലാക്കാൻ വലിയ ഉൾക്കാഴ്ചയൊന്നും ആവശ്യമില്ല." അത്പോലെതന്നെ, മാനവതയ്ക്കും തൊഴിലാളി വർഗത്തിനും വേണ്ടി ന്യായാവാദം നടത്തുമ്പോൾ മാർക്സ് ഒരു ക്രിസ്ത്യാനിയുടെ ശൈലി സ്വീകരിക്കുകയും, മതപരവും ആദർശപരവുമായ സദാചാരത്തിന്റെ സാധാരണപദപ്രയോഗങ്ങളെ യഥേഷ്ടം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. "ക്രൈസ്തവതയുടെ സാമൂഹികനിയമങ്ങളെ അംഗീകരിക്കാത്ത തൊഴിലാളി വർഗത്തെ" അദ്ദേഹം പ്രശംസിക്കുകയും, അപ്പത്തേക്കാൾ വലുത് സ്വതന്ത്രമാണെന്ന് അവരെ ഉണർത്തുകയും ചെയ്യുന്നു. തൊഴിലാളിവർഗത്തെക്കുറിച്ച് ഇങ്ങനെ സംസാരിക്കുന്നത്, റൂസ്സോയോ ഏണസ്റ്റ് റെനാനോ സ്റ്റ്യൂവർട്ട്മില്ലോ അല്ല, സാക്ഷാൽ മാർക്സ് തന്നെയാണ്!

മനുഷ്യന്റെ അന്യത്വത്തെപ്പറ്റി സംസാരിക്കുമ്പോൾ അദ്ദേഹം ഒരു ആത്മീയവാദിയുടെ സ്വരം സ്വീകരിക്കുന്നു. മനുഷ്യന്റെ ഉൽകൃഷ്ടഗുണങ്ങളുടെയും സ്വതന്ത്രമായ ആത്മീയപ്രകൃതിയുടെയും അടിസ്ഥാനം അവന്റെ പരിശുദ്ധവും സ്വാശ്രിതവുമായ സത്തയാണെന്നും അദ്ദേഹം സമ്മതിക്കുന്നു: "ഒരു തൊഴിലാളി എത്രത്തോളം സ്വന്തം പ്രവൃത്തിയിൽ വ്യാപൃതനാകുന്നുവോ അത്രത്തോളം അവൻ തന്റെ തന്നെ ലോകത്തിൽനിന്ന് അന്യവത്ക്കരിക്കപ്പെടുകയും, തന്റെ വൈയക്തികസത്വവും ആത്മീയലോകവും ദരിദ്രമായിത്തീരുകയും ചെയ്യുന്നു. മതത്തെസംബന്ധിച്ചും ഇത് പൂർണ്ണമായും ശരിയാണ്. മനുഷ്യവർഗം എത്ര കണ്ട് ദൈവത്തിന്റെ മുമ്പിൽ സ്വയം സമർപ്പിക്കുന്നുവോ അത്രകണ്ട് സ്വയം നഷ്ടപ്പെടുന്നു". ഇവിടെ അദ്ദേഹം ഒരു ഭൗതികലോകവും ആത്മീയലോകവും, സത്തയയും പരിസ്ഥിതിയും വേർതിരിച്ച് കാണുന്നുണ്ട്. പക്ഷെ, അദ്ദേഹത്തിന്റെ വീക്ഷണം വിപര്യയക്രമത്തിലാണെന്ന് മാത്രം. ഒരു സ്വതന്ത്രമാനവതാവാദത്തെത്തന്നെയാണ് അദ്ദേഹം ഉയർത്തിപ്പിടിക്കുന്നത് മാർക്സിന്റെ തന്നെ ഭാഷയിൽ "ദൈവത്തിൽനിന്നും പ്രകൃതിയിൽനിന്നും സമൂഹത്തിൽനിന്നും സ്വതന്ത്രവും സ്വാശ്രിതവുമായ മനുഷ്യപ്രകൃതിയെ". മതത്തെ വിമർശിക്കുമ്പോൾ അദ്ദേഹം മനുഷ്യനെ കൂടുതൽ ഉയർത്തിവെക്കുന്നു. മനുഷ്യൻ ഇവിടെ ഒരു വിശുദ്ധജീവിയായി, ഒരു വേള സൃഷ്ടാവ് തന്നെയായും ഉയരുന്നു. ദൈവമാകട്ടെ പാവനവും സനാതനവുമായ ധാർമികമൂല്യങ്ങളുടെ ആവിഷ്കാരമാണ്; അഥവാ വിശുദ്ധവും സർവാധീതവുമായ മാനവസത്തുടെ പ്രകാശനമാണ്.

ഉൽകൃഷ്ടഗുണങ്ങളുടെയും സനാതനമൂല്യങ്ങളും നിറഞ്ഞ ഒരു അസ്ഥിത്വമാണ് മാർക്സും ഏംഗൽസും തങ്ങളുടെ കൃതികളിൽ മനുഷ്യവർഗത്തെ പരിചയപ്പെടുത്തുന്നത്. മനുഷ്യൻ സ്വതന്ത്രനും ചിന്തിക്കാനും, സ്വാഭിപ്രായപ്രകാരം പ്രവർത്തിക്കാനും കഴിവുള്ളവനുമാണ്. പ്രകൃതിയിലും, ചരിത്രത്തിലുമുള്ള ഭൗതികമായ കാര്യകാരണത്വത്തിനുപരിയായി വർത്തിക്കുന്ന ഒരു സ്വതന്ത്രേഛയും. അഭിമാനബോധം, ധൈര്യം, സർഗാത്മകത, സഹജീവിസ്നേഹം, സ്വന്തം വിശ്വാസാദർശങ്ങൾക്ക് വേണ്ടി ജീവത്യാഗംചെയ്യാനുള്ള സന്നദ്ധത, സഹജീവികളോടുള്ള കർത്തവ്യബോധം എന്നിവ അവന്റെ സവിശേഷഗുണങ്ങളാണ്. സർവോപരി, മനുഷ്യൻതന്നെയാണ് സ്വന്തം സത്തയും പ്രകൃതിയും സൃഷ്ടിക്കുന്നത്.

ഇതാണ് മനുഷ്യനെക്കുറിച്ച് സംസാരിക്കുന്ന ദാർശനികനായ മാർക്സ് മതം, അധ്യാത്മദർശനം, ധർമശാസ്ത്രം, പതിനേഴാം നൂറ്റാണ്ടിലെ മാനവതാവാദം, പത്തൊമ്പതാം നൂറ്റാണ്ടിലെ ജർമൻ ധാർമിക സോഷ്യലിസം എന്നിവയിൽനിന്നൊക്കെ പ്രത്യക്ഷമായോ, പരോക്ഷമായോ നിർഗമിച്ച മൗലികതത്വങ്ങളുപയോഗിച്ചാണ് മാർക്സ് തന്റെ മാനവതാ വാദത്തിന് രൂപം നൽകീട്ടുള്ളത്. അദ്ദേഹം പ്രകീർത്തിക്കുന്ന മനുഷ്യൻ ഭൂമിയിലൂടെ രണ്ട്കാലിൽ നടക്കുന്ന ദൈവമാണെന്ന് പറഞ്ഞാൽ അത് അത്യുക്തിയായിരിക്കില്ല. വെറുതയല്ല, ആൻഡ്രിപീറ്റും മറ്റും മാർക്സിയൻ മാനവതാവാദത്തിലെ "ആത്മീയമനുഷ്യനെ"ക്കുറിച്ച് സംസാരിക്കുന്നത്.

എന്നാൽ ദാർശനികനായ മാർക്സ് നിശ്ശബ്ദനാകുന്നതോടെ സാമൂഹിക ശാസ്ത്രകാരനായ മാർക്സ് രംഗപ്രവേശം ചെയ്യുന്നു. തത്വശാസ്ത്രത്തിൽ ദൈവിക സിംഹാസനത്തിൽ അവരോധിക്കപ്പെട്ട മനുഷ്യൻ സാമൂഹിക ശാസ്ത്രത്തിലെത്തു മ്പോൾ നിലംപതിക്കുന്നു. തന്നെയും ചരിത്രത്തെയും ദൈവത്തെത്തന്നെയും സൃഷ്ടിച്ച, സ്വേഛക്കും സ്വാത്മബോധത്തിനും അനുരൂപമായി പ്രകൃതിയെ പരിവർത്തിച്ചിച്ച, ഈ അൽഭുത ജീവി പെട്ടെന്ന് ഉല്പാദനോപകരണങ്ങളുടെ സൃഷ്ടിയായിമാറുന്നു. ഉല്പാദനോപകരണങ്ങളാകട്ടെ, വൈരുധ്യാത്മകഭൗതിക നിയമങ്ങളുടെ അനിവാര്യഫലവും. ഉപകരണങ്ങൾ രണ്ട് തരം വസ്തുക്കളെയാണ് നിർമിക്കുന്നത്. ചരക്കുകളെയും മനുഷ്യനെയും.

ദാർശനികനായ മാർക്സിന്റെ "ദൈവമനുഷ്യനെ" സാമൂഹികശാസ്ത്ര കാരനായ മാർക്സ് "ചരക്ക്മനുഷ്യനാ"ക്കുന്നു. മനുഷ്യന്റെ ശരീരപ്രകൃതിയെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞ വാക്കുകൾ സ്വന്തം മനഃസാക്ഷിയെ അമ്പരപ്പിച്ചിരിക്കണം. "ഒരു സോഷ്യലിസ്റ്റിനെ സംബന്ധിച്ചിടത്തോളം മനുഷ്യന്റെ ശരീരപ്രകൃതിയൊഴിച്ച് മറ്റെല്ലാംതന്നെ അദ്ധ്വാനത്തിന്റെ ഉല്പന്നമാണെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. "എംഗൽസ്– "വാനരനെ നരനാക്കിയതിൽ അദ്ധ്വാനത്തിന്റെ പങ്ക്" എന്ന നിബന്ധത്തിൽ പറയുന്നു. "എല്ലാ സമ്പത്തിന്റെയും ഉറവിടം അദ്ധ്വാനമാണെന്ന് ധനശാസ്ത്രജ്ഞൻമാർ പറയാറുണ്ട്. പക്ഷെ അദ്ധ്വാനത്തിന്റെ പ്രാധാന്യം ഇത് കൊണ്ടവസാനിക്കുന്നില്ല. മനുഷ്യന്റെ നിലനിൽപുതന്നെ ആധാരമായ ഏറ്റവും പ്രധാന ഘടകമാണത്. ഒരർത്ഥത്തിൽ, മനുഷ്യനെ സൃഷ്ടിച്ചത്ത്തന്നെ അദ്ധ്വാനമാണ്. വാസ്തവത്തിൽ, വാനരനെ നരനാക്കിയത് അദ്ധ്വാനമാണ്. മനുഷ്യന്റെ പണിയായുധങ്ങളാണ് അദ്ധ്വാനത്തിന്റെ രീതി. അഥവാ സമൂഹത്തിന്റെ അന്തർഘടന നിർണയിക്കുന്നത്. സാമൂഹികവ്യവസ്ഥ, ഉടമാവകാശം, നിയമവ്യവസ്ഥ ഭരണകൂടം, മതം, തത്വശാസ്ത്രം, കലാസാഹിത്യങ്ങൾ, സദാചാരം, പ്രത്യയശാസ്ത്രം, സംസ്കാരം എന്നിവ അദ്ധ്വാനത്തിന്റെ രീതിക്കനുസൃതമായും അതിന്റെ ഉൽപന്നങ്ങളായും രുപംകൊള്ളുന്നു.''

അപ്പോൾ, പ്രത്യയശാസ്ത്രം, സംസ്കാരം, സദാചാരം എന്നിവയുടെ സമുച്ചയമായ മാനവസത്ത അദ്ധ്വാനത്തിന്റെ രീതിയുടെ ഉപരിഘടനയും ഉല്പന്നവുമാണെന്ന്വരുന്നു. മുതലാളിത്തപരമായ ചൂഷണം, വർഗവൈരുധ്യങ്ങൾ, സ്വകാര്യഉടമസ്ഥത, സാമൂഹിക ഉടമസ്ഥത തുടങ്ങിയ പ്രശ്നങ്ങളോടുള്ള സാമുഹികശാസ്ത്രമാർക്സിസത്തിന്റെ സമീപനം ദാർശനിക മാർക്സിസത്തിന്റേതിൽ നിന്നും തീർത്തും വഭിന്നമാണ്. മുതലാളിത്തവ്യവസ്ഥയെ "മനുഷ്യത്വരഹിത'' മെന്ന് ആക്ഷേപിക്കുന്നതിലർത്ഥമില്ല; ആ വ്യവസ്ഥ ഇക്കാലത്ത് അപ്രായോഗികമാണെന്ന് മാത്രം – ഇതാണ് സാമൂഹികശാസ്ത്ര മാർക്സിസത്തിന്റെ വീക്ഷണം.

"മനുഷ്യർ, സാമൂഹിക ഉല്പാദനത്തിലൂടെ' തങ്ങളുടെ ഇഛക്കതീതവും അനിവാര്യവും പൂർവനിർണിതവുമായ ഒരു ഘട്ടത്തിലേക്ക് കടക്കുന്നു". "ഉല്പാദനബന്ധങ്ങൾ ഉല്പാദനശക്തികളുടെ വികാസത്തിനനുസരിച്ചായിരിക്കും രൂപപ്പെടുക. ഈ ബന്ധങ്ങളുടെ സമുച്ചയമാണ് സമൂഹത്തിന്റെ സാമ്പത്തിക ഘടന. ഈ സാമ്പത്തികാടിത്തറയിലാണ് സാമൂഹിക ബോധത്തിന്റെ സവിശേഷരൂപങ്ങൾ ക്കനുസൃതമായ നിയമത്തിന്റെയും രാഷ്ട്രീയത്തിന്റെയും ഉപരിഘടന ഉയർന്ന് വരുന്നത്". "ഭൗതിക ജീവിതത്തിൽ സാമൂഹിക രാഷ്ട്രീയ ധൈഷണിക മേഖലകളുടെ പ്രവാഹത്തെ നിർണയിക്കുന്നത് ഉല്പാദന രീതിയാണ്. മനുഷ്യന്റെ ബോധം അവന്റെ നിലനിൽപിനെ നിർണയിക്കുകയല്ല, മറിച്ച് അവന്റെ നിലനിൽപ്പ് ബോധത്തെ നിർണയിക്കുകയാണ്." സാധാരണയായി സാമുഹികബന്ധങ്ങൾ ഉല്പാദനശക്തികളോട് ബന്ധപ്പെട്ട് കിടക്കുന്നു. തിരികല്ല് ഫ്യൂഡൽസമൂഹത്തിന്റെയും ആവിയന്ത്രം വ്യാവസായികമുതലാളിത്ത സമൂഹത്തിന്റെയും പ്രതീകമാണ''.

ചുരുക്കത്തിൽ തിരികല്ല്, ചർക്ക, കോരിക, ചുറ്റികയും അടക്കല്ലും, ആവിയന്ത്രം, വ്യാവസായിക യന്ത്രങ്ങൾ തുടങ്ങിയ ഉല്പാദനോപകരണങ്ങളാണ് അനിവാര്യമായും ഉല്പാദനരീതിക്ക് രൂപം കൊടുക്കുന്നത്. ഈ ഉല്പാദനരീതി ഉപരിലടനക്ക് രൂപം നൽകുന്നു. അതായത് സമൂഹത്തിന്റെ അന്തർഘടനയുടെ അനിവാര്യ പ്രതിഫലനങ്ങളാണ് നിയമവും സദാചാരവും സംസ്കാരവും വർഗബന്ധങ്ങളുമെല്ലാം. ഉടമസ്ത ഉപരിഘടനയുടെ ഒരു ഭാഗമാണ്.

ആദ്യകാലത്തെ ഉല്പാദനം കായികവും വൈയക്തികവുമായിരുന്നു. ആഉൽപാദനരീതിക്കനുസൃതമായ ഉപരിഘടനയാണ് സ്വകാര്യ ഉടമസ്ഥത. യന്ത്രങ്ങൾ വന്നതോടെ ഉല്പാദനരീതി സാമൂഹികമായി മാറി, തുടർന്ന് അന്തർഘടനയും. എന്നാൽ, ഉപരിഘടനയിലെ സ്വകാര്യ ഉടമസ്ഥതക്ക് ഒരു മാറ്റവും വന്നില്ല. അങ്ങനെ' മാറിയ അന്തർഘടനയും മാറാതെനിന്ന സ്വകാര്യ ഉടമസഥതയും പരസ്പരം ഏറ്റുമുട്ടുന്നു. ഈ വൈരുദ്ധ്യം അനിവാര്യമായും ഒരു വിപ്ലവത്തിൽ കലാശിക്കുന്നു. അന്തർഘടന അതിനനുരൂപമായ ഒരു ഉപരിഘടനയെ തേടുന്നു. ഇതാണ് വ്യാവസായിക മുതലാളിത്തത്തിൽ നടക്കുന്നത്. സോഷ്യലിസമെന്നത് യാന്ത്രികതയുടെ അന്തർഘടനക്കനുരൂപമായ ഒരു ഉപരിഘടനയുടെ സാക്ഷാത്കാരമാണ്.

ഇത്തരത്തിലുള്ള വിശകലനം വ്യവസായയുഗത്തിന് മുമ്പുണ്ടായിരുന്ന എല്ലാ സാമൂഹിക വ്യവസ്ഥകളെയും, വർഗബന്ധങ്ങളെയും' മതപരവും ധാർമികവും നിയമപരവുമായ സർവ രൂപങ്ങളെയും ഒന്നടങ്കം ന്യായീകരിക്കാനുള്ള സൗകര്യം നല്കുന്നു. ചരിത്രത്തിന്റെ വൈരുധ്യാത്മക ഭൗതികവ്യാഖ്യാനം അടിമത്ത സമ്പ്രദായത്തെ പോലും ന്യായീകരിക്കുന്നു.

കാർഷിക ഉൽപ്പാദനരീതിയുടെ സവിശേഷമായ സാമൂഹിക ഉപരിഘടനയാണ് അടിമത്തം. പ്രാകൃത സാമൂഹിക വ്യവസ്ഥ (പ്രാകൃത കമ്മ്യൂണിസം)യുടെ ഉൽപ്പാദനരീതി വേട്ടയിൽ നിന്ന് കൃഷിയിലേക്ക് മാറിയപ്പോൾപുതിയ ഉൽപാദനശക്തികളുടെ ആവശ്യം നേരിട്ടു. കൂടുതൽ മൃഗങ്ങളെയും മനുഷ്യരെയും നിയോഗിക്കേണ്ടിവന്നു. അങ്ങനെ, മൃഗപരിപാലനവും അടിമത്വവും നിലവിൽവന്നു. ഇത് ചരിത്രപരമായഒരു അനിവാര്യതയായിരുന്നു!

ദാർശനികനും നരവംശശാസ്ത്രജ്ഞനുമായ മാർക്സിന്റെ "ദൈവമനുഷ്യന്" വേണ്ടി സാമൂഹികശാസ്ത്രകാരനും ധനശാസ്ത്രജ്ഞനുമായ മാർക്സ് ഒരുക്കി വെച്ച ശവക്കുഴി നാമിവിടെ കാണുന്നു. മാർക്സിസം പ്രഥമവും പ്രദാനവുമായി ഉല്പാദകരുടെ തത്വശാസ്ത്രമാണെന്ന ബർത്തിന്റെ പ്രസ്താവത്തിന്റെ പൊരുൾ കൂടുതൽ വ്യക്തമാവുകയും ചെയ്യുന്നു. മാനവചരിത്രത്തെയും സമൂഹത്തെയും ജീവിതത്തെയും സംസ്ക്കാരത്തെയും ചിന്തയെയും ആദർശങ്ങളെയും മറ്റും വിശകലനം ചെയ്യാൻ മാർക്സ് ഉപയോഗിച്ച അതേ മുക്തിമാർഗമുപയോഗിച്ച് പരിശോധിക്കുമ്പോൾ, മുതലാളിത്തവ്യവസ്തക്കെതിരായ അദ്ദേഹത്തിന്റെ വിമർശനം നിരർത്ഥകമാണെന്ന് കാണാം. മുതലാളിത്തവ്യവസ്ഥ മാനുഷികമൂല്യങ്ങളെയും മാനവസത്തയെയും നശിപ്പിക്കുന്നുവെന്നാണല്ലോ അദ്ദേഹത്തിന്റെ പരാതി. തന്റെ സാമൂഹികശാസ്ത്രം "ശാസ്ത്രിയ"വും "യാഥാർത്ഥ്യങ്ങളിലധിഷ്ഠിത"വുമാണെന്ന് മാർക്സ് അവകാശപ്പെ ടുന്നു. എങ്കിൽ കായികാധ്വാനത്തെയും കൃഷിയുടെയും കാലഘട്ടങ്ങളിൽ നിലനിന്നിരുന്ന രീതിയെയും സ്വാതന്ത്ര്യത്തെയും അടിമത്തത്തെയും സംബന്ധിച്ച അദ്ദേഹത്തിന്റെ സംസാരത്തിന് എന്തർഥമാണ് ഉള്ളത്?.

ഈ കാഴ്ചപ്പാടനുസരിച്ച്, മാർക്സിനുമുമ്പുണ്ടായിരുന്ന എല്ലാ സാമൂഹിക ശാസ്ത്രകാരൻമാരും സാങ്കൽപിക ജീവികളായിരുന്നു. അടിമത്തത്തിനും ഫ്യൂഡലിസത്തിനുമെതിരിൽ പൊരുതിയവർ, ചൂഷണത്തിനും സ്വകാര്യ സ്വത്തിലധിഷ്ഠിതമായ മർദ്ദകവ്യവസ്തകൾക്കുമെതിരിൽ പൊരുതിയവർ , അന്ധവിശ്വാസങ്ങൾക്കും മതപരവും സാംസ്ക്കാരികവുമായ ജീർണതകൾക്കുമെതിരിൽ പൊരുതിയവർ-അവരെല്ലാം വിഡ്ഢികളും അവിവേകികളുമാണെന്നോ? മാർക്സിന്റെ വിശകലനപ്രകാരം ആണെന്ന് പറയേണ്ടിവരും കാരണം, ഇവരാരും തന്നെ തങ്ങളുടെ കാഘട്ടങ്ങളിലെ സാമൂഹികസന്ദർഭങ്ങളിലെയും ഉൽപ്പാദനരീതികളെക്കുറിച്ച് മനസ്സിലാക്കിയിരുന്നില്ല. അവർ ചരിത്രത്തിന്റെ ഭൗതികവ്യാഖ്യാനവും ശാസ്ത്രിയസോഷ്യലിസവും മനസ്സിലാക്കിയിരുന്നുവെങ്കിൽ, തങ്ങളുടെ കാഘട്ടങ്ങളിലെ സാമൂഹികസന്ദർഭങ്ങളെയും നിയമപരമായ അടിസ്ഥാനങ്ങളെയും, സ്വകാര്യ ഉടമസ്ഥതയെയും അതിന്റെ വ്യക്തിബന്ധങ്ങളെയും, അംഗീകരിക്കുമായിരുന്നു; അവ എത്രതന്നെ മനുഷ്യത്വരഹിതമാണെങ്കിലും. അന്നത്തെ ബന്ധങ്ങൾ അന്നത്തെ സാനിക അന്തർഘടനക്കനുരൂപമായിരിക്കുമല്ലോ. അത്കൊണ്ട്" വാഗ്തത്തമിശിഹയായ" യന്ത്രംവന്ന് അധ്വാനത്തെ സമൂഹവൽക്കരിക്കുന്നതുവരെ അവർ ക്ഷമാപൂർവ്വം കാത്തിരിക്കേണ്ടതായിരുന്നു; മതങ്ങൾ വാഗ്ദാനം ചെയ്ത പറുദീസ ഒരു വൈരുധ്യാത്മക അൽഭുതത്തിലൂടെ വ്യാവസായികമുതലാളിത്തസമൂഹത്തിൽ പുലരുകയും മനുഷ്യൻ സമ്പൂർണ സംതൃപ്തിയോടെ കഴിഞ്ഞ്കൂടുകയും ചെയ്യുന്നതുവരെ കാത്തിരിക്കേണ്ടതായിരുന്നു.

ഓരോ സദാചാരവും ഉൽപ്പാദനരീതിയുടെ അനിവാര്യ പ്രതിഫലനമായ ഉപരിഘടനയുടെ ഭാഗമാണെന്നവന്നാൽ "ദുഷിച്ച മൂല്ല്യങ്ങളുടെ" അർത്ഥമെന്താണ്? മൂല്ല്യങ്ങളുടെ മാനദണ്ഡമെന്താണ്? മാർക്സിസത്തിന്റെ മൂർത്ഥയാഥാർത്ഥ്യങ്ങളെ മാർക്സിനേക്കാളും അടുത്തനുഭവിച്ചത്. ബൂർഷ്വായാഥാർത്ഥ്യത്തെ പ്രതിതുലനം ചെയ്യാൻ വേണ്ടി മാർക്സ് രൂപീകരിച്ചെടുത്ത"അദ്ധ്യാത്മ" മാനവതാവാദത്തെ നിരാകരിച്ച്കൊണ്ട് ലെനിൻ പ്രഖ്യാപിച്ചു : "നമ്മെ സംബന്ധിച്ചിടത്തോളം , സമൂഹത്തിൽ നിന്നും സ്വതന്ത്രമായി നിലനിൽക്കുന്ന ധാർമികമൂല്ല്യങ്ങളില്ല"

മാർക്സിസം മനുഷ്യനിൽ ഒരേസമയം അമാനുഷമൂല്ല്യങ്ങൾ അധ്യാരോപിക്കുകയും നിഷേധിക്കുകയും ചെയ്യുന്നു. അതായത്, തന്റെ ചരിത്ര ദർശനത്തിൽ മാർക്സ് പരിചയപ്പെടുത്തുന്ന "ദൈവമനുഷ്യൻ" വൈരുധ്യാത്മക ഭൗതികവാദത്തിന്റെ മാർഗത്തിലെ ഒരു പ്രതിബന്ധമാണെങ്കിൽ സാമൂഹികശാസ്ത്രത്തിൽ വെറുമൊരു ചരക്കായി അധഃപതിക്കുന്നു.

ഇത്തരമൊരു അധഃപതനത്തിൽ നിന്ന് രക്ഷപ്പെടാൻ മാർക്സിസത്തിലെ മനുഷ്യനാവില്ല. കാരണം മാർക്സ് മനുഷ്യനിൽ അധ്യാരോപിക്കുന്ന അമാനുഷമൂല്ല്യങ്ങളും പ്രകൃതവും യുക്തി പരവും ശാസ്ത്രിയവുമായി നിരാസ്പദമാണ്. ആ മൂല്ല്യങ്ങളുടെയും പ്രകൃതിയുടെയും സ്രോതസ്സ് ഒന്നുകിൽ മനുഷ്യന്റെ തന്നെ ഭൗതികപ്രകൃതിയായിരിക്കണം , അല്ലെങ്കിൽ പദാർത്ഥമായിരിക്കണം .പ്രകൃതിയിലെ ഭൗതികവസ്തുക്കളെയും മൃഗങ്ങളെയുംപൊലെതന്നെ മനുഷ്യനും ഒരു നിഷ്ക്രിയവസ്തുവാണെന്ന് സിദ്ധ്ന്തിച്ചിരുന്നഅന്നത്തെ പ്രകൃതി വാദത്തെ മാർക്സ് നിരാകരിച്ചിരുന്നില്ലല്ലോ. ഒരു പടുകൂറ്റൻ ഘടികാരത്തെപ്പോലെ യാന്ത്രികമായി നടന്ന് ക്കൊണ്ടിരിക്കുന്നഭൗതികപ്രപഞ്ചത്തെ സംബന്ധിച്ച അന്നത്തെ സങ്കൽപത്തെ "പ്രാകൃത ഭൗതിക"വാദമെന്ന്വിശെഷിപ്പിക്കുകയല്ലാതെ, തിരസ്ക്കരിക്കാൻ അദ്ദേഹം തയ്യാറായിരുന്നില്ല. മനുഷ്യപ്രകൃതിയും ഭൗതികപ്രകൃതിയും തീർത്തും പാദാർഥികമാണെങ്കിൽ മാർക്സ് ഉയർത്തിപ്പിടികുകുന്ന അമാനുഷമൂല്ല്യങ്ങളുടെ ഉറവിടമെവിടെ?.

അധമമായ എംഗൽസും പറഞ്ഞിട്ടുണ്ട്. പുതുതായി കണ്ടെത്തിയ " വൈരുദ്ധ്യവാദ"ത്തെ "ഭൗതികവാദ"ത്തോട് സംയോജിപ്പിച്ചതിലൂടെ തങ്ങൾ പ്രാകൃതഭൗതികവാദത്തിന്റെ ദോശവഷങ്ങൾ ഒഴിവാക്കിയതായും ഇരുവരും പ്രഖ്യാപിച്ചിരുന്നു. വൈരുദ്ധ്യാത്മകഭൗതികവാദം മനുഷ്യനെ വീക്ഷിക്കുന്നത് വെറുമൊരു ഭൗതികവസ്തുവായോ പ്രകൃതിയിലെ നിഷ്ക്രിയജീവിയായോ അല്ല. മറിച്ച് സ്വന്തം പ്രവൃത്തികളിലൂടെയും വൈരുദ്ധ്യങ്ങളുടെ സംഘട്ടനങ്ങളിലൂടെയും "സംഭവിക്കുന്ന"ഒരു യാഥാർത്ഥ്യമായാണ്.

ഹെഗൽ തന്റെ വൈരുദ്ധ്യവാദത്തിന് അത്തരമൊരു മേൻമ അവകാശപ്പെടുന്നുണ്ടെങ്കിൽ അത് മനസ്സിലാക്കാവുന്നതേയുള്ളൂ. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ കേവലാശയത്തിന്റെയും (പക്ഷം) ഭൗതികപ്രപഞ്ചത്തിന്റെയും (പ്രതിപക്ഷം) സംക്ഷേപമാണ് മനുഷ്യൻ. അതനുസരിച്ച് പദാർത്ഥത്തിനും പ്രകൃതിക്കുമുപരിയായി വർത്തിക്കുന്ന ആദികാരണവും ഉൽകൃഷ്ടമായ മൂലഘടകവുമാണവൻ.

എന്നാൽ ഹെഗേലിയൻ സിദ്ധാന്തത്തെ താൻ "അട്ടിമറിച്ചു" എന്നാണല്ലോ മാർക്സിന്റെ അവകാശവാദം. ആശയത്തിനുപരിയായി പദാർത്ഥത്തിന് പ്രാഥമ്യം കൽപ്പിക്കുന്നതിലുടെ, ബോധവും ചിന്തയും ഇഛാശക്തിയുമുള്ള ഒരു ജീവിയാണ് മനുഷ്യൻ എന്ന യാഥാർത്ഥ്യത്തെ അദ്ദേഹം നിഷേധിക്കുന്നു. ഹെഗേലിയൻ സിദ്ധാന്തത്തെ താൻ എങ്ങനെയാണ് പരിഷ്കരിച്ചതെന്ന് അദ്ദേഹം വിശദീകരിക്കുന്നു.: "ഹെഗേലിയന്റെ മനുഷ്യൻ തലകുത്തിയാണ് നടന്നിരുന്നത്. ഈ അട്ടിമറി അവനെ നിവർന്ന് നിൽക്കാനും രണ്ട് കാലിൽ നടക്കാനും പ്രാപ്തനാക്കിയിരിക്കയാണ്." (തലഉപയോഗിച്ച് നടക്കുന്ന ഒരു ജീവി തന്നെയല്ലേ മനുഷ്യൻ എന്ന് ഒരു മുസ്ലിം എഴുത്തുകാരൻ ചോദിച്ചത് ഇവിടെ ഓർത്ത് പോവുകയാണ്).

മാർക്സ് തന്റെ വൈരുദ്ധ്യാത്മക ഭൗതികവാദത്തിന് ഉപോൽബലകമായി പുരാതന ഗ്രിക്ക്ദാർശനികനായ ഹിറാക്ലീറ്റസിനെ ഉദ്ധരിക്കുന്നുണ്ട് ഹിറാക്ലിറ്റസ് പറഞ്ഞു: ഒരു പുഴയിൽ രണ്ട് തവണ ഇറങ്ങാൻ ആർക്കും കഴിയില്ല." എല്ലാം അനുസ്യൂതം ഒഴുകിക്കൊണ്ടിരിക്കുന്നുവെന്നർതഥം.

ഹെഗേലിയൻ വൈരുധ്യവാദത്തെ മാർക്സ് തലമറിച്ചിട്ടിട്ടേയുള്ളു; എന്നാൽ ഹിറാകിലിറ്റസിന്റെ സിദ്ധാന്തത്തെ ഒന്നടങ്കം തകർക്കുകയാണ് അദ്ദേഹം ചെയ്തത്.

എല്ലാം പരിവർത്തന വധേയമാണെന്ന് സിദ്ധാന്തിച്ച ഹിറാക്ലിറ്റസ് രണ്ട് കാര്യങ്ങൾ സ്ഥായിയായി നിലനിൽക്കുന്നതായി പറഞ്ഞു: അഗ്നിയും വാക്കും. മാർക്സിന്റെ ഭൗതികവാദപരമായ വൈരുദ്ധ്യത്തിന് ഹിറാക്ലിറ്റസ്ന്റെ ദ്വന്ദ്വവാദത്തോട് ഒരു ബന്ധവുമില്ല. മാർക്സിന്റെ വൈരുദ്ധ്യവാദത്തിൽ, ലെനിൻ പറഞ്ഞത്പൊലെ, നിലനിൽക്കുന്ന ഒരേയൊരു തത്വം പരിവർത്തനമാണ്. നേരെമറിച്ച്, ഹിറാക്ലിറ്റസിന്റെ ദ്വന്ദ്വവാദത്തിനും പൗരസ്ത്യൻമതങ്ങളിൽ കാണുന്ന വൈരുദ്ധ്യങ്ങളെ അദ്ധ്യാത്മിക സങ്കൽപ്പങ്ങൾക്കുമിടയിൽ ഗാഢബന്ധമാണുള്ളത്. അതായത്, മനുഷ്യനും പ്രപഞ്ചവും വൈരുദ്ധ്യങ്ങളുടെ സംഘട്ടനത്തിലാമ് നിലയുറപ്പിച്ചിട്ടുള്ളതെങ്കിലും (നൻമയും തിൻമയും തമ്മിലും മനുഷ്യനും അബ്ലീസും തമ്മിലും സംഘട്ടനം നടക്കുന്നു) രണ്ട് സ്ഥായിയായ തത്വങ്ങൾ സഹവർത്തിക്കുന്നുണ്ട് : ഒന്ന്, പ്രപഞ്ചത്തിന്റെ പൂർണ്ണതയിലേക്കുള്ള പ്രയാണം. രണ്ട്, പ്രപഞ്ചത്തെ അടക്കിഭരിക്കുന്ന നിത്യാത്മാവ് അഥവാ വിശുദ്ധ സത്ത.

എന്നാൽ, പരമായ അനിത്യതയ്ക്ക് മുൻഗണനൽകുന്ന മാർക്സിന് മാനവസത്തയെയോ മനുഷ്യന്റെ സനാതനമൂല്യങ്ങളേയോ അംഗീകരിക്കാനാവില്ല. അദ്ദേഹം ഉയർത്തിപ്പിടിക്കുന്ന ധാർമികമൂല്യങ്ങൾ ഉൽപാദനരീതികൾക്കൊത്ത് പ്രത്യക്ഷപ്പെടുകയും നിഷ്ക്രമിക്കുകയും ചെയ്യുന്നു. ഒന്നും സ്ഥിരമായി നിൽക്കാത്തതിനാൽ ഇത് സ്വാഭാവികം മാത്രമാണ്.

നേരെമറിച്ച്, ഇസ്ലാമിന്റെ നിലപാട് തീർത്തും ഭിന്നമാണ്. മനുഷ്യനിൽ അന്തർലീനമായ, ഇബ്ലീസുമായ സംഘട്ടനത്തിലേർപ്പെടുന്ന, ദിവ്യഘടകത്തിന്റെ ഉത്ഭവം പ്രകൃതിയിലോ പദാർത്ഥത്തിലോ സമൂഹത്തിന്റെ അന്തർഘടനയിലോ അല്ലെന്നും മറിച്ച് അവയ്ക്കെല്ലാം അതീതവും അവയേക്കാൾ ഉൽകൃഷ്ടവുമായ ഒന്നിലാണെന്നും ഇസ്ലാം പഠിപ്പിക്കുന്നു. മനുഷ്യന്റെ ധാർമികമൂല്യങ്ങളെയും, പുരോഗനാത്മകവും സർഗാത്മകവുമായ വിശേഷഗുണങ്ങളും പാവനവും സനാതനവുമാണ്; അവന്റെ ആദിപ്രകൃതി പരിശുദ്ധവും അകൃതിമവുമാണ്. ഇങ്ങനെ സംസാരിക്കാൻ ഇസ്ലാമിന് മാത്രമേ കഴിയൂ.

നന്മ മനുഷ്യനിൽ അന്തർലീനമാണെന്നും മാർക്സും പറയുന്നു. എന്നാൽ, ഭൗതികവാദത്തിലധിഷ്ഠിതമായൊരു പ്രപഞ്ചസങ്കൽപത്തിൽ നന്മതിന്മകളുടെ അർത്ഥമെന്താണ്? എല്ലാം പരിവർത്തന വിധേയമാണെന്നിരിക്കെ, മാറ്റമില്ലാത്ത പ്രകൃതിയെപ്പറ്റി സംസാരിക്കുന്നത്തന്നെ അസംബന്ധമായിരിക്കും.

എല്ലാവസ്തുക്കളും ജനിമൃതികളുടെ സ്ഥാപനങ്ങളാണെന്ന ഇസ്ലാമികവീക്ഷണം പ്രകൃതിയെ സംബന്ധിച്ചിടത്തോളം ശാസ്ത്രീയവും അനുഭവസിദ്ധവുമാണ്. നിത്യവും അനിത്യവുമായ രണ്ട് വശങ്ങൾ അസ്തിത്വത്തിനുണ്ടെന്ന് ഇസ്ലാം സിദ്ധാന്തിക്കുന്നു. ദൈവമല്ലാത്തതെല്ലാം അനശ്വരമാണെന്ന് വിശുദ്ധഖുർആൻ(28:88) പ്രഖ്യാപിക്കുന്നു. മനുഷ്യവർഗത്തെപ്പറ്റി അയുക്തികമോ അശാസ്ത്രീയമോ ആയ ഒരു വിലയിരുത്തലും ഇസ് ലാം നടത്തുന്നില്ല. മനുഷ്യൻ മണ്ണിൽനിന്നാണ് (പദാർത്ഥത്തിൽനിന്ന്) ജന്മവുമെടുത്തെങ്കിലും മണ്ണിന്റെതല്ലാത്ത (ആദിപ്രകൃതിടെന്ന് വിളിക്കാവുന്ന) ഒരു സിദ്ധി അവനിലുണ്ടെന്നും അത് പരമേശരയായ ദൈവത്തിന്റെ പ്രതിഫലനമാണെന്നും ഇസ്ലാം പഠിപ്പിക്കുന്നു. സൃഷ്ടാവ് മനുഷ്യവർഗത്തിന് നൽകിയതാണീ ആദി പ്രകൃതിയെന്ന് വിശുദ്ധഖുർആൻ(30:30) പ്രഖ്യാപിക്കുന്നു.

ചുരുക്കത്തിൽ, ദൈവത്തിനും പ്രകൃതിക്കുമിടയിൽ നിലകൊള്ളുന്ന, സ്വേഛാനുസരണം മണ്ണിൽനിന്ന് ദൈവത്തിലേക്ക് പ്രയാണം ചെയ്യുന്ന ഇരട്ടസത്തയാണ് മനുഷ്യൻ. ഇവിടെയാണ് ഉത്തരവാദിത്വബോധവും നൈസർഗികമായ സദാചാരബോധവും പ്രസക്തമായിത്തീരുന്നത്. ഭൗതികവാദത്തിന്റെ ഗർത്തത്തിലകപ്പെടാത്തതും വൈരുധ്യവാദത്തിന്റെ അന്ധവും അനൈഛികവുമായ വിനോദങ്ങൾക്കിരയാവാത്തതുമായ ഒരു മാനവതാവാദവും ഇവിടെയാണ് പ്രസക്തമായിത്തീരുന്നത്. അതോടൊപ്പം ഈ മാനവതാവാദം യാഥാർത്ഥ്യത്തിൽനിന്നും പ്രകൃതിയിൽനിന്നും സമൂഹത്തിൽനിന്നും വ്യവഛേദിക്കപ്പെട്ട വെറും അമൂർത്തവൽക്കരണമല്ലെന്നും ഓർക്കണം.

ഇപ്രകാരമാണ്, മാർക്സിസത്തിൽനിന്ന് വിരുദ്ധമായി, ഇസ്ലാം നീതി, സൽസ്വഭാവം, സന്മാർഗം, അറിവ്, ഉത്തരവാദിത്വബോധം, ധാർമികമൂല്യങ്ങൽ തുടങ്ങിയ മാനുഷിക മൂല്യങ്ങളെ ഉയർത്തിപ്പിടി

ക്കുന്നത്. ഈ ഗുണങ്ങൾ മാനവചരിത്രത്തിലെന്നും എല്ലാ വ്യവസ്ഥകൾക്കും സ്വീകാര്യമായിരുന്നിട്ടുണ്ടല്ലോ. ഇവയെ സാക്ഷാത്ക്കരിക്കാൻ ഇസ്‌ലാമിന് ആവിയന്ത്രത്തിന്റെ വരവ് കാത്ത്നിൽക്കേണ്ടതില്ല.

x x x x x x

ഇന്ന് മനുഷ്യസമുദായത്തെ സംബോധനചെയ്യുന്ന പ്രാചീനവും അർവാചീനവുമായ ഇസ്‌ലാമിതര പ്രത്യയശാസ്ത്രങ്ങളിൽ അധ്യാത്മികമതങ്ങൾ (ക്രൈസ്തവമതവും, ബുദ്ധമതവും, ഹിന്ദുമതം തുടങ്ങിയ പൗരസ്ത്യൻ മതങ്ങളും), വിവിധ ഭൗതികവാദങ്ങൾ, പാശ്ചാത്യനൻ ലിബറലിസം, അസ്തിത്വവാദം, ശൂന്യതാവാദം മാർക്സിസം എന്നിവ പ്രത്യേകം പ്രസ്താവ്യമാണ്. ഇവയിൽ മാർക്സിസമൊഴികെ മറ്റെല്ലാ പ്രത്യശാസ്ത്രങ്ങളും ഏകപക്ഷീയവും ഏകമാനകവുമാണ്. അതിനാൽ മാർക്സിസത്തിനും ഇസ്‌ലാമിനുമിടയിൽ മാത്രമേ സമഗ്രമായ സംഘട്ടനം നിലനിൽക്കുന്നുള്ളൂ.

മതകീയതലത്തിൽ ഇസ്‌ലാം ഇതരമങ്ങളെ നേരിടുന്നു; ദാർശനികതലത്തിൽ ഭൗതികവാദത്തെയും, മാനവദർശനപരവും സദാചാരപവുമായ തലങ്ങളിൽ അസ്തിത്വവാദത്തെയും നേരിടുന്നു. ഒരു മതവും ജനതയുമെന്ന നിലയിലാണ് ഇസ്‌ലാം മാർക്സിസത്തെ നേരിടുന്നത്. (എല്ലാത്തിനെയും ശൂന്യതാവാദം താൽക്കാലം അപ്രസക്തമാണ്.)

പുതിയ പ്രത്യാസ്ത്രങ്ങളുടെ കൂച്ചിൽ മാർക്സിസം നിസ്തുലമാണ്. അതായത്, മാനവജീവിതത്തിന്റെ എല്ലാവശങ്ങളും - ഭൗതികവും ആത്മീയവും, ദാർശനികവും പ്രായോഗികവും, വൈയക്തികവും ,സാമൂഹികവുമായ വശങ്ങളെ, സ്വന്തം ഭൗതികവാദത്തിലധിഷ്ഠിതമായ പ്രപഞ്ചവീക്ഷണത്തിൽ സംരക്ഷിക്കാനാണ് ശ്രമിക്കുന്നത്. ഈ സാഹചര്യത്തിലാണ് മാർക്സിസ്റ്റ് വ്യവസ്ഥിതിയിൽ മാനവജീവിത്തതിന്റെമേൽ ഭൗതികവാദം സമഗ്രാധിപത്യം പുലർത്തുന്നത്. ചരിത്രപരമായ മതങ്ങളുടെ കൂട്ടത്തിൽ ഇസ്‌ലാമിന് മാത്രമേ സമഗ്രതയും സ്പർശിതയും അവകാശപ്പെടാനാവൂ. ഇതരമതങ്ങളെപ്പോലെ ഇസ്‌ലാം അതിന്റെ വീഷയത്തെ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ അഥവാ ആത്മീയശുദ്ധീകരണത്തിൽ പരിമിതപ്പെടുത്തുന്നില്ല. ദാർശനികം തൊട്ട് വ്യക്തിയുടെ ദൈനംദിന ജീവിതമുൾപ്പെടെ ജീവിത്തതിന്റെ സർവമാനങ്ങളും സമഗ്രമായി സ്പർശിക്കുന്ന ഒരു ചിന്താ - കർമപദ്ധതിയാണ് ഇസ്‌ലാം സ്വയം പരിചയപ്പെടുത്തുന്നത്. പരസ്പരവിരുദ്ധമായ രണ്ട് ചിന്തകളിലേക്കും പ്രപഞ്ചവീക്ഷണത്തിലേക്കുമാണ് ഇസ്‌ലാമും മാർക്സിസവും മനുഷ്യനെ ക്ഷണിക്കുന്നത്.

ഈ രണ്ട് പദ്ധതികളും വ്ഭേദനത്തിന് വഴങ്ങുന്നില്ല. ഒന്നാമതായി, ഇവ ഓരോന്നിന്റെയും എല്ലാഘടകങ്ങളും മാനങ്ങളും തീർത്തും വ്യത്യസ്തമായ പരിപ്രേക്ഷ്യത്തിലൂടെയാണ് വളർന്ന് വരുന്നത്. ഏതെങ്കിലും ഒരു ഘടകമോ മാനമോ എടുത്തുകളയാനോ കൂട്ടിച്ചേർക്കാനോ ശ്രമിച്ചാൽ മുഴുവൻ ഘടനയും തകർച്ചയായിരിക്കും ഫലം. രണ്ടാമതായി, ഏതൊരു ആശയസംഹിതയും ഏകകമായ ആത്മാവും സത്തയുമുള്ള പരസ്പര ബന്ധിതമായ ഒരു സാകല്യമായിരിക്കുംഅതിനെ ഘടകങ്ങളായി അംശിക്കുകയെന്നാൽഅതിനെ നശിപ്പിക്കുകയെന്നർത്ഥം

ഈ പശ്ചാത്തലത്തിലാണ്, പൂർണ്ണമായി വളർന്ന വ്യവസ്ഥകളെന്ന നിലയിൽ, മാർക്സിസവും ഇസ്‌ലാമും സ്വന്തം നിലയിൽ സ്വയം പൂർണമായിരിക്കുന്നതും പരസ്പരം വിരുദ്ധമായിരിക്കുന്നതും. ഹെന്റി മാർട്ടിനെറ്റ് പറഞ്ഞത്പോലെ, രാഷ്ട്രീയവും സാമ്പത്തികവുമായ അനുകൂല സാഹചര്യങ്ങൾ ഇടയ്ക്കിടെ ഉണ്ടായിട്ടും കഴിഞ്ഞനൂറ്റാണ്ടിലൊരിക്കലും ഇസ്‌ലാമിക സമൂഹത്തിലെവിടെയും മാർക്സിസത്തിന് മാർക്സിസത്തിന് വിജയം വരിക്കാൻ കഴിഞ്ഞിട്ടില്ല. ക്രൈസ്തവമതത്തിൽനിന്നും ബുദ്ധമതത്തിൽനിന്നും വ്യത്യസ്തമായി, ഇസ്‌ലാം മാർക്സിസത്തെ ദാർശനികതലത്തിൽമാത്രമല്ല ജീവിത്തിന്റെ എല്ലാതലങ്ങളിലും നേരിടുന്നുണ്ടെന്നാണ് ഇത് വ്യക്തമാക്കുന്നത്.

മാർക്സിസത്തിന്റെ അടിത്തറ ഭൗതികവാദമാണ്. മനുഷ്യസത്തയുടെ ഉറവിടം മണ്ണാണെന്ന് അത് വാദിക്കുന്നു. മാർക്സിസ്റ്റ് മാനവതാവാദം മനുഷ്യനെ ഒരു ഭൗതികവസ്തുവായി അധഃകരിക്കുന്നു. എന്നാൽ ഇസ്‌ലാമിന്റെ ദൈവികമാനവതാവാദത്തിന്റെ അടിസ്ഥാനം ഏക ദൈവത്വമാണ്. ശാസ്ത്രീയതലത്തിൽ മനുഷ്യോത്ഭവം മണ്ണിൽനിന്നാണെന്ന് അത് പഠിപ്പിക്കുന്നു; അസ്തിത്വപരമായ മനുഷ്യനെ അത് മണ്ണിൽനിന്ന് ദൈവത്തിലേക്കും പരമമായ സർവാതീതമൂല്യങ്ങളിലേക്കും

ഉയർത്തിവെക്കുന്നു.

മാർക്സിസത്തിൽ മാനുഷികമൂല്യങ്ങൾ ആപേക്ഷിക പ്രതിഭാസങ്ങളാണ്. ഉൽപാദനരീതിയിലധിഷ്ഠിതമായ സാമൂഹിക ഉപരിഘടനയിലെ ഒരു ഘടകം മാത്രണാണവ. മാർക്സിസം മൂല്യങ്ങളെ ഭൗതികാവശ്യങ്ങളുടെ തലത്തിലേക്ക് അധഃപ്പതിപ്പിക്കുന്നു. എന്നാൽ, ദൈവികലോകത്തിൽനിന്ന് മാനവിക ലോകത്തിലേക്ക് അവതരിക്കുന്ന ദിവ്യസ്ഫുരണങ്ങളെയാണ് ഇസ്‌ലാം മാനുഷികമൂല്യങ്ങളെ കാണുന്നത്. സാമ്പത്തികത മുഖ്യപ്രശ്നമാണെങ്കിലും, മൂല്യങ്ങൽക്കുപരിയായി വർത്തിക്കുന്ന ഒരു തലവും ഇസ്‌ലാമിലില്ല. തത്വത്തെ ആദർശത്തിൽനിന്നും വേർതിരിക്കേണ്ടതുണ്ടെന്ന് ഇസ്‌ലാം മനസ്സിലാക്കുന്നു. മനുഷ്യൻ മണ്ണും ദിവ്യത്മാവും അടങ്ങിയ ദന്ദ്വത്തിന്റെ പ്രതിഫലനമാണെന്ന് അത് പഠിപ്പിക്കുന്നു. അതിനാൽ മാനവജീവിതത്തിലെ ലാഭമൂല്യങ്ങളുടെ ദന്ദ്വത്തെ വിശദീകരിക്കുന്നതിന്. കഴിയുന്നു - അദ്ധ്യാത്മികമതങ്ങളും മാർക്സിസവും ചെയ്യുന്നത്പോലെ ഒന്നിന് വേണ്ടി മറ്റൊന്നിനെ അത് ത്യജിക്കുന്നില്ല.

ഹെഗേലിയൻ വൈരുധ്യവാദത്തെയും ഭൗതികവാദത്തെയും സമന്വയിക്കുകയും ഉൽപാദനോപകരണങ്ങൾക്ക് പ്രാമുഖ്യം നൽകികയും ചെയ്തതിലൂടെ ഭൗതികനിതത്വത്തിലാണ് മാർക്സിസം എത്തിച്ചേർന്നത്. മനുഷ്യന് സ്വന്തമായ ഇഛാശക്തിയും ഉത്തരവാദിത്വവുമുണ്ടെന്ന ധാരണയുടെ തകർച്ചയാണിതിന്റെ ഫലം. സമൂഹത്തിന് ചില ക്രമീകരണ തത്വങ്ങളുണ്ടെന്നും, മാനവചരിത്രത്തിന്റെ അനുസ്യൂതപരിണാമത്തിന് ചിലശാസ്ത്രീയനിയമങ്ങളുണ്ടെന്ന് ഇസ്‌ലാമും സിദ്ധാന്തിക്കുന്നു. എന്നാൽ മനുഷ്യൻ ഉൽപാദനവ്യവസ്ഥയുടെയോ സമൂഹത്തിന്റെയോ അചേതന ഉൽപന്നമല്ലെന്നും മറിച്ച് സാർവത്രികമായ പരമേഛയുടെ പ്രസ്ഫുരണണാണെന്നുംപഠിപ്പിക്കുന്നതിലൂടെ, മാനവത ഭൗതികനിയതത്വവാദത്തിന് വിധേയമല്ലെന്ന് അത് പ്രത്യേകം ഓർമിപ്പിക്കുന്നുണ്ട്. അതുപോലെത്തന്നെ "അധികാരദാന"ത്തിന്റെ അഥവാ "അവരോഹണത്തിന്റെ"* സങ്കൽപ്പത്തെ ഉയർകത്തിപ്പിടിക്കുന്നതിലൂടെ പൗരസ്ത്യൻ മതങ്ങളെ ഗ്രസിച്ചിട്ടുള്ള വിധി വിഹിതവാദത്തിൽനിന്നും അത് മനുഷ്യനെ മോചിപ്പിക്കുന്നു.

ദൈവത്തെ നിഷേധിക്കേണ്ടി വരുമ്പോൾ മാർക്സിസം മാനവസത്തെയെ ഉയർത്തിപ്പിടിക്കുന്നു. ദൈവം മാനവസത്തയുടെ ഭൗതികപ്രതിഭാസമാണെന്ന് വാദിക്കുന്നു, എന്നാൽ, ചരിത്രപരമായ ഭൗതികകവാദത്തെ വിശദീകരിക്കേണ്ടി വരുമ്പോൾ അത് "ദൈവത്തിന്റെ സൃഷ്ടാവായ" മനുഷ്യനെ ഉൽപ്പാദനോപകരണങ്ങളുടെ സൃഷ്ടിയാക്കി തരംതാഴ്ത്തുന്നി! തീർത്തും വ്യത്യസ്തമായൊരു സമീപനമാണ് ഇസ്‌ലാം

* ആദമിന്റെയും ഹവ്വയുടെയും സ്വർഗത്തിൽനിന്ന് ഭൂമിയിലേക്കുള്ള അവരോഹണണം - വിവർത്തകൻ

അവതരിപ്പിക്കുന്നത്. ഏകദൈവത്തിന്റെ ലോകത്തിലാണത് മനുഷ്യനെ കുടിയിരുത്തുന്നത്. ഈ ലോകത്തിൽ മനുഷ്യനും ദൈവവും പ്രകൃതിയും സ്വാർത്ഥകവും ഉദ്ദ്യേശ്യാധിഷ്ഠിതവുമായ ഏകീഭാവം കൈവരിക്കുന്നു. ഇസ്‌ലാം ആദമിനെ മനുഷ്യജാതിയുടെ അടിസ്ഥാനസത്തയായും ദിവ്യാത്മാവ് നിശ്വസിക്കപ്പെട്ടമണ്ണായും ആത്മാവിനും പദാർത്ഥത്തിനുമിടയ്ക്കുള്ള മധ്യസ്ഥനായും കാണുന്നു. കൂടാതെ അത്, ദൈവത്തിന്റെ ന്യാസം മുഴുവനും മനുഷ്യനെ ഏൽപ്പിക്കുന്നു. അതോടെ, മനുഷ്യന്റെ ഉത്തരവാദിത്തബോധത്തിന്റെ അടിസ്ഥാനംപദാർത്ഥത്തിനധീതമാണെന്ന് വരുന്നു. ഹവ്വയുടെയും ഇബ്ലീസിന്റെയും കഥയും അതിലടങ്ങിയ ധിക്കാരസങ്കൽപ്പവുമുപയേഗിച്ച്, ശരിതെറ്റുകളുടെ അടിസിഥാനം മനുഷ്യസത്തയാണെന്നും, മനുഷ്യേഛസ്വതന്ത്രമാണെന്നും ഇസ് ലാം പഠിപ്പിക്കുന്നു. ആദമിനെയും ഹവ്വയെയും ദൈവം ഭൗമജീവിതത്തിലേക്ക് പറഞ്ഞയച്ചതിന്റെ പിന്നിൽ മഹത്തായതത്വങ്ങളുണ്ട്; വൈരുധ്യങ്ങൾക്കും ദുരിതങ്ങൾക്കുമിടയിൽ സ്വന്തം ഇഛയും സ്നേഹവും ബോധവും ഉത്തരവാദിത്വവുമുപയോഗിച്ച് മനുഷ്യന് ദൈവത്തെമനസ്സിലാക്കണം. സ്വന്തം ഭാഗധേയത്തെ നിർണ്ണയിക്കേണ്ട ഉത്തരവാദിത്വം മനുഷ്യന് തന്നെയാണുള്ളത്. "തന്റെ രണ്ട് കൈകളും പ്രവർത്തിച്ചതിന്റെ ഫലമെന്തെന്ന് മനുഷയൻ കാണുന്ന ദിവസത്തെ"ക്കുറിച്ച വിശുദ്ധ ഖുർആൻ(79:40) പ്രസ്താവിക്കുന്നു.

ഹൃദയസ്പർശിയും ബോധപൂർവകവുമായ ആരാധന ആരാകൻ സ്വയം താലേലിച്ച് വളർത്തുന്ന പരിശുദ്ധമായ കേവലുല്യങ്ങളുടെ പ്രതിഫലനമായിരിക്കും. അങ്ങനെ ആർധകൻസ്വന്തം അടിസ്ഥാനസത്തയെ ആത്മാർത്ഥതയിൽ വളർത്തുന്നു; വികാരങ്ങളെ ശുദ്ധീകരിക്കുന്നു; അങ്ങനെ സ്വന്തം

സത്തയുടെ പൂർണതയിലേക്ക് അതിവേഗം വളരുകയും മണ്ണിൽനിന്ന്(ഭൗതികമായ വസ്തുനിഷ്ഠ സത്തയിൽനിന്ന്) മുക്തിനേടുകയും ചെയ്യുന്നു. ഒരു പ്രപഞ്ചവീക്ഷണവും ധർമ്മശാസ്ത്രവും ജീവിതരീതിയും ജീവിതത്തിന്റെ അനിവാര്യവും അത്യന്തികവുമായ അർത്ഥവുമെന്ന നിലയിൽ ഏകദൈവത്വത്തെ അസ്തിത്വ്തതിനാധാരമാക്കുമ്പോൾ അവൻ മോചനം നേടുന്നു.*

മാർക്സിസ്റ്റും ഇസ്‌ലാമും മാനവതയോടടുക്കുന്ന വ്യത്യസ്ത വിരുദ്ധ സമീപനങ്ങളെ ഇപ്രകാരം സംഗ്രഹിക്കാം

---

* ഇക്കാരണം കൊണ്ടാണ് അന്ത്യപ്രവാചകൻ ഏകദൈവത്വത്തെ തന്നെഉയർത്തിപ്പിടിച്ച് തന്റെ ദൗത്യമാരംഭിച്ചതും മൂന്ന് വർഷക്കാലം അത് മാത്രം പ്രബോധനം ചെയ്തതും. ഏകദൈവത്യത്തത്തിന്റെ ആത്യന്തികലക്ഷ്യം മാനവവിമോചനമാണെന്ന് അദ്ദേഹം ആവർത്തിച്ച്കൊണ്ടിരുന്നു: "അല്ലാഹുവല്ലാതെ ദൈവമില്ലെന്ന് പ്രഖ്യാപിക്കുകയും വിജയം വരിക്കുകയും ചെയ്യുക".

1. മാർക്സിസത്തിന്റെ അടിത്തറ ഭൗതികവാദപരമായ ഭൗതികവീക്ഷണമാണ്. അതിനാൽ, മാനവജാതിയുടെ സത്തയും വിശേഷണങ്ങളും പരിണാമങ്ങളും ഭൗതികലോക്തതിനപ്പുറത്തേക്ക് കടക്കുന്നില്ല. അചേതനവും നിരർത്ഥകവുമായ പ്രകൃതിയുടെ സങ്കുജിതസീമകൾതക്കകത്ത് ഇതരജീവികളെപ്പോലെ കഴിഞ്ഞ് കൂടാൻ മനുഷ്യൻ നിർബന്ധിതനാണ്.

എന്നാൽ, ഏകദൈവത്തിലധിഷ്ഠിതമായ പ്രപഞ്ചവീക്ഷണമാണ്. അതിനാൽ, മാനവസത്ത ദൈവസത്തയുടെ പ്രതിഫലനമാണെന്നും മനുഷ്യന്റെ സർവാധിശായിയായ ഗുണങ്ങൾ ദൈവപ്രോക്തമാണെന്നും അവന്റ പരിണാമം അനന്തതയോളം വിസ്തൃതമാണെന്നും പറയാൻകഴിയും. ശാസ്ത്രങ്ങൾക്കും അറിവുകൾക്കും പ്രതിനിധാനം ചെയ്യാൻകഴിയാത്ത മാനമുള്ള അനന്തമായൊരു ലോകത്തിൽ മനുഷ്യനെ കുടിയുറുത്താൻ ഇസ്‌ലാമിനേ കഴിയൂ.

2. ക്ലാസിക്കൽ ഭതികശാസ്ത്രത്തിന്റെ പദാർത്ഥസങ്കൽപ്പം മാത്രം ഉയർത്തിപ്പിടിക്കുന്ന മാർക്സിസം മനുഷ്യവർഗത്തിന്റെ മഹത്വത്തെയും പ്രാഥമ്യത്തെയും ഉയർത്തിപ്പിടിക്കാൻ ബാധ്യസ്ഥനാണ്. അങ്ങനെ ദാർശനികനും മാനവതാവാദിയുമായ മാർക്സ് സ്വപ്നം കണ്ടമഹത്തായ മനുഷ്യജീവി - ദൈവത്തിന്റെ പോലും സൃഷ്ടാവായ മനുഷ്യൻ - പെട്ടെന് ഒരു ഉൽപ്പന്നമായി തൊഴിലുപകരണങ്ങളുടെ സൃഷ്ടിയായി നിലം പതിക്കുന്നു.

എന്നാൽ, ഭൗതികലോകത്തെയും മനുഷ്യന്റെ ആദി പ്രകൃതിയയും ഒരു അത്യുന്നത സത്തയുടെയും ബോധത്തിന്റെയും രണ്ട് പ്രതിഭാസങ്ങളായി കാണുന്ന ഇസ്‌ലാമിന്റെ വീക്ഷണത്തിൽ മനുഷ്യനും പരിതഃസ്ഥിതിയും അന്യോന്യം സ്വാധീനിച്ചും പ്രതിപ്രവർത്തിച്ചും വർത്തിരക്കുന്നു. കാര്യകാരണത്വത്തിലെ ഒരു കണ്ണിയായി വർത്തിക്കുന്ന മനുഷ്യന്റെ സ്ഥാനം പ്രകൃതിയുടെയോ സമൂഹത്തിന്റെയോ നിർണ്ണായകത്വത്തിന്നതീതമാണ്. ഭൗതികവാദരമോ ചരിത്രപരമോ സാമൂഹികശാസ്ത്രപരമോ ആയ താദ്രവവാദത്തിലേക്ക് വീഴാതെ മനുഷ്യവർഗത്തെ സംരക്ഷിക്കുകയാണ് ഇസ്‌ലാം. ഇവിടെ മനുഷ്യന്റെ പ്രാഥമ്യം പദാർത്ഥത്തിന്റെ ഉൽപന്നത്തിന്റെയോ പ്രാഥമ്യമായിരൂപാന്തരപ്പെടുന്നില്ല.

3. ഭൗതികവാദത്തിലധിഷ്ഠിതമായ യഥാർത്ഥവാദത്തോട് തീവ്രമായ കൂറ് പുലർത്തുന്ന ഒരു പ്രത്യയശാസ്ത്രമാണ് മാർക്സിസം. അങ്ങനെ മൂല്യങ്ങളെപ്പറ്റി സംസാരിക്കാനും മൂല്യനിർധാരണം ചെയ്യാനും അവകാശം അത് സ്വയം നഷ്ടപ്പെടുത്തിയിരിക്കുന്നു. എന്നാൽ, അനുഭവൈഭലോകത്തിന്നധീതമായ ഒരു കേവസ്രോതസ്സിൽനിന്ന് വരുന്ന മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന ഇസ്‌ലാമിന് മൂല്യങ്ങളെ യുക്തിയുക്തം ന്യായീകരിക്കാൻ കഴിയും.

4. നിരന്തരം മാറക്കൊണ്ടിരിക്കുന്ന സാമൂഹിക പരിസ്ഥിതിയുടെ ഒരു ഉൽപന്നമെന്ന നിലയിലാണ് മാർക്സിസം മനുഷ്യനെ പരിചയപ്പെടുത്തുന്നത്. അതോടെ മാനവയാഥാർത്ഥ്യം പോലുള്ള ഒരു ശ്വാശ്വത അടിസ്ഥാനത്തിൽ സ്വയം പടിത്തുയർത്താൻ അതിന് കഴിയാതെ പോകുന്നു. ദൈവത്തെയും മനുഷ്യന്റെ ആദിപ്രകൃതിയെയും നഷേധിക്കുന്നതിലൂടെ സദാചാരത്തിന്റെ നിദാനമായ മാനുഷിക മൂല്യങ്ങളുടെ പ്രമാണം അത് നിരാകരിച്ചിരിക്കുന്നു. തൽഫളമായി ലെനിൻ പറഞ്ഞത് പോലെ, കേലവമൂല്യങ്ങളെ സംബന്ധിച്ച സംസാരം വ്യാജപ്രസ്താവമായിരുന്നു.

ശാസ്ത്രത്തിന് ആധാരമായി പ്രവർത്തിക്കുന്ന മനുഷ്യന്റെ ആദിപ്രകൃതിയിലെ സ്ഥിരതത്വങ്ങളെയും

പരിഗണിക്കേണ്ടതുണ്ടെന്ന് ഇസ് ലാം സിദ്ധിക്കുന്നു. അതായത്, പ്രകൃതിനിയമങ്ങളെപ്പോലെ, മാനുഷികമൂല്യങ്ങളും പ്രമാണികവും പ്രയാഗികവുമാണ് ധാർമികമൂല്യങ്ങളെ പരിവർത്തന വിധേയമല്ലെങ്കിലും അനിവാര്യമായ, ഭൗതികജീവിതാവസ്ഥകളിൽനിന്ന് മോച്പ്പിക്കാൻ ഇസ്ലാം പ്രതിജ്ഞബദ്ധമാണ്.

5. ചരിത്രപരവും സാമൂഹികവുമായ മാറ്റങ്ങളെ ഉദ്ധരിക്കാൻവേണ്ടി രൂപകൽപ്പനചെയ്യപ്പെട്ട വൈരുധ്യാത്മകഭൗതികവാദം യഥാർത്ഥത്തിൽ ഭൗതികവാദത്തിലധിഷ്ഠിതമായ നിയതത്വവാദമാണ്. ഇതിൽ സ്വന്തം വ്യക്തിത്വം നഷ്ടപ്പെട്ട മനുഷ്യൻ വൈരുധ്യാത്മക അന്ധപ്രക്രിയകളുടെ അടിമയാണ്. അങ്ങനെ, മാനവതാവാദത്തിന്റെ അടിസ്ഥാനത്തിൽ മാർക്സിസം മനുഷ്യന്ന് കൽപ്പിച്ചിരുന്ന സ്വാതന്ത്ര്യവും ഉത്തരവാദിത്തബോധവും വൈരുധ്യവാദത്തിന്റെ പേരിൽ അത് അവന്ന് നിഷേധിക്കുന്നു.

ഇസ്ലാമിക വീക്ഷണത്തിൽ വൈരുധ്യം മനുഷ്യപ്രകൃതിയിൽ അന്തർലീനമാണ്. ഈ വൈരുധ്യത്തിൽനിന്നാണ് മനുഷ്യന്റെ സ്വാതന്ത്രവും അതിന്റെ അനിവാര്യഫലമായ ഉത്തരവാദിത്തവും ഉദ്ഗമിക്കുന്നത്. അതായത്, മനുഷ്യന്റെ വൈരുധ്യാധിഷ്ഠിതസത്തയാണ് - കളിമണ്ണിന്റെയും ദിവ്യത്മാവിന്റെയും ദ്വന്ദ്വം. രണ്ടിലൊന്ന് തിരഞ്ഞെടുക്കാൻ മനുഷ്യന് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. എന്നാൽ തന്റെ ഭൗതികാർത്ഥത്തെ ദിവ്യാർദ്ധത്തിന്റെ വികാസത്തിനായി ഉപയോഗിക്കാനും തത്വാരാ അസ്തിത്വപരമായ സ്വഛതയും ആത്മീയശുദ്ധിയും നേടാനുമുള്ള ബോധം അവനെ പ്രേരിപ്പിക്കുന്നത്. ഇപ്രകാരം തന്റെ അസ്തിത്വപമായ ദിത്വത്തെ ഏകദൈവത്വത്തിലേക്ക് പരിവർത്തിക്കാനും സവിശേഷമായ ദിവ്യഗുണങ്ങൾ ആർജിക്കാനും മനുഷ്യന് കഴിയും.

6. മാർക്സിസം ഹെഗേലിയൻ വൈരുധ്യവാദത്തെ ആശയവാദത്തിൽനിന്ന് യഥാർത്ഥവാദത്തിലേക്ക് മാറ്റിസ്ഥാപിച്ചുവെന്നാണല്ലോ. എന്നാൽ, അത് ഹീറാക്ലീറ്റസിന്റെ വൈരുധ്യവാദത്തെ തകർക്കുകയായിരുന്നു. എല്ലാം മാറ്റത്തിന് വേധേയയവും ചലനാത്മകവുമാണെങ്കിലും, അന്യുസ്യൂതമായ മാറ്റത്തോടൊപ്പം സ്ഥിരമായി നിൽക്കുന്ന രണ്ട് വസ്തുക്കൾ - അഗ്നിയും വാക്കും - ഉണ്ടെന്ന ഹീറാക്ലീറ്റസ് സിദ്ധാന്തിച്ചു. മാർക്സ് ജനകീയവത്ക്കരിച്ചതിൽനിന്ന് വിരുദ്ധമായി, വൈരുധ്യവാദം ആരംഭത്തിൽ ആത്മീയമായിരുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു. ഹീറാക്ലീറ്റസ് മുതൽ ഹെഗൽ വരെയുള്ള പാശ്ചാത്യതത്വജ്ഞാനികളും, സൗരാഷ്ട്രമതം, ടാവോമതം, മനീഷ്യൻമതം, ഹൈന്ദവമതം ബുദ്ധമതം തുടങ്ങിയ പൗരസ്ത്യൻ മതങ്ങളും ജൂതമതം, ക്രിസ്തുമതം, ഇസ്ലാം എന്നീ ഇബ്രാഹീമീ മതങ്ങളുടെ പ്രപഞ്ചവീക്ഷണവും ഇത് തെളിയയക്കുന്നു. വൈരുധ്യത്തിന്റെയും മാറ്റത്തിന്റെയും - അടിസ്ഥാനത്തിലാണ് ഇവയെല്ലാം പ്രപഞ്ചത്തെ വീക്ഷിക്കുന്നത്.

സവിശേഷമായ അധ്യാത്മികപ്രപഞ്ചവീക്ഷണമായി ഹാറാക്ലീറ്റസ് മുന്നോട്ട് വെച്ചത്. പാവനവും ശാശ്വതവുമായ വസ്തുവിനെ “അഗ്നി” പ്രതിനിധാനം ചെയ്യുന്നു. സമ്പൂർണ്ണ പരിവർത്തനത്തിൽ നിലകൊള്ളുന്ന പ്രപഞ്ചത്തെ സ്ഥിരക്രമത്തെയും ഐക്യത്തെയും വാക്ക് പ്രതിനിധാനം ചെയ്യുന്നു. വൈരുധ്യവാദത്തിലെ ഈ രണ്ട് ശാശ്വതതത്വങ്ങളെ നിഷേധിക്കുകവഴി പ്രപഞ്ചതിലോ മനുഷ്യവർഗത്തിലോ സ്ഥിരവും ശാശ്വതവമായ ഒരു ഘടകവമില്ലെന്ന് വാദിക്കുവാൻ മാർക്സിസം നിർബന്ധമാണ്. മാർക്സിന്റെ മാനവതാവാദം ഒരു പ്രവാഹമല്ല. നിരന്തരതരംഗങ്ങളാണ്. ഈ തരംങ്ങളിൽ ഒന്നും തന്നെ തങ്ങിനിൽക്കുന്നില്ല.

7. ബെർത് പറഞ്ഞത്പോലെത്തന്നെ “മാർക്സിസം ഉൽപാദകരുടെ തത്വശാസ്ത്രമാണ്. എന്നാൽ ഖുർആൻ ഭാഷയിൽ ഇസ്ലാം മാർഗദർശനത്തിന്റെ തത്വശാസ്ത്രമാണ്.

8. മനുഷ്യനാണ് ദൈവത്തെ സൃഷ്ടിച്ചതെന്ന് മാർക്സിസം സിദ്ധാന്തിക്കുന്നു. അത് മനുഷ്യനെ അത്യുന്നതസ്ഥാനത്ത് ഉയർത്തിവെക്കുകയും ചെയ്യുന്നു. തുടർന്ന്, വൈരുധ്യാത്മക ഭൗതികവാദത്തെ വിശദീകരിക്കാൻ വേണ്ടി, അവനെ ഭൂമിയിലേക്ക് വലിച്ചിടുകയും ഉൽപാദനോപകരണങ്ങളുടെ ഉൽപന്നവും ചരിത്രപരമായ നിയതത്വവാദത്തിന്റെ അടിമയുമായിരിക്കാൻ ശിക്ഷിക്കുകയും ചെയ്യുന്നു.

എന്നാൽ, ഭൗതികാധീതപ്രകൃതിയുടെ ഉടമയായാണ് ഇസാലാം മനുഷ്യനെ കാണുന്നത്. ദൈവമാണ് മനുഷ്യന്റെ സൃഷ്ടാവ് - ഈ പ്രഖ്യാപനം മനുഷ്യനെ ഭൗതികവും പ്രാകൃതവുമായ നിയതത്വവാദത്തിൽനിന്ന് മോചിപ്പിക്കുന്നു. സ്വർഗത്തിൽ വെച്ച് മനുഷ്യൻ നടത്തിയ വിധിനിർണായക കലാപം

അവൻ ഒരു സ്വതന്ത്ര ഇഛാശക്തായാണെന്ന് കാണിക്കുന്നു. ആ മഹത്തായസംഭവം അവനെ ദൈവി കനിയതത്വത്തിൽനിന്ന് മുക്തനാക്കുന്നു. ഇപ്രകാരം സ്വാത്മബോധവും ഇഛാശക്തിയുമുള്ള, ആകാ ശഭൂമികളുടെ പിടുത്തത്തിൽനിന്ന് മുക്തിനേടിയ ഒരു ജീവിയായി മനുഷ്യനെത്തിച്ചേരുന്നു. മുഴുവൻ പ്രപഞ്ചവും തിരസ്കരിച്ച മുഴുവൻ ചുമതലയും ഏറ്റെടുത്ത ഈ മനുഷ്യനെ മുഴുവൻ മാലാഖമാരും - പ്രപഞ്ചത്തിലെ മുഴുവൻ ശക്തികളുടെയും പ്രതീകങ്ങളാണിവ പ്രണമിച്ചിരിക്കുന്നു. അവൻ ആ ലോകത്തേക്ക് നിയോഗിതനായ ദൈവത്തിന്റെ പ്രതിനിധിയാണ്. ുരുക്കത്തിൽ, മാനവദർശനത്തിന്റെ പാതയിൽ ഇസ് ലാമും മാർക്സിസവും ഭിന്നവിരുദ്ധ ദിശകളിലാണ് നീങ്ങുന്നത്. ഏതൊങ്കിലുമൊ ന്നിനെ സ്വീകരിക്കണമെങ്കിൽഡ ഏതെങ്കിലുമൊന്നിനെ നിഷേധിക്കേണ്ടതുണ്ട്. അതായത് ഇസ് ലാമി നെയും മാർക്സിസത്തെയും പര്സ്പരം സമന്വയിക്കാനോ പരസ്പരം ബന്ധപ്പെടുത്താനോ ശ്രമിക്കു ന്നത് പാഴ്വേലയായിരിക്കും. ആധുനികലോകത്തിന് യഥാർത്ഥമോചനെ നൽകാൻ ഇസ് ലാമിന് മാത്രമേ കഴിയൂ എന്ന നിലപാടെടുക്കുന്നവർ ആൻഡ്രീപ്ററുടെ താഴെകൊടുത്ത പ്രസ്താവന പ്രത്യേകം ശ്രദ്ധിക്കട്ടെ:

“മാർക്സിന്റെ ചിന്താപദ്ധതി അവിഭാജ്യമാണ്. മനുശ്യനെയും പ്രപഞ്ചത്തെയും സംബന്ധിച്ച സർവ സ്പർശിയായാ പരിപ്രേക്ഷമായാണ് മാർക്സിസം, അവയെ പരിചയപ്പെടുത്തുന്നത്. അത്കൊണ്ട്, ഈ ചിന്താപദ്ധതി കൃത്യമായും മതങ്ങളുടെ സ്ഥാനം പിടിച്ചടയ്ക്കുകയും അവയ്ക്കെതിരിൽ രൂക്ഷ മായി പോരാടുകയും ചെയ്യുന്നു.”

X X X X X X

നവോത്ഥാനാന്തരെ രംഗപ്രവേശം ചെയ്ത മനുഷ്യസ്നേഹികളായ എല്ലാ മനീഷകളും മാനവതാ വാദത്തിൽ പ്രതീക്ഷകളർപ്പിച്ചു. അത് മനുഷ്യനെ മതത്തിൽനിന്ന് മോചിപ്പിക്കുമെന്നവർ പ്രത്യാശി ച്ചു. കഴിഞ്ഞ നൂറ്റാണ്ടുകളിൽ വളർന്നുവന്ന എല്ലാ നിരീശ്വാരചിന്താപ്രസ്ഥനങ്ങളുടെയും വിശ്വാസ പ്രമാണം മാനവതാവാദമായിരുന്നു. എങ്കിലും ന്യായശാസത്രപരിശോധനയ്ക്ക് വിധേയമാകുന്ന തോടെ, അതിന് വിശുദ്ധപരിവേശം നഷ്ടപ്പെടുന്നു; ഉദാത്തവും സുന്ദരവുമാണെങ്കിലും യഥാർത്ഥ ലോകത്തിൽ പ്രായോഗികതയില്ലാത്ത ഏതോ സാങ്കൽപ്പിക മൂല്യങ്ങളെക്കുറിച്ച അലസഭാഷണമാ ണതെന്ന് തെളിയുന്നു.

മനുഷ്യന്റെ സദാചാരത്തെയും മതപരവും സാംസ്കാരികവുമായ പാരമ്പര്യത്തെയും രൂപപ്പെടു ത്തുന്ന, അവനിൽതന്നെയുള്ള ദൈവികമൂല്യങ്ങളാണ് ശരിയായ മാനവതാവാദത്തിന്റെ അടിസ്ഥാ നം. മതത്തെ നിരാകരിക്കുന്ന ആധുനികപ്രത്യയശാസ്ത്രങ്ങൾക്ക് ഈ മൂല്യങ്ങളുടെ സ്രോതസ്സ് കണ്ടെത്താനാവില്ല. തൽഫലമായി, കടുത്തയഥാർത്ഥ വാദികളെന്ന് സ്വയം പരിചയപ്പെടുത്തുന്ന വർപോലും പ്ലേറ്റോവിനേക്കാളും വലിയ ആദർശവാദികളായിത്തീരുന്നു.

പാവം മനുഷ്യൻ! അവൻ എന്നും മോചനം തേടുകയായിരുന്നു: നേടിയത് നാശം മാത്രം അധികാരി കളുടേയും യജമാനൻമാരുടേയും മർദ്ദനത്തിൽന്ന്ന് ഓടിയകന്നവർ മഹത്തായമതങ്ങളിൽ അഭയം പ്രാപിച്ചു; അവർ പ്രാചകരെ പിൻപറ്റി; സഹിക്കുകയും പൊരുതുകയും രക്തസാക്ഷ്യം വഹിക്കു കയും ചെയ്തു. എന്നിട്ടെന്തുണ്ടായി? പുതിയഭരണാതികാരികളും പുരോഹിതരും (സഭയും, ഖലീപ മാരും, ബ്രാഹാമണരും, മഗികളും*)അവരെ പിടികൂടി. ഏറ്റവും ഭൂകരവും ഇരുണ്ടതും മധ്യകാല ക്രൈസ്തവസഭയ്യിരുന്നു. ആകാശത്തിലിരിക്കുന്ന ദൈവത്തിന്റെ പ്രതിപുരഷനായ പോപ്പ് സ്വേഛാധി പതിയായ യഹോവയെപ്പോലെ ഭൂമിയിൽഭണം നടത്തി; രാഷ്ട്രിയത്തെയും സമ്പത്തിനേയും വിശ്വാസത്തെയും നിയന്ത്രിച്ചു; ബുദ്ധിയേയും ശാസ്ത്രത്തെയും അടിമകളാക്കി.

ഒരു നവോത്ഥാനത്തിന് വേണ്ടി, മനുഷ്യവർഗത്തെ ശാസ്ത്രത്തിലേക്കും വിമോചനത്തിലേക്കും നയി ക്കാനും തദ്വാരാ അതിനെ മത പീഡനങ്ങളിൽനിന്നും മോചിപ്പിക്കാനുംവേണ്ടി, തലമുറകൾ പൊരുതു കയും ത്യാഗങ്ങളനുഭവിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യൻ ലിബറലിസത്തിലെത്തിച്ചേർന്നതോടെ മതാധിപത്യത്തിന്റെ സ്ഥാനം ജനാധിപത്യം കയ്യടക്കി. എന്നാൽമുതലാളിത്തവ്യവസ്ഥിതയിൽ ജനാധി പത്യവും വെറുമൊരു വ്യാമോഹമാണെന്ന് വന്നു. പരസ്പരം കടന്നാക്രമിച്ചിരുന്ന അശ്വഭടൻമാർക്കേ ഇവിടെ സ്വാതന്ത്രമുണ്ടായിരുന്നുള്ളു. അങ്ങനെ മനുഷ്യവർഗം വീണ്ടും അടിമത്തത്തിൽ ആപതിച്ചു. ശാസ്ത്രസാങ്കേതികവിദ്യകളേയും ദൈനംദിന ജീവിതത്തെയും സ്വന്തം ദുരാഗ്രഹത്തിനും

* സൊരാഷ്ട്രർക്ക് മുമ്പുണ്ടായിരുന്ന പാർസീമതത്തിലെ പുരോഹിതർ (magi-ഏകവചനം magus). അറബിയിലെ മജൂസ് -വിവർത്തകൻ

ലാഭക്കൊതിക്കും കീഴ്പ്പെടുത്തിയ നിരങ്കുശ സാമ്പത്തികശക്തികളുടെ മുമ്പിൽ അത് ബലികഴിക്കപ്പെട്ടു

സമത്വത്തിനും യന്ത്രസൃഷ്ടമായ വൈയക്തിക ആർത്തിയുടെ ചുഴിയിൽ നിന്നുമുള്ള മോചനത്തിന് വേണ്ടിയുള്ള അദമ്യമായ ആഗ്രഹം മനുഷ്യനെ കലാപത്തിലേക്ക് നയിച്ചു. ഇതിന്റെ പര്യവസാനം കമ്യൂണിസമായിരുന്നു. എന്നാൽ ഈ വ്യവസ്ഥയും മധ്യകാല ക്രൈസ്തവസഭയെപ്പോലെ ഭ്രാന്തവും ഭീകരവുമായ അധികാരശക്തിയാണ്; ഇതിൽ ദൈവമില്ലെന്ന ഏക വ്യത്യാസം മാത്രം. തൊഴിലാളി വർഗത്തിന്റെ പേരിൽഭരണം നടത്തുന്ന ഈ സ്വേഛാധിപതികൾ. അർധപ്രവാചക ആത്മീയ ബഹുമതികൾ ആവകാശപ്പെടുന്നു; വിശ്വാസത്തെയും, സദാചാരത്തെയും, ശാസ്ത്രത്തെയും കലാസസഹിത്യങ്ങളെയും പ്രതികാരപ്രകടനത്തോടടെ കൈകാര്യം ചെയ്യുന്നു. മുതലാളിത്തത്തിന്റെ ചൂഷണങ്ങളിൽനിന്നും മർദ്ദനത്തിൽനിന്നും പാലായനം ചെയ്തമനുഷ്യരെ കമ്യൂണിസ്റ്റ് വ്യവസ്ഥ നീതിയുടെയും സമത്വത്തിന്റെയും പേരിൽ അടിച്ചമർത്തുന്നു. "മർവാന്റെ മക്കളുടെ മർദ്ദനെ വീണ്ടുംവന്നെങ്കിൽ; അബ്ബാസിന്റെ മകളുടെ നീതി കത്തിക്കരിഞ്ഞെങ്കിൽ!"* - സ്വതന്ത്ര്യേഛുവായ ഒരു മുസ്‌ലിം കവി ഇങ്ങനെ ആഗ്രഹിച്ചുവെങ്കിൽ അത് സ്വാഭാവികം മാത്രം

പക്ഷെ, ആത്മാവ് ഒരിക്കലും നശിക്കുന്നില്ല. ഓരോവ്യക്തിയിലുമുള്ള ജീവാത്മാവല്ല, ദൈവത്തിന്റെ ചജീവദായക ആത്മചൈതന്യമാണിവിടെ വിവക്ഷിതം. മരണത്തിന്റെ മീകമായ കുഴിമാടങ്ങളിൽ മോചനം കാത്ത് കിടക്കുന്ന മനുഷ്യാതമാക്കൾ ഇസ്റാഫീലിന്റെ കാഹലധ്വനികേട്ട് ഉയർത്തെഴുന്നേൽക്കുന്നത് പോലെ ദിവ്യാത്മാവിന്റെ ജിവദായക നിശ്വാസത്തിൽ പുതിയ പുനരുത്ഥാനങ്ങളുണ്ടാകുന്നു. അതോടെ മനുഷ്യവർഗം പുതിയ യുഗത്തിലേക്ക് കടക്കുന്നു; പുതിയ ജീവിതം ആരംഭിക്കുന്നു.

മോചനത്തിനു വേണ്ടിയുള്ള അന്വേഷണത്തിൽ പാശ്ചാത്യൻ മുതലാളിത്തവും കമ്യൂണിസവും നൽകിയ കടുത്ത പീഡനങ്ങളും ദുരിതങ്ങളും ഏറ്റുവാങ്ങിക്കൊണ്ട് ഈ നൂറ്റാണ്ടിന്റെ അന്ത്യത്തിലെത്തിപ്പെട്ടിരിക്കുന്ന മനുഷ്യവർഗം ഇന്ന് അസ്തിത്വപരമായ ഒരു ദശാസന്ധയെ അഭിമുഖീകരിക്കുകയാണ്. ഈ നുറ്റാണ്ടിന്റെ നിർജീവശരീരത്തിൽ ദിവ്യാതമാവ് സന്നിവേശിപ്പിക്കപ്പെട്ടിരിക്കുന്നു. ഈ പശ്ചാതലത്തിലാണ് മിതലാളിത്തത്തിൽനിന്നും

---

* അമവികളുടെ മർദ്ദകഭരണത്തിന് അന്ത്യം കുറിച്ച് അബ്ബാസികളുടെ ഭീകരവാഴ്ചയാണിവിടിത്തെ പശ്ചാത്തലം - വിവർത്തകൻ

കമ്യൂണിസത്തിൽനിന്നും ഭിന്നമായ ഒരു മൂന്നാം പാദയുടെ തേട്ടം ഇന്ന് പ്രബലപ്പെട്ടിട്ടുള്ളത്. ആ പാത തെളിയിച്ച് കാണിക്കേണ്ട ബാധ്യത മീന്നാം ലോകത്തിനുണ്ട്.

ഭാവി ആശാവഹവും ശുഭോദർക്കവുമാണെന്ന് പറയാൻ കാരണമുണ്ട്: മുതലാളിത്തലോകത്തും മാർകിസ്റ്റ് ലോകത്തും പ്രബുദ്ധാത്മാക്കൾ മുതലാളിത്തയാന്ത്രികതയുടെ ശബ്ദകോലാഹങ്ങൾക്കുപരിയായി തല ഉയർത്തിപ്പിടിച്ച് മനുഷ്യവർഗത്തിന്റെ വിനാശകരമായ രൂപവൈകതത്തെ അപലപിക്കാൻ തുടങ്ങിയിക്കുന്നു. ലിബറലിസത്തിന്റെയും ജനാധിപത്യത്തിന്റെയും പൊള്ളയായ വാഗ്ദാനങ്ങളിൽ വഞ്ചിതമായ ആധുനികമാനവത നാൾക്കുനാൾ ഏകപക്ഷിയവും ദരിദ്രവും അന്യവൽകൃതവുമായിത്തിരുകയാണെന്ന കടുത്ത യാഥാർത്ഥ്യം പരക്കെ മനസ്സിലാക്കപ്പെടുന്നുണ്ട്.

സമൂഹത്തിന്റെ സമസ്ത മാനങ്ങളെയും യഥേഷ്ടം കയ്യടക്കിവെക്കുന്ന ശക്തികളുടെ മൂക്കിന്കീഴിൽവെച്ചാണ് ആ ദിവ്യാത്മാവ് ആഹ്വാനം നൽകുന്നത്.!* ഈ ആഹ്വാനം ചുറ്റുമുള്ള കോട്ടമതിലുകലെ ഭേദിച്ച് കാലഘട്ടത്തിന്റെ കർണപുടങ്ങളിൽ അനുരണനം ചെയ്യുന്നു: ദിനം തോറും കൂടുതൽ അകലങ്ങളിലേക്കും ആഴങ്ങളിലേക്കും പ്രസരിക്കുന്നു.

രൂപപ്പെട്ട് വരുന്നഭാവിയെ നിഷ്കൃഷ്ടമായിചിത്രീകരിക്കാൻ കഴിയുകയില്ലെങ്കിലും അതിന്റെ സാമാന്യ ദിശ എന്തായിരിക്കുമെന്ന് മുൻകൂട്ടികാണാൻ പ്രയാസമില്ല. പുതിയ ആഹ്വാനങ്ങളെല്ലാം പൊതുവിൽ അംഗീകരിക്കുന്ന ഒരു വസ്തുതയുണ്ട്: മുതലാളിത്തവും കമ്യൂണിസവും മനുഷ്യരാശിയെ നാശത്തിലേക്കാണ് നയിച്ചത്. അത്കൊണ്ട് ഇവ രണ്ടിനേയും തിരസ്കരിക്കുകയാണ് മാനവ

മോചനത്തിന്റെ മുന്നുപാധി. ഈ നിഷേത്മാകവീക്ഷണത്തിനു പുറമെ ഒരു രചനാത്മക വീക്ഷണവും ഇതിലുണ്ട് ആത്മാവിന് വേണ്ടിയുള്ള അന്വേഷണം.

ഈ സംഭവികാസങ്ങൾ മുഴുവനും മതത്തിലേക്കുള്ള തിരിച്ച് വരവാണെന്ന് വാദിക്കുന്നത് ആമിതമായ ശുഭാപ്തിവിശ്വാസമായിരിക്കും. എന്നാൽ, ഇവിടെയെല്ലാം പ്രകടമായിക്കാണുന്ന ആത്മിയപ്രവണത്വത്തെ നിഷേധിക്കേണ്ടതുമില്ല. മുതലാളിത്തത്തിലും കമ്യൂണിസത്തിലും മനുഷ്യവർഗം നേരിട്ടു കൊണ്ടിരിക്കുന്ന ദുരന്തങ്ങളെ അപലപിക്കുന്ന ബുദ്ധിജീവികളുടെ വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണ്. ഇന്നത്തെ തത്വശാസ്ത്രത്തിലും സദാചാരത്തിലും പ്രകടമായ ഭൗതികവാദത്തിനും, മനുഷ്യന്റെ യഥാർത്ഥസത്തേതയുടെ വികലീകരണത്തിനും, സർവാതിശായിയായ മാനുഷികമൂല്യങ്ങളുടെ തകർച്ചുക്കുമെതിരായ

---

* മുതലാളിത്തത്തെയും കമ്യൂണിസത്തെയും ഒരു പോലം നിരാകരിച്ച ഇറാനിലെ മഹത്തായ ഇസ്ലാമികവിപ്ലവത്തിന്റെ ആത്മീയവും രാഷ്ട്രീയവുമായ നേതാവ് ഇമാം ഖുമൈനിയെക്കുറിച്ചാവാം ഈ പരാമർശം - വിവർത്തകൻ.

വമ്പിച്ച അമർഷം ഇവയിലുടനീളം കാണാം. മനുഷ്യാസ്തിത്വത്തെ വിശദീകരിക്കുകയും അവന്റെ ജീവിതത്തെ പ്രകാശപൂരിതമാക്കുകയും പ്രകൃതിയിലേക്ക് ചൈതന്യത്തെ നിവേശിപ്പിക്കുകയും സ്നേഹത്തെയും മൂല്യങ്ങളെയും സൃഷ്ടിക്കുകയും ചെയ്ത്കൊണ്ട് മനുഷ്യപ്രകൃതിയുടെ അന്തരാളത്തിൽ ജ്വലിച്ചിരുന്ന ആ "അഹുരൻ സീര്യന്റെ" തിരോധാനത്തെയോർത്താണ് അവർ വിലപിക്കുന്നത്.

ഹെഗലിൻരെയോ ഫോയർബാക്കിന്റെയോ സ്വരത്തിലല്ല ഇന്നത്തെ തത്വശാസത്രത്തിൽ ഹൈഡഗർ സംസാരിക്കുന്നത്. ഇന്നത്തെ ശാസ്ത്രത്തിൽ നവീന ഊർജതന്ത്രത്തിന്റെ പ്രമുഖവിഖ്യാതാവായ മാർക്സ് പ്ലാങ്ക്, ക്ലോഡ് ബർണാഡിന്റെ ആശയഹ്ങലെ െതിർക്കുന്നു. മനുഷ്യവർഗത്തിലാണ് ഹൈഡഗർ ക്രിസ്തുവിനെ തേടുന്നത്, ആധുനിക മനുഷ്യനെ ആവരണം ചെയ്തിട്ടുള്ള മാരകമായ ഏകാന്തതയെയും ജീർമതയെയും എടുത്ത് കാമിക്കുന്നു. എലിയേറ്റ്,സ്ട്രിൻബർഗ്,ഗുവേനൻ, പ്സ്റ്റർനാക്ക്,ടോയിൻബി,എറിക്പ്രോം,സെൽഗർ ഉസ്ഗാൻ ഉമർമൗലൂദ്-എല്ലവരും ഏതെങ്കിലീമൊരു രൂതിയിൽ വെളിച്ചം തെടുന്നവരാണ്. പ്രശസ്തനായ ആധുനിക ശരൂരശാസ്ത്രജ്ഞൻ അലക്സി കാറൽ പോലും, ബോധപൂർവമല്ലാതെയാണെങ്കിലും, മനുഷ്യന്റെ ധാർമികവും മാനസികവുമായ വികാസത്തിൽ ദെവകൃപയുടെ അടിസ്ഥാനപങ്കിനെപ്പറ്റി സംസാരിക്കുന്നതായി കാണുന്നു.

കമ്മ്യൂണിസ്റ്റ്ലോകത്തിലെ ഉരുക്ക്കോട്ടകളിൽപ്പോലും ആത്മീയ ചൈതന്യം ഉറന്നുവരുന്നതായും, ഒരുമാനവോത്ഥാനം സമാരംഭിച്ചതായും നാം കാണുന്നു. ഭരണകൂടത്തിന്റെ മതവിരോധം തിവ്രമായി തന്നെ തുടരുകയും ബുർഷാ പിന്തിരിപ്പൻ ആശയങ്ങളെയുംചിന്തകളെയും കടിഞ്ഞാണിടാനുള്ള ശ്രമങ്ങൾ പൂർവ്വാധികം ശക്തിപ്പെടുകയും, കലാകാരൻമാരുടെയും ബുദ്ധിജീവികളുടെയും ഇളംതലമുറയെ വശീകരിച്ച് വൈരുധ്യാത്മകവാദത്തിന്റെ പാതയിൽ കൊണ്ടുവരാനുള്ള പാർട്ടിയുടെ തീവ്രയത്നങ്ങൾ അഭംഗുരം തുടരുകയും ചെയ്യുന്നതിനിടയിലാണ് ഇത് സംഭവിക്കുന്നതെന്ന് എന്ത്മാത്രം വിസ്മയാവഹമല്ല!

മാനവമോചനത്തിന്റെ അട്സ്ഥാനം ദൈവനിഷേധമാണെന്ന് സിദ്ധാന്തിച്ച മാർക്സിൽ നിന്നും ദൈവം മരിച്ചുവെന്ന പ്രഖ്യാപിച്ച നിഷേധിയിൽ നിന്നും ഭിന്നമായി "വേദനാജനകമായ ഖേദത്തോടെ"യാണ്സാർത്ര ദൈവത്തെ നിഷേധിക്കുന്നത്. മനുഷ്യാസ്തിത്വത്തിന്റെ വ്യർത്ഥതക്കും മൂല്ല്യങ്ങളുടെ തകർച്ചക്കും ദൈവത്തിന്റെ അഭാവം കാരണമാക്കുന്നുണ്ടെന്നും അദ്ദേഹം പറയുന്നു. വർഷങ്ങൾക്ക് മുന്വ് ഇഖ്ബാൽ പ്രഖ്യാപിച്ചു: "ഇന്ന് മനുഷ്യവർഗത്തിന് മറ്റെന്തിനേക്കാളും ആവശ്യമുള്ളത് പ്രപഞ്ചത്തിന്റെ ആത്മീയവ്യാഖ്യാനമാണ്". മാനവതയുടെആത്മീയ വ്യാഖ്യാനവും ഇന്നാവശ്യമാണെന്ന് നമുക്ക് കൂട്ടിച്ചേർക്കാം; ഇഖ്ബാലിന്റെ പ്രസ്താവന പരോക്ഷമായി ഇത് ഉൾക്കൊള്ളുന്നുണ്ടെങ്കിലും.

രണ്ട് കാലഘട്ടങ്ങളുടെ ഇടക്കുള്ള അതിർത്തിയിലാണ് നാമിപ്പോൾ നിലക്കൊള്ളുന്നത്. ഒരുഭാഗത്ത് മുതലാളിത്തവും കമ്യുണിസവും മനുഷ്യവർഗത്തെ മോചിപ്പിക്കുന്നതിൽ പരാചയപ്പെടുക മാത്രമല്ല അതിനെ വിനാശത്തിന്റെ ഗർത്തത്തിലേക്ക് തള്ളിവിടുകയും ചെയ്തിരിക്കുന്നു; മറുഭാഗത്ത്, മോചനം തേടുന്ന മനുഷ്യവർഗം പുതിയ ദിശ തിരഞ്ഞെടുക്കുകയും സ്വന്തം സത്താപരമായ പ്രകൃതിയെ മോചിപ്പിക്കുകയും ചെയ്യും ഈ ഇരുണ്ട നിശ്ചേതനലോകത്തിന്റെ മുകളിൽ മനുഷ്യവർഗം

കത്തിച്ചുവെക്കുന്ന വിശുദ്ധദീപം ഒരു പുതിയ സൂര്യനായിരിക്കും. ഈ പ്രകാശത്തിൽ സ്വന്തത്തിൽ നിന്ന് അന്യവൽകരിക്കപ്പെട്ട മനുഷ്യൻ തന്റെ ആദിപ്രകൃതിയെ വീണ്ടും കണ്ടെത്തുകയും മോചന ത്തിന്റെ പാത കൈവരിക്കുകയും ചെയ്യും.

പുതിയ ജീവിതത്തിലും പ്രസ്ഥാനത്തിലും ഇസ്‌ലാം മുഖ്യ പങ്ക്‌വഹിക്കും. ആദ്യമായി, അത് ശുദ്ധ മായ ഏകദൈവത്വമുപയോഗിച്ച് പ്രപഞ്ചത്തിന്റെ ആത്മീയ വ്യാഖ്യാനം നൽകുന്നു. ഇസ്‌ലാം വിശദീ കരിക്കുന്ന പ്രപഞ്ചം ഉതാത്തവും ആദർശാത്മകവുമാണെന്നത്പൊലെതന്നെ യുക്തിയുക്തവും സുഗ്രഹവുമാണ്. രണ്ടാമതായി, ആദമിന്റെ സൃഷ്ടിപ്പിനെ സംബന്ധിച്ച ദർശനമുപയോഗിച്ച് ഇസ്‌ലാം സ്വതന്ത്രവും സ്വാശ്രിതവും ഉദാത്തവുമായൊരു മാനവസത്തയെ ഉയർത്തിപ്പിടിക്കുന്നു. ഈ മാനവ സത്ത തീർത്തും ഭൗമികയാഥാർത്ഥ്യത്തിനിണങ്ങുന്നതും, അതോടൊപ്പം ദൈവികവും ആദർശാത്മ കവുമാണ്.

ഏതെങ്കിലുമൊരു ദാർശനികപ്രശ്നത്തെ പരിഹരിക്കുന്നത്കൊണ്ടോ ഒരു ആത്മീയ ആവശ്യത്തെ പൂർത്തീകരിക്കുന്നത്കൊണ്ടോ ഒരു ധാർമിക വീക്ഷണം അവതരിപ്പിക്കുന്നത്കൊണ്ടോ, ഇസ്‌ലാം സംതൃപ്തിയടയുന്നില്ല; ഏകദൈവത്വത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രപഞ്ച വീക്ഷണത്തെയുംമനു ഷ്യോൽകൃഷ്ടതയെയും യഥാർത്ഥജീവിതത്തിൽ സാക്ഷാൽക്കരിക്കാനാണ്ത് ശ്രമിക്കുന്നത്. ആത്മ നിഷ്ഠദർശനങ്ങളിൽ നിന്നും അധ്യാത്മികമതങ്ങളിൽനിന്നും ഭിന്നമായി, ഇസ്‌ലാം ഒരു ദ്വിത്വവും-മത പരവും ലൗകികവുമെന്നോ വിശ്വാസവും വ്യവഹാരവുമെന്നോ ഉള്ള ഒരു വിഭജനം-അംഗീകരിക്കു ന്നില്ല. ലുയീഗാർദെ പറഞ്ഞത്പോലെ ഇസ്‌ലാം ഒരു മതവും ഒരു ജനതയുമാണ്.

മുതലാളിത്തത്തെയും മാർക്സിസത്തെയും നിരാകരിച്ച്കൊണ്ട് തുടങ്ങുന്ന ഈ ഭാവി പൂർവകൽപി തമോ അല്ല; അത് ഇനിയും സൃഷ്ടിക്കപ്പെടേണ്ടതായിടിടാണുള്ളത്. അതിന്റെ നിർമാണത്തിൽ ഇസ് ലാമിന്റെ പങ്ക് അനൽപമായിരിക്കുമെന്നതിൽ സംശയമില്ല; ജീർണതയുടെയും അന്ധവിശ്വാസത്തി ന്റെയും മാലിന്യങ്ങളുടെയും നൂറ്റാണ്ടുകളുടെ സ്വാധീനത്തിൽ നിന്ന് മുക്തിനേടാനും ഒരു ജീവൽപ്രത്യയശാസ്ത്രമായി സ്വയം അവതരിപ്പിക്കാനും ഇസ്‌ലാമിന കഴിയുമെങ്കിൽ മാത്രം.

ഈ ദൗത്യനിർവ്വഹണത്തിന് ഇസ്‌ലാമിനെ പ്രപ്തമാക്കുകയാണ് യഥാർത്ഥ ബുദ്ധിജീവികളുടെ കർത്തവ്യം. ഇപ്രകാരം മാത്രമേ ഇസ്‌ലാമിന്ന്- ഒരു വിശ്വാസനവോത് ഥാനത്തിനും, ഏകാന്തതയിൽ നിന്നും അധോഗതിയിൽ നിന്നുമുള്ള് മോചനത്തിനു ശേഷം -ഇന്നത്തെ വിശ്വാസസമരത്തിൽ പങ്കെ ടുക്കാനും സമകാലീനചിന്തക്ക് മാതൃകകാണിക്കാനും കഴിയൂ. ഈ ചിന്തയിലാണെല്ലോ പുതിയമനു ഷ്യാത്മാവ് പുതിയ ലോകത്തിനും പുതിയ മാനവതക്കും തുടക്കം കുറിക്കാനുള്ള മാർഗങ്ങൾ തേടു ന്നത്.

ഇത് ഒരു അതിര്കടന്ന നിർദ്ദേശമല്ല; ഒരു ചുമതലയാണ്. ഇസ്‌ലാമിന്റെ മൗലികതാൽപര്യവും മറ്റൊ ന്നല്ല. ഇസ്‌ലാമിന്റെ യഥാർത്ഥ അനുയായികളുടെ കടമയാണിതെന്ന് വിശുദ്ധഖുർആൻ (2:143) ഉണർത്തുന്നു: "അങ്ങനെ നിങ്ങളെ നാം ഒരു മദ്ധ്യമസമുദായമാക്കിയിരിക്കുന്നു; നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളാകാനും പ്രവാചകൻ നിങ്ങൾക്ക് സാക്ഷിയാകാനും വേണ്ടി!"

ഇതര പ്രത്യയശാസ്ത്രങ്ങളോടുള്ള ഇസ്‌ലാമിന്റെ എതിർപ്പിന്റെയും സംഘട്ടനത്തിന്റെയും വ്യാപ്തി - പ്രത്യേകിച്ചും മനുഷ്യനെന്ന പ്രശ്നത്തിൽ - അതിന്റെ അധ്യാപനങ്ങളുടെ അകലത്തെയും ആഴ ത്തെയും ആശ്രയിച്ചിരിക്കുമെന്ന് നമുക്ക് മനസ്സിലാക്കാം.

# അധ്യാത്മദർശനവും മാനവവിമോചനവും

പ്രകൃതിയും മനുഷ്യനും രണ്ട് അടിസ്ഥാനവിഷങ്ങളാണ്. ഇവ തമ്മിലുള്ള ബന്ധത്തെയും മനു ഷ്യന്റെ ജീവിതപ്രയാണത്തെയും മനസ്സിലാക്കാൻ ചരിത്രത്തിൽ വളർന്ന് വന്നിട്ടുള്ള മതപരവും തത്വ ശാസ്ത്രപമായ ചിന്താപ്രസ്ഥാനങ്ങളെയും അനുഭവങ്ങളെയും പരിശോധിക്കണം. ഇവയെ സംഗ്രഹി ച്ചാൽ മൂന്ന് മൗലികധാരക്ൾ കിട്ടും : അധ്യാത്മ ദർശനവും സമത്വവും സ്വാതന്ത്രവും.

വിശാലാർത്ഥത്തിലുള്ള ഒരു അധ്യാത്മദർശനം എന്നും ലോകത്തെല്ലായിടത്തും നിലനിന്നിരുന്നു. എങ്കിലും, അതിനെ പൗരാസ്ത്യനായാണ് എല്ലാവരും വിശേഷിപ്പിക്കാറുള്ളത്.പൗരസ്ത്യർക്ക് മാത്രമേ ആത്മരക്ഷാത്ക്കാരത്തിൽ അഭിരുചിയുള്ളൂ എന്ന ധാരണയല്ല അടിസ്ഥാനം. മറിച്ച്, ചിന്തയും സംസ്കാരവും മഹാ മതങ്ങളും ഉടലെടുത്ത പൗരസ്ത്യൻ ലോകത്ത് തന്നെയാണ് സ്വാഭാവികമായും ആത്മദർശനവും ഉദയം ചെയ്തത്. അന്ന് പാശ്ചാത്യൻ അർദ്ധഗോളം നാഗരികതപ്രാപിച്ചിരുന്നില്ല: അവിടെ അധ്യാത്മ ദർശവും ഉണ്ടായിരുന്നില്ല.

പക്ഷെ, ആത്മീയത മനുഷ്യപ്രകൃതിയുടെ ഒരു നൈസർഗികഗുണമത്രെ. തികഞ്ഞ ഭൗതികവാദി എന്ന് ആക്ഷേപിക്കപ്പെട്ട ഡാർവിൻപോലും മനുഷ്യന്റെ ആത്മീയയാഥാർത്ഥ്യത്തെ സ്ഥാപിക്കുന്ന തിൽ മറ്റാരെക്കാളും മുന്നിലായിരുന്നു. അദ്ദേഹം പറഞ്ഞ: "മനുഷ്യേതരജീവികളായ സസ്യങ്ങളു ടെയും ജന്തുക്കളുടെയും ശാരീരികധർമങ്ങളിലും അകാരങ്ങളിലും പരിണാമമുണ്ടായി: സസ്യങ്ങൾ പെരുകുകയും, അമീബയും മറ്റുജൈവരൂപങ്ങളും രംഗത്തുവരികയും ചെയ്തു. ഓരോ ജീവിയി നവും കൂടുതൽ പരിണമിക്കുകയും രൂപാന്തരപ്പെടുകയും ചെയ്ത്കൊണ്ടിരുന്നു. അങ്ങനെ, ജന്തുക്ക ളിൽവെച്ച് ഏറ്റവും പരിണമിച്ച ജീവിയായ പ്രാകൃതമനുഷ്യൻ വീണ്ടുംപരിണമിച്ചു. ഉദാഹരണമായി, അവന്റെ കൈപതത്തിയിലുണ്ടായിരുന്ന രോമം കൊഴിയുകയും നെറ്റിത്തടം കൂടുതൽവിശാലമാവു കയും താടിപിൻവലിയുകയും വാല് അപ്രത്യക്ഷമാവുകയും ചെയ്തു. അവൻ നിവർന്നുനിന്നു. അതോടെ മനുഷ്യൻ നിലവിൽവന്നു. പിന്നീടങ്ങോട്ടുള്ള മനുഷ്യന്റെ പരിണാമക്രിയ ശാരീരികമായി രുന്നില്ല, ആത്മീയമായിരുന്നു."

നരനെ തന്റെ മുന്ഗാമിയായ വാനരനിൽനിന്ന് വേറിട്ട് നിർത്തിയതും തീർത്തും മാനവികമായ പാന്ഥാവിൽ നടത്തിയതും അവനിൽ നാമ്പിട്ട ആത്മീയബോധമായിരുന്നു. കിഴക്കും പടിഞ്ഞാറും ഒരു പോലെ അങ്കുരുച്ച ഈ ബോധം ഭൗതികമോ ശാസാത്രീയമോ ആയിരുന്നില്ല. പ്രാഥമികദിശിയി ലുള്ളായിരുന്നു. ആദിമമനുഷ്യന് പ്രതിമൾ, ശിലകൾ മുതലായ ചില വസ്തുക്കളിൽ അനുഭവപ്പെട്ട വിശുദ്ധഗുണമാണ്, അവന്ന് അവയോട് തോന്നിയ നിഗൂഢ ആത്മബന്ധമാണ്, അവന്റെ അധ്യാ ത്മികപ്രകൃതത്തിന്റെ സ്രോതസ്സ്. ഏതായാലും മാനവതയുടെ പ്രാകൃതഘട്ടിത്തിലെ ആപ്രതീകങ്ങൾ നിരർത്ഥകമാണ. പൗരസ്ത്യൻ അധ്യാത്മദർശനത്തിന് ആഴവും ഗാംഭീര്യവും നൽകിയത് കിഴക്കിന്റെ നാഗരികതയും സംസ്കാരവും കൈവശംവെച്ചിരുന്ന ഔന്നത്യമാണ്.

മനുഷ്യന്റെ മൗലികപ്രകൃതിയിൽ നിന്ന് ഉദ്ഗമിക്കുന്ന ഒരു ചിന്താധാരയാണ് അധ്യാത്മദർശനം. ഭൗതി കലോകത്ത് ജീവിക്കുന്ന മനുഷ്യർക്കുണ്ടാകുന്ന അന്തരെന്ത്രിയ ബോധമെന്ന് ഇതിനെ പരിചയപ്പെ ടുത്താം. അതിനാൽ, ഈ ബോധമില്ലാത്തവൻ സവിശേഷമായ മാനവികദശ പ്രാപിച്ചിട്ടില്ലെന്ന് തീർച്ച: അവന്ന് വാലും കുറേ രോമവും നഷ്ടപ്പെട്ടിട്ടുണ്ടെങ്കിലും. ഈ ബോധമുള്ളത് കൊണ്ടാണ് ആകാശ ത്തെയും പ്രകൃതിവ്യവസ്ഥയെയും സംബന്ധിച്ച് അസ്വസ്ഥരാവാൻ നമുക്ക് കഴിയുന്നത്.

ഈ അസ്വാസ്ഥ്യത്തിന്റെ ഉറവിടം മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ അപര്യാപ്തത യാണ്. പ്രകൃതിക്ക് ഒരിക്കലും തൃപ്തിപ്പെടുത്താനാവാത്ത ധാരാളം ആവശ്യങ്ങൾ മനുഷ്യന്നുണ്ട്. എന്ത്കൊണ്ടാണിത്? മനുഷ്യരും ജന്തുക്കളും സസ്യങ്ങളും ഒരുമിച്ച് കഴിഞ്ഞ്കൂടുന്ന ഒരു വീടാണ് ഈ പ്രകൃതി. എന്നാൽ, ജന്തുക്കളുടെയും സസ്യങ്ങളുടെയും ആവശ്യങ്ങൾക്കനുസരിച്ചാണ് ഇത് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. മനുഷ്യന്റെ ആവശ്യങ്ങൾ സസ്യങ്ങളുടെതിൽ നിന്നും ജന്തുക്കളുടെതിൽ നിന്നും വിഭിന്നമാണല്ലോ. ഈ സാഹചര്യത്തിലാണ്, മനുഷ്യന്റെ ആവശ്യങ്ങൾ സസ്യങ്ങളുടെതിൽ നിന്നും ജന്തുക്കളുടെതിൽ നിന്നും വിഭിന്നമാണല്ലോ. ഈ സാഹചര്യത്തിലാണ്, മനുഷ്യന്റെ ആവ ശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിൽ പ്രകൃതി പരാജയപ്പെടുന്നത്. ഈ അവസ്ഥാവിശേഷത്തിൽ, ഈ ലോകജീവിതത്തിനിടയിൽ മനുഷ്യനിൽ അന്യഥാബോധവും വ്പ്രവാസബോധവും വളർന്ന് വരുന്നു; അവൻ തൃഷ്ണയും വിരഹവും അനുഭവിക്കുന്നു. മനുഷ്യനിൽ അന്തർലീനമായ അധ്യാത്മചൈതന്യ മാണിവിടെ കാണുന്നത്: തന്റെ തൃഷ്ണയെ ശമിപ്പിക്കാൻ, ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ, പ്രകൃ തിക്ക് കഴിയാതിരിക്കാൻ ഇവിടെ എന്തിന്റെ അഭാവമാണുള്ളതെന്ന് അവൻ ചിന്തിക്കുന്നു. മനുഷ്യന്റെ ആവശ്യങ്ങൾ ഭൗതികാതീതമായതിനാൽ അവയുടെ പൂർത്തീകരണത്തിന് പ്രകൃത്യതീതമായ അന്വേ ഷണം അനിവാര്യമായിത്തീരുന്നു. പ്രകൃതിയെ മറികടക്കുംതോറും അവൻ അതിൽ നിന്ന് അന്യ വൽക്കരിക്കപ്പെടുകയും നമ്മുടെ വിപ്രവാസ ഭോധം വളരുകയും ചെയ്യും. ഈ എകാന്തതയിൽനിന്ന് മുക്തിനേടാൻ അവൻ ഇതല്ലാത്തൊരു ലോകത്തേക്ക് നോക്കുന്നു.

പരലോകം 'അതൃശ്യമാ"ണ്. അതൃശ്യലോകത്തേക്കുള്ള യാത്രാമാധ്യമമാണ് അധ്യാത്മദർശനം - അത് മനുഷ്യന്റെ ആധിപ്രകൃതിയുടെ പ്രകാശനമാണ്. പക്ഷെ, എവിടെയാണീ അതൃശ്യലോകം ? തത്വത്തിൽ അതൃശ്യലോകത്തെ അന്വേഷിക്കുന്നവരാണ് എല്ലാമനുഷ്യരും. ഈ അന്വേഷണമാണ് അവരുടെ പെരുമാറ്റത്തെയുംവികാസത്തെയും നിർണയിക്കുന്നത് ദൃശ്യവും അനുഭവവേദ്യവുമായ തിൽ മനുഷ്യൻ സംതൃപ്തിയടഞ്ഞിരുന്നെങ്കിൽ അവന്ട നിഷ്ക്രിയനായിത്തീരുമായിരുന്നു. നേരേമ റിച്ച്, അൻ എന്നും പ്രവർത്ത്യുനമുഖനാണല്ലോ. ഈ സ്വഭാവമാണ് അവന്റെപരിണാമത്തെ ഉറപ്പ്വരു ത്തുന്നത്.

മനുഷ്യനിൽ നിന്ന് അധ്യാത്മബോധം എടുത്തുമാറ്റിയാൽ അവശേഷിക്കുന്നത് വെറും ജന്തുവായിരി ക്കും-പ്രകൃതിയെ കീഴടക്കാനും സ്വന്തം അവശ്യങ്ങളെ ഫലപ്രതമായി പൂർത്തീകരിക്കാനും കഴിയു ന്ന, അതൃധികം വികസിതമായ ബുദ്ധിശക്തികളുള്ള ഒരു ജന്തു. എന്നാവൽ, മനുഷ്യൻ ഇത് മാത്രമല്ല ല്ലോ.മനുഷ്യന് ശ്രേഷ്ടഗുണങ്ങളും മഹിതയും പ്രദാനം ചെയ്യുന്നത് അവന്റെ അധ്യാത്മബോധമാണ്. അവൻ വളരുംന്തോറും അവന്റെ തൃഷ്ണയും വളരുന്നു. കൂടുതൽ വളർന്നവർക്കാണ് കൂടുതൽ അസംതൃപ്തിയുണ്ടാവുക. അതായത്, മനുഷ്യൻ ആത്മീയമായി വളരുംന്തോറുംഅവന്റെ ആവശ്യ ങ്ങൾ ഉതാത്തവും ആത്മീയവുമായി പരിണമിക്കുന്നു; ജഡികമായ ആവശ്യങ്ങളുടെ എണ്ണവും പ്രസ ക്തിയും കുറയുന്നു. ഈ സാഹചര്യത്തിലാണ് അവനെ തൃപ്തിപ്പെടുത്താൻ പ്രകൃതിക്ക് കഴിയാതെ വരുന്നത് . വളർന്നവരെങ്കിലും ദൈവത്തിലും അദൃഷ്യലോകത്തിലും വിശ്വസിക്കാത്തവരായിരുന്നു ദയതോവിസികി, സാർത്ര, അൽബേർ കമ്മ്യു എന്നിവർ. ധൈഷണികമായി, ഇവരെല്ലാവരും ഭൗതിക വാദികളായിരുന്നു.; എന്നാൽ, ആത്മീയമായി നേരെ മറിച്ചും. കാരണം ആത്മാവിനെ സംബന്ധിച്ച അവരുടെ ചിന്തകളും വികാരങ്ങളും അതൃതികം വികസിതമാണ്; ദൈവത്തിന്റെ അഭാവം അവരെ ഖിന്നരാക്കിയിരുന്നു.

ഭൗതികവാദികളുടെ വീക്ഷണത്തിൽ,അതൃശ്യലോകത്തോടുള്ള പ്രതിപത്തി മനുഷ്യനെ അധഃകരിക്കു ന്നു. യഥാർത്ഥത്തിൽ, ദൃശ്യലോകത്തോടുള്ളപ്രതിപത്തിയാണ് അവനെ അധഃകരിക്കുന്നത്. മൂല്ല്യ ഹ്ങളോടുള്ള അധിനിവേശം മനുഷ്യനെ ഭൗതികലോകത്തിനതീതമായി ഉയർത്തുന്നു. മനുഷ്യന്റെ ആത്മീയവും സത്താപരവുമായ വികാസത്തെ ഇത് ഉറപ്പ് വരുത്തുന്നു. ചുരുക്കത്തിൽ, മാനവതയുടെ അകത്തിരുന്ന് കത്തുന്ന ഒരു ദീപമാണ് അധ്യാത്മദർശനം. ഭൗതികമനുഷ്യനെ ദൃശ്യപ്രകൃതിക്കപ്പുറ ത്തേക്കുയർത്തുകയും ഒരു അതിഭൗതികയാഥാർത്ഥ്യമാക്കി പരിവർത്തിപ്പിക്കുകയും ചെയ്യുന്നരാസ ത്വരകം; ഈ ദൃശ്യലോകത്തില്ലാത്ത ഒന്നിലേക്ക് അവനെ അട്പ്പിക്കുന്ന മാർഗം. ഇതാണ് അവന്റെ ആത്മീയ വിപ്ലവം . ദൈനംദിനജീവിതത്തെയും ധനശാസ്ത്രത്തെയും രാഷ്ട്രിയത്തെയും സദാചാര ത്തെയും സംബന്ധിച്ച വിധിവിലക്കുകൾഎത്രതന്നെ വ്യത്യസ്തമാണെങ്കിലും, എല്ലാ മതങ്ങളുടെയും അധ്യാത്മദർശനത്തിന്റെ മൂലം ഒന്ന് തന്നെയാണ് . മതങ്ങൾപൗരസ്ത്യനോ,പാശ്ചാത്യനോ, ഏകദൈ വത്വധിഷ്ടിതമോ, ബഹുദൈവത്വാധിഷ്ടിതമോ ആകട്ടെ-ഈ വ്യത്യാസങ്ങൾ മതത്തിന്റെ വിവിധ പരിണാമദശകളെയാണ് കാണിക്കുന്നത്-ഇതിൽ യതൊരു മാറ്റവുമുണ്ടാവില്ല.

സാർത്രിന്റെ നിലപാട് പരിശോധിക്കുന്നത് രസാവഹമായിരിക്കും : പത്തോമ്പതാം നൂറ്റാണ്ടിലെ ഏതൊരു ചന്തകനും ദൈവത്തെ നിഷേധിക്കാനും മതം മനുഷ്യനെ പീഡിപ്പിക്കുന്നുവെന്ന് ആക്ഷേ പിക്കാനും ഇടയുണ്ട്. എന്നാൽ, തീർത്തുംഭിന്നമായൊരു നിലപാടാണ് സ്വാർത്തിന്റെത് ദൈവ ത്തിന്റെ അഭാവം മുഴുവൻ അസ്തിത്വത്തെയും അസംബന്ധവും ഉദ്ദേശ്യ രഹിതവുമാക്കി തീർത്തിരി ക്കുന്നതായി അദ്ദേഹം അനുതപിക്കുന്നു. പ്രകൃതിയിൽ നിന്ന് ദൈവം നിശ്ക്കാസനം ചെയ്യപ്പെടുന്ന തോടെ സങ്കുചിതവും നിർവികാരവും മനുഷ്യന്റെ അവശ്യങ്ങൾ നിറവേറ്റ്ൻ അവര്യാപ്തവുമായിതീ രുമെന്ന് സാർത്ര കരുതുന്നു അദ്ദേഹം ദൈവത്തിൽ ലോകത്ത് മനുഷ്യർ അനുഭവിക്കുന്ന അന്യഥാ ബോധം വ്പ്രവാസവും നിശേധിക്കുന്നില്ല. ദൈവാസ്തിക്യം മാത്രമാണ് നൻമതിൻമകൾക്ക് വിശ്വാ സ്യത നൽകുന്നത് ; ദൈവത്തിന്റെ അഭാവത്തിൽ എന്ത് അനുവദനീയമായിരിക്കും

ദൈവത്തിന്റെ അഭാവത്തിൽ ഈ പ്രപഞ്ചം നാഥനില്ലാത്ത ഗൃഹം പോലെയാണ് ഇവിടെ മാന്യതയും അമാന്യതയും തമ്മിലോ, സൗന്ദര്യവും , വൈരൂപ്യവും തമ്മിലോ, സത്യവും വ്യാജവും തമ്മിലോ,സ ദ്വൃത്തിയും ദുർവൃത്തിയും തമ്മിലോ ഒരു വ്യത്യാസവുമില്ല. വഞ്ചകരും സത്യസന്തരും, വിശ്വസ ത്തിനും മൂല്ല്യങ്ങൾക്കും വേണ്ടി സ്വയം ബലിയർപ്പിച്ചവരും സ്വാഭിവൃദ്ധിക്കുവേണ്ടി മറ്റുള്ളവരെ ബലി കഴിച്ചവരും ഒരു പോലെ!

ദൈവത്തിന്റെയും മതത്തിന്റെയും അഭാവം തികഞ്ഞ ശൂന്യതയാണ് ഈ ചിന്തകർക്ക് നൽകുന്നത്. അവയിൽ വിശ്വസിക്കാനാവാത്തതിനാൽ ഈ ശൂന്യതയും വിപ്രവാസവുമൊക്കെ അവർ സ്ഥിരികരി

ക്കുന്നു.മനുഷ്യന്റെ ആദിപ്രകൃതി എപ്രകാരമാണ് ദൃശ്യലോകത്തിന്റെ സാധ്യതകളെ മറികട ക്കുന്നതെന്ന് ഇത് കാണിക്കുന്നു. അധ്യാത്മബോധമില്ലാത്ത മനുഷ്യൻ ആത്മീയമായി മരവിക്കു കയോ നശിക്കുകയോ ചെയ്യുന്നു. ദൈവമില്ലാതെ വളർന്ന്വന്ന ഇന്നത്തെ നാഗരികത, അപരിഷ്കൃത രുടെ പരിഷ്കൃത സമൂഹ, ഇതിന്റെ ഉത്തമനിദർശനമാണ്. ഇന്ന് ദൈവമില്ലാത്ത ശാസ്ത്രം ഒരു പരി ഷ്കൃത സമൂഹത്തെ സൃഷ്ടിച്ചിരിക്കുന്നു: എന്നാൽ, ഈ സമൂഹത്തിൽ പരിഷ്കൃതമനുഷ്യരില്ല. പണ്ടത്തെ സ്ഥിതിയോ? അപരിഷ്കൃതവും എഅവികസിതവുമായ ഒരു സമൂഹത്തിലെ മനുഷ്യരെ നാം സംസ്കരിക്കുന്നു.

അധ്യാത്മദർശനം മനുഷ്യവർഗത്തെ സാംസ്കാരികവും ആത്മീയവുമായ ഔന്നിത്യത്തിലേക്ക് നയി ക്കുന്നു. എങ്കിലും, പൗരസ്ത്യൻ അധ്യാത്മദർശനം പിൽക്കാലത്ത് മതത്തിലേക്ക് കടക്കുകയായി രുന്നു .ഈ മതം അചിരേണസംഘടിതപുരോഹിതമതത്തിന്റെ രൂപം കൈക്കൊള്ളുകയും ഒരു പുതി യവർഗത്തിന് ജ്മം നൽകുകയും ചെയ്തു. ഭരണവർഗത്തിന്റെ. ഒരു ഭാഗമെന്ന നിലയിൽ അത് ആവർഗത്തിന്റെ ഇതര ഘടകങ്ങളുമായി സാമൂഹികബന്ധം സ്ഥാപിച്ചു. മതവും അധ്യാത്മദർശനവും ജനങ്ങളെ ചൂഷണംചെയ്യാനുള്ള ഭരണവർഗത്തിന്റെ ആയുധങ്ങളായും മാനവവികാസത്തിന്റെ അഥവാ മനുഷ്യന്റെ ആദിപ്രകൃതിയുടെ വികാസത്തിന്റെ ശത്രുവായി രൂപാന്തരപ്പെട്ടുവെന്നതായിരു ന്നു ഇതിന്റെ അനന്തരഫലം. മനുഷ്യവർഗത്തിന്റെ ആത്മീയവും ഭൗതികവുമായ പരിണാമത്തിന്റെ പാദങ്ങളെ ചങ്ങലയ്ക്കിടുകയുമായിരുന്നു അധ്യാത്മദർശനം. സ്വാതന്ത്ര്.യം തേടിയമനുഷ്യാത്മാ ക്കൾക്ക് അനിവാര്യമായും മതത്തെ എതിർക്കേണ്ടിവന്നു.

x x x x x x

അധ്യാത്മദർശനം മതത്തിൽ ലയിക്കുകയും ആ മതം യൂറോപ്പിന്റെ പൊതുജീവിതത്തിൽ ഒരു പങ്കും നിർവഹിക്കാതാവുകയും ചെയ്തതോടെ, അധ്യാത്മവൃത്തത്തിൽ പുരോഹിതരും അവരുടെ ആശ്രി തരും മാത്രം അവശേഷിച്ചു(ഇപ്പോൾ അവരുടെ കാലവും അവസാനിക്കുകയാണ്). യുവാക്കളുടെ ജീവിതത്തിൽ മതത്തിനുണ്ടായിരുന്ന ധൈഷണികസാന്നിധ്യത്തിന് മങ്ങലേറ്റപ്പോൾ തൽസ്ഥാനത്ത് സോഷ്യലിസം കടന്ന്വന്നു. പക്ഷെ, പത്തൊമ്പതാം നൂറ്റാമണ്ടിലെ യൂറോപ്യൻ സോഷ്യലിസ്റ്റുകളുടെ ലക്ഷ്യം ഒരിക്കലും സാക്ഷാത്കരിക്കപ്പെട്ടില്ല. ഒരു നൂറ്റാണ്ടുമുമ്പുള്ള യൂറോപ്പിൽ ഒരു വിപ്ലവം നടന്ന തായി നാം കണ്ടു. അന്ന് തൊഴിലാളികൾ വിപ്ലവകാരികളായിരുന്നു. അവർ മുതലാളിത്തത്തെ തൂത്ത്വാരി. നൂറ് വർഷത്തിന് ശേഷം ഇന്നത്തെ അവസ്ഥ തീർത്തും വ്യത്യസ്തമാണ്. ഒരുകാലത്ത് തൊഴിലാളി പ്രസ്ഥാനം ഏറ്റവും വികസിച്ചിരുന്നത് ജർമനിയിലായിരുന്നു; ഏറ്റവും വളർച്ചമുരടിച്ച തൊഴലാളികൾ ഇന്നുള്ളതും ജർമ്മനിയിൽ തന്നെ. ജർമ്മിയിലെ തൊഴിലാളിവർഗം അവിടെയുള്ള ക്രൈസ്തവസഭകളേക്കാളും വലത്പക്ഷത്തേക്ക് ചാഞ്ഞിരിക്കുന്നു. ഒരു കാലത്ത് പ്രൂഥോന്റെയും മാർക്സിന്റെയും ധൈഷണികനേതൃത്വത്തിലൂടെ കടന്ന് വന്ന ഈ തൊഴിലാളിവർഗത്തെയും സോഷ്യലിസത്തെയും യൂറോപ്യൻ മുതലാളിത്തം തടഞ്ഞ്നിർത്തുകയായിരുന്നു. ചൈന, സോവ്യ റ്റ്യൂണിയൻ തുടങ്ങിയ രാജ്യങ്ങളിൽ സോഷ്യലിസം വഴിമുട്ടിനിൽക്കുകയാണ്.

എന്താണിത് കാണിക്കുന്നത്? പത്തൊമ്പതാം നൂറ്റാണ്ടിലെ സ്വാതന്ത്രേഛുക്കളുടെ ലക്ഷ്യങ്ങള സാക്ഷാത്ക്കരിക്കപ്പെട്ടിട്ടില്ലെന്ന് തന്നെ. ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതി നിലവിൽ വന്നാൽ മനുഷ്യ വർഗം ഭൗതികവാദത്തിന്റെ പിടുത്തത്തിൽ നിന്ന് മുക്തിനേടുമെന്നും, വർഗവൈരുദ്ധ്യങ്ങളും താൽപ ര്യസംഘട്ടനങ്ങളും അവസാനിക്കുമെന്നും അവർ പ്രതീക്ഷിച്ചിരുന്നു. സോഷ്യതിസ്റ്റ്വ്യവസ്ഥിതിയിൽ യുദ്ധമുണ്ടാവില്ലെന്നും, യുദ്ധവും ചൂഷണവും ഇല്ലാതാവുമ്പോൾ മനുഷ്യവർഗത്തിന്റെ ഭൗതികവും ആത്മീയവുമായ പുരോഗതിക്ക് വേണ്ടി വിനിയോഗിക്കാനും കഴിയുമെന്നും അവർ പ്രത്യാശിച്ചു.

എന്നാൽ, മനുഷ്യനെ മോചിപ്പിക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ട സോഷ്യലിസ്റ്റ് വ്യവസ്ഥതന്നെ അവസാനം അവനെ ബന്ധനസ്ഥനാക്കിയത് നാം കാണുന്നു. സോഷ്യലിസ്റ്റ്വ്യവസ്ഥ വ്യക്തിപൂജയായും പ്ർട്ടിപീ ജയായും അധ:പതിക്കുകയായിരുന്നു. മാർക്സിനുള്ള ൊരു കത്തിൽ പ്രൂഥോൻ ഇപ്രകാരം എഴുതി: " നാം വല്ലതും ചെയ്യുന്നെണ്ടെങ്കിൽ അത് മിതമായിരിക്കണം; ജനങ്ങളെ ബോധവൽക്കരിക്കാനായി രിക്കണം. നാം പ്രവാചകരുടെ ഭാഗം അഭിനയിക്കരുത്. അവർക്ക് വേണ്ടി വിധിവിലക്കുകൾ വിളംഭരം ചെയ്ത് നാം നമ്മെത്തന്നെ അവരിൽ അടിച്ചേൽപ്പിക്കരുത്. നാം പുതിയ മതമോ വിശ്വാസപ്രമാ ണമോ സ്ഥാപിച്ചുകൂടാ.... താങ്കളുടെ ഈ ചിന്താസരണി നാളെ ഒരു രാഷ്ട്രമതത്തിന്റെ രൂപം കൈകൊള്ളുമോ എന്നും, ദൈവാരാധനക്ക്പകരം രാഷ്ട്രപൂജ നിലവിൽവരുമോ എന്നും ഞാൻ ഭയ പ്പടുന്നു".

എന്നാൽ, പ്രൂഥോൻ ഭയപ്പെട്ടത്തന്നെ സംഭവിച്ചു. ഈഅവസ്ഥാവിശേഷം നൈരാശ്യജനകമായിരുന്നു. മനുഷ്യനെ ഒരു ദൈവത്തിന്റെയോ അനേകം ദൈവഹ്ങലുടേയോ അടിമയാക്കുന്ന മതത്തെയും അവനെ രാഷ്ട്രത്തിന്റെ അവനെ രാഷ്ടരത്തിന്റെ അടിമയാക്കുന്ന മാർക്സിസത്തെയും ഒരുപോലെ നിരാകരിക്കുന്നതായി അവകാശപ്പെട്ട്കൊണ്ട് രംഗത്ത്വന്ന സ്വതന്ത്ര ചിന്തകരുണ്ട്. അവർ ഒരു പുതിയ ചിന്താപ്രസ്ഥാനത്തിന് രൂപം നൽകുകയും ചെയ്തു. നിരാശത, പക്ഷെ അവരുടെ ചിന്തകളിലും പ്രതിഫലിക്കുന്നുണ്ട്.

സമ്പത്തും അധികാരവും പൂർണമായും രാഷ്ട്രത്തിന്റെ അധീനതയിൽ വന്ന്ചേരുന്നതോടെ രാഷ്ട്രം സ്ഥാപനവൽക്കരിക്കപ്പെടുന്നു: ഉദ്യോഗസ്ഥദുഷ്പ്രഭുത്തമായിമാറുന്നു. ഭരണപക്ഷം ക്രമേണ സ്വയം ശാശ്വതീകരിക്കുന്ന ഒരു ഉപജാപസംഗമായി പരിണമിക്കുന്നു. അത്തരമൊരു വ്യവസ്ഥയിൽ ആർക്കും ഒന്നും ചെയ്യാനാവില്ല: ആർക്കും സ്വയം രക്ഷിക്കാനുമാവില്ല. ഓരോരുത്തർക്കും കിട്ടേണ്ട സമ്പത്തും അവസരങ്ങലും ലഭിക്കുന്നില്ലെന്നതാണ് ഇത്ന് കാരണം. ഏകാധിപതിയായ ഒരു നേതാവിന്റെ അധീശത്വത്തിലുള്ള രാഷ്ട്രമെന്ന ഭീകരസംഘടനയുടെ വേലക്കാരായിരിക്കും എല്ലാവരും.

വ്യക്തിത്വത്തിന് ചരിത്രത്തിൽ ഒരു പങ്കും നിർവ്വഹിക്കാനില്ലെന്നത് മാർക്സിസത്തിന്റെ ഒരു അടിസ്ഥാന ഉപപാദ്യമാണ്. എന്നാൽ അതേ പ്രസ്ഥാനം തന്നെ വ്യക്തിത്വങ്ങളുടെ ഉൽപാദകേന്ദ്രമായി മാറുകയായിരുന്നു. മാർക്സിസം, ലെനിനിസം, മാവോയിസം, ടിറ്റോയിസം, കാസ്ട്രോയിസം, ട്രോഡ്ക്ക്സിസം - വ്യക്തികളുടെ പേരിൽ നിലവിൽവന്ന വ്യത്യസ്ത മാർക്സിസ്റ്റ് ഖണ്ഡങ്ങളുടെ പട്ടിക നീണ്ടതാണ്. ''മുഹമ്മദിസം'', ''മുഹമ്മദിസ്റ്റ്'' തുടങ്ങിയ പ്രയോഗങ്ങൾ മുസ് ലിംകൾക്കജ്ഞാതമാണ്. സർവോൽകൃതസൃഷ്ടിയായ പ്രവാചകൻ മുഹമ്മദിനെ നാം അത്യാരാധിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു; എന്നാൽ, ആരാധിക്കുന്നനില്ല. വ്യക്തിത്വത്തെ നിഷേധിക്കുകയും, വീരപുരുഷൻമാർക്ക് ജീവിതത്തിലോ ചരിത്രത്തിലോ നേരിയ നിർണ്ണായകത്വം പോലുമില്ലെന്ന് വാദിക്കുകയും ചെയ്യുന്നവരുടെ ചിന്താപ്രസ്ഥാനങ്ങൾ തന്നെ നേതൃപൂജയുടെ രൂപം കൈക്കൊണ്ടിരിക്കുന്നു! ഫാഷിസത്തിന്റെ മറ്റൊരു രൂപമാണിത്.

രണ്ടാം ലോകായുദ്ധാനന്തരം ചിന്താലോകത്ത് ശ്രദ്ധേയമായ ചില സംഭവവികാസങ്ങളുണ്ടായി: ഒന്നാമതായി മതം അവഗണിക്കാനാവാത്ത ഒരു ശക്തിയായി വീണ്ടും രംഗപ്രവേശനം ചെയ്തു. രണ്ടാമതായി, ശാസ്ത്രത്തിന്റഎ അവകാശവാദങ്ങൾ ചോദ്യം ചെയ്യപ്പെട്ടു. മൂന്നാമതായി, മനുഷ്യന്റെ സാമ്പത്തികപ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്താനാവാതെ മാർക്സിസത്തിന്റെ ആകർഷണത്തിന് മങ്ങലേറ്റു.ഈ സാഹചര്യത്തിലാണ് അസ്തിത്വവാദം പ്രാധാന്യം കൈവരിച്ചത്.

പത്തൊമ്പതാം നൂറ്റാണ്ടിന് മുമ്പും അസ്തിത്വവാദം നിലനിന്നിരുന്നു. നമ്മുടെ അധ്യാത്മ ദർശനത്തിലും അതുണ്ട് - യഥാർത്ഥത്തിൽ അധ്യാത്മദർശനം അസ്തിത്വത്തെ സംബന്ധിച്ച ദാർശനിക ചിന്തയാണല്ലോ. എന്നാൽആധുനിക അസ്തിത്വവാദം മാനവകേന്ദ്രീകൃതമാണ്. മനുഷ്യരെ തന്റെ ആശ്രിതത്തിൽതളച്ചിടാനാഗ്രഹിക്കുന് ദൈവത്തിന് പ്രാഥമ്യം കൽപിക്കുന്ന മതങ്ങളെ അത് വിമർശിക്കുന്നു.

ക്രൈസ്തവമത്തിലും മറ്റും നിലനിൽക്കുന്ന മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെയാണ് വാസ്തവത്തിൽ ഇവിടെ സൂചിപ്പിക്കുന്നത്. ഈ മതങ്ങൾ മനുഷ്യനെ അപമാനവീകരിക്കുന്നു. ഇന്ന് ഇസ്ലാമിന്റെ സ്ഥിതി നോക്കുക. ചിലപ്രാർത്ഥനകൾ പ്രാർത്ഥിക്കുന്നവന്റെ പരിതത്വം വിളിച്ചറിയിക്കുന്നു. സ്വന്തം ഋണ ബാധ്യതകൾ നീക്കാനും ഗതാഗത തടസ്സം നീക്കാനുമൊക്കെ ദൈവത്തെ ഏൽപിക്കുന്നത് കണ്ടാൽ മനുഷ്യന് ഇഛയോ അസ്തിത്വം തന്നെയോ ഇല്ലെന്നാണ് തോന്നുക. മനുഷ്യന് സ്വന്താമായി ഒന്നും തന്നെ ഇല്ലെന്ന സ്വയം നിഷേധത്തിന്റെ തത്വശാസ്ത്രം ഇസ് ലാമികമല്ല; മനുഷ്യന് എല്ലാമുണ്ടെന്നാണ് അത് പഠിപ്പിക്കുന്നത്. ഇസ്ലാം പഠപ്പിക്കുന്ന ആത്മീയ ദാരിദ്രത്തിന്റെ അർത്ഥം ഇതാണ്'' തന്റെ മൂല്യങ്ങളിടെയും കൈവുകളുടെയും സ്രോതസ്സ് താൻതന്നെയാണെന്ന് മനുഷ്യൻ അഹങ്കരിച്ച് കൂടാ. മനുഷ്യന്റെസഇഛയിലും ശാസ്ത്രീയവിജ്ഞാനത്തിലും ആത്മജ്ഞാനത്തിലും ഉത്തരവാദിത്വജ്ഞനത്തിലുമെല്ലാം അവന്റെ കഴിവുകൾ പ്രതിഫലിക്കുന്നുണ്ട്. അവ ഉപയോഗപ്പെടുത്താൻ അവൻ ബാധ്യസ്ഥനുമാണ്. എന്നാൽ ദാർശനികമായി ചിന്തിക്കുമ്പോൾ, ഈ കഴിവുകളുടെ സ്രോതസ്സ് ദൈവം തന്നെയാണെന്ന് വരുന്നു. ഇന്നത്തെ നമ്മുടെ മതം മനുഷ്യവർഗത്തിന്റെ മൂല്യങ്ങളും ഉൽകൃഷ്ടഗുണങ്ങളും നിഷേധിക്കുന്നുണ്ട്. കരയുകയും പ്രാർത്ഥിക്കുകയുമല്ലാതെ മറ്റൊന്നും നമുക്കിന്ന് ചെയ്യാനില്ലെന്ന് അത് പറയുന്നു. ലോകത്താകമാനം ഇന്ന് നിലനിൽക്കുന്ന മതവീക്ഷണം ഇത് തന്നെയാണ്.

ഈ പശ്ചാത്തലത്തിലാണ് അസ്തിത്വവാദം മാനവസത്തിയൽ ഉന്നുന്നത്. അവനിലേക്ക് തന്നെ തിരിഞ്ഞ് യാഥാർത്ഥ്യം കണ്ടെത്താൻ അത് മനുഷ്യനോടാവശ്യപ്പെടുന്നു*. കാരണം മനുഷ്യൻ എപ്പോഴും തനിക്കപ്പുറത്തുള്ളതിലേക്കാണ് നോക്കുന്നത്: ദൈവങ്ങളിലേക്ക് ഉൽകൃഷിടവും നികൃഷ്ടവുമായ ആത്മജീവികളിലേക്ക്.

* വിശുദ്ധഖുർആൻ പറയുന്നു: "സത്യവിശ്വാസികളേ നിങ്ങൾ വിഷയമാക്കേണ്ടത് നിങ്ങളെത്തന്നെയാണ്. നിങ്ങൾ സന്മാർഗം പ്രാപിച്ചാൽ പിന്നെ ദുർമാർഗികൾക്ക് നിങ്ങളെ ദ്രോഹിക്കാനാവില്ല. നിങ്ങളുടെയെല്ലാം മടക്കം ദൈവത്തിലേക്കാണ്. അപ്പോൾ നിങ്ങളുടെ ചെയ്തികളെക്കുറിച്ച് അവൻ നിങ്ങളോട് സംസാരിക്കും" (5:105). ഇസ് ലാം മനുഷ്യനെ അവനിൽതന്നെ പുനപ്രതിഷ്ഠിക്കുന്നു. മനുഷ്യന്നുള്ളതെല്ലാം അവൻ മൂലമുണ്ടാകുന്നതാണ്: അവന്റെ അധ്വാന ഫലങ്ങൾ മാത്രമാണത്. തങ്ങൾ എന്താണ് പ്രവർത്തിച്ചതെന്നും എന്തിനാണ് പ്രവർത്തിച്ചതെന്നും എന്തിന് വേണ്ടയാണ് പ്രവർത്തിച്ചതെന്നും ഓരോരുത്തരും തിരിച്ചറിയുന്ന ഒരു പുനരുദ്ധാനദിവസം വരാനുണ്ട്. അന്ന് എല്ലാവരും കർമ്മഫലം അനുഭവിക്കും. "മനുഷ്യന്ന് താൻ പ്രവർത്തിച്ചതല്ലാതെ യാതൊന്നുമില്ല. താൻ പ്രവർത്തിച്ചതിന്റെ ഫലം അവൻ തന്നെ അനുഭവിക്കുകയും ചെയ്യും"(വി.ഖു. 53:39-40) "അന്ന് മനുഷ്യൻ താൻ പ്രവർത്തിച്ചതെല്ലാം ഓർക്കുന്നു"(വി.ഖു. 79:35) - മുഹമ്മദ് തഖി ശരീഅത്തി.

മതത്തെവെറുതെ വിടുക നിലവിലുള്ള വ്യവസ്ഥയിൽ തന്നെ അവനെന്താണ് ചെയ്യുന്നത്? ഭൗതികജീവിത്തതിലാണ് അവന്റെ ദൃഷ്ടി. നിസ്സാര ഭൗതികവസ്തുക്കളിടെ പിന്നാലെ പായുന്ന മനുഷ്യൻ സ്വന്തം സത്തത്തെ ഉപേക്ഷച്ചിരിക്കുന്നു; "ഞാൻ" വിസ്മരിക്കപ്പെട്ടിരിക്കുന്നു. സ്വന്തം അസ്തിത്വപരമായ മൂല്യങ്ങൾ ശിഥിലീകരിക്കപ്പെയുകയും തകർക്കപ്പെടുകയും ചെയ്യുന്നത് അവൻ കാണാതെ പോവുന്നു. മനുഷ്യത്വത്തെ അതിന്റെ പ്രാഥമ്യത്തിൽ പുനരരോധിക്കുന്നതിന്റെ മറ്റൊരു രീതിയാണ് അസ്തിത്വവാദം.

അങ്ങനെ നടേപറഞ്ഞ മൂന്ന് ധാരകളിൽ നാം എത്തിച്ചേർന്നിരിക്കുന്നു. ഒന്നാമത്തേത് മനനുഷ്യനെ അവന്റെ സത്വത്തോട് ബന്ധിപ്പിക്കുന്ന ആത്മീയധാരയാണ്. ഈ മഹൽ ബന്ധം ഒരു പ്രപഞ്ചവീക്ഷണത്തെയാണ് കാണിക്കുന്നത്. അതായത് അധ്യാത്മദർശനം ഒരു മാനവികപ്രപഞ്ചവീക്ഷണമാണ്.

മാനവസമത്വത്തെയും വർഗവൈരുധ്യങ്ങളുടെ വിപാടനത്തെയും ഉയർത്തിപ്പിടിക്കുന്ന സോഷ്യലിസത്തിലും കമ്മ്യൂണിസത്തിലുമാണ് രണ്ടാമത്തെ ധാര പ്രകടമാക്കുന്നത്. ഒരേ സാമൂഹികസാഹചര്യത്തിൽ നിലനിൽക്കുന്ന രണ്ട് വിഭാഗങ്ങൾക്കിടയിലെ വർഗബന്ധങ്ങളെ ഭൂവുടമയും കർഷകനും തമ്മിലും, മുതലാളിയും തെഴിലാളിയും തമ്മിലുള്ള ബന്ധങ്ങളെ മാത്രമെ ഈ പ്രസ്ഥാനങ്ങൾ പരിഗണിക്കുന്നുള്ളൂ. നേരെ മറിച്ച് അധ്യാത്മദർശനത്തിന്റെ വിഷയം പ്രപഞ്ചവും മനുഷ്യനും അസ്തിത്വനുമാണ്.

അസ്തിത്വവാദത്തിലാണ് മൂന്നാമത്തെ ധാര പ്രത്യക്ഷപ്പെടുന്നത്. മറ്റു രണ്ട് ധാരകളും മനുഷ്യനെ അവഗണിക്കുകയും മനുഷ്യബാഹ്യമായ പ്രശ്നങ്ങളിൽ കുരുങ്ങികിടക്കുകയുമാണെന്ന് അസ്തിത്വവാദം പറയുന്നു. സോഷ്യലിസം നീതിയെയും മൂലധനത്തെയും വർഗപരവും രാഷ്ട്രീയവുമായ അഭ്യുദയത്തെയും പരിശോധിക്കുമ്പോൾ, അധ്യാത്മദർശനം അദൃശ്യലോകത്തെയും ആത്മീയതെയും പ്രതിപാദിക്കുന്നു.

അത്കൊണ്ട് മനുഷ്യനിലേക്ക് തിരിയാനും മാനവസ്വാതന്ത്ര്യത്തെ സർവോപരി ഉയർത്തിപിപിടിക്കാനും സമയമായിയരിക്കുന്നുവെന്ന് ഈസിദ്ധാന്തം പ്രഖ്യാപിക്കുന്നു. മതവും സോഷ്യലിസവും നമ്മുടെ സ്വാതന്ത്ര്യത്തെ അപഹരിക്കാൻ ശ്രമിക്കുന്നു. അത്കൊണ്ട് നമുക്ക് സ്വാതന്ത്രത്തെ ഇയർത്തിപ്പിടിക്കുക. മനുഷ്യന്റെ സ്വാതന്ത്രത്തെയും ഇഛയെയും തട്ടിയെടുത്ത് രാഷ്രത്തിന് കൈമാറുകയാണ് സോഷ്യലിസം. അത് നമുക്ക് വേണ്ടി തീരുമാനമെടുക്കുന്നു; പ്രവർത്തനരീതികൾ ആവിഷ്കരിക്കുന്നു: നമ്മുടെ ഉല്ടപാദനവും ഉപഭോഗവും നിർണയിക്കുന്നു. ചുരുക്കത്തിൽ, സംഘടനാപരമായ അധികാരശ്രേണിയിൽ സാഷ്യലിസം മനുഷ്യന്റെ വ്യക്തിത്വത്തെ നിഷ്പ്രഭമാക്കുന്നു. മതമാകട്ടെ എല്ലാത്തിനും ദൈവത്തിലേക്ക് നോക്കുന്നു. മനുഷ്യനെ അവന്റെ സത്തക്കന്യമായ ഒരു ദൈവത്തിന് കീഴ്പ്പെടുത്തുന്നതിലൂടെ അത് മാനവസ്വാതന്ത്രത്തെ നിരാകരിക്കുന്നു.* നമുക്ക് മാനവതയിലേക്ക്തന്നെ തിരിയാം. ഈ ലോകത്താണ് ജീവിക്കുന്നതെങ്കിലും, പ്രകൃതിയിൽനിന്ന് നാം അന്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. ഇവിടെ ദൈവമോ എന്തെങ്കിലും ബന്ധനമോ ഇല്ല. അത് കൊണ്ട് നമ്മടെ തന്നെ സവിശേ,സത്തയുടെ ഭാഗമായ മൂല്യങ്ങലെഉയർത്തിപ്പിടിക്കുക; അവ സ്വതന്ത്രമായി വളർന്ന് പരിണമിക്കട്ടെ, അസ്ഥിത്വപരമായ ബോധത്തെശമിപ്പിക്കുകയും അതിന്റെ അന്വേഷണങ്ങൾക്ക് ഉത്തരം കണ്ടെത്തുകയും ചെയ്യുക. നമ്മുടെ സ്വാതന്ത്ര്യവും ഇചയും നിരുപാധികമാണ്. ഈ സ്വാതന്ത്ര്യം നിലനിൽക്കുമ്പോൾ മൂല്യങ്ങളും നിലനിൽക്കുന്നു; സ്വാതന്ത്ര്യം ഇല്ലാതവുമ്പോൾ മൂല്യങ്ങളും ഇല്ലാ

താവുന്നു. അങ്ങനെ നാം ഇതരശക്തിയുടെ-ദേശത്തിന്റെയോ രാഷ്ട്രത്തിന്റെയോ- അടിമകളായിമാറുന്നു.

ആദ്യം ഈ ധാരകളുടെ ദുർബല വശങ്ങളെക്കുറിച്ച് ആലോചിക്കാം. ഇന്നത്തെ സ്ഥാപിത മതത്തിന്റെ ഒരു ദൗർബല്യം, അത് മനുഷ്യനെ അവന്റെ മനുഷ്യത്വത്തിൽ നിന്ന് വേർപ്പെടുത്തുന്നു എന്നതാണ്. അത് അവനെ യാചകനും, അവന്റെ കഴിവുകൾക്കതീതമായ അദൃശ്യശക്തികളുടെ ദാസനുമാക്കിത്തീർക്കുന്നു; അവന്റെ ഇഛയിൽ നിന്ന് കുടിയിറക്കുകയും അവനെ അന്യവൽക്കിക്കുകയും ചെയ്യുന്നു. ഈ സ്വഭാവമുള്ള് സ്ഥാപിതമതമാണ് നമുക്കിന്ന് പരിചയമുള്ളത്.

ഭൗതികവാദത്തോടുള്ള ബന്ധമാണ് സോഷ്യലിസത്തിന്റെ ദൗർബല്യം. പ്രയോഗത്തിൽ, സോഷ്യലിസത്തിന്റെ അർത്ഥം രാഷ്ട്രത്തിന്റെ പ്രാഥമ്യവും രാഷ്ട്രപൂജയുമാണ് - രാഷ്ട്രപൂജയെന്ന് വച്ചാൽ നേതൃപൂജതന്നെ. ഈ നേതാവ് സ്റ്റാലിനെപ്പോലെ നിർവികാരനാണെങ്കിലും, അയാളിൽനിന്ന് വേണം ജനങ്ങൽ രാഷ്ട്രീയ സോഷ്യലിസ്ത്തിന്റെ ദാർശനികധാരകൾ ആർജിക്കാൻ! അയാൾ എഴുതുന്നതിനൊക്കെ വെളിപാടിന്റെ ശക്തിയുണ്ട്.

---

* ദൈവം മനുഷ്യന് സ്വാതന്ത്ര്യം നൽകിയപ്പോൾ അതിന് പരിധികളും നിശ്ചയിച്ചിരുന്നു. മനുഷ്യന്റെ പ്രവൃത്തികളുടെ അനന്തരഫലങ്ഹൾ അവൻതന്നെ അനുഭവിക്കണമെന്നതാണ് ദൈവഹിതം. ഹസ്രത്ത് അലി പറഞ്ഞു: ‘‘മനുഷ്യൻ തന്റെ ആത്മാവിനനുവേണ്ടി സ്വയം തെരഞ്ഞെടുക്കുന്നു. മനുഷ്യൻ തന്നെയാണ് ആത്മായിനെ സംസ്കരിക്കുന്നതും, അധഃപതിപ്പിക്കുന്നതും. മനുഷ്യന്ന് സമ്പൂർണ്ണ സ്വാതന്ത്ര്യമുണ്ടെങ്കിലും, അവന്റെ പ്രവർത്തനഫലങ്ങൾക്ക് സ്വ്നതം ഉൽകർഷത്തിലും അധഃപതനത്തിലും പങ്ക് വഹിക്കാൻ കഴിയും എന്നതിന്റെ തെളിവാണിത്. ഇവിടെ സൂചിപ്പിക്കപ്പെടുന്ന മതം കടുത്തതും അനുഷ്ഠാനപരവുമായ ഒന്നാണെന്നും, യഥാർത്ഥമതമായ ഇസ് ലാം അല്ലെന്നും സ്പഷ്ടമാണ്’’ - മുഹമ്മദ് തഖി ശരീഅത്തി.

അസ്തിത്വ വാദത്തിന്റെ ദൗർബല്യം ഇതാണ്: എത്രതന്നെ മനുഷ്യന്റെ പ്രാഥമ്യത്തെയും സ്വാതന്ത്രത്തെയും ഉയർത്തിപ്പിടിച്ചാലും ശരി, ദൈവത്തെയും സാമൂഹിക പ്രശ്നങ്ങളെയും നിഷേധിക്കുക വഴി, അത് മനുഷ്യനെ ത്രിശങ്കു സ്വർഗത്തിലേക്കാണ് കൊണ്ടെത്തിച്ചിരിക്കുന്നത്. മനുഷ്യന് വിവേചനാധികാരവും, ഇഛാശക്തിയുമുണ്ടെന്നതാണല്ലോ അസ്തിത്വവാദത്തിന്റെ കാതൽ. പക്ഷെ, നന്മതതിന്മകളെ വ്യവഛേദിച്ചറിയാനുള്ള മാനദണ്ഢമെന്താണ്? അത് ഒരു മാനദണ്ഡവും നൽകുന്നില്ല. ആത്മത്യഗത്തിലൂടെ ജനങ്ങളെ സേവ്ക്കണോ, സ്വാർത്ഥത്തിനുവേണ്ടി ജനങ്ങളെ പരിത്യചിക്കണോ? ഏത് തിരഞ്ഞെടുക്കണമെന്ന് അസ്തിത്വവാദം പറയുന്നില്ല. കാരണം, അതിന് ന്യായാന്യായ വിചാരമില്ല; അതിന് സോഷ്യലിസമോ ദൈവമോ ഇല്ല. തൽഫലമായി, അത് ജനങ്ങളെ സ്വതന്ത്രരാക്കിവിടുന്നു. എന്തും പ്രവർത്തിക്കാനുള്ള അനിയന്ത്രിതമായ സ്വതന്ത്ര്യത്തെ പാടിപ്പുകഴ്ത്തുന്ന, എന്തു വൃത്തികേടും കാണിക്കാൻ മടിയില്ലാത്ത, ഒരു തലമുറയെ അത് സൃഷ്ടിക്കുന്നു.

ഇനി ഇവയുടെ ക്രയാത്മക വശങ്ങൾ പരിശോധിക്കുക; അധ്യാത്മദർശനും നിലനിന്നിരുന്നില്ലെങ്കിൽ, മനുഷ്യന് അന്തരിന്ദ്രിയബോധം ഉണ്ടായിരുന്നില്ലെങ്കിൽ, മനുഷ്യവർഗം തന്നെ ഉണ്ടാകില്ലായിരുന്നു. സംസാരവും ചിന്തയും ബോധവുമൊന്നുമല്ല മാനവികതയടെ ശരിയായ ലക്ഷണം. ജന്തുക്കൾ പ്രവർത്തിക്കുന്നത് അന്തഃചോദനംമൂലമാണെന്നും മനുഷ്യൻ മാത്രമാണ് ബുദ്ധിയുപയോഗിച്ച് പ്രവർത്തിക്കുന്നതെന്നുമുള്ള ധാരണശരിയല്ലെന്ന് ഇന്ന് തെളിഞ്ഞിരിക്കുന്നു. മൃഗങ്ങൾ, സോക്രട്ടീസിനും, പ്ലേറ്റോയ്ക്കും പ്രാപിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ബുദ്ധിയുപയോഗിച്ച്, ഉപപാദ്യങ്ങൾളിൽനിന്ന് നിഗമനങ്ങൾ മനം ചെയ്തെടുക്കുന്നത് നിരീക്ഷിക്കാൻ ഇന്ന് നമുക്ക് കഴിയും; അന്തഃചോദനമെന്ന് വിശേഷിപ്പിക്കാനാവാത്ത ഒരു ശക്തിവിശേഷണത്തിലൂടെ പുതുതും ക്രിയാത്മകവുമായ പ്രതികരണം സൃഷ്ടിക്കാൻ മൃഗങ്ങൾക്ക് കഴിയും. സംസാരശേഷിയുടെ സ്ഥിതിയും ഇത് തന്നെ. യഥാർത്ഥത്തിൽ, മനുഷ്യനെ ജന്തുലോകത്തിൽനിന്ന് വേർതിരിച്ചുനിർത്തുന്നത് അദൃശ്യലോകത്തെ സംബന്ധിച്ച അവന്റെ അന്തരിന്ദ്രിയബോധം മാത്രമാണ്. തന്റെ ആവശ്യങ്ങളെയും അസ്തിത്വത്തെയും പൂർത്തീകരിക്കാൻ പര്യാപ്തമല്ലാത്ത ഭൗതികപ്രകൃതിയിൽനിന്ന് പാലായനം ചെയ്യാനുള്ള മനുഷ്യന്റെ ആത്മീയതൃഷ്ണയാതിന്റെ അടിസ്ഥാനം. മനുഷ്യനിൽ നൈസർഗികമായി കുടികൊള്ളുന്ന ഉദാത്തവും ആതാമീയവുമായ വശത്തെയാണ് ഇത് കാണിക്കുന്നത്.

സ്നേഹം ഒരു ശക്തിവിശേഷമാണ്; അത് താപമാണ്. ആജ്ഞേയമാണിതിന്റെ സ്രോതസ്സ്. അസ്തിത്വത്തെ ജ്വലിപ്പിക്കാനും ദ്രവീകരിക്കാനും അതിന് കഴിയും: ആത്മത്യാഗത്തിന് പ്രചോദിപ്പിക്കാനും. സ്നേഹം പ്രദാനം ചെയ്യുന്  മൂല്യങ്ങൾ ഉന്നതവും ഉദാത്തവുമാണ്; ഭൗതികശാസ്ത്രങ്ങൾക്ക് അവയെ വിശദീകരിക്കാൻ കഴിയില്ല. മനുഷ്യനിൽനിന്ന് സ്നേഹത്തെ എടുത്തുമാറ്റിയാൽ, ഒറ്റപ്പെട്ട ഒരു നിഷ്ക്രിയ ജീവയെയായിരിക്കും കിട്ടുക. ഉൽപാദന സമ്പ്രദായങ്ങൾക്കുമാത്രമായിരിക്കും അവ

നെക്കൊണ്ട് ഉപകാരമുണ്ടാവുക അവന്ന് ഒരു എഞ്ചിനീയറോ ഡോക്ടറോ ആവാൻ കഴിഞ്ഞേക്കാം; എന്നാൽ, മാനവികഗുണം-മനുഷ്യവർഗം ചരിത്രവും വിപ്ലവവും സൃഷ്ടിച്ചത് ഒരു ആത്മീയോർജം ഉപയോഗിച്ചാണ്- അവന്റെ പ്രകൃതിയിലുണ്ടാവില്ല. സ്നേഹത്തിന്റെ അഭാവത്തിൽ മനുഷ്യനിലെ ജ്വാല അണഞ്ഞ് പോകും.

x x x x x x

യഥാക്രമം അസ്തിത്വത്തിനും നീതിക്കും സ്നേഹത്തിനും മുൻഗണന നൽകുന്ന പ്രസ്തുത മൂന്ന് ആത്മീയധാരകളെ, പ്രത്യേകിച്ചും അധ്യാത്മദർശനത്തെ, ഒന്നുകൂടി സ്പഷ്ടമായി വേർതിരിച്ചു കാണേണ്ടതുണ്ട്. അധ്യാത്മ ദർശനം സ്നേഹത്തെ പിനതുടരുന്നു. മാനുഷിക വ്യവഹാരത്തന്റെ സ്രോതസ്സും സക്രിയകാരണവുമായ ആത്മീയോർജമാണ് സ്നേഹം. ജനങ്ങൾക്കിടയിൽ സമത്വവും സാനപത്തികനീതിയും സ്ഥാപിക്കുകയാണ് രണ്ടാമത്തെതിന്റെ ലക്ഷ്യം. മൂന്നാമത്തേത് മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും വിവേചനാധികാരത്തെയും പ്രതിനിധാനം ചെയ്യുന്നു.

ഈധാരകളെ (മറ്റെല്ലാ ധൈഷണികധാരകളും ഇവയുടെ അനുബന്ധങ്ങൾല മാത്രമാണ്) ഇങ്ങനെ സംഗ്രഹിക്കാം: ഒന്ന് അധ്യാത്മപ്രസ്ഥാനങ്ങളുടെ ഉറവിടമാണ് സ്നേഹം. മതവും സ്നേഹത്തിന്റെ ആവിഷ്കാരമാണ്. രണ്ട്, രാഷ്ട്രങ്ങൾക്കിടയിലെ അധിനിവേശത്തെയും വർഗങ്ങൾക്കുമിടയിലെ ചൂഷണങ്ങൾക്കുമെതിരിൽ പ്രയോഗിക്കപ്പെടുന്ന സാമ്പത്തിക നീതി. മൂന്ന്, മാനവികതയുടെ വികാസത്തിന്റെയും പൂർണതയുടെയും ഉപാധിയായ മാനവസത്തയെ ഉയർത്തിപ്പിടിക്കുന്ന സ്വതന്ത്ര്യം മുതലാളിത്തത്തിൽ സ്വാതന്ത്ര്യം മരിച്ചുകൊണ്ടിരിക്കുന്നു. മതവ്യവസ്ഥയിൽ അത് പരസ്യമായി നിഷേധിക്കപ്പെടുന്നു; സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ അത് ഏകമാനകമായിത്തീരുകയാണ്.

എല്ലാധാരകളും മനുഷ്യന്റെ വികാസത്തിലും വ്യതിയാനത്തിലും ഒരു പോസെ പങ്ക് വഹിക്കുന്നുണ്ട്. അതായത് ഒരു ദിശയിൽ കേന്ദ്രീകരിക്കുകയും ഇതരവശങ്ങളെ അവഗണിക്കുകയും ചെയ്യുമ്പോൾ ഇവയുടെ മാർഗദർശനം അപൂർണമായിരിക്കും.

അധ്യാത്മദർശനം മനുഷ്യന് അവന്റെ സത്തയെയും ആത്മാവിനെയും പോഷിപ്പിക്കുന്ന മാനവികവും ആത്മീയവുമായ ഉൽകൃഷ്ടഗുണങ്ങളോടൊപ്പം, ഉന്നതമായ ആത്മീയസംവേദനത്വത്തോടൊപ്പംതന്നെ, വിപൽക്കരമായ പരിതോവസ്ഥകളോട് നിസ്സംഗതവെച്ച് പുലർത്താനും അത് പ്രേരിപ്പിക്കുന്നു. ഏകാന്തവാസവും ധ്യാനവും വഴി ആത്മീയമായി ആകാശാരോഹണം നടത്തുന്നവരുടെ കാര്യത്തിൽ ഇതാണ് സംഭവിക്കുന്നത്. അവന്റെ ധ്യാനസ്ഥലത്തിന്നരപ്പുറത്ത് മർദ്ദനങ്ങളും ദുരുതവും ദാരിദ്രവും അജ്ഞതയും അനാശാസ്യപ്രവർത്തനവും മനുഷ്യന്റെ മുഴുവൻ മൂല്യങ്ങളെയും ചവിട്ടിമെതയ്ക്കുന്നു; പക്ഷെ, അവനത് കാണുന്നില്ല- യഥാർത്ഥലോകവുമായി അവനിപ്പോൾ യാതൊരു ബന്ധവുമില്ല. അങ്ങനെ, മാനവവിമോചനത്തിന്റെ പാതയാവേണ്ട അധ്യാത്മദർശനം സ്വാർത്ഥമായി മാറുന്നു - ഓരോരുത്തരും തനിച്ച് സ്വർഗം നേടാനുള്ള മാർഗം തേടുന്നു. പക്ഷെ, ഒരു ദുഷിച്ച ഭൗതികവാദിയെക്കാളും കടുത്ത ശിലാഹൃദയനായ ഒരാൾ എങ്ങനെ സ്വർഗത്തിനർഹനാവും? മൃഗങ്ങൾ പോലും അന്തചോദനമൂലമാണെങ്കിലും, സഹജീവികളോ അനുകമ്പകാണിക്കാറുണ്ടല്ലോ. അയാൾ ദൈവത്തിലേക്കും സ്വർഗത്തിലേക്കും നയിക്കുന്ന ആരാധനയുടെയും ഭക്തിയുടെയും അനുഷ്ഠാനങ്ങളുടെയും ഭാഗങ്ങളാണ് പിന്തുടരുന്നതെങ്കിൽ സംശയമില്ല; എന്നാൽ അയാൾ സ്വാർത്ഥിയാണ്. സ്വാർത്ഥി മൃഗത്തെക്കാളും ഹീനനാണ്. സ്വർഗത്തിൽ മൃഗങ്ങളുമുണ്ടായിരിക്കും. സ്വർഗത്തിൽ പ്രവേശിക്കുന്നതല്ല. മനുഷ്യനായിരിക്കുന്നതിലൂടെ സ്വർഗത്തിലെത്തുന്നതാണ് പ്രധാനം.

തിബ്രീസിയോടും റൂമിയോടും അഗാധമായ വിശ്വാസവും ആദരവും മാത്രമേ നമുക്ക് തോന്നയിട്ടുള്ളൂ. അവരുടെ മുമ്പിൽ നിൽക്കുമ്പോൾ സൂര്യന് മുമ്പിൽ നിൽക്കുന്നതുപോലെയാണ് - അവരുടെ മഹത്വം അത്രയും ഉന്നതമാണ്. ആത്മീയവികാസത്തിന്റെയും സ്വഭാവവൈശിഷ്ട്യത്തിന്റെയും കാര്യത്തിൽ റൂമി മുഴുവൻ മനുഷ്യരുടെയും മുൻനിരയിൽതന്നെയാണ്. പക്ഷെ, സമകാലീന ഇസ്ലാമിക സമൂഹത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ സാന്നിദ്ധ്യാ സാന്നിദ്ധ്യങ്ങൾ ഒരു വ്യത്യാസവും സൃഷ്ടിച്ചിരുന്നില്ല. കാരണം, ഒരു പരിധിവരെ അദ്ദേഹം ആത്മീയമായി ഏകാന്തവാസത്തിലായിരുന്നു. തനിക്ക് ചുറ്റും നടന്നതൊന്നും അദ്ദേഹം അറിഞ്ഞിരുന്നില്ല - മർദ്ദനങ്ങളും മംഗോൾയുദ്ധങ്ങളും കുരിശ്യുദ്ധങ്ങളുമൊന്നും. ഫ്രഞ്ച് കവി ഗോത്യറുടെ സ്ഥിതിയും ഏതാണ്ടിതുപോലെതന്നെ

യായിരുന്നു. യുദ്ധകാലത്ത് ഒരുക്കൽ അദ്ദേഹംം പറഞ്ഞു: "ഇരിക്കുന്നതിനേക്കാൾ കിടക്കു്നന തും, നിൽക്കുന്നതിനേക്കാൽ ഇരിക്കുന്നതും, പുറത്ത്പോകുന്നതിനേക്കാൾ വീട്ടിൽ ഇരിക്കുന്നത മാണ് എനിക്കിഷ്ടം. എന്റെ വീടിന്റെ ജനലിൽ ഒരു വെടിയുണ്ട വന്നു തറയ്ക്കുന്നതുവരെ, മുഴുവൻ ലോകത്തെയും ഗ്രസിച്ചതായി ഇവർപറയുന്ന യുദ്ധത്തെക്കുറിച്ചറിയാൻ ഞാനാഗ്രഹിക്കുന്നില്ല." ആത്മീയ വികാസത്തിനായി യജ്ഞിക്കുന്ന ഒരാൾ സ്പഷ്ടവും ലളിതവുമായ ആത്മീയസത്യത്തെ അവഗണിക്കുന്നതെങ്ങനെ?

ഏക മാനവിധത്തിൽ വിധി നിർണ്ണയിക്കുന്നവരെ സംബന്ധിച്ചിടത്തോളം ആധ്യാത്മ ദർശനം നിരർത്ഥകവും യുക്തീതവുമായ അന്ധവിശ്വാസസത്തിന്റെ സൃഷ്ടിയാണ്. എന്നാൽ ഒരു വിഷയ ത്തിൽ തീർപ്പുകൽപ്പിക്കുന്നതിന്റെ മുന്നോടിയായി ആവിഷയത്തിന്റെ എല്ലാ മാനങ്ങളെയും പരിശോ ധിക്കേണ്ടതുണ്ടല്ലോ. ഒരു കോണിലൂടെ നോക്കുമ്പോളാൾ, അധ്യത്മദർശനം നമുഷ്യനെ അത്യുദാ ത്തമായൊരു പദവിയിലേക്ക് ഉയർത്തിവെച്ചതായി നാം കാണുന്നു. മറ്റൊരു പ്രസ്ഥാനവും, മറ്റൊരു വിപ്ലവും മനുഷ്യനെ ഇത്രമേൽ ഉദാത്തവൽകരിച്ചിട്ടില്ല. മഹാവിപ്ലവങ്ങൾ വീരപുരുഷൻമാരെ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ അവരുടെ സ്വഭാവവൈശിഷ്ട്യങ്ങളെ നമ്മുടെ അധ്യാതമപാരമ്പര്യത്തി ലുള്ള മഹാൻമാരുടെ വൈയക്തികവൈശിസ്ട്യങ്ങളുമായി താരതമ്യം ചെയ്യാൻ പോലും കഴിയില്ല. നമ്മിലുള്ള സ്വാർഥതാൽപര്യങ്ങളയും ദൗർബല്യങ്ങളെയും സ്വകാര്യമായ ദിവാസ്വപ്നങ്ങളെയും നിഷേധിക്കുക, നമ്മുടെ പ്രകൃതിയെ രൂപീകരിക്കുന്ന മുഴുവൻ ശക്തികളേയും ചെറുത്ത് തോൽപ്പി ക്കുക, മനുഷ്യന്റെ അസ്തിത്വത്തിലും സത്തയിലുമുള്ള തൃഷ്ണയെ അഥവാ സ്നേഹത്തിന്റെയും അധ്യാത്മബോധത്തിന്റെയും ഉറവിടത്തെ വികസിപ്പിക്കുക- ഇവ സിസ്സാര നേട്ടങ്ങളല്ല. എന്നാാൽ, ഈ നേട്ടങ്ങലുടെ മറുവശത്ത് നിൽക്കുന്ന നിഷ്ക്രിയരും നിർ വികാരരുമായ മനുഷ്യരെ കാണാതി രുന്നുകൂടാ. ഈ മനുഷ്യർ കൊലയാളികൽക്കും പ്രതിലോമകാരികൾക്കും മർദകർക്കും സാമ്രാജ്യ ത്വവാദികൾക്കും മറ്റും, ഏറ്റവും വലിയ അനുഗ്രഹമാണ്. എക്കാലത്തെയും മർദകഭരമാധികാരകൾ ഇവരോട് കടപ്പെട്ടിരിക്കുന്നു.!

സോഷ്യയലിസത്തിൻ സ്ഥിതിയും ഇത് തന്നെ. ആപാദചൂടം സോഷ്യലിസത്തിൽ മുങ്ങിക്കിടക്കുന്ന ഒരു യുവാവിനെ നോക്കുക. തൊഴിലാളിക്ക് കിട്ടേണ്ട വേതനത്തിൽ എന്തെഹ്കിലും കുറവ് വന്നാൽ മുതലാളിയോടിടയുന്നു. തൊഴിലാളികൾക്കും കർഷകർക്കും വേദനവും അവകാശവും നേടിക്കൊ ടുക്കാൻ തന്റെ ജീവനുൾപ്പെടെ സർവസ്വവും ബലികഴിക്കാൻ അയാൾ തയാറാണ്. അയാളുടെ ഏക ചിന്ത സോഷ്യലിസമാണ്, രണ്ടാ വർഗങ്ങൽ തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങളാണ്. വർഗബ ന്ധങ്ങളെ സംബന്ധിച്ച സങ്കുചിതവും ഏകപക്ഷിയവുമായ നിരനാതരവിചാരം മൂലം അയാൾ സോഷ്യലിസത്തിന്റെ തടവറയിലാണ്.മനുഷ്യന്റെ അസ്തിത്വത്തെയും സത്തയെയും സംബന്ധിച്ച മുഴുവൻ മൂല്യങ്ങളെയും മാനങ്ങളെയും അയാൾ വിഗണിക്കുന്നു. വർഗചൂഷണത്തിന്റെ കാര്യ ത്തിൽ തീവ്രമായ അസ്വാസ്ഥ്യവും വിദ്വേഷവും വെച്ച്പുലർത്തുന്ന അയാൾ ഈ പ്രശ്നത്തിന്റെ കണ്ണിലൂടെയാണ് ലോകത്തിന്റെ മുഴുവൻ പ്രശ്നങ്ങളെയും വീക്ഷിക്കുന്നത്. ചൂഷണത്തിനെതിരിൽ സ്വയം ബലികഴിക്കാനും അയാൾ തയാറാണ്; അയാളുടെ ആത്മീയാഭിനിവേഷം അത്രമേൽ തീവ്രമാ ണ്.* സംസ്കാരവും ചരിത്രവും

* സാമ്പത്തിക നേട്ടമുണ്ടാക്കുന് തൊഴിലാളികളെയും കർഷകരെയും സംബന്ധിച്ചിടത്തോളം വെറും ഭൗതികമായൊരു കാര്യം ഈ യുവാവിനെ സംബന്ധിച്ചിടത്തോളം ആത്മീയപ്രശ്നം കൂടിയാണ്.

മതവും നല്കുന്ന മുഴുവൻ അനുഭവങ്ങളും ജീവിതാനുഭവങ്ങൾപോലും അയാൾക്ക് നഷ്ടപ്പെടുന്നതാണ് നാം കാണുന്നത്. റൂമിയുടെ മസ്നവി മുഴുവൻ വായിച്ചാലും ഒന്നും തോന്നാത്തയാൾ ഏതെങ്കിലുമൊരു രാഷ്ട്രീയക്കാരന്റെ വെറും പത്ര പ്രസ്ഥാവനയിൽ ആവേശംകൊള്ളുന്നു! ചരിത്രത്തിലിന്നോളമുണ്ടായിട്ടുള്ള മുഴുവൻ ആത്മീയമൂല്യങ്ങളും അയാളുടെ മുമ്പിൽ അസംഥബന്ധമാണ്'. ഗവിശേഷമായ ആത്മീയോൽക്കർഷം പ്രാപിച്ച ജനവിഭങസങൾ അയാൾക്കജ്ഞാതമാണ്. ധീരനും ആത്മത്യാഗിയും സാമ്രാജ്യത്വ വിരുദ്ധനുമാണെങ്കിലും, തന്റെ വിശ്വാസത്തിന്വേണ്ടി മുഴുവൻ ഭൗതിക ജീവിതത്തെയും ബലികഴിച്ച്കൊണ്ട് ഉൽകൃഷ്ടമായ ധാർമികധൈര്യം പ്രകടിപ്പിച്ച വ്യക്തിയാണെങ്കിലും, ആ യുവ സോഷ്യലിസ്റ്റിന്റെ ദൃഷ്ടിയിൽ അയാൾക്ക് യാതൊരു വിലയുമില്ല. അയാൾ ഒരു

സോഷ്യലിസ്റ്റല്ലന്നതുത്തന്നെ കാരണം. അത്തരമൊരു വ്യക്തിത്വത്തിന്റെ ഗുണങ്ങൾ മനസ്സിലാക്കാൻ ആ യുവാവിന് പ്രാപ്തിയില്ല.

സോഷ്യലിസം മനുഷ്യനിൽനിന്ന് അവന്റെ അവയവങ്ങളെ ഒന്നൊഴികെ മുഴുവനും നീക്കം ചെയ്യുകയും, അവനെ ഏകപക്ഷീയമായി വളരാൻ വിടുകയും ചെയ്യുന്നത് നാം കാണുന്നു. അങ്ങനെ, ഒരവയവം മാത്രം വളരുന്നു. സോഷ്യലിസത്തിലെ മനുഷ്യൻ ഏകമാനകനാണ്. ആ മാനം എത്ര ഉദാത്തവും ഉന്നതവുമാണെങ്കിലും, അപൂർണമായിരിക്കും. ഈ തലത്തിൽ സോഷ്യലിസം അധ്യാത്മദർശനത്തിൽനിന്ന് എറെ വ്യത്യസ്തമല്ല. രണ്ടും കിളി വാതിലുകളാണ്. ഒന്ന് സാമൂഹ്യ ബോധത്തിലേക്ക് തുറക്കുന്നു. മറ്റൊന്ന് പ്രാപഞ്ചികവും അസ്തിത്വപരവുമായ ബോധത്തിലേക്കും.

തന്നിൽനിന്ന് തന്നെ അന്യവൽകരിക്കപ്പെട്ട മനുഷ്യൻ ആകാഷത്തെയും അദൃശ്യലോകത്തെയും ആരാധിക്കുന്നതും, ഒരു സോഷ്യലിസ്റ്റ് ചിന്താപ്രസ്ഥാനത്തിൽ ഉൾപെടുന്നതും, ഒരു സ്വേഛാധിപത്യത്തിൻ കീഴിൽ ജീവിക്കുന്നതും ബോധപൂർവമല്ല. സാമ്പത്തികമായി, പണം അവനെ അന്യവൽകരികുകയും വശീകരിക്കുമ്മയും ചെയ്തിരിക്കുന്നു. അതായത്, പണം അവനെ വിഴുങ്ങിയിരിക്കുന്നു; ഉപഭോഗത്തിലും ആഡംബര ജീവിതത്തിലും അവൻ സ്വയം നഷ്ടപെട്ടിരിക്കുന്നു.

യന്ത്രങ്ങളും മുതലാളിത്ത്വവും സേഛാധിപത്യങ്ങളും ഉദ്യോഗസ്ഥദുഷ്പ്രഭുത്വവും ഉപഭോഗത്തിലധിഷ്ഠിതമായ ഭൗതികജീവിതവും അന്യവൽകരിച്ച മനുഷ്യൻ ഇന്ന് തനിക്ക് നഷ്ടപ്പെട്ട സ്വന്തം അസ്തിത്വത്തെ തേടുകയാണ്. ഈ അന്വേഷണത്തിന് മനുഷ്യനെ പ്രചോദിപ്പിച്ചത് അസ്ഥിത്വവാദമാണ്. അതിൻെ ഏറ്റവും വലിയ സേവനവും ഇത്തന്നെ. അസ്തിത്വത്തിന്റെ പ്രാഥമ്യം മനുഷ്യന്റെ സ്വാതന്ത്ര്യം മനുഷ്യന്റെ സ്വാത്വത്തിന്റെ വികാസം എന്നീ പ്രശ്നങ്ങളെ അസ്തിത്വവാദം പുനരുജ്ജീവിപ്പിച്ചിരികുന്നു. അത് ഈ പ്രശ്നങ്ങളിൽ കേന്ദ്രീകരിക്കുകയും അവയെ സംബന്ധിച്ച ജനങ്ങളുടെ അവബോധത്തെ വളർത്തുകയും ചെയ്യുന്നു. നൂറ്റാണ്ടുകളായി നഷ്ടപ്പെട്ടിരുന്ന മനുഷ്യന്റെ സ്വാത്മബോധത്തിലേക്കുള്ള ഒരു തിരുച്ചുപോക്കാണിത്. ഈ അടിസ്ഥാനത്തിൽ, അസ്തിത്വവാദം ഒരു തരം വിമോചനമാണ്. ധൈഷിണികവും ഭൗതികവുമായ സർവബന്ധങ്ങളിൽ നിന്നും മുക്തി നേടാനുള്ള ആഹ്വാനമാണ്.

എന്നാൽ ആത്മീയമായി, അസ്തിത്വത്തിന് ഒരു മറുവശമുണ്ട്. മനുഷ്യൻ പരിപൂർണ്ണ സ്വതന്ത്രനാണ്. പക്ഷെ എന്ത് ചെയ്യണം? ഈ ചോദ്യത്തിന് അസ്തിത്വവാദത്തിൽ ഉത്തരമില്ല. ഈ പ്രശ്നത്തിന് രണ്ട് തലങ്ങളുണ്ട്. ഈ തടവറയിൽ നിന്ന് മനുഷ്യനെ രക്ഷപ്പെടുത്താനാഗ്രഹിക്കുന്നവർക്ക് ഒരു ലക്ഷ്യമുണ്ടാവണം. രക്ഷപ്പെട്ട മനുഷ്യന്റെ മുമ്പിൽ അവതരിപ്പിക്കാൻ ഒരു കർമ്മ പരിപാടിയുണ്ടാവണം. മറിച്ചാണെങ്കിൽ, രക്ഷപ്പെട്ടവന് ഒന്നും ചെയ്യാനുണ്ടാവില്ല. ഈ സാഹചര്യത്തിൽ സ്വാതന്ത്രം അലക്ഷ്യമായ യാത്രയായി പരിണമിക്കും. തുടർന്ന് വ്യർത്ഥയായും. ഒടുവിൽ അത് പാശ്ചാത്യൻ അസ്തിത്വവാദത്തിന്റെ രൂപം കൈകൊള്ളുന്നു. അതിന്റെ ലക്ഷ്യം കഞ്ചാവിന് വേണ്ടി നേപ്പാളിലും ഖൈബർ ചുരത്തിലും അലഞ്ഞ് തിരിയുകയാണെല്ലോ.

X X X X X X

ഏതായാലും, ഈ മൂന്ന് അടിസ്ഥാന ധാരകളും മാനവചിത്ത വൃത്തിയുടെ അടിത്തട്ടിലുണ്ടെന്ന് തീർച. അവ മനുഷ്യന്റെ അസ്തിത്വവുമായി ബന്ധപ്പെട്ട ഏറ്റവും അടിസ്ഥാനവികാരങ്ങളെ പ്രതിഫലിപ്പിക്കുന്നു. അധ്യാത്മദർശനം സ്നേഹത്തെയും സോഷ്യലിസം നീതിബോധത്തെയും അസ്തിത്വവാദം സ്വാതന്ത്രത്തെയും പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിൽ ദേശീയമുതലാളിത്തെത്തിനെതിരിൽ യൂറോപ്പിലും ബഹുരാഷ്ട്ര കുത്തക മുതലാളിത്തത്തിനെതിരിൽ ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിലും ലാറ്റിൻ അമേരിക്കൻ സമൂഹങ്ങളിലും വളർന്ന്വന്ന പ്രസ്ഥാനമാണ് സോഷ്യലിസം. തുടർന്ന് വളർന്ന്വന്ന അസ്തിത്വവാദത്തിന്റെ പിന്നാലെയാണ് യൂറോപ്പിലെ സമകാലീന ബുദ്ധിജീവികൾ.* മനുഷ്യനെ നിഷേധിക്കുന്ന വ്യവസ്ഥകളിൽ നിന്നുള്ള മോചനം. അഥവാ മനുഷ്യനിലേക്ക് മടങ്ങാനുള്ളൊരു മാർഗം എന്ന നിലയിലാണ് അസ്തിത്വവാദം നിലനിൽക്കുന്നത്.

---

* സോഷ്യലിസ്റ്റ് ആശയങ്ങൾ നൂറ്റാണ്ടുകൽക്കുമുമ്പേ പാശ്ചാത്യൻ ലോകത്തുണ്ടായിരുന്നു. സോഷ്യലിസത്തിന്റെ രാഷ്ട്രീയാധിപത്യ(കമ്യൂണിസം)മാണിവിടെ വിവക്ഷിതം ലോകത്തിന്റെ മൂന്നിലൊരു ഭാഗത്ത് നിലനിന്നിരുന്ന രാഷ്ട്രീയാധിത്യം ചരിത്രപ്ര

വാഹത്തിന്റെ അപ്രതിരോധമായൊരു ഗതിഭേദത്തിൻ ഇന്ന് ചരിത്രത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. സോഷ്യലിസത്തെപ്പോലെ ഒരു പ്രസ്താനമല്ല അസ്തിത്വവാദം; അത് മുഖ്യമായും ഒരു പ്രവണതയാണ്. അതുകൊണ്ട് അതിന്റെവ്യദ്ധിക്ഷയങ്ങൾ സൂക്ഷമമായ ആശയതലത്തിലായിരിക്കും അനുഭവപ്പെടുക; ഈ സ്ഥലം പിന്നീട് സ്ഥൂലമായ സംഭവലോകത്തെ സ്വാധീനിക്കുമെങ്കിലും - വിവർത്തകൻ.

അതിനാൽ, മനുഷ്യനെ മോചിപ്പിക്കാൻ കഴിയുന്ന ഏറ്റവും നല്ല വ്യക്തിയോ പ്രസ്ഥാനമോ പ്രസ്തുത മൂന്ന് അടിസ്ഥാനങ്ങളെയും ഉൾക്കൊണ്ടിരിക്കണം. ഒരു പ്രസ്ഥാനത്തിൽതന്നെ മൂന്ന് മാനങ്ങളുമുണ്ടെങ്കിൽ, ഒരു പ്രസ്ഥാനത്തിന്റെയും നിഷേധാത്മകമാനത്തിന് ഇതിൽ സ്ഥാനമുണ്ടായിരിക്കില്ല. ഒരു മാനം മറ്റൊരു മാനത്തിന്റെ നിഷേധാത്മകവശത്തെ നികത്തുന്നതാണ് ഇതിന് കാരണം. ഈ മൂന്ന് മാനങ്ങളിൽ ഓരോന്നും യാരോ പ്രത്യേക പ്രസ്ഥാനമായി രൂപം കൊള്ളുമ്പോൾ ഓരോന്നിന്റെയും നിഷേധാത്മകവശം യഥാർത്ഥമായിത്തീരും,. നേരെമറിച്ച്, ഈ മൂന്ന് മാനങ്ങളും ഏകീകരിക്കപ്പെടുമ്പോൾ അവയുടെ നിഷേധാമത്മകവശങ്ങൾക്ക് തുടർന്ന് നിലനിൽക്കാനാവില്ല. ഒരു സോഷ്യലിസ്റ്റിന്റെതിനേക്കാൾ ഉയർന്ന സാമൂഹിക ഉത്തരവാദിത്വബോധം സൃഷ്ടിക്കാൻ കഴിയുന്ന ഒരു ചിന്താപ്രസ്ഥാനത്തെ സ്വീകരിച്ചാൽ പിന്നെ ആധ്യാത്മദർശനത്തിന് എന്നെ എന്റെറ സാമൂഹികബാധ്യതയിൽനിന്ന് പിന്തിരിപ്പിക്കാൻ കഴിയില്ല. മറ്റെമരുവിധം പറഞ്ഞാൽ, എന്റെ പ്രസ്ഥാനത്തിന്റെ ഒരു മാനമായ അധ്യാത്മദർശനം എന്നെ സഹജീവികളോടുള്ള ഉത്തരവാദിത്വത്തിൽനിന്ന് പിന്തിരിച്ചിക്കുകയും എന്റെ അസ്തിത്വപരവും ആത്മീയവുമായ വികാസത്തിൽ മാത്രം വ്യപൃതനാക്കുകയും ചെയ്യുമ്പോൾ, അതേ പ്രസ്ഥാനത്തിന്റെ മറ്റൊരു മാനം സമത്വത്തിലും നീതിയിലുമുള്ള വിശ്വാസം അതിനെ പ്രതിരോധിക്കുയും എന്റെ സാമൂഹിക ബോധത്തെ നിലനിർത്തുകയും ചെയ്യുന്നു.

ഇന്നത്തെ അവസ്ഥ എന്താണ്? ഒരു ഭാഗത്ത് നിന്ന് അസ്തിത്വവാദം വിളിക്കുന്നു. അസ്തിത്വപരമായ സ്വാതന്ത്ര്യത്തിലേക്. മറ്റൊരു ഭാഗത്ത് നിന്ന് സോഷ്യലിസം വിളിക്കുന്നു. സാമൂഹിക ഉത്തരവാദിത്വത്തിലേക്ക്. മൂന്നാമതൊരു ഭാഗത്ത്നിന്ന് സ്നേഹവും ആത്യാത്മദർശനവും വിളിക്കുന്നു, അസ്തിത്വത്തിനും സത്തക്കും അതീതമായ ആത്യന്തിക യാഥാർത്യത്തിലേക്ക്. ഈ മൂന്ന് ധാരകളെയും ഉൾക്കൊള്ളുന്ന ഒരു മഹാപ്രസ്ഥാനത്തിന് മാത്രമെ ഇന്നത്തെ ലോകത്തിന് ബഹുമാനകവും സമീകൃതവും സമഞ്ജസവുമായ വികാസം ഉറപ്പ്വരുത്താൻ കഴിയൂ. ഈ പ്രസ്ഥാനത്തിന്റെ ഉത്തമ ദർശനമാണ് ഇസ്ലാം. ഈ മൂന്ന് ധാരകളും അതിൽ സമഞ്ജസമായി സമന്വയിക്കപ്പെട്ടിരിക്കുന്നുവെന്നത്ത്ന്നെയാണ് ഇസ്ലാമിന്റെ മൂല്യം.

ഇസ്ലാമിന്റെ  മറ്റുമതങ്ങളുടെയും സ്രോതസ്സും ആത്മാവും സത്തയുമെല്ലാം അധ്യത്മബോധമാണ്. എങ്കിലും, അത് സാമൂഹിക നീതിക്കും സഹ ജീവികളുടെ ഭാഗധേയത്തിനും പ്രാധാന്യം കല്പിക്കുന്നു. ആരെങ്കിലും  ഒരാളെ അന്യായമായി കൊന്നാൽ അവൻ മുഴുവൻ മനുഷ്യരെയും കൊന്നതിന് തുല്യമാണെന്നും, ആരെങ്കിലും ഒരു ജീവൻ രക്ഷിച്ചാൽ
അവൻ മുഴുവൺ മനുഷ്യരുടെയും ജീവൻ രക്ഷിച്ചതിന് തുല്യമാണെന്നും ഇസ്ലാം (വിശുദ്ധഖുർആൻ 5:32) ഇസ്ലാമിലെ സാമൂഹികബോധത്തിന്റെയും സഹജീവിസ്നേഹത്തിന്റെയും നിദാനമാണിത്. പലിശ ഒരു സാമൂഹികവും വർഗപരവുമായ പ്രശ്നമാണ്. എന്നാൽ ബഹുദൈവവിശ്യാസികളേടും കപടവിശ്വാസികളോടുമുള്ളതിനേക്കാൾ കടുത്ത നിലപാടാണ് ഇസ്ലാം പലിശയോട് വെച്ചുപുലർത്തുന്നത്. പലിശകച്ചവടക്കാരോട് ഇസ്ലാം യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു.(വി.ഖു.2.278 .279). ഇവിടെ സാമൂഹികപ്രശ്നങ്ങളിലാണ്, സമൂഹത്തോടുള്ള ഉത്തരവാദിത്വബോധത്തിലാണ്, ഇസ്ലാമിന്റെ ഊന്നൽ.

സാർത്ര കൈകാര്യം ചെയ്യുന്ന അസ്തിത്വത്തിന്റെ പ്രശ്നത്തെ സംബന്ധിച്ചടുത്തോളം അധ്യാത്മദർശനത്തിന്റെയും സമീപനങ്ങളിൽനിന്ന് ഭിന്ന വരുദ്ധമാണ്. സ്ഥാപിതമതങ്ങളും അധ്യാത്മദർശനങ്ങളും മനുഷ്യന് ദൈവത്തിന്റെ മുമ്പിൽ അസ്തിത്വമില്ലന്ന നിലപാടാണ് വെച്ചുപുലർത്തുന്നത്. ഇസ്ലാമിന്റെ ഏകദൈവത്വം മാത്രമാണ് മനുഷ്യന് ദൈവത്തിന്റെ മുമ്പിലുള്ള അസ്തിത്വത്തെ സ്ഥിരീകരിക്കുന്നത്. ദൈവത്തെയും മനുഷ്യനെയും ഐക്യപ്പെടുത്തുന്നത്. ഇസ്ലാമിന്റെ ദൈവസങ്കൽപ്പത്തെ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ മനസ്സിലാക്കിയവർ വിരളമാണെന്ന് പറയട്ടെ. ശിയാക്കളും സുന്നികളും വെച്ചുപുലർത്തുന്ന പരമ്പരാഗതമായ മതവിശ്വാസത്തിൽ നിന്ന് ദൈവത്തെ മനസ്സിലാക്കിയ ഒരാൾക്ക് സ്വന്തം അസ്തിത്വത്തിന്റെ ഔൽകൃഷ്ടവും തനിക്ക് ദൈവവുമായുള്ള ജൈവബന്ധവും അളക്കാൻ കഴിയുന്നില്ല. ഉയർന്ന മൃഗങ്ങളുടെ തലത്തിൽ നിന്ന് വിശുദ്ധമായ പദവിയിലേക്കുള്ള തന്റെ അനുക്രമമായ വികാസത്തിന്റെ ഔൽകൃഷ്ടം അയാൾ അനഭവിക്കുന്നുണ്ടെങ്കിലും. സ്നേഹത്തിന്റെ സാക്ഷാത്കാരമായ ദൈവം ഏകനാണ്. ഏകദൈവത്തിൽ മനുഷ്യൻ തന്റെ മഹത്വവും വികാസവും പൂർണതയും ദർശിക്കുന്നു. ഏകദൈവവിശ്വാസി

യുടെ മഹത്വവും ഔൽകൃഷ്ടവും വിനയത്തിലധിഷ്ടിതമാണ്. ദൈവപ്രോക്തമായ ഈ ആത്മീയ ഗുണങ്ങളാണ് മനുഷ്യനെ അത്യുൽകൃഷ്ടജീവിയാക്കുന്നത്.

ഫോയർബാക്ക് പറഞ്ഞു: "ദര്ദ്രരുടെ ദൈവങ്ങൾ ശക്തരാണ്. ദാരിദ്രവും ദുരിതങ്ങളും കൂടുന്തോറും ദൈവങ്ങളുടെ അധികാരശക്തികളും വർദ്ധിക്കും." സ്വന്തം അസ്തിത്വത്തെ മാത്രം സ്ഥാപിക്കുന്ന സേഛാധിപതിയായ ദൈവത്തെപറ്റിയാണ് ഈ പ്രസ്താവന. എന്നാൽ ഇസ്ലാമിന്റെ ദൈവസങ്കൽപ്പം തീർത്തും വ്യത്യസ്തമാണ്. ഇസ്ലാമിന്റെ ഏകദൈവത്വമുൾകൊണ്ട മനുഷ്യൻ ദാരിദ്രത്തിൽ ഐശര്യം ദർശിക്കുന്നു. ദൈവത്തിന്റെ മുമ്പിലുള്ള സ്വയം സമർപ്പണത്തിൽ ദൈവേതരശക്തികൾക്കും ചൂഷണവ്യവസ്ഥക്ൾക്കുമെതിരിൽ പോരാടാനുള്ള ശക്തി ദർശിക്കുന്നു. മനുഷ്യന് ദൈവത്തോടുള്ള ബന്ധത്തിന് രണ്ട് മുഖങ്ങളുണ്ട്. ദൈവത്തിന്റെ മുമ്പിൽ സ്വന്തം അസ്തിത്വമില്ലാത്ത മനുഷ്യൻ സ്വയം നിഷേധിക്കാനും ദൈവത്തിന്റെ മുമ്പിൽ സ്വയം സമർപ്പിക്കാനും നിർബന്ധനാണ്. അതേസമയം, അവന് ദൈവപ്രോക്തമായ ഒരസ്തിത്വമുണ്ട്. ഭൗതികജീവിത്തിനിടയിൽ അതിനെ വികസിപ്പിക്കാനും ഉൽകൃഷ്ടമായ ദിവ്യഗുണങ്ങളാർജിക്കാനും അവന് കഴിയും.

നിഷ്പക്ഷമായി ചിന്തിക്കുമ്പോൾ, ഈ മൂന്ന് മാനങ്ങളും ഹസ്രത്ത് അലിയിൽ പൂർണതപ്രാപിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കാം.*[1] സ്നേഹം, ഭൗതികജീവിത്തിൽവെച്ച് മനുഷ്യനെ ഭയഭക്തിയുടെയും ജ്വലനത്തിന്റെയും തൃഷ്ണയുടെയും അത്യുദാത്തമായ മാനസികാവസ്ഥയിലേക്ക് നയിക്കുന്ന ആ സ്വർഗീയ ശക്തി വിശേഷം അദ്ദേഹത്തിൽ നിന്ന് അക്ഷരാർത്ഥത്തിൽതന്നെ നിർഗളിക്കുന്നു. തീവ്രമായ അനുരാഗത്തിൽ അദ്ദേഹം നീറിത്തപിക്കുന്നു. ദേഹമുക്തിനേടി വിജനതയിൽചെന്ന് വിലപിക്കുന്നു. അദ്ദേഹത്തിന് മദീനയിൽവെച്ചുണ്ടായ വേദനപ്പിക്കുന്ന അനുഭവങ്ങളോ ഫദക് *2 നഷ്ടപ്പെട്ടതോ ആവാം ഇതിന് കാരണമെന്ന് നമ്മുടെ അറിവില്ലായ്മയിൽ നാം സങ്കൽപിച്ചേക്കാം. എന്നാൽ ഹസ്രത്ത് അലിയുടെ അസ്തിത്വതന്നെ സ്നേഹാതിരേകത്താൽ ഉജ്വലിതമാണ്; ഒരു ജ്വാലമുഖിപോലെ അദ്ദേഹം പൊട്ടിത്തെറിക്കുന്നു. ജീവിതം അദ്ദേഹത്തിന് അസഹ്യമാണ്. താവ്രമായ അനുരാഗം അദ്ദേഹത്തെ ഭൂമുഖത്തുനിന്ന്, കാലത്തിൽനിന്ന് അദൃശ്യലോകത്തിലേക്ക് എടുത്തെറിഞ്ഞിരിക്കുന്നു. പിന്നീട് നീതി അദ്ദേഹത്തെ ഭൂമിയിലേക്കും, രാഷ്ട്രീയത്തിന്റെയും ദൈനംദിന ജീവിതത്തിന്റെയും യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച ബോധത്തിലേക്കും തിരിച്ച്കൊണ്ട് വരുന്നു - തന്റെ രാഷ്ട്രത്തിലെ ഭരണകൂടത്തിന്റെ അനീതിക്കിരയായ ജൂതസ്ത്രീയുടെയും ഒരു അനാഥാലയത്തിന്റെയും വിധിയോട് അദ്ദേഹം പ്രകടിപ്പിച്ച സംവേദനത്വം ഒരു സോഷ്യലിസ്റ്റിനോ ഉത്തരവാദിത്തബോധമുള്ള ഒരു രാഷ്ട്രതന്ത്രജ്ഞനോ പ്രകടിപ്പിക്കാൻ കഴിഞ്ഞിട്ടില്ലാത്ത്രെ ഉദാത്തവം◌ു ഉൽകൃഷ്ടവുമാണെന്ന് തെളിയിക്കുന്നു.

---

* [1] ഹസ്രത്ത് അലിയുടെയും ആത്മീനുഭൂതിയെയും പ്രക്ഷുബ്ധമായ മാനസികാവസ്ഥയെയും ഭക്തിപാരവശ്യത്തെയും സംബന്ധിച്ച നാം "നഹ്ലുൽബലാഗയിൽ" വായിക്കുന്നു. അദ്ദേഹത്തിന്റെ പ്രശംസയ്ക്കർഹനായ ദിറാർ, ഹസ്രത്ത് അലിയെക്കുറിച്ച് ചോദിച്ച മുആവിയയോട് പറഞ്ഞു: ഒരു രാത്രിയിൽ അദ്ദേഹം പ്രാർത്ഥിക്കുന്നതിനിടയിൽ ഞാൻ അദ്ദേഹത്തെ നിരീക്ഷിച്ചു. അദ്ദേഹം സർപദംശമേറ്റവനെപ്പോലെ പുഴയുകയും കടുത്ത ദുഃഖമേറ്റവനെപ്പോലെ വിലപിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. അദ്ദേഹം ഇപ്രകാരം വിളിച്ച് പറയുന്നുണ്ടായിരുന്നു: "ലോകമേ ലോകമേ നീയെന്നെ ആകർഷിക്കുകയാണേ? എന്നെ വിട്ടേക്കുക. നിന്നെക്കൊണ്ട് എനിക്കൊരാവശ്യവുമില്ല. നീ മറ്റാരെയെങ്കിലും വശീകരിക്കുക. നിന്നെ ഞാൻ പൂർണ്ണമായും കയ്യൊയിച്ചിരിക്കുന്നു. ഇനി തിരിച്ച് വരുന്ന പ്രശ്നമില്ല. നിന്റെ ആയുസ്സ് എത്ര ഹസ്രം! നിന്ഞെ വില എത്ര തുഛം! നിന്റെ മോഹം എത്ര ഹീനം! അനിവാര്യതമായ ആ കൂടിക്കാഴ്ചയിലേക്കുള്ള യാത്ര ദീർഘമാണെങ്കിലും ഈ പാന്ഥേയം എത്ര അപര്യാപ്തം!"

* [2] ഖൈബർ യുദ്ധത്തിൽ ഹസ്രത്ത് അലിയുടെ നേതൃത്വത്തിൽ ജൂതന്മാരിൽനിന്ന് പിടിച്ചെടുത്ത ഭൂപ്രദേശമാണ് ഫകദ് -വിവർത്തകൻ

ഹസ്രത്ത് അലി പറയുന്നു: "എന്റെ ഒരു സ്ത്രീ മർദ്ദിക്കപ്പെടുകയും അതിക്രമിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഞാൻ മരിച്ചാൽ, എന്നെ കുറ്റപ്പെടുത്തരുത്. കാരണം ഈ അപമാനം സൃഷ്ടിച്ച വേദന ഒരു മനുഷ്യനെ കൊല്ലാൻ പര്യാപ്തമാണ്. അവസാനമായി, അസ്തിത്വത്തിന്റെ പരിപ്രേക്ഷ്യത്തിലൂടെ നോക്കുമ്പോൾ, അദ്ദേഹമാണ് മാനവസത്തയുടെ സർവോൽകൃഷ്ട സാക്ഷാത്ക്കാരം. അതായത് ഇതരജീവികളെ മുഴുവനും അതിശയിക്കുന്ന ഒരു മനുഷ്യൻ: ദൃശ്യവും ഭൗതികവും നൈസർഗികവുമായ മാനുഷികമൂല്യങ്ങളുടെ(മാംസവും രക്തവുമുള്ള മനുഷ്യന്റെ മൂല്യങ്ങളുടെ) വികാസമെന്ന നിലയിൽ നോക്കുമ്പോൾ, മനുഷ്യരിൽവെച്ച് ഏറ്റവും പൂർണൻ. മാനുഷിക മൂല്യങ്ങൾക്കും ഉൽകൃഷ്ട പ്രവൃത്തികൾക്കും അദ്ദേഹം തന്റെ ജീവിതത്തിലും ചിന്താസരണിയിലും നൽകുന്ന സ്ഥാനം അനന്യമാണ്.

അസ്തിത്വത്തിന്റെയും നീതിയുടെയും അധ്യാത്മദർശനത്തിന്റെയും അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ, ഹസ്രത്ത് അലിയുടെ സരണിയാണ് ഇന്നത്തെ ലോകത്തിനാവശ്യമെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ കുട്ടികൾ സോഷ്യലിസ്റ്റുകളാവുനാനതോടെ തങ്ങളുടെ അധ്യാത്മബോധവും ആത്മീയതയും അവർക്ക് നഷ്ടപ്പെടുന്നു. അധ്യാത്മവാദികളാവുന്നതോടെ അവർ സാമൂഹിക പ്രശ്നങ്ങളോട് വിമുഖത കാണിക്കുന്നു; ഇവ രണ്ടും ഉപേക്ഷിച്ച് അസ്തിത്വത്തിന്റെ സ്വാതന്ത്ര്യത്തിലെത്തുന്നതോടെ അവർ ഹിപ്പികളും പാശ്ചാത്യൻ അസ്തിത്വവാദികളുമായി മാറുന്നു.

ചുരുക്കത്തിൽ, മാനവസത്തയുടെയും കാലഘട്ടത്തിന്റെയും ആവശ്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന മൂന്നുധാരകളും നമുക്കാവശ്യമുണ്ട്. ഏതെങ്കിലുമൊരു ധാരയിൽ മാത്രം കേന്ദ്രീകരിക്കുമ്പോൾ, മനുഷ്യന്റെ ഇതര മാനങ്ങളെ അവഗണിക്കേണ്ടി വരുന്നു. നടേ പരാമർശിക്കപ്പെട്ട സരണിയെ ചേതനയും സമചിത്തതയുമുപയോഗിച്ച് അവലംബിക്കുകയെന്നത് ഇസ്ലാമിനെ കണ്ടെത്തലും ആത്മീയ സത്യത്തോടുള്ള ആരാധനാ പൂർണ്ണമായ ആദരവും മാത്രമല്ല. മറിച്ച്, ഇന്നത്തെ ലോകത്തിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ ഒരേ ഉറവയിൽനിന്ന് നിർഗണിക്കുന്ന മൂന്ന് നിർത്ധരികളിൽനിന്ന് പാനം ചെയ്യുകയുമാണ്. ഈ മൂന്ന് ധാരകളുടെയും അടിസ്ഥാനത്തിൽ ഇസ്ലാമിനെ വിലയിരുത്തുക. എങ്കിൽ സാമൂഹികബാധ്യതക്കനുസൃതമായി പ്രവർത്തിക്കാൻ നാം സന്നദ്ധരായിരിക്കും തീർച്ച.

## പദസൂചിക

| | |
|---|---|
| അതിഭൗതികം | Metaphysical |
| അദ്വൈതവാദം | Monism |
| അധിനിവേശ പ്രവണത്വം | Colonialism |
| അധ്യാത്മദർശനം | Mysticism |
| അഹംകേന്ദ്രീവൃതത്വം | Egocentrism |
| ഈശ്വരവാദം | Theism |
| ഉപപാദ്യം | Premise |
| കർമ്മശാസ്ത്രം | Jurisprudence |
| ചരിത്രവാദം | Historicism |
| ചരിത്രപമായ നിയതത്വവാദം | Historical Determinism |
| ജീവശാസ്ത്രവാദം | Biologism |
| ദ്വന്ദ്വവാദം(വൈരുദ്ധ്യവാദം) | Dialectics |
| ദ്വൈതവാദം | Dualism |
| നരപൂജ | Anthropolatry |
| നിഗമനം | Conclusion |
| നിയതത്വവാദം | Determinism |

| | |
|---|---|
| പക്ഷം | Thesis |
| പ്രകൃതിവാദം | Naturalism |
| പ്രതിപക്ഷം | Antithesis |
| പ്രപഞ്ചവീക്ഷണം | Worls view |
| പ്രപഞ്ചശാസ്ത്രം | Cosmology |
| ഭൗതികഅദ്വൈതവാദം | Materialistic Monism |
| ഭൗതികനിയതത്വവാദം | Materialistic Determinism |
| ഭൗതികവിധിവിഹിതവാദം | Materialistic Fatalism |
| മാനവതാവാദം | Humanism |
| യഥാതഥവാദം | Realism |
| യാന്ത്രികത | Mechanism |
| യാന്ത്രികദർശനം | Mechanical Philosophy |
| യോഗാത്മകആശയവാദം | Mystical Idealism |
| രൂപവാദം | Formalism |
| വിജ്ഞാനതത്വസംഹിത | Scholoasticism |
| വിധിവിഹിതവാദം | Fatalism |
| ശാസ്ത്രാന്ധവാദം | Scientism |
| ശൂന്യതാവാദം | Nihilism |
| സത്താവിജ്ഞാനീയം | Ontology |
| സമൂലപരിവർത്തനവാദി | Radicalist |
| സംക്ഷേപം | Synthesis |
| സാനിപത്തികവാദം | Economism |
| സാമൂഹികശാസ്ത്രാവാദം | Socialism |